## നുഹ്റാ ദ് എവൻഗെലിയോൺ
## (സുവിശേഷത്തിന്റെ വെളിച്ചം)

# നോമ്പുകാലം

പാലരൂപത

ബൈബിൾ അപ്പോസ്തലേറ്റ് പ്രസിദ്ധീകരണം

**തയ്യാറാക്കിയവർ:**

ഫാ. എബ്രഹാം പേഴുംകാട്ടിൽ DD

ഫാ. ജോസഫ് വിളക്കുന്നേൽ M.A, B.Ed

ഫാ. തോമസ് വടക്കേൽ STD

ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിയ്ക്കൽ DSS

പ്രൊഫ. ടോമി വാലിയിൽ പുത്തൻപുരയിൽ MA, M.Phil

# നുഹ്റാ ദ് എവൻഗെലിയോൺ
# (സുവിശേഷത്തിന്റെ വെളിച്ചം)

# നോമ്പുകാലം

**പാലരൂപത**

**ബൈബിൾ അപ്പോസ്തലേറ്റ് പ്രസിദ്ധീകരണം**

# നോമ്പ്കാലം ഒന്നാം ഞായർ

പുറ. 34:27-35, ഏശ. 58:1-10, എഫേ. 4:17-24, മത്താ. 4:1-11

# 1

മരുഭൂമി: ഭൂമിശാസ്ത്രപരമായി യൂദയാ മരുഭൂമിയെയാണ് ഇവിടെ സൂചിപ്പിക്കുന്നതെങ്കിലും മരുഭൂമിയിൽവച്ച് ഇസ്രായേൽജനം പരീക്ഷിക്കപ്പെട്ടുവെന്ന ചിന്തയിലേക്കാണ് ഈ പദം വായനക്കാരനെ നയിക്കുന്നത് (നിയമാ 8:2). മരുഭൂമി എന്ന അർത്ഥം വരുന്ന *cremos* എന്ന് ഗ്രീക്ക്പദം 4:1-ൽ സൂചിപ്പിക്കുന്നത് വാസയോഗ്യമല്ലാത്ത അപകടങ്ങളും പരുക്കൻ യാഥാർത്ഥ്യങ്ങളും നിറഞ്ഞ വിജനമായ ഊഷരഭൂമിയെയാണ്.

പരീക്ഷ: ദൈവവുമായി നടത്തിയ ഉടമ്പടിയോട് ഇസ്രായേൽ ജനത എപ്രകാരം വിശ്വസ്തത കാണിച്ചു എന്നതിനോട് ബന്ധപ്പെടുത്തിയാണ് പരീക്ഷ എന്ന പദം ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഇവിടെ നടക്കുന്ന പരീക്ഷയിൽ ദൈവപുത്രനായ ഈശോ വിശ്വസ്തത കാണിക്കുന്നുവെന്ന് വചനം സൂചിപ്പിക്കുന്നു. പിശാച്: diabolos എന്ന ഗ്രീക്ക് പദത്തിന്റെ സാധാരണ അർത്ഥം പിശാച് എന്നാണ്. ഇവിടെ ഈ പദം അർത്ഥമാക്കുന്നത് പ്രലോഭകൻ എന്നാണ്. പരീക്ഷിക്കുന്നത് അല്ലെങ്കിൽ പ്രലോഭിപ്പിക്കുന്നത് പ്രലോഭകനാണ്. ആ അർത്ഥത്തിൽ പ്രലോഭകൻ എന്ന വാക്കാണ് ഇവിടെ കൂടുതൽ ഉചിതമായിട്ടുള്ളത്. നാല്പതു രാവും നാല്പതു പകലും: ഇസ്രായേൽ ജനത്തിന്റെ നാല്പതു വർഷത്തെ മരുഭൂമി വാസവും അതിനിടയിലുണ്ടായ പരീക്ഷണങ്ങളെയും ധ്വനിപ്പിക്കുന്നു.

അപ്പംകൊണ്ട് മാത്രമല്ല: നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലുകളോട് അപ്പമാകാൻ പറയുക (4:3) എന്ന പ്രലോഭകന്റെ വാക്കുകളോടുള്ള ഈശോയുടെ പ്രതികരണം നിയമാവർത്തനം 8:3-നെ അടിസ്ഥാനമാക്കിയുള്ളതാണ്. ദൈവത്തിന്റെ അധരങ്ങളിൽ നിന്നു വരുന്ന വാക്കുകൊണ്ട്, അതായത് ദൈവവചനം കൊണ്ടാണ് മനുഷ്യൻ ജീവിക്കുന്നതെന്ന്. ദൈവവചനമാണ് യഥാർത്ഥ ഭക്ഷണമെന്ന് ഇത് സൂചിപ്പിക്കുന്നു. ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്: വിശുദ്ധ നഗരത്തിലേക്ക് ഈശോയെ കൂട്ടിക്കൊണ്ട് പോകുന്ന പ്രലോഭകന്റെ

രണ്ടാമത്തെ പരീക്ഷ ദേവാലയ അഗ്രത്തുനിന്നും ഈശോ താഴേക്ക് ചാടുക (4:6) എന്നതാണ്. ഈ പരീക്ഷണത്തിന് ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്ന ഈശോയുടെ മറുപടി നിയമാവർത്തനം 6:16-നെ ധ്വനിപ്പിക്കുന്നു. പ്രലോഭകനെ താണുവീണ് വണങ്ങാമെങ്കിൽ ലോകവും അതിന്റെ മഹത്വവും ഈശോയ്ക്ക് നല്കാമെന്നാണ് പ്രലോഭകന്റെ മൂന്നാമത്തെ പരീക്ഷണം. നിയമാവർത്തനം 6:13-നെ അടിസ്ഥാനമാക്കി നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം എന്നാണ് ഈ പ്രലോഭനത്തിന് ഈശോ നല്കുന്ന മറുപടി.

പ്രലോഭകന്റെ ചോദ്യങ്ങൾക്കുള്ള ഈശോയുടെ മൂന്ന് മറുപടികളും സൂചിപ്പിക്കുന്നത് ഈശോയുടെ ദൗത്യം പ്രലോഭകശക്തികളെ പരാജയപ്പെടുത്തുകയാണെന്നും ഈശോ ദൈവപുത്രനാണെന്ന യാഥാർത്ഥ്യം വ്യക്തമാക്കുകയുമാണെന്നാണ്. എല്ലാ അർത്ഥത്തിലും മനുഷ്യനെപ്പോലെ പരീക്ഷിക്കപ്പെടുന്നുവെങ്കിലും ഈശോയിൽ പാപത്തിന്റെ കളങ്കമില്ലെന്ന് ഇത് വ്യക്തമാക്കുന്നു (ഹെബ്രാ 4:15).

1. ജീവിതത്തിന്റെ മരുഭൂമി അനുഭവങ്ങളിൽ ദൈവസാന്നിധ്യം: പ്രതിസന്ധികളുടെയും പ്രയാസങ്ങളുടെയും പ്രലോഭനങ്ങളുടെയും വേളകളിൽ ദൈവസാന്നിധ്യമുണ്ട്. ഇസ്രായേൽജനത്തിന്റെ ജീവിതം നമുക്ക് ഉദാഹരണമാണ്. നാല്പത് വർഷം നീണ്ടുനിന്ന അവരുടെ മരുഭൂമി വാസത്തിൽ പകൽ മേഘത്തിന്റെ രൂപത്തിലും രാത്രി അഗ്നിസ്തംഭത്തിന്റെ രൂപത്തിലും ദൈവം അവിടത്തെ സാന്നിധ്യം ഇസ്രായേൽജനത്തിന് പ്രദാനം ചെയ്തു. മത്താ 4:1-ൽ നാം ഇപ്രകാരം വായിക്കുന്നു: അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിന് യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക് നയിച്ചു. പരീക്ഷണവേളയിലും ഈശോയുടെ കൂടെയുള്ളത് ദൈവാത്മാവാണ്. ജീവിതങ്ങളിൽ ദൈവാത്മാവിന്റെ സാന്നിധ്യമുണ്ടെന്ന് മറക്കാതിരിക്കുക. പ്രലോഭകന്റെ വാക്കുകൾക്ക് ചെവികൊടുക്കാതെ ദൈവാത്മാവിന്റെ നിമന്ത്രണങ്ങൾക്ക് കാതോർക്കുക, അതുവഴി പ്രലോഭകശക്തികളുടെമേൽ മഹത്വമാർന്ന വിജയം കൈവരിക്കുക.
2. ഉപവാസം പ്രലോഭനത്തിൽ നിന്നും വിടുതൽ നേടാൻ കാരണമാകുന്നു: ഈശോ ദൈവത്തിന്റെ പുത്രനാണെങ്കിലും മനുഷ്യപുത്രനായ അവിടന്നു പൈശാചികശക്തികളെ നേരിട്ടത് ഉപവാസവും പ്രാർത്ഥനയും കൊണ്ടാണ്. ദൈവത്തോട് കൂടെ വസിക്കുന്നവർ (ഉപവാസം) ക്കാണ് പ്രലോഭകശക്തികളെ പരാജയപ്പെടുത്തുവാൻ സാധിക്കുന്നത്. നാല്പത് ദിനരാത്രങ്ങളിലെ ഈശോയുടെ ഉപവാസമാണ് അവിടത്തെ ധൈര്യപ്പെടുത്തിയത്. പിശാചു

ബാധിച്ച മനുഷ്യനെ സുഖപ്പെടുത്തുവാൻ ശിഷ്യന്മാർക്ക് സാധിക്കാതെ വന്നപ്പോൾ ഈശോ നല്കുന്ന മറുപടി ശ്രദ്ധേയമാണ്. പ്രാർത്ഥന കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗം പുറത്തുപോകുകയില്ല (മർക്കോ 9:29).

3. ഉപവാസം വിഷാദഭാവത്തിൽ നിറഞ്ഞതായിരിക്കരുത്: ഉപവസിക്കുന്ന വ്യക്തി ആഹാരപദാർത്ഥങ്ങൾ വർജ്ജിക്കുന്നു. ഈ വർജ്ജനം സ്വർഗീയദർശനം ലഭിക്കുന്നതിനുള്ള ഒരുക്കമാണ്. അക്കാരണത്താൽ ഉപവസിക്കുന്നവർ സന്തോഷ ചിത്തരായിരിക്കണം. മത്താ 6:16-18-ൽ ഈശോ ഓർമ്മിപ്പിക്കുന്നു: നിങ്ങൾ ഉപവസിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ വിഷാദം ഭാവിക്കരുത്... നീ ഉപവസിക്കുന്നത് അദൃശ്യനായ പിതാവല്ലാതെ മറ്റാരും കാണാതിരിക്കുന്നതിന് ശിരസ്സിൽ തൈലം പുരട്ടുകയും മുഖം കഴുകുകയും ചെയ്യുക.

4. ആരാധന നല്കേണ്ടത് ദൈവത്തിനു മാത്രമാണ്: നിയമാവർത്തനം 6-ൽ ഇസ്രായേൽജനത്തിന് നല്കപ്പെടുന്ന ദൈവികകല്പന ഇപ്രകാരമാണ്: നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടും കൂടെ സ്നേഹിക്കണം... നിങ്ങളുടെ ദൈവമായ കർത്താവിനെ ഭയപ്പെടുകയും അവിടത്തെ സേവിക്കുകയും ചെയ്യണം (നിയമ 6:5, 13). അന്യവസ്തുക്കളോടുള്ള ഭ്രമം ഒരു വ്യക്തിയെ ദൈവത്തിൽ നിന്നും അകറ്റുന്നു. ആ അകൽച്ച വഴി അവൻ ദൈവികമല്ലാത്ത വസ്തുക്കളോട് ആരാധന നടത്തുന്നു. ദൈവത്തെ ത്യജിച്ചുകൊണ്ടുള്ള ജീവിതം ഒരുവന്റെ പതനത്തിന് കാരണമാകുകയും ചെയ്യും.

✠ ✠ ✠

# 2

# പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള സമയം

വീണ്ടും ഒരു നോമ്പുകാലം. വീണ്ടുമുള്ള ജനനത്തിന്റെ കാലം. പാമ്പ് അതിന്റെ പടം പൊഴിക്കുന്നതുപോലെ വൃക്ഷങ്ങൾ അതിന്റെ ഇലകൾ കൊഴിക്കുന്നതുപോലെ പഴയ മനുഷ്യനെ ഉരിഞ്ഞുകളയുവാൻ കർത്താവ് ക്ഷണിക്കുന്ന കാലമാണിത്. ശരീരത്തിലും മനസ്സിലും ആത്മാവിലുമെല്ലാം പുതുചൈതന്യം നിറച്ചുനിർത്താൻ ദൈവം ഒരുക്കുന്ന അവസരം. സകല സുഖങ്ങളും വെടിഞ്ഞ് കഠിനതപസ്സ്

ചെയ്ത പാരമ്പര്യമാണ് തിരുസഭയുടേത്. ശരീരത്തിന്റെ സ്വാഭാവിക വിളികളുടെമേൽ മനസ്സ് നിയന്ത്രണം ഏറ്റെടുക്കുമ്പോൾ മനഃശക്തിയിൽ നാം വളരും. ദൈവം പോലും ഉപേക്ഷിച്ചതുപോലെ തോന്നുന്ന ആത്മീയവരൾച്ചയുടെ നിമിഷങ്ങളിലൂടെ ക്രിസ്തുശിഷ്യൻ കടക്കേണ്ടിവരും. ഇവിടെയെല്ലാം ഈശോയോടു ചേർന്ന് സഹിക്കാനുള്ള ഒരു ആത്മീയബലം നേടാനുള്ള നിമിഷങ്ങളാകണം ഈ നോമ്പുകാലം.

ഈ വലിയ നോമ്പിലെ നമ്മുടെ ചിന്തകൾ ആരംഭിക്കുന്നത് മരുഭൂമിയിലെ ഈശോയുടെ പ്രലോഭനത്തെ ധ്യാനിച്ചുകൊണ്ടാണ്. ഇവിടെ ഈശോ പരീക്ഷിക്കപ്പെടുന്നത് അവിടന്ന് ദൈവത്തിന്റെ പ്രിയപുത്രനാണെന്നു തെളിയിക്കാൻ വേണ്ടിയാണ്. സമവീക്ഷണ സുവിശേഷങ്ങളിൽ മരുഭൂമിയിലെ ഈശോയുടെ പ്രലോഭനം ഈശോയുടെ മാമ്മോദീസയുമായി ബന്ധപ്പെടുത്തിയാണ് അവതരിപ്പിക്കുന്നത്. ഇവിടെയുണ്ടാകുന്ന ദൈവികവെളിപാട് ശ്രദ്ധിക്കുക: ഇവൻ എന്റെ പ്രിയപുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇവിടെ സ്വർഗം സാക്ഷ്യപ്പെടുത്തുക ഈശോ ദൈവത്തിന്റെ പ്രിയപുത്രനാണെന്നാണ്. എന്നാൽ പ്രലോഭനനിമിഷങ്ങളിൽ ഈശോ തെളിയിക്കുകയാണ്. ദൈവപുത്രസ്ഥാനത്തേക്കുള്ള തന്റെ തിരഞ്ഞെടുപ്പ് ശരിയായിരുന്നു എന്ന്. അതുകൊണ്ട് പണ്ഡിതന്മാർ പോലും പറയും മരുഭൂമിയിലെ പരീക്ഷ ശരിക്കും ഈശോയുടെ ദൈവപുത്രത്വത്തെത്തന്നെയാണ് പരീക്ഷിക്കുക. കൂടാതെ സാത്താനും ഈ സത്യം അനുകരിക്കുന്നു. നീ ദൈവപുത്രനാണെങ്കിൽ... (4:3, 6). ഇവിടത്തെ പ്രധാന ഒരു ചോദ്യം ഇതാണ്. ആരാണ് യഥാർത്ഥത്തിൽ ദൈവപുത്രൻ? ദൈവത്തോട് വിശ്വസ്തത പുലർത്തുന്നവൻ സ്വർഗരാജ്യമൂല്യങ്ങൾക്കുവേണ്ടി ജീവിക്കുന്നവൻ ഇവനാണ് യഥാർത്ഥ ദൈവമകൻ എന്ന് സുവിശേഷം സാക്ഷ്യം നല്കുന്നു.

ഈശോയുടെ പരീക്ഷണവേദി ശ്രദ്ധിക്കുക. അവൻ ആത്മാവിനാൽ മരുഭൂമിയിലേക്കു നയിക്കപ്പെട്ടു. പഴയനിയമത്തിൽ ദൈവം തന്റെ ജനമായ ഇസ്രായേലിനെ മരുഭൂമിയിൽവച്ച് പരീക്ഷിക്കുന്നു. ഇപ്പോൾ ഈശോയും പരീക്ഷിക്കപ്പെടുവാൻ മരുഭൂമിയിലേക്കു നയിക്കപ്പെടുന്നു. എന്നാൽ പരീക്ഷകൾ മാത്രമല്ല മരുഭൂമിയിൽ നടക്കുന്നത്. ഇസ്രായേലിന്റെ രണ്ട് വ്യക്തിത്വങ്ങൾ ദൈവവുമായി ഉടമ്പടിബന്ധം സ്ഥാപിക്കുന്നത് മരുഭൂമിയിൽ വച്ചാണ്. മരൂഭൂമി ശാന്തതയുടെ മേഖലയാണ്. ശാന്തതയിലാണ് ദൈവാനുഭവം കരഗതമാകുക. ശാന്തമാകുക ഞാൻ ദൈവമാണെന്നറിയുക (സങ്കീ 46).

ദൈവാനുഭവത്തിന്റെ അഥവാ ദൈവത്തെ കണ്ടുമുട്ടുന്ന വേദിയാണ് മരുഭൂമി. മോശയുടെ ദൈവാനുഭവം മരുഭൂമിയിലെ പ്രതി

സന്ധികളിൽ അടിസ്ഥാനമിട്ടതാണ് (പുറ. 15:22-28). ദൈവദർശന ത്തിന്റെ മണ്ഡലമാണ്. മരുഭൂമിയിൽ നാല്പത് രാവും നാല്പതു പകലും ദൈവത്തെ ദർശിച്ച് ഈശോ പ്രാർത്ഥിക്കുന്നു. പ്രാർത്ഥനയുടെ മണ്ഡലമാണത്. ഈശോ തനിയെ വിജനപ്രദേശത്തേക്കു പോയി (യോഹ 16:15). തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും പശ്ചാത്തല മാണ് മരുഭൂമിക്കുള്ളത്. പ്രലോഭനത്തിന്റെ മേഖലയാണ്. അവസാനം അത് ദൈവസ്നേഹത്തിന്റെ ആഴം വെളിപ്പെടുത്തിക്കൊണ്ട് വിജയ ത്തിന്റെ മേഖലയായിത്തീരുന്നു.

മരുഭൂമിയിലെ പരീക്ഷകളിലേക്ക് ഈശോയെ നയിക്കുന്നത് ആത്മാവാണ്. തന്റെ ഹൃദയത്തിലൂടെ കടന്നുപോകുന്ന ചിന്തകൾക്കു സ്ഥാനം കൊടുക്കാതെ അവയെ ദൈവവചനത്താൽ കീഴടക്കാൻ അവിടത്തെ ശക്തനാക്കുന്നുതും ഈ ആത്മാവ് തന്നെ. പരീക്ഷകളി ലേക്കു നയിക്കുന്നതും വിജയിപ്പിക്കുന്നതും ആത്മാവാണ്.

ഈശോയുടെ ആദ്യപരീക്ഷണം ശ്രദ്ധിക്കുക. സ്വന്തം ആഗ്രഹ പൂർത്തീകരണങ്ങളാണോ (ഉദാ. വിശപ്പടക്കുക) അതോ ഏല്പിച്ച ദൗത്യം നിറവേറ്റുകയാണോ പുത്രൻ ചെയ്യുക എന്നതാണ് ആദ്യപരീ ക്ഷണം. നാം എന്താണ് ചെയ്യുക? സ്വന്തം കാര്യം. അതാണോ എന്റെ ലക്ഷ്യം? അതോ മനുഷ്യകുലത്തിനുവേണ്ടി ദൈവം എന്നിൽ നിന്ന് പ്രതീക്ഷിക്കുന്നത് എന്താണെന്നു മനസ്സിലാക്കി അതിനുവേണ്ടി ജീവിക്കാൻ തുടങ്ങുകയാണോ?

സ്വയരക്ഷയ്ക്ക് ദൈവത്തെ നിർബന്ധിക്കുക എന്നതാണ് രണ്ടാമത്തെ പരീക്ഷണം. എന്നാൽ മറ്റുള്ളവരുടെ ക്ഷേമത്തിനായി ദൈവത്തെ നിർബന്ധിക്കുന്നത് പുണ്യമായി വേദപുസ്തകം കരു തുന്നു. ഉദാ. അബ്രാഹം സോദോ ഗൊമോറയ്ക്കു വേണ്ടി പ്രാർത്ഥിക്കു ന്നത് (ഉത്പ 18:16-33). എനിക്ക്, എന്റേത് എന്ന സ്വാർത്ഥത വെടിയാനുള്ള, ഇതിനെ മറികടക്കാനുള്ള അവസരമായിരിക്കട്ടെ ഈ നോമ്പുകാലം.

ലൗകികശക്തി തന്റെ കാൽക്കീഴിലാക്കാനുള്ള പ്രേരണയാണ് മൂന്നാമത്തെ പ്രോലഭനം. ധനത്തിനും അധികാരത്തിനും വേണ്ടിയുള്ള ത്വര. ലോകത്തിലുള്ള സകല സാമ്രാജ്യങ്ങളും അവയുടെ മഹത്വവും നമ്മെ മോഹിപ്പിക്കുന്നു. അധികാരകേന്ദ്രത്തിൽ നിന്ന് അകലം പാലിക്കാൻ ഈശോ എന്നും ആഗ്രഹിക്കുന്നു. പക്ഷേ അധികാര ത്തിന്റെ അപ്പക്കഷണം നുണയാനാണ് എനിക്കു താത്പര്യം. അധി കാരത്തിന്റെ ഇടവഴിയിൽ ചുറ്റിത്തിരിയാനും...

ലോകത്തിലുള്ള എല്ലാ രാജ്യങ്ങളും അവയുടെ അധികാരവും വാഗ്ദാനം ചെയ്തവനോട് ദൂരെപ്പോവുക എന്നു പറഞ്ഞ ഈശോ

സുവിശേഷത്തിന്റെ അവസാനത്തിൽ പറയുന്നത് ശ്രദ്ധിക്കുക. സ്വർഗത്തിലും ഭൂമിയിലുമുള്ള സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു... (മത്താ 18:18).

എന്താണ് ഇവ തമ്മിലുള്ള അന്തരം? തിന്മയുടെ ശക്തിയെ ആരാധിച്ചാൽ എല്ലാം തരാം എന്നാണ് പിശാച് പ്രേരിപ്പിച്ചത്. ഈശോ അത് നിരാകരിക്കുന്നു. എന്നാൽ കുരിശുമരണത്തിലൂടെ ഈശോ ഭൂമിയിലെ രാജ്യങ്ങളുടെ മാത്രമല്ല സ്വർഗത്തിലുള്ള അധികാരവും കൈവശമാക്കുന്നു. ചിന്തിക്കുക, തിന്മയുമായി പൊരുത്തപ്പെട്ടുകൊണ്ടോ അതോ തിന്മയ്ക്കെതിരെ പടപൊരുതിക്കൊണ്ടോ ഞാൻ ശക്തിയാർജ്ജിക്കുന്നത്?

✠ ✠ ✠

# 3

# ഉപവാസവും പ്രർത്ഥനയും

പ്രലോഭനങ്ങളെയും പീഡനങ്ങളെയും അതിജീവിക്കുവാൻ ഈശോയ്ക്കു സാധിച്ചത് ഉപവാസവും പ്രർത്ഥനയും വഴി, ആത്മാവിനാൽ നിറഞ്ഞതുകൊണ്ടാണെന്ന് സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു. പ്രലോഭനങ്ങളെ പരാജയപ്പെടുത്തി സ്വജീവിതം പിതാവിനു സമർപ്പിക്കുന്ന ഈശോ നമുക്കു മാതൃകയാകണം. പരീക്ഷിക്കപ്പെടുന്ന ഈശോയുംപരീക്ഷകനും തമ്മിലുള്ള സംഭാഷണങ്ങളാണ് സുവിശേഷഭാഗം. *നാസാ* എന്ന ഹീബ്രു പദത്തിൽ നിന്നാണ് പ്രലോഭനം എന്ന വാക്ക് വരുന്നത്. *നാസാ* എന്ന വാക്കിനർത്ഥം പരീക്ഷിക്കുക, പരിശോധിക്കുക എന്നൊക്കെയാണ്. കഴിവുകളേക്കാൾ മനോഭാവങ്ങളെ പരിശോധിക്കുന്നതാണിത്. ഈ അർത്ഥത്തിൽ ദൈവം പരീക്ഷിക്കുന്നതായി പലയവസരങ്ങളിൽ പഴയനിയമത്തിൽ നാം കാണുന്നുണ്ട് (ഉല്പ. 22:1-19,1 മക്ക. 2:52, പ്രഭാ. 44:20). പ്രഭാഷകന്റെ പുസ്തകത്തിൽ പറയുന്നത്; ദൈവത്തിനുവേണ്ടിജോലി ചെയ്യാൻ തയ്യാറാവുകയെന്നാൽ പ്രലോഭനങ്ങളെ നേരിടുവാൻ ഒരുങ്ങുക എന്നാണ്

(പ്രഭാ. 2:1). ദൈവ രാജ്യപ്രഘോഷണത്തിനായി ഇറങ്ങിപ്പുറപ്പെടുന്ന ഈശോനാഥൻപരീക്ഷണങ്ങൾക്കു വിധേയനാകുന്നുണ്ടെങ്കിലും അതിനെ അതിജീവിക്കുന്നു. തന്റെ പരസ്യജീവിതത്തിനു മുമ്പായി ഈശോയ്ക്കു പ്രലോഭനങ്ങളെ അതിജീവിക്കേണ്ടിവന്നതായി സുവിശേഷങ്ങളെല്ലാം സാക്ഷ്യം നൽകുന്നുണ്ട് (മത്താ. 4:1-11;

മർക്കോ. 1:12-13;ലൂക്കാ 4:1-13). പെയ്റാസോ എന്ന ഗ്രീക്കുപദ മാണ് പ്രലോഭനങ്ങളെ സൂചിപ്പിക്കുവാൻ പുതിയനിയമത്തിൽ ഉപയോഗിച്ചിരി ക്കുന്നത്. ഈ പദത്തിന്റെ അർത്ഥം പരീക്ഷിക്കുക, പാപംചെയ്യാൻ പ്രേരിപ്പിക്കുക എന്നൊക്കെയാണ്. ഈ പരീക്ഷിക്കൽ, സ്വഭാവം മനസ്സിലാക്കുക എന്നഉദ്ദേശ്യത്തോടുകൂടിയാവാം. യേശു നാഥൻ തന്റെ പരസ്യജീവിതത്തിൽ പ്രലോഭനങ്ങളെ നേരിടുന്നുണ്ട്. അതിനെ പരാജയപ്പെടുത്തി തന്റെ ദൈവീകസ്വഭാവം വെളിപ്പെടു ത്തുകയും ചെയ്യുന്നു.

പരസ്യജീവിതത്തിന്റെ ആരംഭത്തിൽ മാത്രമായിരുന്നില്ല യേശുവിന് പ്രലോഭനങ്ങളെനേരിടേണ്ടി വന്നത്. മറിച്ച് അവിടുത്തെ പരസ്യജീവിതത്തിനിടയിലും പലപ്പോഴും പ്രലോഭനങ്ങൾ കടന്നു വരുന്നു. യേശുവിന്റെ അത്ഭുതപ്രവർത്തനങ്ങൾ കണ്ട ജനങ്ങൾ അവനെ പിടിച്ച് രാജാവാക്കാൻ പുറപ്പെടുന്നതും ഗത്സമേനിയിൽ പ്രാർത്ഥനയുടെ സമയത്ത്സഹനത്തിൽനിന്നും ഓടിയകലുന്നതിന് മാനുഷിക ബലഹീനത പ്രലോഭിപ്പിക്കുന്നതും മറ്റും നാം സുവിശേഷ ത്തിൽ കാണുന്നുണ്ട്. ചില ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായം, യേശുവിന്റെ ജീവിതത്തിൽ പലപ്പോഴും ഉണ്ടായിരുന്ന പ്രലോഭനങ്ങളെ ഒന്നിച്ചു വിവരിക്കുകയാണ് വി. മത്തായി തന്റെ നാലാം അദ്ധ്യായ ത്തിൽ എന്നാണ്. ഏതായാലും ക്രിസ്തുനാഥന്റെ പരസ്യജീവിത ത്തിലുടനീളം പ്രലോഭനങ്ങളെ നേരിടേണ്ടി വന്നു എന്നത് സത്യം. യേശുനാഥൻ പ്രലോഭനങ്ങളെ നേരിട്ടത് മനുഷ്യനു മാതൃകയാ കുവാൻവേണ്ടിയായിരുന്നു. മനുഷ്യജീവിതത്തിൽ പ്രലോഭനങ്ങൾ ഉണ്ടാവുക സാധാരണമാണെന്നും അത് എപ്രകാരം അഭിമുഖീകരി ക്കണം എന്നുമാണ് ക്രിസ്തുനാഥന്റെ പ്രലോഭനങ്ങൾ നമുക്ക് കാണിച്ചുതരുന്നത്.

യഥാർത്ഥത്തിൽ പ്രലോഭകൻ വന്നു നിൽക്കുന്നതു മനുഷ്യ സ്വാതന്ത്ര്യത്തിനുമുന്നിലാണ്. സ്വതന്ത്ര മനുഷ്യന്റെ മുമ്പിൽ നന്മയും തിന്മയും നിൽക്കുന്നു. നന്മയിലേക്കുതിരിയേണ്ടവനെ തിന്മയിലേക്കു വരുവാൻ പ്രലോഭകൻ ക്ഷണിക്കുന്നു. മനുഷ്യനു തന്റെ സ്വാതന്ത്ര്യം ഉപയോഗിച്ച് എന്തും തിരഞ്ഞെടുക്കാം. യേശു കാണിച്ചുതരുന്നത് തിന്മയെപരാജയപ്പെടുത്തി നന്മയെ മുറുകെപ്പിടിക്കണം എന്നാണ്. ക്രിസ്തുനാഥൻ പ്രലോഭനങ്ങളെ അതിജീവിച്ചത് എപ്രകാരമായിരു ന്നെന്നു പരിശോധിക്കാം.

**വചനം:** ഈശോ തനിക്കു നേരിട്ട പ്രലോഭനങ്ങളെ അഭിമുഖീകരിച്ചത് വചനം കൊണ്ടായിരുന്നു. വചനാനുസൃതമായ ജീവിതം മനുഷ്യനെ തിന്മയുടെ മേൽ വിജയം നേടുന്നതിനു സഹായിക്കും.

**ഉപവാസവും പ്രാർത്ഥനയും:** യേശുനാഥൻ പരീക്ഷണവിധേയനാകുന്നതിനുമുമ്പ് ഉപവാസത്തിനും പ്രാർത്ഥനക്കുമായി നാൽപ്പതു ദിവസം നീക്കിവെച്ചു എന്ന് സുവിശേഷകൻ രേഖപ്പെടുത്തുന്നു. ഉപവാസത്തിനും പ്രാർത്ഥനക്കുംശേഷം ആത്മാവിനാൽനിറഞ്ഞു ജീവിച്ച ഈശോയ്ക്ക് പ്രലോഭനങ്ങളെ പരാജയപ്പെടുത്തുവാൻ സാധിച്ചു.

**ഉണർന്നിരുന്ന് പ്രാർത്ഥിക്കുക:** ഈശോ തന്റെ ശിഷ്യന്മാരോടു പറയുന്നത്പ്രലോഭനങ്ങളിൽ ഉൾപ്പെടാതിരിക്കുവാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കണം എന്നാണ്.

**ദൈവഹിതത്തിന് സമർപ്പിക്കുക**: ഗത്സമേനിയിൽ പ്രലോഭിതനാകുന്ന ഈശോ അതിനെ അതിജീവിച്ചത് ദൈവഹിതത്തിനു പൂർണ്ണമായും വിട്ടുകൊടുത്തതു കൊണ്ടാണ്.

**സാഹചര്യങ്ങളെ ഒഴിവാക്കുക:** തന്നെ രാജാവാക്കാൻ വന്ന ജനങ്ങളുടെ പക്കൽനിന്നു ബോധപൂർവ്വം ഒഴിഞ്ഞുമാറിക്കൊണ്ടാണ് യേശു പ്രലോഭനത്തിനു മേൽ വിജയം നേടിയത്. ക്രിസ്തുനാഥനെ അനുകരിച്ചുകൊണ്ട് പ്രലോഭനങ്ങളെ പരാജയപ്പെടുത്തി നന്മയുടെ പാതയിൽ നീങ്ങണമെന്ന സന്ദേശമാണ് സുവിശേഷകൻ നൽകുന്നത്. പേത്തൂർത്താ എന്നാൽ തിരിഞ്ഞുനോക്കൽ, അനുരഞ്ജനം എന്നൊക്കെയാണ് അർത്ഥം. നാം പേത്തൂർത്താ ഞായർ ആചരിക്കുമ്പോൾ കഴിഞ്ഞ ജീവിതകാലത്ത് എന്തെങ്കിലുമൊക്കെ പ്രലോഭനങ്ങൾക്ക് അടിമപ്പെട്ടുപോയിട്ടുണ്ടോ എന്ന് പരിശോധിക്കണം. നോമ്പുകാലത്തെ പ്രാർത്ഥനയും ഉപവാസവും മറ്റു പുണ്യപ്രവർത്തനങ്ങളും പ്രലോഭനങ്ങളെനേരിടുന്നതിന് ആത്മാവിന് കരുത്തു നേടാൻ ഇടയാകണം.

✠ ✠ ✠

# 4

പുറ 34: 27-35 മോശ 40 രാപ്പകലുകൾ കർത്താവിനോടുകൂടെ. ഭക്ഷിച്ചില്ല; പാനം ചെയ്തില്ല. ദൈവത്തോടു സംസാരിച്ചു. മുഖം തേജോമയമായി.

ഏശ 58:1-10 യഥാർത്ഥ ഉപവാസം. അത് അനുഷ്ഠാനപരകർമങ്ങളല്ല; ആരിൽ നിന്നും മുഖം തിരിച്ചുകൊണ്ടുള്ളതുമല്ല. സഹജരെ ശുശ്രൂഷിക്കുന്നതിനുവേണ്ടി സ്വന്തം സുഖസൗകര്യങ്ങൾ ഉപേക്ഷിക്കുന്നതാണ്.

എഫേ. 4:17-24: പഴയ മനുഷ്യന്റെ ആസക്തികൾ: വിജാതീയമായ വ്യർത്ഥചിന്തകൾ. മനസ്സുമരവിച്ച ഭോഗാസക്തിയും അശുദ്ധിയും. പുതിയ മനുഷ്യന്റെ ദൈവികചൈതന്യം. നവീകരിക്കപ്പെട്ട മാനസിക ചൈതന്യം. ദൈവസദൃശമായ വിശുദ്ധിയും നീതിയും.

മത്തായി 4:1-11 ഭൗതികതലത്തിൽ തലയുയർത്തുന്ന ആസക്തികളെ ഈശോ വിജയിച്ചു.

എ) അപ്പത്തിനുള്ളത് - ജഡികമോഹങ്ങൾ.

ബി) അംഗീകാരത്തിനുള്ളത് - ബൗദ്ധിക മാനസികമോഹങ്ങൾ

സി) അധികാരത്തിനുള്ളത് - ഭൗതികതയുടെ ആധിപത്യം (= ആധ്യാത്മികാധഃപതനം)

ദൈവവചനം ജീവിതപോഷണമാക്കുന്നതും ദൈവത്തെ അംഗീകരിക്കുന്നതും ദൈവത്തിനു വിധേയപ്പെടുന്നതുമാണ് ഭൗതിക മോഹങ്ങളുടെ മേലുള്ള വിജയം. ഭൗതികതയെ വിജയിച്ച് ആധ്യാത്മി കതയിൽ അടിയുറക്കുന്നതിനുള്ള പരിശ്രമമാണ് നോമ്പും ഉപവാ സവും. പാലും വെള്ളവും കലർത്തുന്നതുപോലെ ആധ്യാത്മികതയും ഭൗതികതയും കലർന്നതാണ് മനുഷ്യജീവിതം. അരയന്നം വെള്ളത്തെ നീക്കി പാൽമാത്രം കുടിക്കുന്നതുപോലെ, മിശിഹായിൽ പുതുജന്മം പ്രാപിക്കുന്ന മനുഷ്യൻ ഭൗതികതയെ ജീവിതത്തിൽ നിന്നകറ്റി ആധ്യാത്മികതയിൽ സ്ഥിരത നേടണം. ക്ഷീരം കൈക്കൊള്ളുമന്ന ങ്ങൾ നീരം ചേർന്നതു നീക്കിടും .

✠ ✠ ✠

# നോമ്പ് ഒന്നാം തിങ്കൾ

**മത്താ. 5: 17-26**

## വ്യാജപ്രവാചകനും യഥാർത്ഥ ശിഷ്യനും

ഈശോയുടെ ജനനവും അവിടത്തെ പരസ്യജീവിതവും അവതരിപ്പിച്ചശേഷം ഈശോയുടെ വിവിധ പ്രബോധനങ്ങൾ മലയിലെ പ്രസംഗം എന്ന രൂപത്തിൽ മത്തായി സുവിശേഷകൻ അവതരിപ്പിക്കുന്നു. ഈ പ്രസംഗത്തിന്റെ അവസാന ഭാഗമാണ് ഇന്നത്തെ സുവിശേഷത്തിൽ നാം വായിക്കുന്നത്. മലയിലെ പ്രഭാഷണത്തിന്റെ അവസാന ഭാഗത്ത് (7:13-27) പ്രധാനമായും രണ്ട് ഘടകങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു: രണ്ട് തരത്തിലുള്ള വ്യക്തികൾ തമ്മിലുള്ള വൈരുധ്യം, ഇരുകൂട്ടരും ദൈവത്തിന്റെ മുമ്പിൽ

വിധി നേരിടേണ്ടി വരുമെന്നുള്ള മുന്നറിയിപ്പ് നാല് ഭാഗങ്ങളിലായി ട്ടാണ് ഈ ചിന്തകൾ ഇവിടെ പ്രസക്തമായി അവതരിപ്പിച്ചിട്ടുള്ളത്: 1. ഇടുങ്ങിയ വാതിൽ ജീവനിലേക്കു നയിക്കുന്നു; വിസ്തൃതമായ വഴി വിനാശത്തിലേക്ക് തുറന്നിരിക്കുന്നു (7:13-14). 2. നല്ല വൃക്ഷം നല്ല ഫലം പുറപ്പെടുവിക്കുന്നു; ചീത്ത വൃക്ഷം ചീത്തഫലം നല്കുന്നു (7:15-20). 3. ദൈവഹിതം നിറവേറ്റുന്നവൻ ദൈവരാജ്യം അർഹമാക്കുന്നു; അല്ലാത്തവർ അത് നഷ്ടപ്പെടുത്തുന്നു (7:21-23). 4. ദൈവവചനം ശ്രവിക്കുന്നവർ, അത് അനുസരിച്ച് ജീവിക്കുന്നവർ രക്ഷ കണ്ടെത്തുന്നു; അല്ലാത്തവർ വലിയ വീഴ്ച നേരിടുന്നു (7:24-28).

ഓരോ ഭാഗവും രണ്ടു തരത്തിലുള്ള കാര്യങ്ങളെ അവതരിപ്പിക്കുന്നു. രണ്ട് വഴികൾ (7:13-14), രണ്ട് മരങ്ങൾ (7:15-20), രണ്ട് തരത്തിൽ ദൈവഹിതത്തോട് പ്രതികരിക്കുന്നവർ (7:21-23), രണ്ട് അടിസ്ഥാനങ്ങൽ (7:24-28). ഇതിനോട് ചേർത്തുതന്നെ രണ്ടു തരത്തിലുള്ള വ്യക്തികൾ വിധി നേരിടേണ്ടിവരുമെന്നുള്ള സൂചനകളും ഓരോ ഭാഗത്തും നല്കപ്പെടുന്നുണ്ട്. ശ്രേഷ്ഠമാർഗത്തിലൂടെ ചരിക്കുന്നവർ നിത്യജീവൻ നേടുന്നു; നിഷേധത്തിന്റെ പാതയിൽ നടക്കുന്നവർ വിനാശം നേരിടുന്നു (7:13-14); നല്ല വൃക്ഷം സംരക്ഷിക്കപ്പെടുന്നു, ചീത്ത വൃക്ഷം വെട്ടിയെറിയപ്പെടുന്നു (7:15-20); യഥാർത്ഥ ശിഷ്യർ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നു, വ്യാജപ്രവാചകർ ദൈവരാജ്യ ത്തിൽ നിന്ന് പുറത്താക്കപ്പെടുന്നു (7:21-23); ഉറച്ച അടിസ്ഥാനം നിലനില്ക്കുന്നു; മണലിൽ പണിത ഭവനം വീണുപോകുന്നു (7:24-28).

**വ്യാജപ്രവാചകനും യഥാർത്ഥ ശിഷ്യനും:** സ്നേഹത്തിന്റെ നിയമം പ്രവർത്തിപഥത്തിലെത്തിക്കുവാനോ ത്യാഗത്തിന്റെ വഴിയിലൂടെ സഞ്ചരിക്കുവാനോ മനസ്സില്ലാതെ പ്രേഷിതപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വ്യക്തികൾ വ്യാജപ്രവാചകന്മാരാണ്. ദുഷിച്ച ചിന്തകൾ വച്ചുപുലർത്തുന്ന അഥവാ ദുഷ്ടലാക്കോടുകൂടെ തിന്മ പ്രവർത്തിക്കുന്ന കപടത കാണിച്ച് മാന്യന്മാരായി നടക്കുന്നവരാണിവർ. അപരന്റെയും തന്റെയും ജീവിതത്തിൽ നവീകരണം വരുത്തുവാനും അവരെ ദൈവത്തോടു ചേർത്ത് നിറുത്തുവാനും പരിശ്രമിക്കാത്ത ഇക്കൂട്ടർ ദൈവജനത്തെ അവിടന്നിൽനിന്ന് അകറ്റുവാൻ കാരണമാകുന്നു. ഇത്തരത്തിലുള്ള കപടവ്യക്തികളെ തിരിച്ചറിയുവാൻ ഈശോയിൽ വിശ്വസിക്കുന്നവർക്ക് സാധിക്കണമെന്ന് പഠിപ്പിക്കുന്നു (7:15-20). അവിടന്ന് വാക്കും പ്രവൃത്തിയും തമ്മിൽ പൊരുത്തമുള്ളവരാണ് യഥാർത്ഥ ശിഷ്യർ (7:21-28) എന്നു പ്രബോധിപ്പിക്കുന്നു.

**വ്യാജപ്രബോധനം തിരിച്ചറിയുക:** പഴയനിയമ കാലഘട്ടത്തിലെന്നതു പോലെ വ്യാജപ്രാചകന്മാരുടെ സാന്നിധ്യം ജെറ 6:13; 8:10) പുതിയനിയമ കാലഘട്ടത്തിലുമുണ്ടായിരുന്നു. പേരിനും പെരുമയ്ക്കും സാമ്പത്തികനേട്ടത്തിനും സ്ഥാപിതതാത്പര്യങ്ങളുടെ ആശയപ്രചരണത്തിനും ഉദരപൂരണത്തിനും വേണ്ടി വ്യാജപ്രവാചകന്മാർ പ്രഘോഷണം നടത്തിയിരുന്നു. ദൈവവചനത്തെ സ്വാർത്ഥതാത്പര്യത്തിനുവേണ്ടി ദുർവ്യാഖ്യാനം ചെയ്യുന്നവരും പ്രസംഗിക്കുന്നതിന് വിരുദ്ധമായിത്തന്നെ ജീവിക്കുന്നവരുമാണ് വ്യാജപ്രവാചകന്മാർ.

വൃക്ഷങ്ങളെ അവയുടെ ഫലങ്ങളിൽ നിന്ന് തിരിച്ചറിയണമെന്ന് പഠിപ്പിക്കുന്ന ഈശോ വ്യാജപ്രബോധകരുടെ അബദ്ധപ്രഘോഷണങ്ങളുടെ കെണിയിൽപ്പെടാതെ യഥാർത്ഥ സത്യമായ ഈശോയെത്തന്നെ തിരിച്ചറിയണമെന്ന് പറയുകയാണിവിടെ. ആന്തരികത ഒട്ടുംതന്നെയില്ലാതെ അനുഷ്ഠാനപരമായി ജീവിക്കുന്ന ജീവിതത്തിൽ എന്നും പുലർത്തേണ്ട നന്മയുടെ വഴികൾ നിരാകരിക്കുന്ന സുഖാനുഭവത്തിന്റെ വിസ്തൃത വഴികളിലൂടെ സഞ്ചരിക്കുവാൻ ക്രിസ്തുവിന്റെ അനുയായികളെ പ്രലോഭിപ്പിക്കുന്ന, ഇടയനായ ഈശോയോട് ചേർന്ന് നില്ക്കുന്നതിൽ നിന്നും ജനത്തെ പിൻതിരിപ്പിക്കുന്ന, വ്യാജപ്രബോധകരിൽ നിന്ന് അകന്ന് നില്ക്കണമെന്നും അല്ലാത്തപക്ഷം ഈശോയുടെ അനുയായികളെ അവർ നാശത്തിലേക്ക് നയിക്കുമെന്നും ഈശോ മുന്നറിയിപ്പ് നല്കുന്നു.

✠ ✠ ✠

# നോമ്പ് ഒന്നാം ചൊവ്വ

**മത്താ 5: 5:38-48**

ആവശ്യങ്ങളുമായി സമീപിക്കുന്നവനെപൂർണമനസോടെ സഹായിക്കണമെന്ന് വചനഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു. ചോദിക്കുന്നതിലും അധികം നല്കണമെന്ന് അവിടന്ന് പഠിപ്പിച്ചു. സ്വന്തമാക്കുന്നതിലല്ല കൂടുതൽ കൂടുതൽ നല്കുന്നതാണ് നന്മ എന്ന് അവിടന്ന് നമുക്കു മനസിലാക്കിത്തരുന്നു.

വാങ്ങിക്കൂട്ടലുകളുടെ ലോകമാണ് ഇന്നത്തേത്. എന്തും ഏതും സ്വന്തമാക്കണമെന്ന ചിന്തകളാണ് എല്ലാവരെയും ഭരിക്കുന്നത്. ഒരു വിട്ടുകൊടുക്കുന്ന സഹായമനോഭാവങ്ങളുടെ സാധ്യതകൾ മങ്ങിക്കൊണ്ടിരിക്കുന്നു. ഇവിടെയാണ് ഈശോയുടെ പഠിപ്പിക്കലുകൾ നമ്മെ ഏറെ സ്വാധീനിക്കേണ്ടത്. അവിടന്ന് സഹായമഭ്യർത്ഥിച്ചവരെ

കൈവിട്ടില്ല. ബത്സയ്ദായുടെ കരയിലെ രോഗിയും അന്ധനും മുടന്ത നും ഒക്കെ അവന്റെ സഹായഹസ്തങ്ങളുടെ വിലയറിഞ്ഞവരാണ്. പ്രതികാരങ്ങളുടെ പഴയനിയമത്തിൽ നിന്ന് ചേർത്തുനിർത്തുന്ന പുതിയനിയമസുവിശേഷങ്ങളിലേക്ക് അവിടന്ന് നമ്മെ നയിക്കുന്നത് വചനപൂർത്തീകരണത്തിനാണ്.

പകരംവീട്ടി നടത്തുന്ന വ്യക്തിഗതനീതിയല്ല ദൈവനീതിയാണ് പ്രധാനം എന്ന് ഈശോ പഠിപ്പിക്കുന്നു. സ്നേഹവും ശുശ്രൂഷയും ആണ് ദൈവനീതിയുടെ പ്രകടഭാവങ്ങൾ. വേദനിപ്പിക്കുന്നവനെതിരിച്ച് വേദനിപ്പിക്കുന്നതിലും അപമാനിക്കുന്നവനെതിരിച്ച് അപമാനിക്കുന്ന തിലും മുതിരുന്ന നമുക്ക് ദൈവനീതിയുടെ പ്രകടഭാവങ്ങളെ ഈ നോമ്പിൽ തിരിച്ചുപിടിക്കാൻ ഇന്നത്തെ വചനഭാഗം നമ്മോട് ആഹ്വാനം ചെയ്യുന്നു. ഇനി പകരത്തിനു പകരം എന്നല്ല പിന്നെയോ ലഭിക്കുന്നത് തിന്മയായാലും ഞാൻ നന്മ മാത്രമേ ചെയ്യൂ എന്നതാകട്ടെ നമ്മുടെ തീരുമാനം.

മിശിഹായെ അനുഗമിക്കുന്നവരെല്ലാം പ്രാർത്ഥിക്കാൻ കടപ്പെട്ട വരാണ്. ശ്വസിക്കാതെ ജീവിക്കുന്നവനെപോലെയാണ് പ്രാർത്ഥി ക്കാതെ ജീവിക്കുന്നവൻ. പ്രാർത്ഥിക്കാത്ത മനുഷ്യൻ കൃപയില്ലാത്ത മനുഷ്യനാണ്. ഫരിസേയരുടെയും നിയമജ്ഞരുടെയും കപടനാട്യ പരമായ പ്രാർത്ഥനകളെ ക്രിസ്തു ഉദാഹരണമാക്കിയാണ് ജനത്തെ ഉദ്ബോധിപ്പിക്കുന്നത്. ഒരുപാട് തെറ്റിദ്ധാരണകൾ നല്കി ജനത്തെ കബളിപ്പിച്ച് പുറംമോടി കാണിക്കുന്നവരുടെ യഥാർത്ഥചിത്രം ഈശോ തുറന്നുകാണിക്കുന്നു. പ്രാർത്ഥനയുടെ ജീവിതമാകാൻ അവിടന്ന് പ്രേരിപ്പിക്കുന്നു. അവൻ രാത്രി മുഴുവനും പ്രാർത്ഥിച്ചിരുന്നതായി വചനത്തിന്റെ ഏടുകളിൽ നാം വായിച്ചെടുക്കുന്നു.

ഇന്ന് നാം പ്രാർത്ഥനയെ മറക്കുന്നു. കടമ തീർക്കലിന്റെ ചട ങ്ങായി പ്രാർത്ഥനമാറി. അർത്ഥവ്യാപ്തിയോ ആവശ്യകതയോ നാം അറിയാതെ പോകുന്നു. ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ച് നിലനില്ക്കും എന്നതാണ് സഭാപിതാക്കന്മാർ പറയുന്നത്. കുടുംബ ത്തിന്റെ കെട്ടുറപ്പിനെനിലനിറുത്തുന്ന അനുഗ്രഹത്തിന്റെ ചങ്ങലക്കണ്ണി യാണ് പ്രാർത്ഥന. നോമ്പിന്റെ നാളുകൾ പ്രാർത്ഥനയുടേതാണ്. നാല്പതുനാൾ മിശിഹാ ഉപവസിച്ചു എന്നാൽ അവിടന്നുപ്രാർത്ഥിച്ചു എന്നുകൂടിയാണർത്ഥം.ഉപവസിക്കുക എന്നാൽ കൂടെ വസിക്കുക. ഈ നോമ്പുകാലം ഈശ്വരസാനിധ്യം അനുഭവിച്ച് അവന്റെ കൂടെയായിരി ക്കേണ്ട അവസരമാണ്. ഇത്രയുംനാൾ നടത്തിയതിൽ നിന്ന് മെച്ചപ്പെട്ട പ്രാർത്ഥന, പ്രാർത്ഥനഹൃദയത്തിൽ നിന്നുയർത്തി നമ്മുടെ ഭവനത്തെയും നാടിനെയും നമ്മെത്തന്നെയും ദൈവസുതന്റെ

കൃപാസ്വീകരണത്തിനായി ഒരുക്കാം.

**വചനപാഠം:** "ഞാൻ നിങ്ങളോടു പറയുന്നു: ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അങ്ങനെ, നിങ്ങൾ നിങ്ങളുടെ സ്വർഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും. (ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** കുടുംബാംഗങ്ങൾ എല്ലാവരും ഒന്നിച്ച് പ്രാർത്ഥിക്കുന്നുഎന്ന് ഉറപ്പുവരുത്തുക. ഒന്നിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഐക്യത്തോടെ നിലനില്ക്കുന്നു.

# നോമ്പ് ഒന്നാം ബുധൻ

**മത്താ 6:1-18**

ക്രൈസ്തവമാനവികതയുടെ മുഴുവൻ ആധ്യാത്മികതയും അടങ്ങിയിരിക്കുന്ന വചനഭാഗമാണ് ഈശോ പഠിപ്പിക്കുന്ന പ്രാർത്ഥന. ഉത്തമമായ പ്രാർത്ഥനയുടെ ഉദാത്തമാതൃകയാണിത്. പരാതികളും പരിഭവങ്ങളും മാത്രം നിരത്തി പരിഹാരത്തിന് കേഴുന്ന അടിമകളുടെ നിലയിലാണ് സാധാരണ പ്രാർത്ഥനകൾ. ആവശ്യങ്ങളറിയിക്കാനുള്ള പരാതി പരിഹാരഫോറം ആണ് നമ്മിൽ പലർക്കും ഇന്ന് തമ്പുരാൻ. അതുകൊണ്ടുതന്നെ വ്യക്തിഗതമായ പ്രാർത്ഥനകളാണ് കൂടുതൽ. ഞാൻ, എനിക്ക് എന്നീ വാക്കുകളുടെ സ്വാധീനവലയത്തിലാണ് നാമെല്ലാവരും. ഞാൻ എനിക്ക് എന്ന് ചേർക്കാതെ ഒരു പ്രാർത്ഥനയും നമ്മിൽ നിന്ന് ഇപ്പോൾ ഉയരാറില്ലല്ലോ.

ഈശോ പഠിപ്പിച്ചത് ബഹുവചനരൂപം ചേർത്ത പ്രാർത്ഥനയാണ്. ഈ പ്രാർത്ഥനയിൽ കുറേക്കൂടി ലോകത്തെ ഉൾക്കൊള്ളുന്നുണ്ട്. ഐക്യമാണ് എല്ലായിടത്തും വേണ്ടത്. പ്രാർത്ഥനയിൽപ്പോലും. ദൈവം ഒരു സ്വകാര്യസ്വത്തല്ല. എല്ലാവരുടേതുമാണ്. അങ്ങനെ അറിയപ്പെടാനാണ് അവനിഷ്ടവും. അതുകൊണ്ട് അവൻ തന്ന പ്രാർത്ഥനയുടെ നിമിഷത്തിൽ നാം സ്വാർത്ഥതയുടെ ലാഞ്ചന പോലും ഇല്ലാത്തവരാകണമെന്ന ഉദ്ദേശ്യത്തിന് ഞങ്ങളുടെ എന്ന ബഹുവചനസംജ്ഞ ചേർത്തിരിക്കുന്നത്.

തൻ കാര്യം മാത്രം നോക്കുന്ന സ്വാർത്ഥനാവാൻ ഇനി നമുക്ക് പറ്റില്ല. കാരണം ക്രിസ്തു പഠിപ്പിച്ചത് അതല്ലല്ലോ. രണ്ടു മൂന്നോ പേർ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മധ്യത്തിൽ ഉണ്ട്. എന്നാണവന്റെ വാഗ്ദാനം. ഒന്നിലധികം പേരുള്ളത് സമൂഹമാണ്. അവിടെ പ്രാർത്ഥിക്കുന്നത് ഞാനല്ല, നമ്മളാണ്. കുടുംബം ഒരുമയുടെ മാതൃകയാകണം. തമ്പുരാന്റെ പ്രാർത്ഥന നമുക്ക് അതിനുള്ള സഹായകമാകണം.

ഈശോയുടെ പ്രാർത്ഥനയിൽ  മനുഷ്യ ജീവിതത്തിനുവേണ്ട, ക്രൈസ്തവ ആധ്യാത്മീകതയ്ക്കുവേണ്ട അടിസ്ഥാനപാഠങ്ങൾ നല്കുന്നുണ്ട്: ദൈവത്തെ മഹത്ത്വപ്പെടുത്തുക, മനുഷ്യരുമായി രമ്യതയിൽ ജീവിക്കുക, അന്നുവേണ്ടുന്ന അപ്പത്തിനുവേണ്ടി അധ്വാനിക്കുക, തിന്മയുടെ സാഹചര്യങ്ങളിൽ നിന്ന് അകന്ന് ജീവിക്കുക. ഈ നാലുകാര്യങ്ങളാണ് മനുഷ്യജീവിതത്തിനടിസ്ഥാനമായിട്ടുള്ളത്. അവിടന്ന് പഠിപ്പിച്ച പ്രാർത്ഥന കൂടുതൽ അർത്ഥപൂർണ്ണമായി ജീവിക്കാൻ നോമ്പാചരണം നമ്മേ സഹായിക്കട്ടെ.

## നോമ്പ് ഒന്നാം വ്യാഴം

### അധ്യായം 6:19-34

ദൈവാന്വേഷണമാണ് ഓരോ ക്രിസ്ത്യാനിയുടെയും കടമയും കർത്തവ്യവും. എല്ലാവരും ദൈവാന്വേഷികളാണ്. എങ്കിലും ദൈവത്തെ കണ്ട്, അനുഭവിച്ചറിയാൻ നിർബന്ധബുദ്ധിയോടെ വ്യാപരിക്കുന്നവർ ചുരുക്കമാണ്. ധ്യാനവും പ്രാർത്ഥനകളും കുർബാനയും കൊന്തയും ഒക്കെ നമ്മുടെ ദിനചര്യകളുടെ ഭാഗമായിട്ടും ദൈവാന്വേഷണം പലപ്പോഴും ഉപരിവിപ്ലവമായി ദാഹം മാത്രമാകുന്നു. ഉത്കണ്ഠകളുടെ കൊടുങ്കാറ്റ് നമ്മെ ഗ്രസിക്കുന്നു. ഉറപ്പോടെ അന്വേഷിക്കാൻ നാം തയ്യാറുമല്ല. അന്വേഷിക്കുന്നവന്റെ മുമ്പിൽ വെളിപ്പെടുന്ന ഒരു ദൈവമുണ്ട്. നിങ്ങൾ എന്നെ അന്വേഷിക്കും. പൂർണഹൃദയത്തോടെ അന്വേഷിക്കമ്പോൾ നിങ്ങൾ കണ്ടെത്തും. നിങ്ങൾ എന്നെ കണ്ടെത്താൻ ഞാൻ ഇടയാക്കുമെന്ന് കർത്താവ് അരുളിച്ചെയ്യുന്നു (നിയമ 4:29).

നമ്മുടെ ദൈവം നമ്മിൽ നിന്ന് അകലെയല്ല നൈമിഷികജീവിതം നമ്മുടെ ബുദ്ധിയെയും മനസിനെയും ഗ്രസിക്കുമ്പോൾ പലപ്പോഴും ഈ വസ്തുത നാം മറന്നുപോകുന്നു. ലോകത്തെക്കുറിച്ച് ആകുലപ്പെടുന്ന ജനത്തിന് ആശ്വാസത്തിന്റെ വചനം നല്കുന്ന തമ്പുരാൻ നമ്മെ ഓർമ്മിപ്പിക്കുന്നത് ദൈവരാജ്യത്തെ അന്വേഷിക്കുക എന്നതാണ്. അങ്ങയുടെ രാജ്യം വരണമേ എന്നു പ്രാർത്ഥിക്കുന്നത് അർത്ഥമാകേണ്ടിയിരിക്കുന്നു. ഉള്ളിലെ ചൈതന്യം ദൈവികമാണെന്നറിഞ്ഞ് കല്പനകളുടെ അനുസരണം വഴി നാം ദൈവരാജ്യത്തിന്റെ കാര്യവാഹകരാകുന്നു. നോമ്പിന്റെ ചൈതന്യം ആശ്രയത്വമാണ്. ദൈവത്തെ തേടി അവനിൽ ആശ്രയിച്ച് അവന്റെ രാജ്യത്തിന്റെ സേവകരാകാനുള്ള  ചൈതന്യം.

# നോമ്പ് ഒന്നാം വെള്ളി

**മത്താ 7:1-14**

നമ്മുടെ വിധികൾ നമ്മളിൽ എങ്ങനെയാണ് രൂപപ്പെടുന്നത്. നമ്മുടെ ജനനനിമിഷം മുതൽ ഈ നിമിഷം വരെ മറ്റുള്ളവരുടെ സ്നേഹപൂർവ്വവും, ക്രൂരവുമായ വിധികൾക്ക് നമ്മൾ വിധേയരായിട്ടുണ്ട്. കുഞ്ഞ് പിറന്നു വീണപ്പോൾ ആണ്/പെണ്ണ്, മിടുക്കി/മിടുക്കൻ, കറുമ്പി/വെളുമ്പി, നിന്നെ കൊള്ളാം/ നിന്നെ ഒന്നിനും കൊള്ളില്ല- ഇങ്ങനെ എന്തെല്ലാം വിധികൾ ആണ് മുതിർന്നവർ നമ്മുടെമേൽ കെട്ടിവെച്ചത്. ചെറുപ്പകാലത്ത് മറ്റുള്ളവർ നമ്മളെ എങ്ങനെ വിധിച്ചുവോ അതിനനുസരിച്ച് നമ്മൾ വളർന്നുവരുകയും മറ്റുള്ളവരെ നമ്മുടെ അനുഭവങ്ങൾക്കനുസരിച്ച് നിഷേധാത്മകമായോ ക്രിയാത്മകമായോ വിധിക്കാൻ പ്രാപ്തരാക്കുകയും ചെയ്യും.

ഓരോ ക്രിസ്ത്യാനിയും ഈശോയിൽ വിശുദ്ധീകരിക്കപ്പെട്ട് വിശുദ്ധിയുടെ ശോഭയിൽ മറ്റുള്ളവർക്ക് വഴികാട്ടിയായി മാറുവാൻ പ്രത്യേക വിളി കിട്ടിയിട്ടുള്ളവൻ ആണ്. ഓരോരുത്തരും മറ്റുള്ളവരെ തങ്ങളേക്കാൾ ശ്രേഷ്ഠരായി കണ്ട് അവർക്ക് സ്നേഹശുശ്രൂഷ നല്കേണ്ടവർ ആണ്. എന്റെ സഹോദരർ ദൈവമക്കളാണ്. അവരിലെ ദൈവികതയെ ഓരോ നിമിഷവും ഞാൻ പരിപോഷിപ്പിക്കണം.

നമ്മൾ മിക്കപ്പോഴും മറ്റുള്ളവരെ ചെറുതാക്കി തന്നെത്തന്നെ വലുതാക്കുന്നവർ അല്ലെയെന്ന് പരിശോധിക്കാം. ഇതിന്റെ ഫലമായി എത്രയോ മനുഷ്യരെ നമ്മൾ തളർത്തുന്നുണ്ട്, തകർക്കുന്നുണ്ട്. വാസ്തവത്തിൽ എന്നിലെ കുറ്റങ്ങൾ തന്നെയാണ് ഞാനവരിൽ പ്രതിഫലിപ്പിക്കുന്നത്. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട നമ്മുടെ സഹോദരരെ വിധിക്കുവാൻ നമ്മൾക്ക് യാതൊരവകാശവുമില്ല. ഓരോ മനുഷ്യന്റെയും ഉള്ളിൽ ഉള്ള ധാരാളം നന്മകളും സിദ്ധികളും കണ്ടെത്തി, അംഗീകരിച്ച് പ്രോത്സാഹനം കൊടുത്ത് ദൈവഹിതാനുസരണം അവനെ വളർത്തുകയാണ് ഈശോയിൽ പക്വതയാർന്ന ഓരോ ക്രിസ്ത്യാനിയും ചെയ്യേണ്ടത്. ഈ ദിവസം നമ്മൾക്ക് ഈശോയോടൊത്ത് നമ്മെ ഒന്നു പരിശോധിക്കുവാൻ ശ്രമിക്കാം. നമ്മൾ എത്രയോ മനുഷ്യരെ തെറ്റായ രീതിയിൽ വിധിച്ച് അവരെ തളർത്തുകയും തകർക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള ഓരോ സംഭവവും നമ്മൾക്ക് നമ്മുടെ ഓർമ്മയിൽ കൊണ്ടുവന്ന് ആ വ്യക്തികളോട് ക്ഷമ ചോദിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കാം. എന്റെ ഈശോയെ എനിക്ക് ആരെയും വിധിക്കുവാനുള്ള അധികാരവും

അവകാശവും ഇല്ല. എല്ലാവരെയും എന്നെക്കാൾ ശ്രേഷ്ഠരായി കാണുവാനുള്ള കൃപതരണമേ.

✠ ✠ ✠

# നോമ്പ് ഒന്നാം ശനി

**മത്താ 6:5–15**

ഈശോയുടെ ഓരോ ശിഷ്യനും നിരന്തരം പ്രാർത്ഥിക്കുന്നവൻ ആയിരിക്കണം. പ്രാർത്ഥിക്കുമ്പോൾ നമ്മൾക്കുണ്ടായിരിക്കേണ്ട മനോഭാവം ഈശോ ഈ പ്രാർത്ഥനയിലൂടെ നമ്മെ പഠിപ്പിക്കുന്നു. പ്രാർത്ഥനയുടെ അവസരങ്ങളിൽ പിതാവിന് സകല മഹത്വവും നമ്മൾ കൊടുക്കണം. ദൈവത്തിന്റെ സ്നേഹം നിറഞ്ഞുകവിഞ്ഞ് ഒഴുകുന്ന ദൈവരാജ്യം ഈ ഭൂമിയിൽ വരണം. ദൈവത്തിന്റെ സ്നേഹ സാമ്രാജ്യ സൃഷ്ടിക്ക് എനിക്ക് വ്യക്തിപരമായി ചെയ്യുവാൻ സാധിക്കുന്ന ഒരു വലിയ ശുശ്രൂഷയാണ് എന്നോടു തെറ്റു ചെയ്തവരോട് യാതൊരു വ്യവസ്ഥയും വെയ്ക്കാതെ ക്ഷമിക്കുക എന്നത്. ഓരോ ക്രിസ്ത്യാനിയും ക്ഷമിക്കുന്ന സ്നേഹത്തിന്റെ ശുശ്രൂഷകരാകാൻ വിളിക്കപ്പെട്ടവൻ ആണ്. നമ്മുടെ ക്ഷമിക്കുവാനുള്ള കഴിവ് പ്രകടമാക്കുന്നത് നമ്മുടെ ആത്മീയമായ ആരോഗ്യത്തെയാണ്. ആത്മീയമായി ആരോഗ്യമുള്ളവർക്കു മാത്രമേ മറ്റുള്ളവരോടു ക്ഷമിക്കുവാൻ സാധിക്കൂ. ക്ഷമിക്കുന്ന വ്യക്തികൾ നമ്മുടെ കുടുംബങ്ങളിൽ ആണ് പിറക്കേണ്ടത്. ക്ഷമിക്കാൻ പഠിക്കുന്നതും ആ ശുശ്രൂഷയിൽ വളരുന്നതും നമ്മുടെ കുടുംബങ്ങളിൽ നിന്നുമാണ്. എന്റെ കുടുംബത്തിൽ എന്റെ ഭാര്യയോട്, എന്റെ ഭർത്താവിനോട്, മക്കളോട്, മാതാപിതാക്കളോട് ക്ഷമിക്കുവാൻ സാധിക്കുന്നുണ്ടെങ്കിൽ ആ ക്ഷമിക്കുന്ന സ്നേഹം എന്റെ അയൽക്കാരിലേയ്ക്കും, സമൂഹത്തിലേയ്ക്കും പ്രസരിക്കും.

നമ്മൾക്ക് ശാരീരിക ജീവൻ നിലനിർത്താൻ ശാസോഛാസം എത്ര ആവശ്യമാണോ അതിലും അത്യാവശ്യമാണ് നമ്മുടെ ആത്മീയ ജീവൻ നിലനിർത്താൻ ക്ഷമയുടെ ശുശ്രൂഷ. വാസ്തവത്തിൽ ഞാൻ ഓരോ നിമിഷവും ആത്മീയമായി ജീവിക്കുന്നത് വളരെപ്പേരോടു ക്ഷമിച്ചു കൊണ്ടാണ്. വെറുപ്പും, വൈരാഗ്യവും, നീരസവും എന്റെ മനസ്സിൽ നിറയുമ്പോൾ എന്റെ ആത്മീയ ശാസോഛാസം നിലയ്ക്കുകയും അങ്ങനെ ഞാൻ ആത്മീയ മരണത്തിന് വിധേയനാവുകയും ചെയ്യുന്നു. ഈ ദിവസം നമ്മൾ കണ്ടുമുട്ടുന്ന എല്ലാ മനുഷ്യരിലേയ്ക്കും ക്ഷമിക്കുന്ന സ്നേഹം പകർന്നു കൊടുക്കുവാൻ നമ്മൾക്ക് ഒരുങ്ങാം.

മാനുഷികമായി നമ്മൾക്ക് ഇത് അസാധ്യമാണ്. ദൈവകൃപയിൽ മാത്രമേ ഇത് സാധിക്കൂ. നമ്മൾക്ക് ദൈവസ്നേഹം പകർന്ന് തരാത്തവർ നമ്മുടെ കടക്കാരാണ്. അവരോടെല്ലാം ക്ഷമിച്ച് അവർക്ക് ദൈവസ്നേഹം പകർന്നുകൊടുക്കുവാൻ നമ്മൾക്ക് ഈശോയുടെ കൃപയിൽ പരിശ്രമിക്കാം. എന്റെ ഈശോയെ, എന്റെ സഹോദരങ്ങൾക്കെല്ലാം ക്ഷമയുടെ സ്നേഹശുശ്രൂഷ ചെയ്യുവാൻ എന്നെ പ്രാപ്തനാക്കണമേ.

✠ ✠ ✠

# നോമ്പ് രണ്ടാം ഞായർ

**ഉൽപ. 5:19-31, ജോഷ്വ. 4:15-24, റോമ 6: 12-23, മത്താ. 7: 15-27**

## ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുക

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ആദ്യത്തെ മാർപാപ്പായെ തിരഞ്ഞെടുക്കാനുള്ള കോൺക്ലേവ് 2005 ഏപ്രിൽ 17-ാം തീയതി വത്തിക്കാനിലെ സിസ്റ്റൈൻ ചാപ്പലിൽ ആരംഭിച്ചു. തിരഞ്ഞെടുപ്പിന്റെ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കണമെന്ന് സഭയുടെ രാജകുമാരന്മാർ എന്നറിയപ്പെടുന്ന 115 കർദ്ദിനാളന്മാരും പ്രതിജ്ഞയെടുത്ത് നീങ്ങുകയാണ്. ഹോണ്ടുറാസിൽ നിന്നുള്ള കർദ്ദിനാൾ ഓസ്കാർ ആന്ദ്രേ റോഡ്രിംഗ്സ് പറഞ്ഞു. ദൈവത്തിന്റെ സ്വരം കേൾക്കാനാണ് ഞങ്ങൾ കോൺക്ലേവിനു പോകുന്നത്. ദൈവത്തിന്റെ തീരുമാനം നടപ്പാക്കാൻ പരിശുദ്ധാത്മാവ് ഞങ്ങളെ സഹായിക്കട്ടെ.

കർത്താവേ കർത്താവേ എന്ന് ദിവസത്തിൽ പലവട്ടം പ്രാർത്ഥിക്കുകയും ദൈവത്തിന്റെ സ്വരം നിരന്തരം കേൾക്കുകയും ചെയ്താൽ പോരാ. ദൈവത്തിന്റെ തീരുമാനം നടപ്പാക്കുന്നവരാകണം എന്ന് ഈശോ ഇന്ന് സുവിശേഷത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. ഗിരിപ്രഭാഷണത്തിന്റെ ഉപസംഹാരമാണ് ഇന്നത്തെ സുവിശേഷം. രണ്ടു സുപ്രധാന പഠനങ്ങളാണ് ഈ ഭാഗത്തുള്ളത്. ഒന്ന്, വ്യാജപ്രവാചകന്മാർ. സഭയ്ക്കകത്തും പുറത്തും വ്യാജപ്രവാചകന്മാരുണ്ടാകാം. ദൈവത്തിന്റെ നാമത്തിലാണ് പ്രവർത്തിക്കുന്നത് എന്നു പറയുകയും സ്വന്തം സുഖം മാത്രം അന്വേഷിക്കുകയും ചെയ്യുന്ന അവരെ ജാഗ്രതയോടെ കാണണം എന്ന് ഈശോ ഓർമ്മിപ്പിക്കുന്നു.

ഞങ്ങൾ കർത്താവിന്റെ നാമത്തിൽ പ്രവചിച്ചു.
ഞങ്ങൾ കർത്താവിന്റെ നാമത്തിൽ പിശാചുക്കളെ ബഹിഷ്കരിച്ചു.
ഞങ്ങൾ കർത്താവിന്റെ നാമത്തിൽ അദ്ഭുതങ്ങൾ ചെയ്തു.
ഇതൊക്കെയാണ് വ്യാജപ്രവാചകന്മാരുടെ അവകാശവാദം.

പിതാവിന്റെ ഇഷ്ടം നിറവേറ്റുക എന്ന അളവുകോലനുസരിച്ച് അവർക്ക് സ്വർഗരാജ്യത്തിൽ പ്രവേശനം നിഷേധിച്ചുകൊണ്ട് കർത്താവ് പറഞ്ഞു. ഞാൻ നിങ്ങളെ അറിയില്ല. അവർ വിളിച്ചപേക്ഷിക്കുന്ന കർത്താവ് തന്നെയാണ് അവരെ അറിയില്ല എന്നു പറയുക. പേടിപ്പെടുത്തുന്ന വാക്കുകളാണിത്. കർത്താവ് നമ്മെ അറിയാതെ വരികയെന്നു പറഞ്ഞാൽ... പിന്നെ നമ്മുടെ പ്രാർത്ഥനജീവിതം കൊണ്ടും സത്കർ മ്മങ്ങൾ കൊണ്ടും എന്താണ് ഫലം? അതുകൊണ്ട് ഈ നന്മപ്രവൃത്തി കൾക്കൊപ്പം പിതാവിന്റെ ഹിതം നിറവേറ്റുന്നവർ കൂടി ആകുക. ഓർക്കുക, ഉച്ചത്തിൽ അവനെ സ്തുതിച്ചാലും അവന്റെ ഇഷ്ടം എന്റെ ജീവിതത്തിൽ നിറവേറപ്പെടുന്നില്ലെങ്കിൽ സ്വർഗരാജ്യത്തിലേക്കുള്ള പ്രവേശനം എളുപ്പമല്ല.

നിയമാവർത്തനപ്പുസ്തകത്തിൽ മോശയുടെ പ്രഭാഷണം ഉപസംഹരിക്കുന്നത് രണ്ടു വഴികളെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ടാണ് (30:15-18). ജീവനും നന്മയും മരണവും തിന്മയും നിന്റെ മുമ്പിൽ വച്ചിരിക്കുന്നു എന്നാണ് മോശ പറയുന്നത്. അതുപോലെ ഇവിടെ ഈശോ തന്റെ ഗിരിപ്രഭാഷണം അവസാനിപ്പിക്കുന്നത് ബുദ്ധിമാനായ മനുഷ്യനെക്കുറിച്ചും വിഡ്ഢിയായ മനുഷ്യനെക്കുറിച്ചും പറഞ്ഞു കൊണ്ടാണ്. മണലിൽ വീട് പണിതവൻ, പാറമുകളിൽ വീടു പണിതവൻ. പാറയെന്നത് ദൈവമാണ് പഴയനിയമത്തിൽ (നിയമ 32:40-31). ദൈവവുമായുള്ള ഉടമ്പടിബന്ധത്തിൽ അടിസ്ഥാനമിട്ട് കൃത്യതയും ഏകാഗ്രതയുമുള്ള ലക്ഷ്യവുമായി ജീവിതം കെട്ടിപ്പടു ക്കണം എന്ന് സൂചന.

ദൈവം എന്താണ്, എങ്ങനെയിരിക്കുന്നു, എന്തു ചെയ്യുന്നു എന്നൊക്കെ അറിയണമെങ്കിൽ നാം ഈശോയെ നോക്കണം. അവൻ പറഞ്ഞതും ചെയ്തതും പക്ഷം പിടിച്ചതും പഠിപ്പിച്ചതുമാണ് ദൈവ ത്തിന്റെ മനസ്സ്. ദൈവത്തിന്റെ മനസ്സറിഞ്ഞ് പ്രവർത്തിക്കുന്നവനാണ് പാറപ്പുറത്ത് ഭവനം പണിതവൻ. രക്ഷ എന്നത് ദൈവത്തിന്റെ ദാനം മാത്രമല്ല, നമ്മുടെ നിർമ്മാണം കൂടിയാണ്. ദൈവത്തിന്റെ മനസ്സ് അവൻ വെളിപ്പെടുത്തുന്നു. ഇത് ദാനമായിട്ടാണ്. ആ വെളിപ്പെടുത്തലനുസരിച്ച് നാം ജീവിക്കുന്നു എന്നതാണ് മനുഷ്യന്റെ പ്രയത്നം. ദൈവവും മനുഷ്യരും സഹകരിക്കുമ്പോഴാണ് മനുഷ്യരക്ഷ സാധ്യമാവുക. God

who created you without you, cannot save you without you നിന്നെക്കൂടാതെ നിന്നെ സൃഷ്ടിച്ച ദൈവത്തിന് നിന്നെക്കൂടാതെ നിന്നെ രക്ഷിക്കാനാവില്ല എന്ന് വിശുദ്ധ ആഗസ്തീനോസ് പറഞ്ഞത് എത്രയോ ശരിയാണ്.

മത്തായി 7:21-23-ലെ മൂന്ന് പദങ്ങൾ ശ്രദ്ധിക്കുക. രാജ്യം, പിതാവ്, സ്വർഗം. ദൈവരാജ്യം, പിതാവിന്റെ ഹിതം ഇതു രണ്ടുമാണ് സർവപ്രധാനം. കർത്തൃപ്രാർത്ഥനയിൽ പിതാവിന്റെ നാമം പൂജിതമാകാനും ദൈവരാജ്യം വരാനും ദൈവഹിതം നിറവേറാനും നാം പ്രാർത്ഥിക്കുന്നു. എങ്ങനെയാണിത് സംഭവിക്കുക? നാം ദൈവഹിതം നിറവേറ്റുമ്പോൾ ദൈവഭരണം ഭൂമിയിൽ ആരംഭിക്കും. അതിന് കപട ആധ്യാത്മികതയിൽ നിന്നു പുറത്തുവന്ന് ഈ ലോകത്തെക്കുറിച്ചുള്ള ദൈവത്തിന്റെ ഇഷ്ടം നിറവേറ്റാൻ ഞാൻ തയ്യാറാവണം. ഈ നോമ്പുകാലം പിതാവിന്റെ ഇഷ്ടം നിറവേറാനുള്ള കാലമായിരിക്കട്ടെ ഏവർക്കും.

✠ ✠ ✠

# 2

ഈ സുവിശേഷഭാഗത്ത് വി. മത്തായി ശ്ലീഹാ വ്യാജപ്രവാചകന്മാരെക്കുറിച്ചും യഥാർത്ഥ ശിഷ്യന്റെ മനോഭാവത്തെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്. ദൈവത്തിന്റെ സന്ദേശവാഹകർ രണ്ടു തരത്തിലുള്ള പ്രതിയോഗികളെ നേരിടേണ്ടി വന്നിരുന്നു. ഒന്നാമത്തെ കൂട്ടർ ശത്രുക്കളായി പ്രത്യക്ഷപ്പെട്ട് സന്ദേശവാഹകരെ ഏതുവിധേനയും നശിപ്പിക്കുന്നു. രണ്ടാമത്തെ കൂട്ടർ സഭയ്ക്കുള്ളിൽ നിന്നുകൊണ്ട് തെറ്റായ പഠിപ്പിക്കലിലൂടെയും ക്രൈസ്തവവിരുദ്ധ പ്രവർത്തനങ്ങളിലൂടെയും സഭാപ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നു. ആദിമ സഭയിൽ ധാരാളം വ്യാജപ്രവാചകന്മാർ പ്രത്യക്ഷപ്പെട്ട് വിശ്വാസികളെ തെറ്റദ്ധരിപ്പിച്ചിരുന്നു. വ്യാജപ്രവാചകന്മാരെ തിരിച്ചറിയുന്നത് അവരുടെ പ്രവർത്തനങ്ങളിലൂടെയാണ്. അവർ കുഞ്ഞാടുകളുടെ വേഷത്തിൽ പ്രത്യക്ഷപ്പെടുന്നുവെന്ന് സുവിശേഷകൻപറയുന്നു.

**കുഞ്ഞാടിന്റെ വേഷം ധരിച്ചവർ**

ആട്ടിൻ പറ്റമായി, സഭയെ വിശുദ്ധ ഗ്രന്ഥത്തിൽ പലഭാഗങ്ങളിലായിചിത്രീകരിക്കുന്നുണ്ട് (മത്താ: 10:16, യോഹ. 10:12). നല്ല ഇടയന്റെ കൂടെ നടക്കുന്ന കുഞ്ഞാടുകളാണ്, സഭാതനയർ. സഭയിലേക്ക് കുഞ്ഞാടുകളുടെ വേഷത്തിൽ പ്രത്യക്ഷപ്പെട്ട് ചെന്നായ്ക്കളുടെ പ്രവർത്തനം നടത്തുന്നവരാണ് വ്യാജപ്രവാചകർ.

പ്രത്യക്ഷത്തിൽ സത്യസന്ധരെന്നും ദൈവത്തിന്റെ ജനമെന്നും തോന്നുന്ന രീതിയിലായിരിക്കും ഇവർ വരുന്നത്. പക്ഷേ, അവർ അകത്തു പ്രവേശിച്ച് തങ്ങളുടെ സ്വാർത്ഥലാഭത്തിനു വേണ്ടി യേശുവിന്റെ പ്രബോധനങ്ങളെ വ്യാഖ്യാനിക്കുകയും തെറ്റായി പഠിപ്പിച്ച് സഭയിൽ ഭിന്നത ഉളവാക്കുകയും ചെയ്യുന്നു. ഇന്നത്തെ സാഹചര്യങ്ങളിലും ആരാധകരുടെ ഇടയിൽ പലവിധത്തിൽതെറ്റായ ധാരണകൾ പരത്തുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന പ്രബോധകരെ കാണാം. അവർ ബൈബിളിനെക്കുറിച്ച് ശരിയായി മനസ്സിലാക്കാതെ, തങ്ങളുടേതായ ലക്ഷ്യത്തിനുവേണ്ടി വി. ഗ്രന്ഥത്തെ വ്യാഖ്യാനിക്കുകയും തെറ്റായ പ്രബോധനങ്ങളിലൂടെ സഭയിൽ  ഭിന്നത സൃഷ്ടിക്കുകയും ചെയ്യുന്നു.

**കർത്താവേ, കർത്താവേ എന്ന് വിളിച്ചപേക്ഷിക്കുന്നവനല്ല**

യഥാർത്ഥ ശിഷ്യത്വത്തിന്റെ മാനദണ്ഡമാണ് സുവിശേഷകൻ ഇവിടെചൂണ്ടിക്കാണിക്കുന്നത്. വചനം ഏറ്റു പറയുന്നവർ മാത്രമാകാതെ അത് പ്രവർത്തിയിൽ വരുത്തുന്നവർ കൂടി ആകണമെന്നാണ് ഈശോ പറയുന്നത്. ക്രിസ്തുവിന്റെ അനുയായി പ്രവർത്തനങ്ങളിലൂടെ ക്രിസ്തുവിനെ അനുകരിക്കുന്നവരായിരിക്കണം. പ്രവർത്തനങ്ങളിൽ ക്രിസ്തീയ മൂല്യങ്ങൾനിറഞ്ഞുനിൽക്കുന്നുവെങ്കിൽ മാത്രമേ യഥാർത്ഥ ക്രിസ്തുശിഷ്യനാകു. പരിശുദ്ധാത്മാവിൽ നിറഞ്ഞവനും സംസാരത്തിലും പ്രവർത്തനത്തിലും സത്യസന്ധനും മൂല്യാധിഷ്ഠിത ജീവിതം നയിക്കുന്നവനുമാണ് യഥാർത്ഥ ശിഷ്യൻ.

**പാറമേൽ വീടുപണിയുക**

യഥാർത്ഥ ശിഷ്യൻ പാറമേൽ പണിത വീടുപോലെയാണെന്നാണ് ഈശോപറയുന്നത്. ആശാരിച്ചെറുക്കനായിരുന്ന ഈശോയ്ക്ക് ഭവനനിർമ്മാണത്തെക്കുറിച്ച് അറിയാമായിരുന്നു. അതുകൊണ്ട് ഈശോനാഥൻ തന്റെ ശിഷ്യന്മാരെ പാറമേൽപണിത ഭവനത്തോടാണ് ഉപമിക്കുന്നത്. പാറമേൽ പണിത ഭവനം ഏതുസാഹചര്യത്തെയും അതിജീവിക്കുന്നതുപോലെ, പ്രവർത്തിയിലധിഷ്ഠിതമായ വിശ്വാസത്തിനേ സ്ഥായിയായ നിലനിൽപ്പുള്ളൂ എന്ന് സുവിശേഷകൻ പറയുന്നു. ശരിയായ അടിസ്ഥാനമില്ലാത്ത  ഭവനം വെള്ളപ്പൊക്കമുണ്ടകുമ്പോൾ തകർന്നുപോകുന്നതുപോലെ, വചനം കേട്ടിട്ട് അതു പ്രവർത്തിക്കാത്തവരുടെ ജീവിതവും തകർക്കപ്പെടും. ഈശോയുടെ വചനങ്ങൾ വിളിയും വെല്ലുവിളിയുമാണ്, വെറും പ്രബോധനമല്ല. വചനം പ്രസംഗിച്ചാൽ മാത്രം പോരാ; വചനത്തിനുള്ള യഥാർത്ഥ പ്രതികരണം വചനാത്മക ജീവിതമാണ്. ഈ വെല്ലുവിളിക്കനുസരിച്ച് ജീവിക്കാത്ത

വരുടെ വീഴ്ച്ച വലുതായിരിക്കും. നല്ല ഫലം നൽകാത്ത വൃക്ഷം വെട്ടിതീയിൽ എറിയപ്പെടുമെന്ന് പറയുന്നത് വചനം ശ്രവിച്ചിട്ടും അതനുസരിച്ച് ജീവിക്കാത്തവരുടെ അന്ത്യം ഭയാനകമായിരിക്കും എന്ന് സൂചിപ്പിക്കുവാനാണ്. ഈശോനാഥന്റെ വിളിക്കനുസരിച്ച് മരണത്തോളം വചനത്തിനു വിധേയരായി ജീവിക്കുവാനാണ് നാം വിളിക്കപ്പെടുന്നത്. അതാണ് യഥാർത്ഥ ശിഷ്യത്വത്തിനുള്ളവിളി.

✠ ✠ ✠

# 3

## പ്രാർത്ഥന ഒഴിഞ്ഞ – പ്രാർത്ഥനയില്ലാത്ത – അനുഷ്ഠാനം

**ജോഷ്വ 4**: ഇസ്രായേൽജനം പുതിയ നാട്ടിൽ പ്രവേശിക്കുന്നു. ഗിൽഗാലിൽവച്ച് രക്ഷിതജീവിതത്തിലേക്കു പ്രവേശിക്കുന്നു. അതിന്റെ അനുഷ്ഠാനകർമങ്ങൾ: 12 സ്മാരകശിലകളുടെ സ്ഥാപനം. പരിച്ഛേദനകർമം, പെസഹായും പുളിപ്പില്ലാത്ത അപ്പവും, മന്നായോടു വിട.

**റോമ 6**:പുതിയ ദൈവജനം പുതിയ വ്യക്തിത്വം കൈക്കൊണ്ട് പുതിയ ജീവനിലേക്കു പ്രവേശിക്കുന്നു. അതിനു മാമ്മോദീസായുടെ അനുഷ്ഠാനം.

**മത്തായി 7**:. ദൈവരാജ്യത്തിലേക്കു പ്രവേശിക്കുന്നു. ദൈവരാജ്യം = പുതിയ നാട്, പുതിയ ജീവിതം. ദൈവരാജ്യപ്രവേശനത്തിന്റെ മാതൃകയാണ് സദ്ഫലങ്ങൾ നല്കുന്ന നല്ല മരം. അതു ക്രൈസ്തവന്റെ പ്രതീകമാണ്.

സ്വർഗീയപിതാവിന്റെ ഇഷ്ടം ചെയ്യുന്നവനാണ് നല്ല വൃക്ഷം = അതാണ് പ്രാർത്ഥനാജീവിതം. അതു ചെയ്തശേഷം കർത്താവേ എന്നു വിളിക്കുവാൻ സാധിക്കുന്നത് നല്ല ഫലം. അതാണ് ആരാധനാ ജീവിതം. സ്വർഗീയപിതാവിന്റെ ഇഷ്ടം നിർവഹിക്കുന്നതിന് അതായത് പ്രാർത്ഥനാജീവിതത്തിനു മാതൃക ഈശോയുടെ ജീവിതം തന്നെ. സഹനവും മരണവും ഉത്ഥാനവും അതുൾക്കൊള്ളുന്നു.

മന്നാ ഭക്ഷിക്കാനുള്ള പ്രവണത അവസാനിപ്പിക്കേണ്ട ജീവിതമാണ് ക്രൈസ്തവജീവിതം. എല്ലാ ഉദ്ദിഷ്ടകാര്യങ്ങളും സ്വർഗത്തിൽ നിന്നു വർഷിക്കപ്പെടണം എന്നു കരുതുന്നവർ ചീത്ത ഫലമുള്ള ചീത്ത വൃക്ഷങ്ങളാണ്. മെയ്യനങ്ങാതെ ഉദരപൂരണം എന്നതാണവരുടെ ലക്ഷ്യം. പ്രാർത്ഥനാജീവിതമില്ലാത്ത ഇവർ ആരാധാനുഷ്ഠാനങ്ങളെ ലക്ഷ്യപ്രാപ്തിക്കുള്ള മാർഗമായി കരുതുന്നു.

കൂടുതൽ കിട്ടാനും കൂടുതൽ കിട്ടുമ്പോഴും കുറച്ചു പണം അവർ കൈയയച്ചു നല്കുകയും ചെയ്യുന്നു.

കർത്താവേ, കർത്താവേ, മാതാവേ, മാതാവേ, പുണ്യാളാ, പുണ്യവതീ എന്നു വിളിച്ച് ആഗ്രഹങ്ങളുടെ പട്ടിക നിരത്താതെ, എല്ലാ ആഗ്രഹങ്ങളെയും നിഗ്രഹിച്ചശേഷം സഹജീവികളുടെ ആവശ്യ നിവർത്തിക്കായി സ്വയം സമർപ്പിച്ച് കർത്തൃസന്നിധി പൂകുമ്പോൾ മാത്രമേ ദൈവരാജ്യപ്രവേശം യാഥാർത്ഥ്യമാകൂ.

✠ ✠ ✠

## നോമ്പ് രണ്ടാം തിങ്കൾ

### മർക്കോ 7:14-23

ഓരോ മനുഷ്യർക്കും ദൈവം തന്നിട്ടുള്ള ഒരു ആന്തരിക ഇട മുണ്ട്. അത് ദൈവം വസിക്കുന്ന നമ്മുടെ ഹൃദയമാണ്. വാസ്തവത്തിൽ ഓരോ മനുഷ്യനും വളരെ ശ്രദ്ധയോടെ കാത്തുസൂക്ഷിക്കേണ്ട അതി വിശുദ്ധ സ്ഥലമാണ് നമ്മുടെ ഹൃദയമാകുന്ന ദൈവാലയം. വിശുദ്ധ രുടെ വിശുദ്ധി ഈ ഇടങ്ങളെ ഏറ്റവും വിശുദ്ധമായി അവർ കാത്തു സൂക്ഷിച്ചു എന്നതാണ്. ഈ വിശുദ്ധിയിൽ നമ്മൾ വളരുമ്പോൾ നമ്മുടെ വാക്കിലൂടെയും പ്രവർത്തിയിലൂടെയും നമ്മുടെ ചുറ്റുവട്ടങ്ങ ളിലേയ്ക്കും വിശുദ്ധി പ്രസരിക്കും.

ഈശോ ഇന്ന് സുവിശേഷത്തിലൂടെ നമ്മളോടു പറയുന്നു, സകല തിന്മകളും നമ്മുടെ ഉള്ളിൽ നിന്നാണ് വരുന്നത് എന്ന്. ഒരുവന്റെ ഉള്ളിൽ നിന്നു പുറപ്പെടുന്ന കാര്യങ്ങളാണ് ഒരുവനെ അശുദ്ധനാ ക്കുന്നത്. എന്തെന്നാൽ, ഉള്ളിൽനിന്നാണ്, മനുഷ്യൻെറ ഹൃദയത്തിൽ നിന്നാണ് ദുശ്ചിന്ത, പരസംഗം, മോഷണം, കൊലപാതകം, വ്യഭിചാരം, ദുരാഗ്രഹം, ദുഷ്ടത, വഞ്ചന, ഭോഗാസക്തി, അസൂയ, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നത്. ഈ തിൻമകളെല്ലാം ഉള്ളിൽനിന്നുവരുന്നു. അവ മനുഷ്യനെ അശുദ്ധനാക്കുകയും ചെയ്യുന്നു .

ഹൃദയങ്ങൾ പരിശോധിക്കുന്നവനായ ഈശോയെ ഇന്ന് നമ്മൾക്ക് നമ്മുടെ ഹൃദയങ്ങളിലേയ്ക്ക് ക്ഷണിക്കാം. വിശുദ്ധനായവ നിൽ നിന്ന് വിശുദ്ധി മാത്രമേ പ്രസരിക്കുകയൊള്ളു. ഈശോയുടെ ഉള്ളിൽ എപ്പോഴും നന്മ മാത്രമേയുള്ളു. അതുകൊണ്ട് പ്രലോഭകൻ ഈശോയെ പരീക്ഷിക്കുമ്പോൾ ആ പ്രലോഭനങ്ങൾക്കൊന്നും ഈശോയുടെ ഉള്ളിൽ ഇടം ലഭിക്കുന്നില്ല.

ഹൃദയങ്ങൾ പരിശോധിക്കുന്നവനെ ഇന്ന് നമ്മൾക്ക് നമ്മുടെ ഹൃദയങ്ങളിലേയ്ക്ക് ക്ഷണിക്കുകയും അവിടുത്തോടു ചേർന്ന് നമ്മുടെ ഹൃദയങ്ങളെ പരിശോധിക്കുകയും ചെയ്യാം. ഈശോ സുവിശേഷത്തിലൂടെ പ്രതിപാദിച്ച അശുദ്ധികളിൽ ഏതൊക്കെ എന്റെ ഹൃദയത്തിൽ ഞാൻ താലോലിക്കുന്നു ് എന്ന് വിവേചിച്ചറിയണം.

നമ്മൾ ജന്മപാപത്തിന്റെയും കർമ്മപാപത്തിന്റെയും ആഘാതമേറ്റവർ ആയതുകൊണ്ട് നമ്മുടെ ഉള്ളിൽ ആന്തരിക അശുദ്ധിയുണ്ട്. ആയതിനാൽ ഈശോ ഇവിടേയ്ക്കെല്ലാം കടന്നുവന്ന് നമ്മെ അവയിൽ നിന്നെല്ലാം സ്വതന്ത്രരാക്കിയാൽ മാത്രമേ നമ്മിൽ വിശുദ്ധി നിറയൂ. നമ്മുടെ ആന്തരിക ഇടങ്ങളെ അവിടുത്തെ വചനമാകുന്ന സത്യത്താൽ വിശുദ്ധീകരിക്കണമേയെന്ന് ഇന്ന് ഈശോയോട് നമ്മൾക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

✠ ✠ ✠

## നോമ്പ് രണ്ടാം ചൊവ്വ

### മത്താ 7: 7-12

ഈ തിരുവചനത്തിലൂടെ ഈശോ കുടുംബം, സമൂഹം, സഭ ഇവിടെയെല്ലാമുള്ള നമ്മുടെ സാന്നിദ്ധ്യവും ശുശ്രൂഷയും എങ്ങനെയായിരിക്കണം എന്ന് വ്യക്തമാക്കുന്നു. ആധുനിക ലോകത്തിൽ എല്ലായിടത്തും വ്യക്തികളെ നയിക്കുന്ന പ്രധാന ആശയം വ്യക്തിചിന്തയും വ്യക്തിപൂജയും ആയി മാറിക്കൊണ്ടിരിക്കുന്നത് നമ്മൾക്ക് കാണുവാൻ കഴിയും. എല്ലാത്തിലും എനിക്ക് നേട്ടം കൈവരിക്കണം.

സമ്പത്ത്, അധികാരം, സ്ഥാനമാനങ്ങൾ എല്ലാം എനിക്ക് എങ്ങനെയും സ്വന്തമാക്കണമെന്ന് ഏറെപ്പേർ ചിന്തിക്കുന്നു. സ്വന്തം കാര്യങ്ങൾക്ക് മാത്രം പ്രാധാന്യം കൊടുക്കുന്നവരുടെ എണ്ണം എല്ലാ മേഖലകളിലും കൂടിക്കൂടി വരുന്നു. നമ്മുടെ പ്രാർത്ഥനകൾ മിക്കപ്പോഴും എനിക്ക് എല്ലാം കിട്ടണം കിട്ടണം എന്നല്ലേയെന്ന് നമ്മൾ ആലോചിച്ച് നോക്കണം. പലപ്പോഴും നമ്മൾ ചിന്തിക്കുന്നത് ദൈവം, സഭാസമൂഹം, രാഷ്ട്രം, സാമ്പത്തിക സംവിധാനങ്ങൾ ഇവയൊക്കെ എനിക്ക് എന്തു ചെയ്തു തരും, ഇവയിൽ നിന്ന് എനിക്ക് എന്തു ലാഭം ഉണ്ടാകുമെന്നൊക്കെയാണ്. ഒരു സമൂഹത്തിലെ ഏറിയ പങ്ക് ആളുകളും ഇങ്ങനെ സ്വന്തം കാര്യം മാത്രം ചിന്തിച്ചാൽ ആ സമൂഹം സമൂഹമല്ലാതായിത്തീരും. അത് സ്വാർത്ഥമതികളായ കുറേയാളുകളുടെ വെറും ഒരു ആൾക്കൂട്ടമായി മാറും. ഇന്ന് ലോകത്തുള്ള പല സമൂഹങ്ങളും ഈ

അവസ്ഥയിലേയ്ക്ക് കൂപ്പുകുത്തുകയല്ലേയെന്ന് നമ്മൾ ചിന്തിച്ചു നോക്കണം.

നമ്മുടെ കുടുംബം, സഭ, സമൂഹം - ഇവ വളർന്നത് നിസ്വാർത്ഥ സേവനം ചെയ്ത ധാരാളം വിശുദ്ധരായ മനുഷ്യരുടെ അടിത്തറ യിലാണ്. നമ്മളൊക്കെ വലിയവരായിത്തീരാൻ തങ്ങളെ ബലിയായി അർപ്പിച്ച എത്രയോ മാതാപിതാക്കൾ, വൈദിക ശ്രേഷ്ഠർ, ഗുരുഭൂതർ, സമർപ്പിതർ, രാഷ്ട്രനേതാക്കൾ ആണ് ഉള്ളത്. അവർ സമ്പാദിച്ച ആത്മീകവും ഭൗതികവുമായ നിക്ഷേപങ്ങൾ ഇന്ന് ധാരാളിത്തത്വ ത്തോടെ എടുത്ത് ഉപയോഗിക്കുന്നവരാണ് നമ്മൾ. നമ്മുടെ കുടുംബസ്വത്ത്, പാരമ്പര്യം, ഇടവക, ദൈവാലയം, രൂപത, സ്ഥാപന ങ്ങൾ എല്ലാമെല്ലാം എത്രയോ വിശുദ്ധരായ സുമനസ്സുകളുടെ ത്യാഗപൂർണ്ണമായ ജീവിതത്തിന്റെ ഫലമാണ്. നോമ്പിന്റെ ഈ ദിവസം നമ്മൾക്ക് അവരെ ആദരവോടും സ്നേഹത്തോടുംകൂടി ഓർത്ത് ദൈവത്തിന് നന്ദി പറയാം.

മറ്റുള്ളവർ എനിക്ക് ചെയ്തു തരണമെന്ന് ആഗ്രഹിക്കുന്ന എല്ലാക്കാര്യങ്ങളും മറ്റുള്ളവർക്കു ചെയ്തു കൊടുക്കുവാൻ ആവശ്യ മായിരിക്കുന്ന ഒരു മാനസാന്തരം എനിക്ക് തരണമേയെന്ന് ഈശോ മിശിഹായോട് ഇന്ന് നമ്മൾക്ക് പ്രത്യേകം പ്രാർത്ഥിക്കാം. അങ്ങനെ ഈശോയെപ്പോലെ മറ്റുള്ളവരെ ശുശ്രൂഷിക്കുന്നവരായി നമ്മെ അവിടുന്ന് രൂപാന്തരപ്പെടുത്തട്ടെ.

✠ ✠ ✠

## നോമ്പ് രണ്ടാം ബുധൻ

### മത്താ 9:1-8

ഇന്നത്തെ സുവിശേഷത്തിൽ ഈശോ തളർവാതരോഗിയോട് അരുളിചെയ്യുന്നു. മകനെ ധൈര്യമായിരിക്കുക. നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. നമ്മൾ ഓരോരുത്തരും നമ്മുടെ ശരീരത്തിലും, മനസ്സിലും, ആത്മാവിലും തളർച്ചയുടെ ഭാരം വഹിക്കുന്നവരാണ്. ചികിത്സകൾ മനസ്സിന്റെയും ശരീരത്തിന്റെയും സൗഖ്യത്തിന് ഉപകാരപ്രദവും ദൈവഹിതാനുസൃതവുമാണ് (പ്രഭാ 38,1). വ്യക്തി, സമൂഹം, രാഷ്ട്രം ഇവയെല്ലാം പാപത്തിന്റെ അടിമത്വത്തിൽ കഴിഞ്ഞുകൊണ്ടാണ്ക്ഷേമം കൈവരിക്കാൻ പരിശ്രമിക്കുന്നത്. എന്നാൽ ആദ്യമേ പാപത്തിന്റെ അടിമത്വത്തിൽ നിന്നുമുള്ള മോചനമാണ് നേടേണ്ടിയിരിക്കുന്നത്. അത് സാധ്യമാക്കുവാൻ സാധി

ക്കുന്നത് ഭുമിയിൽ പാപങ്ങൾ മോചിക്കുവാൻ അധികാരമുള്ള ഈശോയ്ക്കാണ്. പാപമാണ് എറ്റവും വലിയ രോഗം. അവയുണ്ടാക്കുന്ന തളർവാതത്തിൽ നിന്നും മോചനം നേടേണ്ടിയിരിക്കുന്നു. പാപബോധവും അനുതാപവുമുള്ള ഒരു ഹൃദയം തന്ന്, ഈ നോമ്പുകാലത്ത് ഒരു നല്ല കുമ്പസാരം കഴിക്കുവാനുള്ള കൃപ തരണമേയെന്ന് ഈശോയോട് പ്രാർത്ഥിക്കാം. അപ്പോൾ തളർവാതരോഗിയോട് പറഞ്ഞ വചനം നമ്മോടും പറയും. മകനേ ധൈര്യമായിരിക്കുക നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു

✠ ✠ ✠

# നോമ്പ് രണ്ടാം വ്യാഴം

### മത്താ 5:33-48

നമ്മുടെ ഉള്ളിലുള്ള ചിന്തകളാണ് വാക്കുകളായി പുറത്ത് വരുന്നത്. എങ്ങനെയായിരിക്കണം മിശിഹായുടെ അനുയായിയുടെ സംസാരം എന്ന് ഈശോ തിരുവചനത്തിലൂടെ നമ്മോട് പറയുന്നു. നിങ്ങളുടെ വാക്ക് അതെ അതെ എന്നോ അല്ല അല്ല എന്നോ ആയിരിക്കട്ടെ . എത്രയോ കൃത്യതയും വ്യക്തതയും ഉള്ളതായിരിക്കണം നമ്മളുടെ സംസാരം എന്ന് ഓർമ്മപ്പെടുത്തുന്നു. മനസിൽ ഒന്ന് ചിന്തിക്കുകയും അതിനു വിരുദ്ധമായി വാക്കിലൂടെ പ്രകടിപ്പിക്കുകയും ചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നു. വാക്കുപോലെപ്രവൃത്തി അല്ലെങ്കിൽ പ്രവൃത്തിപോലെ വാക്ക് എന്നത് ഇന്ന് വളരെ കുറച്ച് പേരിലെ കാണുന്നുള്ളു. ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ വാക്കിലും പ്രവൃത്തിയിലും ശക്തനായ പ്രവാചകനായിരുന്നു എന്നാണ് ഈശോയെക്കുറിച്ച് ശിഷ്യമാർ സാക്ഷ്യപ്പെടുത്തുന്ന് (ലൂക്ക 24,19). ആ പ്രവാചകത്വത്തിലേയ്ക്കാണ് ഓരോ മനുഷ്യരും വിളിക്കപ്പെപ്പെട്ടിരിക്കുന്നത്.

ഒരോ ക്രിസ്ത്യാനിയും ലോകത്തിൽ, ഈശോയുടെ സാക്ഷിയാണ്. മാമോദീസായിലൂടെ ക്രിസ്തു ശിഷ്യരായ നാം അനുദിന കൂദാശകളിലൂടെയും തിരുവചനത്തലൂടെയും മറ്റൊരു ക്രിസ്തുവായി രൂപാന്തരപ്പെടേണ്ടവരാണ്. ഈശോ നമ്മിൽ വസിക്കുമ്പോൾ ഈശോയുടെ വാക്കുകളും പ്രവൃത്തികളും നമ്മിലൂടെ പ്രകടമാകും. വിശുദ്ധരുടെ ജീവിതങ്ങൾ ഇതിന് സാക്ഷ്യമാണ്.

നിസ്സാരരായ നമ്മൾ നമ്മുടെ സ്വാർത്ഥത നിറഞ്ഞ കാര്യങ്ങൾക്ക് ഉറപ്പേകാൻ ദൈവത്തെ കൂട്ടുപിടിച്ച് ആണയിടരുത് എന്നും

ഈശോ പഠിപ്പിക്കുന്നു. നാം ദൈവഹിതത്തിന് കൂട്ടുചേരേണ്ടവരാണ് നമ്മുടെ ഹിതത്തിലേയ്ക്ക് ദൈവത്തെ ഇറക്കികൊണ്ടു വരേണ്ടവരല്ല.

✠ ✠ ✠

# നോമ്പ് രണ്ടാം വെള്ളി

**മർക്കോ 11:27–12:12**

ഈശോ മുന്തരിത്തോട്ടത്തിന്റെയും കൃഷിക്കാരുടെയും ഉപമ പറഞ്ഞപ്പോൾ അവിടെ നിന്നിരുന്ന യഹൂദപ്രമാണിമാർക്കു മനസിലായി ഈ പറഞ്ഞത് തങ്ങളെക്കുറിച്ചുതന്നെയാണ് എന്ന്. ഉപമയിലൂടെ ഈശോ ഇസ്രോയേൽ ജനതയുടെ ചരിത്രം ഹ്രസ്വമായി അവതരിപ്പിക്കുകയും ഭാവി പദ്ധതി വെളിപ്പെടുത്തുകയുമായിരുന്നു. ദൈവം ഇസ്രായേലിനെ സ്വന്തം ജനതയാക്കിമാറ്റിയപ്പോൾ അവരുമായി ഉടമ്പടി ഉണ്ടാക്കിയിരുന്നു. അതിന്റെ ഭാഗമായിരുന്നു ഇസ്രായേൽ ദൈവത്തിന്റെ ഹിതമനുസരിച്ച് ജീവിച്ച് സദ്ഫലങ്ങൾ പുറപ്പെടുവിക്കണം എന്നത്.

തിരഞ്ഞെടുക്കപ്പെട്ടജനതയ്ക്ക് കാലാകാലങ്ങളിൽ വേണ്ട സംരക്ഷണം നല്കി ദൈവം വളർത്തി. ഇസ്രായേൽ വളർന്നപ്പോൾ ദൈവം സദ്ഫലങ്ങൾ പ്രതീക്ഷിച്ചു. അത് ജനത്തെ ഓർമ്മപ്പെടുത്തുന്നതിനായി പ്രവാചകന്മാരെ അയച്ചു. ഇസ്രോയേൽ ജനം സദ്ഫലങ്ങൾ നല്കുന്നതിനുപകരം ദൈവത്തിൽനിന്നകന്നു. അവർ ദൈവമയച്ച പ്രവാചകന്മാരെ തിരസ്കരിക്കുകയും കല്ലെറിയുകയും ചിലരെ കൊല്ലുകയും ചെയ്തു. പ്രവാചകന്മാരുടെ കാലത്തിനുശേഷം ദൈവം സ്വപുത്രനെ അയച്ചു. അവർ അവനെ തിരസ്കരിക്കുകയും കൊല്ലുകയും ചെയ്യുമെന്ന് ഈശോപ്രവചിക്കുകയായിരുന്നു ഈ ഉപമയിലുടെ. ഈശോയെ എങ്ങനെയെങ്കിലും നശിപ്പിക്കണമെന്നാഗ്രഹിച്ച് അതിനുവേണ്ട ആലോചനകൾ നടത്തിക്കൊണ്ടിരുന്ന പ്രീശർക്കും നിയമജ്ഞർക്കും ഇത് തങ്ങളെക്കുറിച്ചു തന്നെയാണ് എന്ന് ബോധ്യപ്പെട്ടു.

ഉപമയ്ക്കുശേഷം ഈശോ അവരോടുപറഞ്ഞു പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ല് മൂലക്കല്ലായിതീർന്നു. സങ്കീർത്തനപുസ്തകത്തിലെഴുതിയിട്ടുള്ളവചനമാണ് ഈശോ ഉദ്ധരിച്ചത്. ഈ വചനം തന്നിലൂടെ നിറവേറും എന്ന് എന്നപ്രവചിക്കുകയായിരുന്നു അവിടന്നു. പഴയനിയമത്തിന്റെ പൂർത്തീകരണവും പുതിയ നിയമത്തിന്റെ ആരംഭവും കുറിക്കുന്ന മിശിഹാ രക്ഷാകരചരിത്രത്തിന്റെ മൂലക്കല്ലാണ്.

ഈശോയാകുന്ന മൂലക്കല്ലിന്മേൽ പുതിയ ഇസ്രായേലായസഭ പണിയപ്പെട്ടിരിക്കുന്നു. സഭയെയും മുന്തരിതോട്ടംപോലെ കർത്താവു സംരക്ഷിച്ചുപോരുന്നു. അവിടന്ന് നമ്മിൽനിന്ന് സദ്ഫലങ്ങൾ അന്വേഷിച്ച് പലരെയും

അയയ്ക്കുന്നുണ്ട്.. ഇന്ന് അവിടന്ന് ഫലമന്വേക്ഷിക്കുന്നതു വിവിധ രൂപത്തിലാണ്. സഹായത്തിനായി കൈനീട്ടി നമ്മളുടെ മുമ്പിൽ എത്തുന്ന എല്ലാവരും കർത്താവ് ഫലം പ്രതീക്ഷിച്ചയച്ചിരിക്കുന്നവരാണ്. വിശുദ്ധ മത്തായിയുടെ സുവിശേഷം 25-ാം അധ്യായത്തിൽ ഈശോ പലവിധത്തിൽ ഫലങ്ങൾക്കായി കരം നീട്ടുന്നകാര്യം പറയുന്നുണ്ട്.

✠ ✠ ✠

# നോമ്പ് മൂന്നാം ഞായർ

**ഉൽപ. 7:6-24, ജോഷ്വ. 5:13-6:5, റോമ. 7:14-25, മത്താ. 20:17-28**

## 1

**മത്താ. 20:17-28**

പീഡാനുഭവപ്രവചനവും സെബദീപുത്രന്മാരുടെ അഭ്യർത്ഥനയും മത്തായി 16:21 മുതൽ 28:20 വരെയുള്ള ഭാഗങ്ങൾ ഈശോയുടെ പീഡാനു വത്തിന്റെയും ഉത്ഥാനത്തിന്റെയും വ്യക്തമായ വിവരണങ്ങൾ ഉൾക്കൊള്ളുന്ന മത്തായി സുവിശേഷത്തിന്റെ തന്നെ രണ്ടാം ഭാഗമാണ്. ഇതിൽ പീഡാനുഭവ-മരണ-ഉത്ഥാനത്തിന്റെ ദീർഘമായ വിവരണത്തിന്റെ ആദ്യഘട്ടമാണ് മത്താ 16:21-20:34. ഈശോയുടെ ജറുസലേമിലേക്കുള്ള യാത്രയും മൂന്നു പീഡാനുഭവ പ്രവചനങ്ങളുമാണ് (16:21-28; 17:22-23; 20:12-19) ഇത് ഉൾക്കൊള്ളുന്നത്. ഈ ഘട്ടത്തിന്റെ അവസാന ഭാഗമാണ് ഇന്നത്തെ സുവിശേഷവായനയിലുള്ളത്. ഇവിടെ പ്രധാനമായും മൂന്നു കാര്യങ്ങൾ പ്രതിപാദിക്കുന്നു. പീഡാനുഭവത്തെക്കുറിച്ചുള്ള മൂന്നാം പ്രവചനം (20:17-19), ശിഷ്യന്മാരുടെ തെറ്റിദ്ധാരണ (20:20-20) ഈശോയെ അനുഗമിക്കുന്നവർക്കുള്ള നിർദ്ദേശങ്ങൾ (20:20-28). പ്രധാനമായും ഈശോ ഇവിടെ മൂന്ന് കാര്യങ്ങൾ പഠിപ്പിക്കുന്നുണ്ട്.

1. മത്തായി 16:21-28-ലെ പീഡാനു വത്തിന്റെ ആദ്യപ്രവചനത്തിൽ തനിക്ക് ജറുസലേമിലേക്ക് പോകേണ്ടിയിരിക്കുന്നുവെന്ന് ഈശോ പറയുന്നുണ്ട്. ജറുസലേം യാത്ര ആരംഭിച്ച് ആ യാത്രയുടെ മധ്യേ ഈശോ ശിഷ്യന്മാരോട് സ്വകാര്യമായിട്ട് മൂന്നാമതും തന്റെ പീഡാനുഭവ-മരണ-ഉത്ഥാന സംഭവങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതിലൂടെ സഹനത്തിന്റെ വഴിയിലൂടെയാണ് ഈശോ സഞ്ചരിക്കുന്നതെന്നും ഈശോയെ അനുഗമിക്കുന്ന ശിഷ്യർ ഈ

വഴിയിലൂടെ ചരിക്കേണ്ടവരാണെന്നും ഈശോ ഇവിടെ പഠിപ്പിക്കുകയാണ്.

2. ഈശോ സ്ഥാപിക്കുന്ന രാജ്യത്തിൽ ആരായിരിക്കും പ്രഥമ സ്ഥാനികരെന്ന ഒരു തർക്കം ശിഷ്യന്മാരുടെ ഇടയിലുണ്ടായിരുന്നു. ഈ രാജ്യത്തിൽ തന്റെ മക്കൾക്ക് ഉന്നതമായ സ്ഥാനം നല്കണമെന്ന ശുപാർശയുമായി എത്തുന്ന സെബദീപുത്രന്മാരുടെ മാതാവിനോട് നല്കുന്ന മറുപടിയിലൂടെ ദൈവരാജ്യത്തിന്റെ യഥാർത്ഥ സ്വഭാവത്തെക്കുറിച്ച് ഈശോ വിശദീകരിക്കുന്നു. ദൈവരാജ്യം സ്ഥാനമാനങ്ങളുടേതല്ല, മറിച്ച് പിതാവിന്റെ ഹിതത്തിന് അനുസരിച്ചാണ്.

3. ഈശോയുടെ വചനങ്ങൾ കേട്ട് അവിടത്തെ പിൻതുടരുന്നവർ അവിടത്തെ ശുശ്രൂഷയിൽ ഏർപ്പെടുന്നവർ എപ്രകാരമുള്ളവരായിരിക്കണമെന്നും ഈശോ ഇവിടെ പഠിപ്പിക്കുന്നുണ്ട്: നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം (20:27). മറ്റുള്ളവരുടെമേൽ ആധിപത്യം പുലർത്തുന്നവരാകരുത് ഈശോയുടെ ശിഷ്യന്മാർ, മറിച്ച് തന്റെ തന്നെ പാത പിൻതുടർന്ന് (യോഹ 13:1-11) എല്ലാവർക്കും ശുശ്രൂഷ നല്കുന്ന വ്യക്തികളായിരിക്കണമെന്നും ഈശോ പ്രബോധിപ്പിക്കുന്നു.

**മഹത്വം ലഭിക്കുന്നത് സഹനത്തിലൂടെ:** ദൈവരാജ്യത്തിന്റെ സ്വഭാവത്തെക്കുറിച്ച് കൃത്യമായി അറിവില്ലാത്ത സെബദീപുത്രന്മാരും അമ്മയും ഈശോയുടെ അടുത്തെത്തി അവിടത്തെ മഹത്വത്തിൽ ചേർക്കണമെന്ന് അപേക്ഷിക്കുമ്പോൾ ഈശോ അവരോട് പറയുന്നത് ഇപ്രകാരമാണ്: നിങ്ങൾ ചോദിക്കുന്നതെന്തെന്ന് നിങ്ങൾ അറിയുന്നില്ല; ഞാൻ കുടിക്കാൻ പോകുന്ന പാനപാത്രം നിങ്ങൾക്കു കുടിക്കുവാൻ സാധിക്കുമോ? (20:22). ഈശോയുടെ മരണത്തിൽ പങ്കുപറ്റുവാൻ ശ്ലീഹന്മാരായ യാക്കോബിനും യോഹന്നാനും സാധിക്കുമോയെന്നാണ് ഈ ചോദ്യങ്ങളുടെ യഥാർത്ഥ പൊരുൾ. പാനപാത്രം എന്ന പദം ഇവിടെ അർത്ഥമാക്കുന്നത് സഹനത്തിന്റെയും മരണത്തിന്റെയും പാനപാത്രമാണ്. മത്താ 26:39-ൽ ഈശോ പ്രാർത്ഥിക്കുന്നുണ്ട്: എന്റെ പിതാവേ സാധ്യമെങ്കിൽ, ഈ പാനപാത്രം എന്നിൽനിന്ന് അകന്നുപോകട്ടെയെന്ന്. പാനപാത്രം സഹനത്തിന്റെ മരണത്തിന്റെ അടയാളം

തന്നെയാണ്. ഈശോയുടെ പീഡാനുഭവത്തിലും സഹനത്തിലും മരണത്തിലും പങ്കുചേരുമ്പോഴാണ് ഒരാൾ അവിടത്തെ മഹത്വത്തിലും പങ്കുചേരുന്നത്. മഹത്വത്തിന്റെ വഴി കുരിശിന്റെ വഴിയാണെന്ന് സാരം.

**ഈശോ - ശുശ്രൂഷിക്കപ്പെടാതെ ശുശ്രൂഷിച്ചവൻ; മോചന ദ്രവ്യ മായി സ്വജീവൻ ഹോമിച്ചവൻ**: 28-ാം വാക്യത്തിൽ ഈശോ യെന്ന വ്യക്തിയെ വളരെ വ്യക്തമായി മത്തായി സുവിശേഷകൻ അവതരി പ്പിക്കുന്നുണ്ട്: ശുശ്രൂഷിച്ചവൻ, സ്വജീവൻ അർപ്പിച്ചവൻ. ഈശോയുടെ ഈ സ്വഭാവസവിശേഷതകളാണ് ശിഷ്യർക്ക് ഉണ്ടാകേണ്ടതെന്നും സുവിശേഷം ഇവിടെ സമർത്ഥിക്കുന്നു. മനുഷ്യപുത്രന്റെ ആഗമന ലക്ഷ്യം ശുശ്രൂഷയാണ്; ശുശ്രൂഷിക്കപ്പെടലല്ല; തന്മൂലം ഈശോയുടെ ശിഷ്യരുടെയും ലക്ഷ്യം സ്വയം എളിയവനും ദാസനുമായിക്കൊണ്ടുള്ള നിസ്വാർത്ഥമായ ശുശ്രൂഷയാണ്. അനേകരുടെ മോചനദ്രവ്യമായാണ് ഈശോ സ്വജീവനെ ബലിയായി അർപ്പിക്കുന്നത്. അനേകർക്കുവേണ്ടി ചൊരിയപ്പെട്ട ഉടമ്പടിയുടെ രക്തമാണിത് (26:28). ജനത്തിന്റെ പാപങ്ങൾ പേറിക്കൊണ്ട് അവരുടെ അതിക്രമങ്ങൾക്ക് മാധ്യസ്ഥ്യം വഹിച്ചുകൊണ്ട് സ്വജീവൻ പാപപ്പരിഹാരബലിയായി അർപ്പിച്ചു. എല്ലാവരുടെയും പാപത്തിന്റെ മോചനം ലക്ഷ്യം വച്ചുകൊണ്ടാണ് ഈശോ ജീവൻ സമർപ്പിക്കുന്നത് (ഏശ 53:10-12).

**കർത്താവിന്റെ ശുശ്രൂഷകർ ആധിപത്യം പുലർത്താത്തവരും ശുശ്രൂഷിക്കുന്നവരുമാണ്:** വിജാതീയരുടെ ഇടയിൽ നിലനിന്നിരുന്ന നേതൃത്വത്തിന്റെ രീതിയെ ശക്തമായ ഭാഷയിൽ ഇവിടെ അവതരിപ്പി ച്ചിരിക്കുന്നു. ആധിപത്യം പുലർത്തുക, യജമാനത്വം പുലർത്തുക എന്ന അർത്ഥം വരുന്ന ഗ്രീക്ക് ഭാഷയിലെ *കത്താകീരിയോസിൻ* എന്ന പദവും അധികാരം വിനിയോഗിക്കുക എന്ന അർത്ഥംവരുന്ന *കത്ത്എക്സൂ സിയ സുസിൻ* എന്ന പദവുമാണ് സുവിശേഷകൻ ഇവിടെ ഉപയോഗി ച്ചിരിക്കുന്നത്. മറ്റൊരു വ്യക്തിയുടെമേൽ നടത്തുന്ന ആധിപത്യത്തെ യാണിത് സൂചിപ്പിക്കുന്നത്. ക്രിസ്തീയ ശുശ്രൂഷയെ സൂചിപ്പിക്കുവാൻ ഇവിടെ ഉപയോഗിച്ചിരിക്കുന്ന പദം *ദിയാകോണോസ്* എന്നാണ്. മേശയിലെ ശുശ്രൂഷ നിർവഹിക്കുന്നവരെ ഇത് ദ്യോതിപ്പിക്കുന്നു. ഈ വിവിധ പദങ്ങളുടെ ഉപയോഗത്തിലൂടെ കർത്താവിന്റെ ശുശ്രൂഷകൻ എപ്രകാരമുള്ളവനായിരിക്കണമെന്ന് ഈശോ പഠിപ്പിക്കുന്നു: ആധിപത്യം പുലർത്തുന്നവനല്ല; മറിച്ച് ശുശ്രൂഷിക്കുന്നവനാണ്.

✠ ✠ ✠

# 2

## സ്വർഗരാജ്യത്തിലെ വലിയവൻ

മുഹമ്മദ് അലി, ലോകം മുഴുവൻ അറിയപ്പെടുന്ന ബോക്സിങ് ചാമ്പ്യൻ. അദ്ദേഹം എപ്പോഴും ഉരുവിടാറുള്ള ഒരു വാചകം. I am the greatest - ഞാനാണ് ഏറ്റവും വലിയവൻ. ഇന്നു ലോകത്തെ മുഴുവൻ മഥിച്ചിരിക്കുന്ന ഒരു ചിന്തയാണ് ഇത്. ഒളിമ്പിക്സ് മത്സരങ്ങളുടെ മുദ്രാവാക്യം തന്നെ ഇതാണ്. Faster, Higher and Stronger. ലോകത്തിലെ വലിയവരുടെ പേരുകൾ രേഖപ്പെടുത്തുന്ന ഗിന്നസ് ബുക്ക് ഈയൊരു ചിന്തയ്ക്ക് ആവേശം കൊടുക്കുന്ന കാര്യമാണ്. ഇന്നത്തെ സുവിശേഷത്തിലും ഈയൊരു ചിന്തയാണ് നമ്മുടെ മുമ്പിൽ അവതരിപ്പിക്കുക. അതായത് സ്വർഗരാജ്യത്തിൽ വലിയവനാകാനുള്ള ഒരുവന്റെ യോഗ്യത എന്താണ്?

ഈശോയുടെ കുരിശുമരണത്തെപ്പറ്റിയുള്ള മൂന്നാമത്തെ പ്രവചനത്തോടെയാണ് സുവിശേഷഭാഗം ആരംഭിക്കുന്നത് (20:17-19). തുടർന്ന് ശിഷ്യത്വപ്പറ്റിയുള്ള ഈശോയുടെ നിരീക്ഷണം (20:20-28). ഇതിനെത്തുടർന്നു വരുന്ന ഭാഗത്ത് ഈശോ ജറീക്കോയിലെ അന്ധനെ സുഖപ്പെടുത്തുന്ന സംഭവം വിവരിക്കുന്നു. ഇതിന്റെ കാരണമായി പണ്ഡിതന്മാർ പറയുന്നത് അന്ധരായ സെബദിപുത്രന്മാരുടെയും മറ്റു ശിഷ്യന്മാരുടെയും പ്രതീകമായിട്ടാണ് ജറീക്കോയിലെ അന്ധൻ നില്ക്കുക. പ്രതീകാത്മകമായി ഈശോ ശിഷ്യരുടെ കണ്ണുകൾക്കാണ് കാഴ്ച നല്കുന്നത്.

ഓർക്കുക. ഈശോ വിശുദ്ധ നഗരമായ ജറുസലേമിലേക്കുള്ള യാത്രയിലാണ്. ഈ യാത്രയിൽ നാടകീയമായി തന്റെ ജീവിതത്തിന്റെ അവസാനനിമിഷങ്ങളെ മുൻകൂട്ടി പ്രഖ്യാപിക്കുകയാണ്. തന്റെ യാത്രയുടെ ലക്ഷ്യം തനിക്ക് അവിടെ എന്താണ് സംഭവിക്കാൻ പോകുന്നത്? പീഡാനുഭവവും കുരിശുമരണവും ഈശോ മുൻകൂട്ടി കാണുന്നു. കുരിശാണ് ഈശോയുടെ ലക്ഷ്യം. ഈശോയ്ക്ക് അറിയാം തന്നെ കാത്തിരിക്കുന്നത് കടുപ്പമേറിയ ഒരു മരണമാണെന്ന്. പക്ഷേ ഈശോ ഉറച്ച തീരുമാനത്തോടെ യാത്ര തുടരുന്നു. കാരണം ലക്ഷ്യം അറിയാവുന്നവൻ കടുത്ത പ്രതിസന്ധികളിൽ പോലും പിന്തിരിയില്ല.

ഈശോ തന്റെ ശിഷ്യസമൂഹത്തെ ഉറപ്പിക്കുന്നത് പത്രോസിന്റെ ആഴമേറിയ വിശ്വാസത്തിന്മേലാണ്. ഈ ചെറിയ സമൂഹത്തിന്റെ സ്വഭാവം തന്റെ മൂന്ന് പീഡാനുഭവപ്രവചനത്തിലൂടെ ഈശോ

പ്രഖ്യാപിക്കുന്നു. കുരിശിനെ അഭിമുഖീകരിക്കേണ്ട സമൂഹം. പക്ഷേ ശിഷ്യന്മാർക്ക് ഈശോയുടെ ഈ ആഗ്രഹത്തെ ഉൾക്കൊ ള്ളാൻ സാധിക്കുന്നില്ല. ഈയൊരു സാഹചര്യം വിവരിക്കുന്നതാണ് മൂന്നാമത്തെ പീഡാനുഭവപ്രവചനത്തെത്തുടർന്ന് വരുന്ന ഭാഗങ്ങൾ. ഇവിടെ ശിഷ്യന്മാർ പ്രതിഫലം ആവശ്യപ്പെടുന്നു. ഉയർന്ന സ്ഥാനം, ദൈവത്തിന്റെ ഇടത്തും വലത്തുമുള്ള സ്ഥാനം അവർ ആഗ്രഹിക്കുന്നു. താൻ ഏല്ക്കാൻ പോകുന്ന വേദനയുടെയും തിരസ്കരണത്തിന്റെയും നൊമ്പരങ്ങൾ പങ്കുവയ്ക്കുമ്പോഴും ശിഷ്യന്മാർ സ്ഥാനമാനങ്ങളെപ്പറ്റി ചിന്തിക്കുന്നു. ഈശോ എന്നും അവസാനക്കാരനാകാൻ ആഗ്രഹി ക്കുന്നു. ശുശ്രൂഷിക്കാനും ജീവൻ കൊടുക്കാനും പക്ഷേ ശിഷ്യന്മാർ എന്നും വലിയവരാകാൻ ശുശ്രൂഷിക്കപ്പെടാൻ ആഗ്രഹിക്കുന്നു. ഇവിടെ ശിഷ്യന്മാർ അന്ധരായിത്തീരുന്നു. അവർക്ക് ദൈവരാജ്യത്തിന്റെ സ്വഭാവത്തെ അറിയാനുള്ള ഉൾക്കാഴ്ച ഇല്ലാതെ പോകുന്നു. ഈ അന്ധർക്കാണ് ഈശോ കാഴ്ച കൊടുക്കുന്നത്.

ശിഷ്യന്മാരുടെ ആഗ്രഹം ശ്രദ്ധിക്കുക. ഒരുവൻ വലതുവശത്തും അപരൻ ഇടതുവശത്തും രാജ്യത്തിലെ ഉന്നതമായ സ്ഥാനമാന ങ്ങൾക്കു വേണ്ടിയാണ് സെബദീപുത്രന്മാരുടെ അമ്മയുടെ ഈ അഭ്യർ ത്ഥന. ഇത് ഘടനയ്ക്ക് വേണ്ടിയുള്ള താത്പര്യമാണ്. നേതൃത്വഘടന യിലെ മുന്തിയ സ്ഥാനങ്ങൾ തേടിവന്ന സെബദീപുത്രന്മാരോട് ഈശോ പറഞ്ഞു. വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്വം പുലർത്തുന്നു. അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നു. എന്നാൽ നിങ്ങളുടെ യിടയിൽ അങ്ങനെ ആകരുത്.

അധികാരത്തിന്റെ പാപത്തെക്കുറിച്ചാണ് ഈശോ പഠിപ്പിക്കു ന്നത്. Exercise of power എന്നത് വിജാതീയസങ്കല്പമാണ്. ക്രൈസ്ത വകാഴ്ചപ്പാട് വേറിട്ടതാണ്. സഭയുടെ ഒന്നാമത്തെ മാർപാപ്പായുടെ വാക്കുകളിൽ നിങ്ങളെ ഏല്പിച്ചിരിക്കുന്ന ദൈവത്തിന്റെ അജഗണ ത്തെ പരിപാലിക്കുവിൻ. ലാഭേച്ഛയോടെയല്ല, തീക്ഷ്ണതയോടെ ആധിപത്യം ചുമത്തിക്കൊണ്ടല്ല, സന്മാതൃക നല്കിക്കൊണ്ട്... (1 പത്രോ 5:2). ചുരുക്കത്തിൽ സ്വർഗരാജ്യത്തിലെ വലിപ്പം എന്നത് ദാസന്റെ എളിമയാണ്. ഈ വലിപ്പം ആർജ്ജിക്കാൻ ഒരുവനു സാധി ക്കുന്നത് സ്വയം സമർപ്പണത്തിലൂടെയും സേവനത്തിലൂടെയുമാ ണെന്ന് ഈശോ പഠിപ്പിക്കുന്നു. വീണ്ടും ഈശോയുടെ വാക്കുകൾ ശ്രദ്ധിക്കുക. മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല. ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്ക് മോചനദ്രവ്യമായി നല്കാനുമായിട്ടാണ്. ഇവിടെ മോചനദ്രവ്യം എന്നതുകൊണ്ട്

ഉദ്ദേശിക്കുന്നത് ചന്തയിൽ നിന്ന് അടിമയെ സ്വതന്ത്രനാക്കാൻ കൊടുക്കുന്ന തുകയാണ്. ഇവിടെ ഈശോ പറയുന്നത് തന്റെ കുരിശുമരണത്തെപ്പറ്റിയാണ്. മനുഷ്യകുലത്തെ രക്ഷിക്കാനായി കുരിശിൽ തന്റെ ജീവൻ അർപ്പിക്കുന്നു എന്നാണ് ഈശോ വിവക്ഷിക്കുക. അതായത് ഈയൊരു സ്വയം സമർപ്പണമാണ് ഒരുവന്റെ വലിപ്പം എന്നതുകൊണ്ട് ബൈബിൾ അർത്ഥമാക്കുക.

ഇന്നത്തെ സുവിശേഷചിന്ത ഈ നോമ്പുകാലത്തിൽ നമ്മുടെ ജീവിതങ്ങളെ ശുദ്ധീകരിക്കട്ടെ. നമ്മുടെ സംരക്ഷണത്തിന് ഏല്പിക്കപ്പെട്ട മറ്റുള്ളവർക്കുവേണ്ടി നമ്മൾ നടത്തുന്ന സേവനവും സ്വയം സമർപ്പണവുമാകട്ടെ നമ്മെ സ്വർഗരാജ്യത്തിൽ വലിയവരാക്കുന്നത്...

✠ ✠ ✠

# 3

ഇന്നത്തെ സുവിശേഷത്തിൽ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നചിന്ത: സ്വർഗരാജ്യത്തിൽ വലിയവനാകാനുള്ള ഒരുവന്റെ യോഗ്യത എന്താണ്? സ്വർഗരാജ്യത്തിലെ വലിയവൻ എന്നതുകൊണ്ട് ഈശോ അർത്ഥമാക്കുന്നത് എന്താണ്?

ഈശോയുടെ കുരിശുമരണത്തെപ്പറ്റിയുള്ള മൂന്നാമത്തെ പ്രവചനത്തോടെയാണ് സുവിശേഷഭാഗം ആരംഭിക്കുന്നത് (20:17-19). തുടർന്ന് ശിഷ്യത്വപ്പറ്റിയുള്ള ഈശോയുടെ നിരീക്ഷണം (20:20-28). ഇതിനെത്തുടർന്നു വരുന്ന ഭാഗത്ത് ഈശോ ജറീക്കോയിലെ അന്ധനെ സുഖപ്പെടുത്തുന്ന സംഭവം വിവരിക്കുന്നു. ഇതിന്റെ കാരണമായി പണ്ഡിതന്മാർ പറയുന്നത് അന്ധരായ സെബദിപുത്രന്മാരുടെയും മറ്റു ശിഷ്യന്മാരുടെയും പ്രതീകമായിട്ടാണ് ജറീക്കോയിലെ അന്ധൻ നില്ക്കുക. പ്രതീകാത്മകമായി ഈശോ ശിഷ്യരുടെ കണ്ണുകൾക്കാണ് കാഴ്ച നല്കുന്നത്.

ഓർക്കുക. ഈശോ വിശുദ്ധ നഗരമായ ജറുസലേമിലേക്കുള്ള യാത്രയിലാണ്. ഈ യാത്രയിൽ നാടകീയമായി തന്റെ ജീവിതത്തിന്റെ അവസാനനിമിഷങ്ങളെ മുൻകൂട്ടി പ്രഖ്യാപിക്കുകയാണ്. തന്റെ യാത്രയുടെ ലക്ഷ്യം തനിക്ക് അവിടെ എന്താണ് സംഭവിക്കാൻ പോകുന്നത്? പീഡാനുഭവവും കുരിശുമരണവും ഈശോ മുൻകൂട്ടി കാണുന്നു. കുരിശാണ് ഈശോയുടെ ലക്ഷ്യം. ഈശോയ്ക്ക് അറിയാം തന്നെ കാത്തിരിക്കുന്നത് കടുപ്പമേറിയ ഒരു മരണമാണെന്ന്. പക്ഷേ ഈശോ ഉറച്ച തീരുമാനത്തോടെ യാത്ര തുടരുന്നു. കാരണം ലക്ഷ്യം അറിയാവുന്നവൻ കടുത്ത പ്രതിസന്ധികളിൽ പോലും പിന്തിരിയില്ല.

ഈശോ തന്റെ ശിഷ്യസമൂഹത്തെ ഉറപ്പിക്കുന്നത് പത്രോസിന്റെ ആഴമേറിയ വിശ്വാസത്തിന്മേലാണ്. ഈ ചെറിയ സമൂഹത്തിന്റെ സ്വഭാവം തന്റെ മൂന്ന് പീഡാനുഭവപ്രവചനത്തിലൂടെ ഈശോ പ്രഖ്യാപിക്കുന്നു. കുരിശിനെ അഭിമുഖീകരിക്കേണ്ട സമൂഹം. പക്ഷേ ശിഷ്യന്മാർക്ക് ഈശോയുടെ ഈ ആഗ്രഹത്തെ ഉൾക്കൊള്ളാൻ സാധിക്കുന്നില്ല. ഈയൊരു സാഹചര്യം വിവരിക്കുന്നതാണ് മൂന്നാമത്തെ പീഡാനുഭവ പ്രവചനത്തെത്തുടർന്ന് വരുന്ന ഭാഗങ്ങൾ. ഇവിടെ ശിഷ്യന്മാർ പ്രതിഫലം ആവശ്യപ്പെടുന്നു. ഉയർന്ന സ്ഥാനം, ദൈവത്തിന്റെ ഇടത്തും വലത്തുമുള്ള സ്ഥാനം അവർ ആഗ്രഹിക്കുന്നു. താൻ ഏല്ക്കാൻ പോകുന്ന വേദനയുടെ തിരസ്കരണത്തിന്റെ നൊമ്പരങ്ങൾ പങ്കുവയ്ക്കുമ്പോഴും ശിഷ്യന്മാർ സ്ഥാനമാനങ്ങളെപ്പറ്റി ചിന്തിക്കുന്നു. ഈശോ എന്നും അവസാനക്കാരനാകാൻ ആഗ്രഹിക്കുന്നു. ശുശ്രൂഷിക്കാനും ജീവൻ കൊടുക്കാനും പക്ഷേ ശിഷ്യന്മാർ എന്നും വലിയവരാകാൻ ശുശ്രൂഷിക്കപ്പെടാൻ ആഗ്രഹിക്കുന്നു. ഇവിടെ ശിഷ്യന്മാർ അന്ധരായിത്തീരുന്നു. അവർക്ക് ദൈവരാജ്യത്തിന്റെ സ്വഭാവത്തെ അറിയാനുള്ള ഉൾക്കാഴ്ച ഇല്ലാതെ പോകുന്നു. ഈ അന്ധർക്കാണ് ഈശോ കാഴ്ച കൊടുക്കുന്നത്.

ശിഷ്യന്മാരുടെ ആഗ്രഹം ശ്രദ്ധിക്കുക. ഒരുവൻ വലതുവശത്തും അപരൻ ഇടതുവശത്തും രാജ്യത്തിലെ ഉന്നതമായ സ്ഥാനമാനങ്ങൾക്കു വേണ്ടിയാണ് സെബദീപുത്രന്മാരുടെ അമ്മയുടെ ഈ അഭ്യർത്ഥന. ഇത് ഘടനയ്ക്ക് വേണ്ടിയുള്ള താത്പര്യമാണ്. നേതൃത്വഘടനയിലെ മുന്തിയ സ്ഥാനങ്ങൾ തേടിവന്ന സെബദീപുത്രന്മാരോട് ഈശോ പറഞ്ഞു. വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്വം പുലർത്തുന്നു. അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നു. എന്നാൽ നിങ്ങളുടെയിടയിൽ അങ്ങനെ ആകരുത്.

ഈശോ സ്ഥാപിക്കുന്ന രാജ്യത്തിൽ ആരായിരിക്കും പ്രഥമസ്ഥാനികരെന്ന ഒരു തർക്കം ശിഷ്യന്മാരുടെ ഇടയിലുണ്ടായിരുന്നു. ഈ രാജ്യത്തിൽ തന്റെ മക്കൾക്ക് ഉന്നതമായ സ്ഥാനം നല്കണമെന്ന ശുപാർശയുമായി എത്തുന്ന സെബദീപുത്രന്മാരുടെ മാതാവിനോട് നല്കുന്ന മറുപടിയിലൂടെ ദൈവരാജ്യത്തിന്റെ യഥാർത്ഥ സ്വഭാവത്തെക്കുറിച്ച് ഈശോ വിശദീകരിക്കുന്നു. ദൈവരാജ്യം സ്ഥാനമാനങ്ങളുടേതല്ല, മറിച്ച് പിതാവിന്റെ ഹിതത്തിന് അനുസരിച്ചാണ്.

ഈശോയുടെ വചനങ്ങൾ കേട്ട് അവിടത്തെ പിൻതുടരുന്നവർ അവിടത്തെ ശുശ്രൂഷയിൽ ഏർപ്പെടുന്നവർ എപ്രകാരമുള്ളവരായിരി

ക്കണമെന്നും ഈശോ ഇവിടെ പഠിപ്പിക്കുന്നുണ്ട്: നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം (20:27). മറ്റുള്ളവരുടെമേൽ ആധിപത്യം പുലർത്തുന്നവരാകണം ഈശോയുടെ ശിഷ്യന്മാർ, മറിച്ച് തന്റെ തന്നെ പാത പിൻതുടർന്ന് (യോഹ 13:1-11) എല്ലാവർക്കും ശുശ്രൂഷ നല്കുന്ന വ്യക്തികളായിരിക്കണമെന്നും ഈശോ പ്രബോധിപ്പിക്കുന്നു.

**മഹത്വം ലഭിക്കുന്നത് സഹനത്തിലൂടെ:** ദൈവരാജ്യത്തിന്റെ സ്വഭാവത്തെക്കുറിച്ച് കൃത്യമായി അറിവില്ലാത്ത സെബദീപുത്രന്മാരും അമ്മയും ഈശോയുടെ അടുത്തെത്തി അവിടത്തെ മഹത്വത്തിൽ ചേർക്കണമെന്ന് അപേക്ഷിക്കുമ്പോൾ ഈശോ അവരോട് പറയുന്നത് ഇപ്രകാരമാണ്: നിങ്ങൾ ചോദിക്കുന്നതെന്തെന്ന് നിങ്ങൾ അറിയുന്നില്ല; ഞാൻ കുടിക്കാൻ പോകുന്ന പാനപാത്രം നിങ്ങൾക്കു കുടിക്കുവാൻ സാധിക്കുമോ? (20:22). ഈശോയുടെ മരണത്തിൽ പങ്കുപറ്റുവാൻ ശ്ലീഹന്മാരായ യാക്കോബിനും യോഹന്നാനും സാധിക്കുമോയെന്നാണ് ഈ ചോദ്യങ്ങളുടെ യഥാർത്ഥ പൊരുൾ. പാനപാത്രം എന്ന പദം ഇവിടെ അർത്ഥമാക്കുന്നത് സഹനത്തിന്റെയും മരണത്തിന്റെയും പാനപാത്രമാണ്. മത്താ 26:39-ൽ ഈശോ പ്രാർത്ഥിക്കുന്നുണ്ട്: എന്റെ പിതാവേ സാധ്യമെങ്കിൽ, ഈ പാനപാത്രം എന്നിൽനിന്ന് അകന്നു പോകട്ടെയെന്ന്. പാനപാത്രം സഹനത്തിന്റെ മരണത്തിന്റെ അടയാളം തന്നെയാണ്. ഈശോയുടെ പീഡാനുഭവ ത്തിലും സഹനത്തിലും മരണത്തിലും പങ്കുചേരുമ്പോഴാണ് ഒരാൾ അവിടത്തെ മഹത്വത്തിലും പങ്കുചേരുന്നത്. മഹത്വത്തിന്റെ വഴി കുരിശിന്റെ വഴിയാണെന്ന് സാരം.

✠ ✠ ✠

# 4

പീഡാനുഭവത്തേക്കുറിച്ചുള്ള പ്രവചനവും ശിഷ്യത്വത്തിന്റെ അന്തഃസത്തയെക്കുറിച്ചുള്ള അവിടുത്തെ പ്രബോധനവുമാണ് സുവിശേഷഭാഗത്ത് പരാമർശിച്ചിരിക്കുന്നത്. മരണത്തെ തൊട്ടു മുന്നിൽ കാണുന്ന മനുഷ്യന്റെ മനസ്സിലെ സംഘർഷത്തെ സൂചിപ്പി ക്കുന്ന *പാസ്ക്കോ* എന്ന ഗ്രീക്കുപദമാണ് പീഡാനുഭവം എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. പിതാവിന്റെ പക്കൽ നിന്നു ഭൂമിയിലേയ്ക്ക് മനുഷ്യ രക്ഷാർത്ഥം വന്ന ഈശോയ്ക്ക് തന്റെ ദൗത്യ

ത്തെക്കുറിച്ച് അറിവുണ്ടായിരുന്നു. തന്റെ കർത്തവ്യനിർവ്വഹണത്തിന്റെ ഭാഗമായി അവിടുത്തേയ്ക്ക് ഏൽക്കേണ്ടിവരുന്ന കുരിശുകളെ ഈശോ മുൻകൂട്ടി പ്രവചിക്കുകയാണ്. കുരിശുകൾ കണ്ടു നിരാശപ്പെടുന്ന ക്രിസ്തുനാഥനെയല്ല നാം കണ്ടുമുട്ടുന്നത്, മറിച്ച് അവയെ സധൈര്യം അഭിമുഖീകരിച്ച് അതിന്റെ മേൽ വിജയം വരിക്കുന്ന ക്രിസ്തുവിനെയാണ്. അവനാണ് നമ്മുടെ മാതൃകയും പ്രതീക്ഷയും. ഗുരുവിന്റെ പാതയിലേയ്ക്ക് വിളിക്കപ്പെടുന്നവരാണ് ഓരോ ക്രിസ്തുശിഷ്യനും. അതു കുരിശിന്റെ വഴിയാണ്. കുരിശുകളുടെ മുമ്പിൽ തളരാതെ അതിനെ അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു എന്നാണ് കുരിശും വഹിച്ചുകൊണ്ട് നമുക്കു മുമ്പേ ജീവിതയാത്ര നടത്തിയവൻ പറഞ്ഞു തരുന്നത്. സഹനവും പരാജയങ്ങളും ജീവിതത്തിലെ യാഥാർത്ഥ്യങ്ങളാണെന്നതും, അത് അന്ത്യമല്ല മറിച്ച് വിജയത്തിലേയ്ക്കുള്ള പാതയാണെന്നുമാണ് അവിടുന്ന് സൂചിപ്പിക്കുന്നത്.

കുരിശിന്റെ പാതയിലൂടെ നീങ്ങുമ്പോൾ അതിൽ നിന്നും കുതറി മാറാനുള്ള പ്രവണത സ്വാഭാവികമാണ്. യേശുനാഥനും മാനുഷികമായ ബലഹീനതയുടെ പ്രലോഭനങ്ങളെ നേരിടുന്നു ്. അവിടുന്ന് ഗദ്സമേനിയിൽ തന്റെ കുരിശിലെ പീഡാനുഭവങ്ങളെ മുൻകൂട്ടി കണ്ടപ്പോൾ പ്രാർത്ഥിക്കുന്നുണ്ട്. കഴിയുമെങ്കിൽ ഈ പാനപാത്രം അകന്നുപോകട്ടെ ഈശോ ആ പ്രലോഭനത്തെ വിജയിച്ചതു ദൈവഹിതത്തിനു സ്വയം കീഴ്വഴങ്ങിക്കൊണ്ടാണ്. തുടർന്നു അവിടുന്ന് പ്രാർത്ഥിച്ചതു ദൈവമേ, അങ്ങയുടെ ഹിതം എന്നിൽ നിറവേറട്ടെ എന്നാണ്. ഏത് അവസ്ഥയിലായാലും കടമകൾ നിർവ്വഹിക്കുന്നവർക്ക് ഗദ്സമേൻ അനുഭവം ഉണ്ടാകും. അപ്പോൾ നമ്മുടെ മാനുഷികപ്രേരണ അതിൽ നിന്ന് ഓടിയൊളിക്കാനായിരിക്കും. അത്തരം വേളകളിൽ ക്രിസ്തുവിനെ നമുക്കു മാതൃകയാക്കാൻ കഴിയണം.

കുരിശുവഹിച്ചുകൊണ്ട് ഈശോയെ പിഞ്ചെല്ലുന്ന ക്രിസ്തുശിഷ്യന്റെ മനോഭാവം എന്തായിരിക്കണമെന്ന് ഈ വചനത്തിന്റെ രണ്ടാം ഭാഗത്ത് പറയുന്നു. യേശു തന്റെ ശിഷ്യന്മാർക്ക് ഉപദേശിക്കുന്നത് രണ്ടു കാര്യങ്ങളാണ്. ശുശ്രൂഷകനായിരിക്കുക, ദാസനായിരിക്കുക. നിങ്ങളിൽ വലിയവനാകുവാൻ ആഗ്രഹിക്കുന്നവൻ ശുശ്രൂഷക നായിരിക്കട്ടെ. ഒന്നാമനാകുവാൻ ആഗ്രഹിക്കുന്നവൻ ദാസനായിരിക്കട്ടെ .

ഐക്യരാഷ്ട്രസഭയുടെ നാൽപ്പതാം വാർഷിക സമ്മേളനത്തിൽ മദർ തെരേസ എന്ന ചിത്രം പ്രദർശിപ്പിക്കുന്നതിനുമുമ്പ്

സെക്രട്ടറി ജനറൽ ആയിരുന്ന പെരസ്ഡി ക്വയർ മദറിനെ പരിചയപ്പെടുത്തിയത് ലോകത്തിലെ ഏറ്റവും ശക്തയായ വനിത എന്നായിരുന്നു. മദർ തെരേസയെ ലോകത്തിലെ ഏറ്റവും ശക്തയായ വനിതയാക്കിയത് എന്തായിരിക്കാം?. ഉത്തരം ഒന്നേയുള്ളു- അവർ എല്ലാവരുടെയും ശുശ്രൂഷകയായിരുന്നു. ആർക്കും വേണ്ടാത്ത, ആരോരും ഇല്ലാത്ത അനേകരെ അഴുക്കുചാലിൽ നിന്നു കണ്ടെടുത്തു ശുശ്രൂഷിച്ചു. ആ ശുശ്രൂഷയാണ് അവരെ ലോകത്തിലെ ഏറ്റവും ബഹുമാന്യയും ഒന്നാം സ്ഥാനക്കാരിയും ആക്കിയത്.

ശിഷ്യത്വത്തിന്റെ തനിമ നമുക്കു മദർ തെരേസയിൽ കാണുവാൻ കഴിയും. ആധുനിക യുഗത്തിൽ എല്ലാവരും ഒന്നാമനാകുവാനും വലിയവനാകുവാനുമാണ് ശ്രമിക്കുന്നത്. നേഴ്സറി ക്ലാസ്സുകൾ മുതൽ കുട്ടികളെ ഒന്നാം സ്ഥാനത്തിനുവേണ്ടി പരിശീലിപ്പിക്കുകയാണ്. അതിനുവേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ തയ്യാറാകുന്ന തലമുറ ലൗകികനേട്ടങ്ങൾ കരസ്ഥമാക്കുന്നതിനു വേണ്ടി ഏതു പാനപാത്രവും കുടിക്കുവാൻ തയ്യാറാണ്. എന്നാൽ യേശുനാഥൻ ആഗ്രഹിക്കുന്ന ശുശ്രൂഷ സ്ഥാനമാനങ്ങൾ കരസ്ഥമാക്കിക്കൊണ്ടുള്ള ശുശ്രൂഷയല്ലെന്നുമാത്രം. ചെറിയവർക്കു ശുശ്രൂഷ ചെയ്തു വലിയവനാകുവാനാണ് ഈശോയുടെ ആഹ്വാനം. വലിയവനായിട്ട് ശുശ്രൂഷ ചെയ്യാം എന്നതായിരിക്കരുത് നമ്മുടെ മനോഭാവം; മറിച്ച്, ചെറിയശുശ്രൂഷയിലൂടെ വലിയവനാകുവാൻ നമുക്കു പരിശ്രമിക്കാം. സേവനത്തിന്റെയും ശുശ്രൂഷയുടെയും അർത്ഥം ആഴത്തിൽ മനസ്സിലാക്കുവാൻ, ശുശ്രൂഷിക്കുവാനും അനേകരുടെ മോചനദ്രവ്യമായിത്തീരാനും വന്ന ക്രിസ്തുവിലേക്ക് നാം തിരിയണം. ശുശ്രൂഷയ്ക്കായി തന്നെത്തന്നെ ഒരുക്കി നമ്മുടെ പ്രാർത്ഥനകളും പരിത്യാഗപ്രവൃത്തികളും സഹോദരരിലേക്കു തിരിയുന്നതിനും അവരെ ശുശ്രൂഷിക്കുന്നതിനും അവിടുന്ന് നമ്മെ പ്രേരിപ്പിക്കട്ടെ.

✠ ✠ ✠

# 5

### Josh 5:13-6:5/ Rom 7:14-25/ Mt 20:17-28

## അവയവങ്ങളുടെ നിയമം Vs. മനസ്സിന്റെ നിയമം

പിതാവ് ഓരോന്നും ഓരോരുത്തർക്ക് ഒരുക്കിയിട്ടുണ്ട്. ഓരോരുത്തരും ചെയ്യേണ്ടത് ദൈവപുത്രനായ ഈശോമിശിഹായെപ്പോലെ പാനപാത്രം കുടിക്കുക; മാമ്മോദീസാ മുങ്ങുക.

പിതാവ് ഓരോരുത്തർക്കും ഒരുക്കുന്നത് ആധ്യാത്മികാസ്തിത്വത്തോടു ബന്ധപ്പെട്ട കാര്യങ്ങളാണ്. ദൈവത്തിന്റെ പദ്ധതികൾക്കു കീഴ്പ്പെടുവാൻ നമ്മൾ ആഗ്രഹിക്കുകയും അധ്വാനിക്കുകയും വേണം.

നമ്മുടെ ഭൗതികാസ്തിത്വം പരിഹാര-പരിത്യാഗ പ്രവൃത്തികൾചെയ്യുന്നതിനുവേണ്ടിയുള്ളതാണ്. അതുചെയ്യുമ്പോൾ ഉളവാകുന്ന പീഡാസഹനത്തെയാണ് പാനപാത്രം കുടിക്കുക, മാമ്മോദീസാ മുങ്ങുക എന്നീ പ്രയോഗങ്ങൾ സൂചിപ്പിക്കുന്നത്.

ഇന്നത്തെ സുവിശേഷവായന ഈശോയുടെ പീഡാസഹനം ക്രിസ്തുശിഷ്യർക്ക് സഹനത്തിനു മാതൃകയാകണമെന്ന സന്ദേശമുൾക്കൊള്ളുന്നു. ഈശോ പിതാവിന്റെ ഹിതാനുസാരം സ്വയം പരിത്യജിച്ചു. മനുഷ്യപാപങ്ങൾക്കു പരിഹാരം ചെയ്തു. അതുവഴി അവിടത്തെ മഹത്വപ്പെടുത്തണമെന്നതായിരുന്നു പിതാവിന്റെ പദ്ധതി. ക്രിസ്തുശിഷ്യനെ സംബന്ധിച്ചുള്ള ദൈവഹിതവും ദൈവപദ്ധതിയും മറ്റൊന്നല്ല. ഈ അറിവാണ് ഈശോ തന്റെ ശിഷ്യന്മാർക്കു പകർന്നുനല്കിയത്.

പഴയനിയമവായനയിൽ പ്രതിപാദ്യവിഷയമായ ജെറിക്കോ നമ്മുടെ ഭൗതികാസ്തിത്വമാണ്. ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രായേൽജനം ജെറിക്കോയെ കീഴടക്കുവാനായി സമീപിക്കുന്നു. അതിനെ കീഴടക്കുവാൻ എന്തെല്ലാം മുൻകരുതലുകൾ വേണമെന്നും കീഴടക്കിയിട്ട് എന്തു ചെയ്യണമെന്നും വ്യക്തമായ നിർദ്ദേശങ്ങൾ ദൈവം അവർക്കു നല്കുന്നു.

**മുൻകരുതലുകൾ:**

കർത്താവിന്റെ സാന്നിധ്യം(വാഗ്ദാനപേടകം)എപ്പോഴും വേണം.

കർത്താവിൽ ഭയം; കർത്താവിന്റെ വിശുദ്ധി; സർവോപരി കർത്താവിന്റെ വചനം (= കാഹളം).

കീഴടക്കിയ ജെറിക്കോ ഇനിയൊരിക്കലും നിർമിക്കാത്തവിധം നശിപ്പിക്കണം. നമ്മുടെ ഭൗതികാസ്തിത്വമായ ശരീരത്തിനും ആധ്യാത്മികാസ്തിത്വമായ മനസ്സിനും വെവ്വേറെ നിയമങ്ങളാണുള്ളതെന്ന് റോമ 7:13-24 - അവയവങ്ങളുടെ നിയമവും മനസ്സിന്റെ നിയമവും. മനസ്സിന്റെ നിയമം തന്നെ ദൈവത്തിന്റെ നിയമം; മറ്റേതു പാപത്തിന്റെ നിയമവും

✠ ✠ ✠

# 6

## Josh 5:13-6:5/ Rom 7:14-25/ Matt 20:17-28

# മനുഷ്യസ്നേഹമല്ല ദൈവസ്നേഹം

സാധാരണ മനുഷ്യന്റെ വ്യക്തിബന്ധങ്ങൾ മൂന്നു ചോദ്യങ്ങൾക്കുള്ള ഉത്തരം ആശ്രയിച്ചിരിക്കും:

നീ എന്റേതാണോ? നീ എന്റെ ബന്ധുവാണോ? നീ എന്റെ സുഹൃത്താണോ?

മനുഷ്യസ്നേഹത്തിന്റെ മൂന്നു മുഖങ്ങൾ അനാവരണം ചെയ്യുന്നവയാണീ ചോദ്യങ്ങൾ: സ്വാർത്ഥസ്നേഹം, വ്യക്തിബന്ധസ്നേഹം, സൗഹൃദം. ഇവയ്ക്കുപരി മനുഷ്യസ്നേഹമില്ല.

മേൽപ്പറഞ്ഞ മൂന്നു ചോദ്യങ്ങൾക്കും അല്ല എന്നു പ്രത്യുത്തരിക്കാനും ഞാൻ ദൈവത്തിന്റെ മകനാണ്/ മകളാണ് എന്നു പ്രഖ്യാപിക്കാനും ദൈവസ്നേഹം എന്ന ആധ്യാത്മികതലത്തിലെത്തേണ്ടതുണ്ട്.

ദൈവസ്നേഹത്തിന്റെ തലത്തിലെത്തിയ വ്യക്തിക്ക്: സ്വാർത്ഥതയില്ല, എല്ലാവരും ബന്ധുവും സ്വന്തവുമായിരിക്കും; എല്ലവരോടും സൗഹൃദത്തിലായിരിക്കും; ഒരു പടികൂടി കടന്ന് എല്ലാവരും തന്നെക്കാൾ ശ്രേഷ്ഠരും.

ജോഷ്വായ്ക്കു പ്രത്യക്ഷനായ ദൈവികവ്യക്തിയോട് ജോഷ്വാ ചോദിച്ചു: നീ ഞങ്ങളിലൊരുവനോ, അതോ ഞങ്ങളുടെ ശത്രുവോ? ഇതൊന്നുമല്ല, ഞാൻ കർത്താവിന്റേതാണ് എന്നായിരുന്നു മറുപടി.

ഓരോ വ്യക്തിയിലും ദൈവമക്കളുടെ തലത്തിലേക്കു നയിക്കുന്ന ആധ്യാത്മികമായ ഒരു ദൈവികഭാവവും മനുഷ്യതലത്തിൽ തളച്ചുനിറുത്തുന്ന ജഢികമായ ഒരു പാപഭാവവും പ്രവർത്തനനിരതമാണെന്നു റോമ 7:13 പറയുന്നു.

സെബദിപുത്രന്മാരുടേതു സ്വാർത്ഥസ്നേഹപ്രേരിതമായ ആഗ്രഹം; അവരുടെ അമ്മയുടേത് സ്വന്തവും ബന്ധവും പ്രചോദിപ്പിച്ച അഭ്യർത്ഥന; ഈശോയോട് അവർക്കു സൗഹൃദം. ക്രിസ്തുശിഷ്യത്വത്തിനു മനുഷ്യസ്നേഹം വെടിയണമെന്ന് ഈശോയുടെ അധ്യാപനവും ജീവിതമാതൃകയും. വലിപ്പം ശുശ്രൂഷയിലും പ്രഥമസ്ഥാനം ദാസ്യവൃത്തിയിലും ജീവിതസാക്ഷാത്കാരം സ്വയംസമർപ്പണത്തിലും (മത്താ 20:27-28).

വർജ്ജ്യമായവ വർജ്ജിക്കണം

വ്യർത്ഥമായതു കാണാതെ എന്റെ കണ്ണുകടത്തി വിടണമേ (സങ്കീ 119:37).

വ്യർത്ഥമായവയെല്ലാം വർജ്ജ്യമാണ്.

വ്യർത്ഥമായവ പഠിക്കുന്നതും അറിയുന്നതും മൗഢ്യം;

വ്യർത്ഥമായവ ചെയ്യുന്നതു പാപം.

വ്യർത്ഥമായവ അനുഷ്ഠിക്കുന്നതു വിഗ്രഹാരാധന.

1. **മൗഢ്യം സ്വായത്തമാക്കാതിരിക്കുക** (ലൂക്കാ 21:34-36)

സുഖലോലുപത, ആസക്തി, ജീവിതവ്യഗ്രതകൾ എന്നിവയാൽ ഹൃദയം ഭാരപ്പെടാതെ, ഇവയ്ക്കെതിരേ സദാനേരവും പ്രാർത്ഥിച്ചുകൊണ്ട് ജാഗരൂകരായിരിക്കുവിൻ.

ഹൃദയം ഭാരപ്പെടുക എന്നത് പഠനത്തെയും സ്വായത്തമാക്കുന്ന അറിവിനെയും അർത്ഥമാക്കുന്നു. പലരും തങ്ങളുടെ വിശിഷ്ടമായ പഠനസമയം ദുർവ്യയം ചെയ്യുന്നു. അവർ വ്യാപരിക്കുന്നത് സുഖലോലുപതയും ആസക്തിയും (മദ്യം, ജഢികത തുടങ്ങിയവ) ജീവിതവ്യഗ്രതകളും നിറഞ്ഞ മേഖലകളിലാണ്.

ഹൃദയം ഭാരപ്പെട്ടവന് ഉറക്കമില്ല.

ഹൃദയം ഭാരപ്പെടാത്തവന് സ്വസ്ഥമായുറങ്ങാം.

ഈ രണ്ടവസ്ഥയിലും പ്രാർത്ഥനയില്ല.

പ്രാർത്ഥനയ്ക്ക് നാം സദാ ജാഗരൂകരായിരിക്കണം.

2. **പാപം (വ്യഭിചാരം) ചെയ്യുന്നവരാകാതിരിക്കുക** 1 കോറി 5:9-13

വ്യഭിചാരികളുമായി സമ്പർക്കമരുത്; അതായത്, അത്യാഗ്രഹികൾ, കള്ളന്മാർ, വിഗ്രഹാരാധകർ. ഈ ലോകത്തിൽ ഇത്തരക്കാർ ധാരാളമുണ്ട്. എന്നാൽ, സഹോദരൻ എന്നു വിളിക്കപ്പെടുന്നവൻ അസന്മാർഗിയോ, അത്യാഗ്രഹിയോ, വിഗ്രഹാരാധകനോ, പരദൂഷകനോ, മദ്യപനോ, കള്ളനോ, ആണെന്നു കണ്ടാൽ അവനുമൊരുമിച്ച ഭക്ഷണം കഴിക്കുക പോലുമരുത്.

3. **വിഗ്രഹാരാധകരാകാതിരിക്കുക** (1 കോറി 10:1-14)

ധാർമികതലത്തിൽ വ്യഭിചാരം പാപമാമെങ്കിൽ മതാഭ്യാസനത്തിലും അനുഷ്ഠാനത്തിലും വ്യഭിചരിക്കുന്നതാണ് വിഗ്രഹാരാധന.

വിഗ്രഹാരാധനയിൽനിന്നു നിങ്ങൾ ഓടിയകലുവിൻ (1 കോറി 10:14).

അവരിൽ ചിലരെപ്പോലെ നിങ്ങൾ വിഗ്രഹാരാധകരാകരുത്. അവരിൽ ചിലരെപ്പോലെ വ്യഭിചരിക്കരുത്. അവരിൽ ചിലരെപ്പോലെ കർത്താവിനെ പരീക്ഷിക്കരുത്. അവരിൽ ചിലരെപ്പോലെ പിറുപിറുക്കരുത് (1 കോറി 10:7-10).

മതാഭ്യസനത്തിന്റെ അഭാവമായി കണക്കാക്കാവുന്ന സൃഷ്ടവസ്തുക്കളോടുള്ള ആകർഷണവും ആരാധനയും വിഗ്രഹാരാധന തന്നെ.

മതാനുഷ്ഠാനത്തിൽ കടന്നുവരാവുന്ന തെറ്റായ അറിവും (അന്ധവിശ്വാസപരം), പ്രാർത്ഥനാജീവിതവും (അനുഭവം ഇല്ലായ്മ), പ്രതീകവും യാഥാർത്ഥ്യവും സംബന്ധിച്ച തെറ്റിദ്ധാരണകളും (മിഥ്യാസങ്കല്പം) നിയതാർത്ഥത്തിൽ വിഗ്രഹാരാധനയാണ്.

✠ ✠ ✠

# നോമ്പ് മൂന്നാം തിങ്കൾ

### മർക്കോ 12: 28-34

പ്രിയപ്പെട്ടവരെ നമുക്ക് പരസ്പരം സ്നേഹിക്കാം. എന്തെന്നാൽ സ്നേഹം ദൈവത്തിൽ നിന്നുള്ളതാണ്. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽ നിന്ന് ജനിച്ചവനാണ് (1 യോഹ. 4:7). തുടർന്ന് യോഹന്നാൻ ശ്ലീഹാ പറയുന്നു. ദൈവം സ്നേഹമാണ്. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു (1 യോഹ. 4:7).

ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രബിന്ദു സ്നേഹമാണ്. ഇന്നത്തെ സുവിശേഷഭാഗത്ത് സ്നേഹത്തെ ഈശോ ദൈവസ്നേഹം, ആത്മസ്നേഹം, പരസ്നേഹം എന്നിങ്ങനെ മൂന്ന് മാനങ്ങളിൽ അവതരിപ്പിക്കുന്നു. പൂർണ്ണ ഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുക, തന്നെത്താൻ സ്നേഹിക്കുന്നതുപോലെ സഹോദരരെയും സ്നേഹിക്കുക എന്നതാണ് ക്രിസ്തീയ ജീവിതത്തിന്റെ കാതൽ.

നോമ്പിന്റെ ഈ ദിവസങ്ങളിൽ നമ്മൾക്ക് നമ്മളിലേക്കു തന്നെ ഒന്ന് പിൻതിരിഞ്ഞു നോക്കാം. പൂർണ്ണഹൃദയത്തോടും, പൂർണ്ണശക്തിയോടും കൂടി ദൈവത്തെ സ്നേഹിക്കുവാൻ സാധിക്കുന്നുണ്ടോ. സാധിക്കുന്നില്ലെങ്കിൽ വ്യക്തമാണ്, തന്നെത്താൻ സ്നേഹിക്കുന്നതുപോലെ സഹോദരരെയും സ്നേഹിക്കുവാൻ നമുക്കു സാധിക്കുന്നില്ല. ഈ മൂന്നു സ്നേഹവും ഒന്നിച്ചേ പോകൂ. ഈ സ്നേഹശുശ്രൂഷ ദഹനബലിയേക്കാൾ ശ്രേഷ്ഠമാണെന്നാണ് ഈശോ സുവിശേഷത്തിലൂടെ പറയുന്നത്.

നമ്മൾക്ക് നമ്മളോട് ആത്മസ്നേഹമില്ലെങ്കിൽ ദൈവത്തേയും, സഹോദരരെയും പൂർണ്ണമായി സ്നേഹിക്കുവാൻ നമുക്കു കഴിയുകയില്ല. ആത്മസ്നേഹം ഇല്ലാത്ത അവസ്ഥ എന്നെ സ്വാർത്ഥതയാൽ കലുഷിതനാക്കും. സ്വാർത്ഥ സ്നേഹം എന്നിൽ നിറയുമ്പോൾ സമ്പത്ത്, അധികാരം, പ്രശസ്തി, സകലതും എനിക്ക് വെട്ടിപ്പിടിച്ചു സ്വന്തമാക്കണമെന്ന മനോഭാവത്തിൽ എന്നെ എത്തിക്കും. ഞാൻ ഒന്നും മറ്റുള്ളവരുമായി പങ്കുവെയ്ക്കുകയില്ല. എല്ലാം സ്വന്തമാക്കുന്ന സ്വാർത്ഥത നിറഞ്ഞ സ്വയം സ്നേഹത്തിൽ നിന്നു സഹോദരന്റെ വളർച്ചക്കുവേണ്ടി സകലതും പങ്കുവെയ്ക്കുന്ന സഹോദര സ്നേഹത്തിലേക്ക് രൂപാന്തരപ്പെടുവാനുള്ള വിളിയാണ് ഓരോ ക്രൈസ്തവന്റെയും ദൈവവിളി. ഞാൻ മറ്റൊരു ക്രിസ്തുവായി മാറി... പൗലോസ് ശ്ലീഹായോടൊപ്പം എനിക്കു പറയുവാൻ സാധിക്കണം, ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിതനായിരിക്കുന്നു. ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത് (ഗലാ. 2:20).

യേശുവിന്റെ വാസസ്ഥലമായ എന്നെ ഞാൻ സ്നേഹിക്കുമ്പോൾ എന്നിൽ വസിക്കുന്ന യേശുവിനെത്തന്നെയാണ് ഞാൻ അംഗീകരിക്കുന്നതും സ്നേഹിക്കുന്നതും. ഈശോ എന്റെ ഉള്ളിൽ വസിച്ച് ദൈവിക പദ്ധതിയനുസരിച്ചുള്ള പൂർണ്ണ മനുഷ്യനായി എന്നെ രൂപാന്തരപ്പെടുത്തുമ്പോൾ മാത്രമേ ദൈവതിരുമുമ്പാകെയുള്ള എന്റെ വിലയെന്ത് എന്ന് എനിക്ക് മനസ്സിലാക്കുവാനും അംഗീകരിക്കുവാനും സാധിക്കുകയുള്ളു. ഈ ബോധ്യത്തിന്റെ നിറവിൽ ജീവിക്കുമ്പോൾ, ഞാൻ എന്റെ സഹോദരരെ ദൈവമകൻ/മകൾ ആയിക്കണ്ട് തന്നെത്താൻ സ്നേഹിക്കുന്നതുപോലെ അവരെ സ്നേഹിക്കും.

# നോമ്പ് മൂന്നാം ചൊവ്വ

**14-03 - 17**

ഇന്നത്തെ മനുഷ്യൻ വളരെയധികം മാനസ്സികപ്രശ്നങ്ങൾനേരിടുന്നുണ്ട്. മനസ്സമാധാനം ഇല്ലായ്മ, മാനസ്സികസംഘർഷം, മനോവേദന ഇവയെല്ലാം ഇന്നത്തെ മനുഷ്യനെ വളരെയധികം അലട്ടുന്നുണ്ട്. സൂത്രങ്ങൾ പഠിപ്പിക്കുന്ന ധാരാളം ആചാര്യന്മാരും കോഴ്സുകളും പുസ്തകങ്ങളും ഉണ്ട്. അവയൊക്കെ കുറേ സഹായം ചെയ്യുന്നുണ്ടെങ്കിലും അവകൊണ്ടൊന്നും മനുഷ്യന്റെ ദുർബ്ബലമായിത്തീർന്ന മനസ്സിന്റെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കാൻ സാധിക്കുന്നില്ല.

ഇന്നത്തെ സുവിശേഷത്തിൽ ഈശോമിശിഹാ വളരെ കൃത്യമായി വ്യക്തമാക്കുന്നു, നമ്മുടെ മനസ്സ് ദുർബ്ബലമാകുവാനുള്ള കാരണങ്ങൾ എന്താണ് എന്ന്. സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവ കൊണ്ടാണിത്. ഇന്നത്തെ മനുഷ്യർ പലരും കരുതുകയും ചിന്തിക്കുകയും ചെയ്യുന്നത് ജീവിതം സുഖിക്കാൻ മാത്രമുള്ളതാണ് എന്നാണ്. അതിനായി ഏതു മാർഗ്ഗവും അവർ സ്വീകരിക്കുന്നു. മനുഷ്യനു സുഖം പ്രദാനം ചെയ്യുവാൻ സഹായിക്കുന്ന ഉൽപ്പന്നങ്ങൾ ഇന്ന് ലോകത്തിലെ ഏറ്റവും വലിയ വ്യവസായം ആണ്.

സുഖം തേടിയലഞ്ഞ് നിരാശയിലമരുന്ന ജീവിതങ്ങൾ ഇന്ന് ഏറെയാണ്. ഇന്ന് ചില മനുഷ്യരുടെ ജീവിതം കണ്ടാൽ തോന്നും, കുറേ മദ്യം കുടിക്കുന്നതിനു മാത്രമുള്ളതാണ് എന്ന്. നമ്മുടെ സമൂഹത്തെ കാർന്നുതിന്നുന്ന ഒരു വലിയ തിന്മയാണ് ഇത്. നമ്മുടെയിടയിൽ മദ്യാസക്തിയുള്ളവരെ നമുക്ക് ധാരാളമായി കാണുവാൻ സാധിക്കും. ഇതിന്റെ ദുരന്തഫലം ഏറ്റവും കൂടുതൽ കുടുംബത്തിൽ അനുഭവിക്കുന്നത് അവരുടെ ഭാര്യമാരും കുഞ്ഞുങ്ങളും ആണ്.

മനുഷ്യർക്കെല്ലാം ഇന്ന് ഒത്തിരി തിരക്കാണ്. തിരക്കൊഴിഞ്ഞിട്ട് ഒരു കാര്യവും ഭംഗിയായി ചെയ്യുവാൻ പലർക്കും സാധിക്കുന്നില്ല. ആർക്കും ഒട്ടും സമയമില്ല. പള്ളിയിൽ പോകാൻ സമയമില്ല, പ്രാർത്ഥിക്കാൻ സമയമില്ല, ഭാര്യ, ഭർത്താവ്, മക്കൾ ഇവരുടെ കൂടെ ചിലവഴിക്കാൻ സമയമില്ല. എപ്പോഴും ജീവിത വ്യഗ്രതകൾ.

ഈശോ പറയുന്നു, സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസ്സ് ദുർബ്ബലമാവുകയും, ആ ദിവസം ഒരു കെണിപോലെ പെട്ടെന്ന് നിങ്ങളുടെ മേൽ വന്നു വീഴുകയുംചെയ്യാതിരിക്കുവാൻ ശ്രദ്ധിക്കുവിൻ എന്ന്. തുടർന്ന് അവിടുന്ന് പറയുന്നു രക്ഷപെട്ട് മനുഷ്യപുത്രന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ വേണ്ട കരുത്ത് ലഭിക്കുന്നതിനു സദാ പ്രാർത്ഥിച്ചുകൊണ്ട് ജാഗരൂകരായിരിക്കുവിൻ . ഈ സുവിശേഷവചനങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ന് നമ്മൾക്ക് നമ്മുടെ ജീവിതങ്ങളെ ഒന്നു പരിശോധിക്കാം. സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത ഇവയിലേതിന്റെയെങ്കിലും അടിമകളാകാതിരിക്കാൻ നമ്മൾക്ക് പ്രാർത്ഥിക്കാം, പരിശ്രമിക്കാം. ഈശോമിശിഹാ ശക്തിയോടും വലിയ മഹത്വത്തോടും കൂടെ പ്രത്യക്ഷനാകുമ്പോൾ അവിടുത്തെ മുമ്പിൽ നിൽക്കുവാൻ നമുക്ക് കരുത്ത് ഉണ്ടായിരിക്കണം. നമ്മുടെ ജീവിതകാലത്ത് സുവിശേഷാനുസരണം നമ്മിൽ വളർത്തിയെടുത്തിട്ടുള്ള പരിശുദ്ധാരൂപിയുടെ ഫലങ്ങളായ നന്മകളും, നമ്മുടെ സഹോദരർക്ക് നമ്മൾ ചെയ്തിട്ടുള്ള

സൽപ്രവർത്തികളും ആയിരിക്കാം ഈശോയുടെ മുമ്പിൽ നിൽക്കുവാനുള്ള കരുത്ത് നമുക്ക് പ്രദാനം ചെയ്യുന്നത്. ഭൗതികമായി നമ്മൾ സമ്പാദിച്ച സകലതും മരണ സമയത്ത് നമ്മെ വിട്ടുപോകും. നമ്മുടെ ജീവിതകാലത്ത്, നമ്മൾ പരിശുദ്ധറൂഹായോടു ചേർന്ന് വളർത്തിയെടുത്ത പരിശുദ്ധാരൂപിയുടെ ഫലങ്ങളും, നമ്മൾ ചെയ്ത സൽപ്രവർത്തികളും എന്നും നമ്മുടെ കൂടെയുണ്ടായിരിക്കും. സ്നേഹമുള്ള ഈശോയെ, സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രതകൾ - ഇവ എന്റെ മനസ്സിനെ ദുർബ്ബലമാക്കാതെ കാത്തുസൂക്ഷിക്കുവാൻ അവിടുന്ന് എന്നെ സഹായിക്കണമേ.

# നോമ്പ് മൂന്നാം ബുധൻ

## മത്താ 5:43-48

പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ പരിപൂർണനായിത്തീരുവാൻ വിളിക്കപ്പെട്ടവനാണ് ഓരോ ക്രിസ്ത്യാനിയും. ഈശോ അവിടുത്തെ സഹന മരണ ഉത്ഥാനത്തിലൂടെ അതിനുള്ള ദൈവകൃപ നമ്മൾക്ക് സമ്പാദിച്ചു തന്നിട്ടുണ്ട്. മാമ്മോദീസായിലൂടെയും, സ്ഥൈര്യലേപനത്തിലൂടെയും നമ്മൾക്ക് ലഭിച്ച പിതാവിന്റെ വാഗ്ദാനമായ പരിശുദ്ധാരൂപിയുടെ ശക്തി ഉപയോഗിച്ച് അനുദിനം ദൈവമകൻ/മകൾ ആയി വളർന്ന് പരിപൂർണതയിൽ എത്തിച്ചേരണം എന്നതാണ് ദൈവികപദ്ധതി.

സ്വർഗ്ഗീയപിതാവ് പരിപൂർണനായിരിക്കുന്നതുപോലെ പരിപൂർണനാകുവാൻ എന്തുകൊണ്ടാണ് നമ്മൾക്ക് സാധിക്കാത്തത് എന്ന് ചിന്തിക്കുമ്പോൾ നമ്മൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് നമ്മെ വേദനിപ്പിച്ച പലരോടും ക്ഷമിക്കുവാൻ പറ്റാത്ത അവസ്ഥയാണ് എന്ന്. നമ്മുടെ ജീവിതയാത്രയിൽ നമ്മൾക്ക് സ്നേഹവും പ്രോത്സാഹനവും അംഗീകാരവും തന്ന് വളർത്തേ പലരും നമ്മെ പല രീതിയിൽ വഞ്ചിക്കുകയും ഉപദ്രവിക്കുകയും ചെയ്തിട്ടുണ്ടാകും. നമ്മൾക്കുണ്ടായിട്ടുള്ള വേദനിപ്പിക്കുന്ന അനുഭവങ്ങൾ നമ്മെ നിരാശരും, ദുഃഖിതരും, ക്ഷമിക്കാൻ പറ്റാത്തവരും ആക്കിത്തീർത്ത് നമ്മുടെ മനസ്സിൽ കുറേ ശത്രുക്കളെ സൃഷ്ടിക്കും. നമ്മുടെ മനസ്സിൽ നമ്മൾ എപ്പോഴും ചുമന്നുകൊണ്ടു നടക്കുന്ന അവരോടുള്ള വെറുപ്പ് നമ്മെ അനുദിനം നശിപ്പിക്കും.

ശത്രുക്കളോട് ക്ഷമിക്കണം എന്നത് ഈശോയുടെ സുവിശേഷത്തിന്റെ കാതലായ സന്ദേശമാണ്. ശത്രുക്കളോട് ക്ഷമിച്ച് അവരെ

യാതൊരു വ്യവസ്ഥയുമില്ലാതെ സ്നേഹിക്കാതെ ആർക്കും സ്വർഗ്ഗ രാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയില്ല എന്ന് അവിടുന്ന് പഠിപ്പിച്ചു. സത്യം ഇതാണെങ്കിലും ജീവിതയാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുമ്പോൾ പലപ്പോഴും ക്ഷമിക്കുവാൻ നമ്മൾക്ക് വളരെ പ്രയാസമുണ്ട്. ഈശോ സുവിശേഷത്തിലുടനീളം ക്ഷമയുടെ ആവശ്യം ഊന്നിപ്പറയുന്നുണ്ട്. അവിടുന്ന് നമ്മെ പഠിപ്പിച്ചു- തെറ്റു ചെയ്ത വരോടു നമ്മൾ ക്ഷമിക്കുന്നതു പോലെയാണ് നമ്മുടെ തെറ്റുകൾ പിതാവ് ക്ഷമിക്കുന്നത്. തിന്മയ്ക്കു പകരം നന്മ ചെയ്യണം, ശത്രുക്കളെ നമ്മൾ സ്നേഹിക്കണം എന്നെല്ലാം. അവിടുത്തെ വാക്കും പ്രവർ ത്തിയും തമ്മിൽ സമന്വയം ഉണ്ടായിരുന്നതിനാൽ അവിടുന്ന് പറഞ്ഞ വയെല്ലാം ജീവിതത്തിൽ പ്രാവർത്തികമാക്കി. ഈശോ കുരിശിൽ കിടന്നുകൊണ്ട് പിതാവിനോടു പ്രാർത്ഥിച്ചു, പിതാവേ ഇവരോടു ക്ഷമിക്കണമേ, ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയു ന്നില്ല (ലൂക്കാ. 23:34).

ഈശോയായിരിക്കട്ടെ നമ്മുടെ മാതൃക. നമ്മെ വേദനിപ്പിച്ച എല്ലാവരോടും ക്ഷമിക്കുവാനുള്ള കൃപ അവിടുന്ന് നമ്മൾക്ക് നൽക ണമേ എന്ന് ഈശോയോട് നമുക്കു പ്രത്യേകം പ്രാർത്ഥിക്കാം.

# നോമ്പ് മൂന്നാം വ്യാഴം

## മർക്കോ 12:35-40

ഇന്നത്തെ സുവിശേഷത്തിൽ ഈശോ പറയുന്നു, നിങ്ങൾ നിയമജ്ഞരെ സൂക്ഷിച്ചുകൊള്ളുവിൻ . നിയമജ്ഞർ മോശയുടെ നിയമത്തിൽ വിദഗ്ദർ ആയിരുന്നു. ഓരോ പ്രവർത്തിയും നിയമാനുസൃതം ആണോ അല്ലയോ എന്ന് തീർപ്പുകല്പിക്കുവാനുള്ള കഴിവ് അവർക്ക് ഉണ്ടെന്ന് അവർ കരുതിയിരുന്നു. ഈശോയുടെ കാലത്തെ നിയമജ്ഞരുടെ പൊതുസ്വഭാവമാണ് ഇന്ന് ഈശോ സുവിശേഷത്തിലൂടെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. അന്നത്തെ നിയമജ്ഞരിൽ കൂടുതൽ പേരും തങ്ങളുടെ ബാഹ്യ ഇടപാടുകൾ മനുഷ്യരെ കാണിക്കുവാൻ വേണ്ടി മാത്രം ചെയ്യുന്നവർ ആയിരുന്നു. പൊതുസ്ഥലങ്ങളിൽ അഭിവാദനം, സിനഗോഗുകളിൽ മുഖ്യസ്ഥാനം, വിരുന്നുകളിൽ നല്ല ഇരിപ്പിടം ഇവയൊക്കെ കിട്ടിയാൽ അവർ വളരെ സംതൃപ്തരായിരുന്നു. ഇവർ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം എന്ന നിലയിൽ അബ്രാഹത്തിലും പൂർവ്വപിതാക്കന്മാരിലും തുടങ്ങുന്ന വലിയ പാര മ്പര്യം അവകാശപ്പെടുകയും, മോശയുടെ നിയമം പഠിക്കുക, വ്യാഖ്യാ നിക്കുക- എന്നീ കാര്യങ്ങൾ വളരെ കർശനമായി

ചെയ്തിരുന്നു വെങ്കിലും അവയ്ക്കനുസരിച്ചാണോ തങ്ങളുടെ ജീവിതങ്ങൾ നയിക്കുന്നത് എന്ന് അവർ പരിശോധിച്ചിരുന്നില്ല. ബാഹ്യമായി മനുഷ്യരെ കാണിക്കുവാൻ വേണ്ടി ഈ നിയമങ്ങൾ എല്ലാം പാലിച്ചാൽ തങ്ങളുടെ ജീവിതം ദൈവത്തിനു പ്രീതികരമായി ത്തീരുമെന്ന് അവർ വിശ്വസിക്കുകയും അഹങ്കാരത്തോടെ പഠിപ്പി ക്കുകയും ചെയ്തിരുന്നു. ഇന്നത്തെ സുവിശേഷഭാഗത്തിലൂടെ ഈശോ നിയമജ്ഞരുടെ കാപട്യവും പൊങ്ങച്ചവും ആണ് യഹൂദ സമൂഹ ത്തിന്റെ മുമ്പിൽ തുറന്നു കാണിക്കുന്നത്. മോശയിലൂടെ ദൈവം നല്കിയ നിയമങ്ങളുടെ ആത്മാവും ചൈതന്യവും ദൈവസ്നേഹവും സഹോദരസ്നേഹവും ആണ് എന്ന് വിനയത്തോടെ ദൈവഹിതം അന്വേഷിക്കുന്ന ആർക്കും മനസ്സിലാകും. ആത്മാവ് നഷ്ടപ്പെട്ട നിയമങ്ങളുടെ പിൻബലത്തോടെ അവർ ചെയ്യുന്ന അനുഷ്ഠാനങ്ങളെ ഈശോ ഇവിടെ നിശിതമായി വിമർശിക്കുന്നു. കാപട്യത്തിന്റെ പുറങ്കുപ്പായം ഇട്ടാണ് നിയമജ്ഞർ ഇവയെല്ലാം ചെയ്തിരുന്നത്.

ഈ സുവിശേഷത്തിലൂടെ ഈശോ ഇന്നു നമ്മളോടു പറയു ന്നത് എന്തെന്നു മനസ്സിലാക്കുവാൻ ഈശോയോടു ചേർന്ന് എളിമ യോടെ നമുക്ക് പരിശ്രമിക്കാം. നമ്മുടെ ഉള്ളിൽ ഒരു നിയമജ്ഞൻ ഒളിഞ്ഞിരിപ്പുണ്ടോ എന്ന് പരിശോധിക്കുന്നത് നമ്മുടെ ക്രിസ്തീയ ജീവിതത്തെ തിരുവചനാനുസൃതം വളർത്തിയെടുക്കുന്നതിനു സഹായകരമാണ്. നമ്മൾ മാർത്തോമ്മാ ശ്ലീഹായിൽ തുടങ്ങുന്ന ശ്രേഷ്ഠപാരമ്പര്യമുള്ളവരാണ്. കത്തോലിക്കാ സഭയുടെ നിയമങ്ങൾ പാലിക്കുന്നവരും, കൂദാശകളിലും പ്രാർത്ഥനകളിലും സജീവമായി പങ്കെടുക്കുന്നവരും, തിരുവചനം വായിക്കുകയും ശ്രവിക്കുകയും പാലിക്കുകയും ഒക്കെ ചെയ്യുന്നവരാണ്. എന്നാൽ, മിക്കപ്പോഴും വെറും അനുഷ്ഠാനങ്ങളിലും നിയമങ്ങളിലും കുടുങ്ങിക്കിടക്കുന്ന നാമമാത്ര ക്രിസ്ത്യാനികൾ ആയി മാറുന്നില്ലേ. പള്ളിയിൽ മുഖ്യസ്ഥാനം, അഭിവാദനങ്ങൾ ഇവയൊക്കെ ലഭിക്കുവാൻ ആഗ്രഹിക്കു കയും അവയൊക്കെ നേടിയെടുക്കുവാൻ പരിശ്രമിക്കുകയും ചെയ്യാറുണ്ടോ. ഇങ്ങനെയൊക്കെ നമ്മൾ ചെയ്യുന്നുണ്ടെങ്കിൽ ക്രിസ്തീയജീവിത്തിന്റെ അടിസ്ഥാന നിയമമായ ദൈവസ്നേഹവും പരസ്നേഹവും നമ്മൾക്ക് പലപ്പോഴും നഷ്ടപ്പെടും. നമ്മുടെ പ്രവർത്തനങ്ങൾ ഒരിക്കലും മറ്റുള്ളവരെ കാണിക്കുവാനുള്ളതായിരിക്കരുത്. അവ ദൈവത്തെ മഹത്വപ്പെടുത്തുവാൻ മാത്രമുള്ളതായിരിക്കണം. നമ്മുടെ ജീവിത ത്തിന്റെ മാതൃക ക്രിസ്തു മാത്രമായിരിക്കണം. യേശുക്രിസ്തു വിനുണ്ടായിരുന്ന ഈ മനോഭാവത്തിലേയ്ക്ക് അനു ദിനം വളർന്നു വരേണ്ടവർ ആണ് നമ്മൾ. ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും,

അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല (ഫിലി. 2:6). ഈശോയേ ഞങ്ങളുടെ ഉള്ളിലുള്ള കാപട്യം മനസ്സിലാക്കുന്നതിന് ഈ നോമ്പുകാലത്ത് ഞങ്ങളെ സഹായിക്കണമേ

# നോമ്പ് മൂന്നാം വെള്ളി

## മർക്കോ 12:13-44

പുനരുദ്ധാനത്തിൽ വിശ്വാസമില്ലാത്തവരാണ് സദുക്കായർ. അവർ സ്വർഗ്ഗീയ ജീവിതത്തെ ഈ ലോകജീവിതവുമായി താരതമ്യപ്പെടുത്തിക്കൊണ്ട് ഈശോയുടെ മുന്നിൽ സംശയം ഉന്നയിക്കുന്നതാണ് നമ്മൾ ഇന്നത്തെ സുവിശേഷത്തിൽ കാണുന്നത്. ഈശോ വ്യക്തമായി പറയുകയാണ് വിശുദ്ധ ലിഖിതങ്ങളോ, ദൈവത്തിന്റെ ശക്തിയോ അറിയാത്തതുകൊണ്ടല്ലേ, നിങ്ങൾക്ക് തെറ്റു പറ്റുന്നത് എന്ന്.

വിശുദ്ധ ലിഖിതങ്ങൾ ദൈവിക വെളിപ്പെടുത്തലുകൾ ആണ്. ഇവിടെ ഈശോ വ്യക്തമാക്കുന്നത് തിരുവചനങ്ങളിലൂടെ നമ്മൾ വളരുമ്പോൾ ദൈവത്തിന്റെ ശക്തി നമ്മൾ അനുഭവിക്കും. ശരിയായ അറിവ് ദൈവത്തെപ്പറ്റിയില്ലാത്തതുകൊണ്ടാണ് അവർ ചോദ്യത്തിനു വേണ്ടി മാത്രമുള്ള ഒരു ചോദ്യമുണ്ടാക്കി ഈശോയോട് ചോദിച്ചത്. ഈശോ സത്യത്തിനു സാക്ഷ്യം വഹിക്കുവാൻ വന്ന മിശിഹാ ആയതുകൊണ്ട് അവിടുത്തെ ഉത്തരം എപ്പോഴും ശരി മാത്രമായിരുന്നു. വിശുദ്ധ ലിഖിതങ്ങളും ദൈവത്തിന്റെ ശക്തിയും അറിയുവാനും അനുഭവിക്കുവാനും പ്രത്യേകം വിളിക്കപ്പെട്ടവരാണ് നമ്മൾ ഓരോരുത്തരും. തിരുവചനത്തെ വളരെ ലാഘവത്തോടെ സമീപിച്ചാൽ നമ്മൾക്ക് ദൈവിക വെളിപ്പെടുത്തലുകൾ മനസ്സിലാവുകയില്ല. മാത്രമല്ല അവിടുത്തെ ശക്തി അനുഭവിക്കുവാനും സാധിക്കുകയുമില്ല. മതബോധനം, വിശുദ്ധ കുർബ്ബാന, പ്രബോധനം ഇവയിലൂടെയെല്ലാം തിരുസഭ നമ്മൾക്ക് തിരുവചനം, പകർന്നുതരുന്നുണ്ട്. സഭ നമുക്കൊരുക്കിത്തരുന്ന എല്ലാ അവസരങ്ങളും ശരിയായ രീതിയിൽ ഉപയോഗിച്ച് വിശുദ്ധലിഖിതങ്ങൾ അറിയുവാൻ പരിശ്രമിക്കണം. അങ്ങനെ ചെയ്താൽ നമ്മൾ ദൈവാരൂപിയാൽ നയിക്കപ്പെടുകയും തെറ്റിൽ വീഴാതിരിക്കുകയും ചെയ്യും. അപ്പോൾ നമ്മുടെ കാതുകൾക്ക് പിന്നിൽ നിന്ന് ദൈവത്തിന്റെ സ്വരം കേൾക്കും ഇതാണ് വഴി ഇതിലേ പോവൂ (ഏശയ്യാ. 30:21).

നമ്മൾക്ക് ഈശോയുടെ സന്നിധിയിൽ വന്ന്, വിശുദ്ധ ലിഖിതവും ദൈവത്തിന്റെ ശക്തിയും അറിയുവാനും, അനുഭവിക്കുവാനും വേണ്ടി ദൈവകൃപ തരണമേ എന്ന് പ്രത്യേകം പ്രാർത്ഥിക്കാം.

## നോമ്പ് മൂന്നാം ശനി

### മത്താ 21: 28–32

ഇന്നത്തെസുവിശേഷത്തിലെ ഉപമയിലൂടെഈശോ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത് ഒരു പിതാവിനെയും രണ്ടുമക്കളെയും ആണ്. മുന്തിരിത്തോട്ടത്തിൽ പോയി ജോലിചെയ്യുക എന്ന് പറയുമ്പോൾ ഒരു മകൻ  പോകാമെന്ന് പറഞ്ഞിട്ട് പോകാതിരുന്നു . രണ്ടാമത്തെ മകൻ  മനസ്സില്ല എന്ന് പറഞ്ഞിട്ട് പശ്ചാത്തപിച്ച് പോയി . തുടർന്ന്`ഈശോ പറയുന്നു,  ചുങ്കക്കാരും വേശ്യകളും ആയിരിക്കും നിങ്ങൾക്ക് മുമ്പേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക. ഈ ഉപമയിലെ മുന്തിരിത്തോട്ടത്തിലെ ജോലി തിരുസഭയിൽ ഈശോ നമ്മെ ഓരോരുത്തരെയും ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങളും ശുശ്രൂഷകളും ആണ്. ഈശോയാകുന്ന മുന്തിരിച്ചെടിയിലെ ശാഖകളാണല്ലോ നമ്മൾ ഓരോരുത്തരും. കുടുംബജീവിതം, പൗരോഹിത്യജീവിതം, സമർപ്പിതജീവിതം എന്നീവിവിധ ജീവിതാന്തസ്സുകളിലേയ്ക്ക് വിളിച്ച് വിവിധ കടമകളും ശുശ്രൂഷകളും ചെയ്യാമോ എന്ന് ഈശോ ചോദിച്ചപ്പോൾ ചെയ്യാമെന്ന് ഈശോയ്ക്ക് വാക്ക് കൊടുത്തിട്ടുള്ളവരാണ് നമ്മൾ ഓരോരുത്തരും. ഇന്ന് നമ്മൾക്ക് നമ്മുടെ ജീവിതങ്ങളിലേയ്ക്ക് ഒന്ന് പിൻതിരിഞ്ഞു നോക്കാം. നമ്മുടെ കടമകൾ ഈശോ ആഗ്രഹിക്കുന്നതുപോലെ ഭംഗിയായിചെയ്യുന്നുണ്ടോ. ജോലിചെയ്യാമെന്ന് ഏറ്റിട്ട് ചെയ്യാതിരിക്കുന്നവരാണോ നമ്മൾ. ഈശോയ്ക്കുവേണ്ടി മുന്തിരിത്തോട്ടത്തിൽ ജോലിചെയ്യുക എന്നാൽ നമ്മൾ ഈശോയേപ്പോലെമറ്റു മനുഷ്യർക്ക് സുവിശേഷം ആയിമാറുക എന്നതാണ്. ഈശോ പഠിപ്പിക്കുന്നുണ്ട്,  ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തന്നെതന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെയെന്ന് (മർക്കോ.8:34).

ഓരോ ക്രിസ്ത്യാനിയും പരിശുദ്ധറൂഹായുടെ ശക്തിയാൽ മറ്റൊരു ക്രിസ്തുവായി വീണ്ടും ജനിച്ചവനാണ്. നമ്മൾ നമ്മുടെ കുടുംബത്തിലും, ഇടവകയിലും, സമൂഹത്തിലും ഈശോയുടെ സാക്ഷികളായി ജീവിച്ചുകൊള്ളാമെന്ന് വാക്ക് കൊടുത്തിട്ടുള്ളവരാണ്. ജോലിചെയ്തുകൊള്ളാമെന്ന് പറഞ്ഞിട്ട് ചെയ്യാതിരുന്ന പുത്രന്റെ സ്ഥാനത്ത് അല്ലേ മിക്കപ്പോഴും നമ്മൾ. നമ്മൾക്ക് നമ്മുടെ ജീവിതങ്ങൾ

ഈശോയുടെ മുമ്പിൽ അനുതാപത്തോടെ സമർപ്പിക്കാം. മാനസ്സാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിച്ച് സുവിശേഷാനുസരണം ജീവിക്കുക എന്നതാണ് ദൈവരാജ്യപ്രവേശനത്തിനുള്ള പാസ്പോർട്ട്. നമ്മൾ ലോകത്തിന്റെ മുമ്പിൽ ധാർമ്മികരും നല്ലവരും ആയിരിക്കാം. എന്നാൽ മിക്കപ്പോഴും, നമ്മൾ നമ്മുടെ ഹൃദയത്തിൽ ഫരിസേയരും നിയമജ്ഞരും ഒക്കെയായി മാറി, ചുങ്കക്കാരെയും പാപികളെയും പോലെയല്ല ഞങ്ങൾ എന്ന്അഹങ്കരിക്കുന്നുണ്ടാകും. ഇന്ന് നമ്മൾക്ക് മാനസ്സാന്തരത്തിന് യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുവാനുള്ള കൃപയ്ക്കായി ഈശോയോടു പ്രാർത്ഥിക്കാം. ഈശോയെ, ഞങ്ങളുടെ ജീവിതത്തിൽ അവിടുന്ന് ഏല്പിച്ചുതന്ന ജോലികൾ ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കുമ്പോൾ, അവിടുന്ന് അനുവദിക്കുന്ന കുരിശുകൾ വഹിക്കുവാനുള്ള ശക്തിഞ്ഞങ്ങൾക്ക് തരണമേ

# നോമ്പ് നാലാം ഞായർ

### ഉൽപ 11:1-9, ജോഷ്വ. 7:10-15, റോമ 8:12-17, മത്താ 21:23-46

## മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ

## 1

### മത്താ 21:23-46

നോമ്പുകാലത്തിന്റെ ചൈതന്യത്തിലൂടെ കടന്നുപോകുമ്പോൾ ഈശോയുടെ അതിരുകളില്ലാത്ത സ്നേഹത്തെയും അളവില്ലാതെ ഒഴുകുന്ന കരുണയെയും കുറിച്ച് ധ്യാനിക്കുവാൻ നമ്മെ സഹായിക്കുന്ന ഒരു വിശുദ്ധഗ്രന്ഥഭാഗമാണ് വായിച്ചുകേട്ടത്. ഈശോയുടെ ഉപമയിൽ സകല സജ്ജീകരണങ്ങളോടുംകൂടെ നിർമ്മിച്ച ഫലം നല്കുന്ന മുന്തിരിത്തോട്ടം ഉടമസ്ഥൻ പാട്ടക്കാരായ കൃഷിക്കാരെ ഏല്പിക്കുകയാണ്. അതു സംരക്ഷിച്ച് തനിക്കുള്ള വിഹിതം യഥാസമയം നല്കണമെന്ന വ്യവസ്ഥയിൽ. മുന്തിരിത്തോട്ടം ദൈവജനമായ ഇസ്രായേലും ഉടമസ്ഥൻ ദൈവവും കൃഷിക്കാർ ജനനേതാക്കാളുമാണ്. വിളവെടുപ്പിന്റെ സമയത്ത് തനിക്ക് അവകാശപ്പെട്ടത് വാങ്ങാൻ തന്റെ ഭൃത്യരെ അയയ്ക്കുകയാണ് ഉടമസ്ഥൻ. പക്ഷേ കൃഷിക്കാർ അവരെ മർദ്ദിക്കുകയും കൊല്ലുകയും ചെയ്യുന്നു. ദൈവജനമായ ഇസ്രായേലിനു വേണ്ടി ദൈവം അയച്ച പ്രവാചകന്മാരെ ജനനേതാക്കളും ഭരണാധികാരികളും പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തതിനെയാണ്

ഇതു സൂചിപ്പിക്കുന്നത് പക്ഷേ ദൈവം തന്റെ സ്നേഹഭാജനമായ പ്രിയപുത്രനെ അവരുടെ പക്കലേക്ക് അയയ്ക്കുന്നു. ദൈവപുത്രനായ ഈശോയെ കാലത്തിന്റെ തികവിൽ ദൈവം അയച്ചതിനെ ഇവിടെ വിവക്ഷിക്കുന്നു. എന്നാൽ ഉടമസ്ഥനുള്ളതു കൊടുക്കാതെ പുത്രനെ വധിക്കുന്നത് ഈശോയോട് പുരോഹിതപ്രമാണികളും ജനങ്ങളും ചെയ്തത് സൂചിപ്പിക്കുന്നു. പക്ഷേ കരുണയോടെ അവരിലേക്കു തിരിഞ്ഞ് സ്നേഹപൂർവം അവരെ തന്നിലേക്കു കൊണ്ടുവരാൻ ശ്രമിക്കുന്ന ദൈവത്തെയാണ് തുടർന്ന് സുവിശേഷകൻ അവതരിപ്പിക്കുക.

അനുബന്ധമായി ഈശോ സങ്കീർത്തനം 11: 22-23 ഉദ്ധരിച്ചുകൊണ്ട് ദൈവികപദ്ധതിയിൽ തനിക്കും തന്റെ എതിരാളികൾക്കും എന്താണു സംഭവിക്കാൻ പോകുന്നതെന്ന് പ്രസ്താവിച്ചിരിക്കുന്നു. യഹൂദരാൽ തിരസ്കൃതനായ അവിടന്ന് ദൈവഭവനത്തിന്റെ, സഭയുടെ മൂലക്കല്ലായിത്തീരുന്നു. എന്നാൽ അവിടത്തെ തിരസ്കരിച്ചവരുടെമേൽ ദൈവവിധി വരും എന്ന മുന്നറിയിപ്പ് ഇവിടെ നല്കുന്നു. അതായത് തങ്ങളുടെ ജീവിതത്തിലൂടെ തക്കതായ ഫലം നല്കാത്തവർക്ക് ദൈവരാജ്യമാകുന്ന മുന്തിരിത്തോട്ടം നഷ്ടമാകുമെന്ന മുന്നറിയിപ്പും ഇവിടെയുണ്ട്.

തന്റെ ജനത്തിന് രക്ഷ നല്കുവാൻ ജീവനു തുല്യം താൻ സ്നേഹിക്കുന്ന തന്റെ ഏകപുത്രനെപ്പോലും ബലി കൊടുക്കുവാൻ ദൈവം തയ്യാറാകുന്നു. സ്വന്തജനത്തിന്റെ ശത്രുതയെ തന്റെ ഔദാര്യപൂർണമായ ത്യാഗംകൊണ്ട് ഇല്ലാതാക്കാൻ പരിശ്രമിക്കുന്നു ദൈവം. ദുഷ്ടരുടെയും ശിഷ്ടരുടെയും തരഭേദം കൂടാതെ നിരന്തരം നന്മ വർഷിക്കുന്ന ദൈവം, തന്റെ ഏകജാതൻ ക്രൂശിലേറ്റപ്പെടുന്ന അത്യന്തം ക്രൂരമായ നിമിഷത്തിലും നിരുപാധികസ്നേഹത്തിന്റെ ശാന്തിമന്ത്രം തന്റെ പുത്രന്റെ അധരങ്ങളിലൂടെ പൊഴിക്കുന്നു. പിതാവേ, ഇവർ എന്താണ് ചെയ്യുന്നതെന്ന് ഇവരറിയുന്നില്ല ഇവരോട് ക്ഷമിക്കണമേ (ലൂക്കാ 23:34). ഈ വലിയ സ്നേഹത്തിന്റെ അണമുറിയാത്ത പ്രവാഹം പുതിയ ഇസ്രായേലായ നമ്മിലേക്കും നിർബാധം കടന്നുവരുന്നു. വീണ്ടും ഇന്നത്തെ സുവിശേഷം രണ്ട് വ്യക്തിത്വങ്ങളെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. ഒന്ന്, ഔദാര്യത്തിന്റെ മൂർത്തീഭാവമായ തോട്ടമുടമസ്ഥൻ. രണ്ട്, ഔദോര്യത്തെ ആട്ടിപ്പായിക്കുന്ന പാട്ടക്കാരൻ. ഈ രണ്ട് ഭാവങ്ങൾക്കിടയിൽ സ്വതന്ത്രമായ തെരഞ്ഞെടുപ്പിന് ഇന്നത്തെ സുവിശേഷം ആഹ്വാനം നല്കുന്നു.

അതിരുകളില്ലാത്ത ഈ സ്നേഹസാഗരത്തിലുൾച്ചേരാനാണ് എല്ലാ ക്രൈസ്തവനും വിളിക്കപ്പെടുക. പരിധി വയ്ക്കാതെ, പരിധി

വയ്ക്കാത്ത ഈ സ്നേഹാനുഭവത്തിൽ ഉൾച്ചേരാൻ നമുക്കു കഴിയു ന്നുണ്ടോ? ഓർക്കുക. അനുദിനജീവിതത്തിൽ ഈ പരിധി വയ്ക്കാത്ത സ്നേഹം പ്രായോഗികമാക്കാൻ കിട്ടുന്ന എത്രയോ അവസരങ്ങൾ നാം നഷ്ടപ്പെടുത്തുന്നു.

- മദ്യപനായ സുഹൃത്തിനെ, അയൽക്കാരനെ, കുടുംബാംഗത്തെ പരിധി നിശ്ചയിക്കാതെ സ്നേഹിക്കാൻ...
- സ്നേഹം തണുത്തുറഞ്ഞ ജീവിതപങ്കാളിക്ക് ഔദാര്യസ്നേഹ ത്തിന്റെ ഊഷ്മളത പകരുവാൻ...-
- നമുക്കെതിരെ ദുഷ്ടത പ്രവർത്തിക്കുന്ന സഹപ്രവർത്തകനെ ആർദ്രതയോടെ സ്വീകരിക്കാൻ...

# 2

## മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ

ഈശോയും യഹൂദപ്രമാണിമാരും തമ്മിൽ വിവിധങ്ങളായ തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്. അത്തരത്തിലുള്ള സംവാദത്തിന്റെ മത്തായി സുവിശേഷത്തിലെ അവസാന അവതരണമാണ് മത്തായി 21-ാം അധ്യായത്തിൽ കാണുന്നത്. യഹൂദപ്രമാണിമാർ ഈശോയുടെ അധികാരത്തെ ചോദ്യം ചെയ്യുകയാണിവിടെ (21:23-27). ഈ തർക്കത്തിന്റെ സാഹചര്യത്തിൽ രണ്ടു പുത്രന്മാരുടെ ഉപമ (21:28-32), മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ (21:33-44), വിവാഹ വിരുന്നിന്റെ ഉപമ (22:1-14) എന്നീ മൂന്ന് ഉപമകളിലൂടെ ഈശോ ഇസ്രായേൽജനത്തിന്റെ തിന്മ വെളിപ്പെടുത്തുകയാണ്. ഈ മൂന്ന് ഉപമകളും ഈശോയോടുള്ള യഹൂദരുടെ ചോദ്യങ്ങൾക്കുള്ള ശക്ത മായ മറുപടിയാണ്. മൂന്ന് ഉപമകളിലെ രണ്ടാമത്തെ ഉപമയാണ് - മുന്തിരിത്തോട്ടത്തിലെ കൃഷിക്കാർ - ഇന്ന് സുവിശേഷത്തിൽ ശ്രവി ക്കുന്നത്.

പഴയനിയമത്തിന്റെ പശ്ചാത്തലത്തിലാണ് ഈശോ ഈ ഉപമ അവതരിപ്പിക്കുന്നത്. പഴയനിയമ സാഹചര്യവുമായി ബന്ധപ്പെട്ടു നില്ക്കുന്ന പല ആലങ്കാരിക പ്രത്യേകതകൾ ഈ പ്രതിപാദന ത്തിലുണ്ട്: മുന്തിരിത്തോട്ടം ഇസ്രായേലാണ്; കൃഷിക്കാർ ഇസ്രായേ ലിലെ നേതാക്കന്മാരാണ്; മുന്തിരിത്തോട്ടത്തിന്റെ ഉടമ ദൈവമാണ്; ഭൃത്യന്മാർ പ്രവാചകന്മാരാണ്; പുത്രൻ ഈശോയാണ്.

പലസ്തീനായുടെ പശ്ചാത്തലത്തിൽ ഈ ഉപമയെ മനസ്സിലാക്കാൻ സാധിക്കും. വിദേശീയരായ ധനിക ഭൂവുടമകൾ പലസ്തീനായിൽ കൃഷി നടത്തിയിരുന്നു. എന്നാൽ പാട്ടക്കരാർ വ്യവസ്ഥയിൽ സ്വദേശീയരായ കൃഷിക്കാർക്ക് പ്രസ്തുത ഭൂമി പാട്ടത്തിന് നല്കുന്ന രീതി നിലവിലിരുന്നു. വിളവെടുപ്പിന്റെ സമയമാകുമ്പോൾ ഭൂവുടമകൾ ഭൃത്യന്മാരെ അയച്ച് പ്രസ്തുത വിളവിന്റെ നിശ്ചിതവിഹിതം മേടിച്ചിരുന്നു. ഈ വ്യവസ്ഥയെ എതിർത്തിരുന്നവർ ആ പ്രദേശത്ത് ഉണ്ടായിരുന്നു. ഇക്കൂട്ടരാണ് ഭൃത്യന്മാരോട് നിർദ്ദയം പെരുമാറുന്നതും അവകാശിയെ വധിക്കാൻ ശ്രമിക്കുന്നതും.

**ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദൗത്യം നിർവഹിക്കുക**: മുന്തിരിത്തോട്ടം നട്ടുപിടിപ്പിക്കുകയും അതിനെ സംരക്ഷിക്കുവാൻ വേലികെട്ടുകയും മുന്തിരിച്ചക്ക് സ്ഥാപിക്കുകയും കാവൽഗോപുരം പണിയുകയും ചെയ്ത വീട്ടുടമസ്ഥൻ തോട്ടം പാട്ടക്കാരെ വിശ്വസിച്ച് ഏല്പിച്ചിരിക്കുകയാണ്. യജമാനന്റെ ഹിതം അനുസരിച്ച് ഏല്പിക്കപ്പെട്ടിരിക്കുന്ന ജോലി ചെയ്യുക എന്നതാണ് പാട്ടക്കാരുടെ ജോലി. വ്യക്തമായി പറഞ്ഞാൽ, വീട്ടുടമസ്ഥൻ വച്ചുപിടിപ്പിച്ച മുന്തിരിത്തോട്ടം സംരക്ഷിച്ച് ഫലദായകമായ തോട്ടമാക്കി അർഹമായ വിഹിതം യജമാനന് നല്കുക എന്നതാണ് പാട്ടക്കാരുടെ ദൗത്യം. വിവിധങ്ങളായ ദൗത്യങ്ങൾ ജീവിതത്തിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്നവരാണ് നമ്മൾ. ഈ ദൗത്യങ്ങളുടെ യഥാവിധിയുള്ള നിർവഹണത്തിനുവേണ്ട സാഹചര്യങ്ങളും ഒരുക്കപ്പെട്ടു നല്കിയിരിക്കുന്നു. ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദൗത്യങ്ങൾ സ്വാർത്ഥതാതപര്യത്തിനു വേണ്ടിയോ നിക്ഷിപ്ത ലക്ഷ്യങ്ങൾക്കു വേണ്ടിയോ ഉപയോഗിക്കുന്ന ഒരു സംസ്ക്കാരത്തിൽ നിന്ന് മാറി വീട്ടുടമസ്ഥനാം ദൈവത്തിന്റെ ഹിതത്തിനനുസരിച്ച് പ്രവർത്തിക്കേണ്ടവനാണ് യഥാർത്ഥ ക്രിസ്തുശിഷ്യൻ; മറിച്ചായിരിക്കുന്ന പക്ഷം, വീട്ടുടമസ്ഥന്റെ ദാസരെയും പുത്രനെയും വധിച്ച പാട്ടക്കാരെപ്പോലെ അപരന്റെ ജീവിതം നിഹനിക്കുന്ന സ്ഥിതിയിലേക്ക് ഒരുവൻ എത്തപ്പെടും.

**ആരാണെന്റെ ജീവിതത്തിന്റെ ഉറവിടമെന്ന് തിരിച്ചറിയുക:** മത്തായി 21:23-ൽ ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ഈശോയോട് പ്രധാന പുരോഹിതന്മാരും ജനപ്രമാണികളും ചോദിച്ചു: എന്തധികാരത്തിലാണ് നീ ഇതൊക്കെ ചെയ്യുന്നത്? നിനക്ക് ഈ അധികാരം നല്കിയത് ആരാണ്. ഈശോയുടെ അധികാരത്തെ ചോദ്യം ചെയ്യുന്ന ഇവർ അവിടത്തെ പ്രവൃത്തികളുടെ അധികാരകേന്ദ്രം ആരെന്നാണ്

ചോദിക്കുന്നത്. യഹൂദനേതാക്കളുടെ ചോദ്യത്തെ റബ്ബിമാരുടെ ശൈലിയിൽ മറുചോദ്യം ചോദിച്ചുകൊണ്ടാണ് ഈശോ നേരിടുന്നതെങ്കിലും, അവിടത്തെ മറുപടികൾ പിതാവായ ദൈവത്തിൽ നിന്നുള്ളതാണ് പുത്രനായ തന്റെ അധികാരമെന്ന തിരിച്ചറിവിൽ നിന്നുള്ളതായിരുന്നു.

ഈശോയുടെ പ്രവൃത്തികളുടെയെല്ലാം ഉറവിടം ദൈവം തന്റെ പിതാവാണെന്നുള്ള ഈശോയുടെ ബോധ്യമാണ്. ഈശോയുടെ ശിഷ്യരും ഈ ഒരു തിരിച്ചറിവിലേക്കാണ് വളർന്നു വരേണ്ടിയിരിക്കുന്നത്. ജീവിതത്തിലെ എല്ലാത്തരത്തിലുമുള്ള പ്രവർത്തനങ്ങൾക്കും രക്ഷകനായ ദൈവത്തിൽ നിന്നും കൃപ സ്വീകരിക്കുമ്പോഴാണ് ദൗത്യം പൂർണമായി നിർവഹിക്കുവാൻ സാധിക്കുന്നത്.

ഞാൻ ഉടമസ്ഥനല്ല; മറിച്ച് കാവൽക്കാരനാണ്: മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥന്റെ മകനെ വധിച്ച് തോട്ടത്തിന്റെ ഉടമസ്ഥാവകാശം അന്യായമായി കൈക്കലാക്കുവാൻ ശ്രമിച്ചുവെന്നതാണ് പാട്ടക്കാരായ വ്യക്തികളുടെ ഭാഗത്തുനിന്നുള്ള ഏറ്റവും വലിയ അപരാധം. മുന്തിരിത്തോട്ടം നട്ടുപിടിപ്പിക്കുകയും അത് വേലിക്കെട്ടുകൾക്കൊണ്ട് സംരക്ഷിക്കുകയും ഫലമെടുക്കാൻ മുന്തിരിച്ചക്ക് സ്ഥാപിക്കുകയും അതിൽ ഗോപുരം നിർമ്മിക്കുകയും ചെയ്ത പാട്ടക്കാർ അവർ ആരാണെന്നുള്ള യാഥാർത്ഥ്യം വിസ്മരിച്ചു. പാട്ടക്കാർ കാവൽക്കാർ മാത്രമാണ്. എല്ലാറ്റിന്റെയും യഥാർത്ഥ ഉടമസ്ഥൻ ദൈവമാണ് എന്ന സത്യം ആരും മറക്കരുതെന്ന് ഈശോ  പഠിപ്പിക്കുകയാണിവിടെ. ദൈവം ദാനമായി നല്കിയിരിക്കുന്ന ഈ ജിവിതം സംരക്ഷിക്കേണ്ടത് എന്റെ കടമയാണ്. കാത്ത് സംരക്ഷിക്കുകയെന്നതാണ് കാവൽക്കാരന്റെ ജോലി.

ഫലംതരാത്ത മുന്തിരിത്തോട്ടം നാശത്തിന് വിട്ടുകൊടുക്കപ്പെടും: ഇസ്രായേലിനെ നിറയെ ഫലം തരുന്ന ഒരു മുന്തിരിച്ചെടിയോടാണ് ഹോസിയ പ്രവാചകൻ ഉപമിച്ചിരിക്കുന്നത് (ഹോസി 10:1). മുന്തിരിച്ചെടിയിൽ ഫലമേറിയപ്പോൾ (ഇസ്രായേൽ വളർന്നപ്പോൾ) അത് ദൈവത്തോട് അവിശ്വസ്തത കാണിച്ചു. ഈ അവിശ്വസ്തതയാണ് ഇസ്രായേലിന്റെ ശിക്ഷകൾക്ക് കാരണമായത്. ഏശ 5:1-5-ൽ കർത്താവിന്റെ മുന്തിരിത്തോട്ടത്തിന്റെ ഒരു അവതരണമുണ്ട്. ഉടമസ്ഥൻ ഭൂമി കിളച്ച് കല്ലുകൾ നീക്കി വിശിഷ്ടമായ മുന്തിരിച്ചെടി നട്ടുപിടിപ്പിക്കുകയും തോട്ടത്തിന്റെ നടുവിൽ കാവൽമാടം പണിയുകയും ചെയ്തിട്ടും മുന്തിരിച്ചെടി കാട്ടിമുന്തിരിപ്പഴമാണ് പുറപ്പെടുവിച്ചത് (5:2). നല്ല ഫലം തരാത്ത മുന്തിരിത്തോട്ടം നാശത്തിന് വിട്ടുകൊടുക്കപ്പെടുകയും ചവിട്ടി മെതിക്കപ്പെടുകയും ചെയ്യും (5:5).

# 3

## മത്താ 21:33-44

ഭൗതികമായ എല്ലാ സംവിധാനങ്ങളും ഒരുക്കിയാണ് ദൈവം ഓരോ വ്യക്തിയെയും അസ്തിത്വത്തിലേക്കു കൊണ്ടുവരുന്നത്. മുന്തിരിത്തോട്ടം ഓരോ വ്യക്തിയുടെയും ഭൗതികജീവിതമാണ്. അവിടെ അവൻ നയിക്കേണ്ട സദ്ജീവിതവും (മുന്തിരിച്ചക്ക്) അവൻ പാലിക്കേണ്ട സുരക്ഷാമാർഗങ്ങളും (ഗോപുരം) ദൈവികമായ സംവിധാനം തന്നെയാണ്.

ഇപ്രകാരം സജ്ജീകൃതമായ ജീവിതത്തിൽ ദൈവത്തിനു നല്കേണ്ട വിഹിതമായി മതാത്മകതയെ മനസ്സിലാക്കണം. വിവിധ മതങ്ങൾ ദൈവത്തിന്റെ ഭൃത്യന്മാരാണ്. എല്ലാ മതങ്ങളുടെയും ദൗത്യവും ലക്ഷ്യവും ഒന്നുതന്നെ. എങ്കിലും ആധികാരികതയിലും ലക്ഷ്യപൂർത്തീകരണക്ഷമതയിലും ഇവ വ്യത്യാസം പുലർത്തുന്നുണ്ട്. ഇവയിൽ ഈശോമിശിഹാ (പുത്രൻ) പ്രഘോഷിച്ച മതസംവിധാനത്തെ അദ്വിതീയമായി കണക്കാക്കണം. എന്നാൽ, ആ സംവിധാനത്തെപ്പോലും ചോദ്യം ചെയ്യുകയും ധിക്കരിച്ചു നിരസിക്കുകയും ചെയ്യുന്ന ഒരു ഭൗതികവ്യവസ്ഥിതിയെ എങ്ങനെയാണു സമീപിക്കേണ്ടത് എന്നു സുവിശേഷഭാഗം അവതരിപ്പിക്കുന്നു.

### 2. റോമാ 8

ഈശോമിശിഹാ പ്രത്യേകിച്ചൊരു മതസംവിധാനം രൂപപ്പെടുത്തിയിട്ടില്ല. അവിടന്നു ഒരു യഹൂദനായിരുന്നതുകൊണ്ട് യഹൂദമതത്തെ പരിഷ്കരണവിധേയമാക്കി എന്നുമാത്രം. അവിടന്ന് ആവിഷ്കരിച്ച മതാത്മകതയുടെ ആധ്യാത്മികതയാണ് റോമ 8-ൽ വിശുദ്ധ പൗലോസ് വിശദീകരിക്കുന്നത്.: ഈശോമിശിഹായോട് ഐക്യപ്പെട്ടിരിക്കുന്നവർക്കു ശിക്ഷാവിധിയില്ല എന്നു പറഞ്ഞാണ് തുടക്കം. സുവിശേഷാനുസൃതമുള്ള ജീവിതമാണു വിവക്ഷ. ഈശോമിശിഹായിലുള്ള ജീവന്റെ അരൂപിയുടെ നിയമം എന്നാണ് സുവിശേഷത്തിനു നല്കിയിരിക്കുന്ന ശീർഷകം. ഈ നിയമം അനുസരിച്ചാണത്രെ ഈശോ തന്റെ ശരീരം കൊണ്ടു പാപപരിഹാരം നിർവഹിച്ചത്.

ശരീരത്തിന്റെ പ്രവണതകൾക്കനുസരിച്ചുള്ള ജീവിതം തന്നെയാണു പാപം. അതു മരണത്തിലേക്കു നയിക്കുന്നു. ആധ്യാത്മികതയുടെ മരണമാണിത്.

ഇതിനു വിപരീതമായി ജീവനിലേക്ക് ഒരുവനെ നയിക്കുന്നത് അരൂപിയുടെ ഇംഗിതമനുസരിച്ചുള്ള ജീവിതമാണ്. ഈ അരൂപി ദൈവപുത്രസ്വീകാര്യത്തിന്റെ അരൂപിയാണ്. ഒരുവനിൽ ജഡികപ്രവണതകൾ നിലനില്ക്കുന്നിടത്തോളംനാൾ ദൈവപുത്രസ്ഥാനത്തെത്തുവാൻ ഒരുവന് സാധ്യമല്ല.

**3. ജോഷ്വാ 7**

ജഡത്തെയും ജഡികപ്രവണതകളെയും വിജയിച്ചി അരൂപിക്കു പ്രവർത്തനസൗകര്യമൊരുക്കുന്നതു പോലെതന്നെയാണ് ജോഷ്വായും ദൈവജനവും ജെറിക്കോയുടെമേൽ വിജയം നേടിയത്. സുവിശേഷ കാഹളം ഈ രണ്ടു കാര്യങ്ങളിലും പങ്കുവഹിക്കുന്നു. നമ്മുടെ ശരീരം ജെറിക്കോയാണ്. എന്നാൽ, ജെറിക്കോ യിലെ നിഷിദ്ധവസ്തുക്കൾ കൈവശപ്പെടുത്തിയ ആഖാന്റെ പാപത്തിന് അവൻ ശിക്ഷിക്കപ്പെടുന്നതുവരെ ദൈവജനം ദുരിതത്തിലാകുന്നു.

**സാരാംശം**

യഹൂദമതസംവിധാനത്തിന്റെ പാളിച്ചകൾ പരിഹരിക്കുക മാത്രമായിരുന്നില്ല ഈശോമിശിഹായുടെ ദൗത്യവും ലക്ഷ്യവും. ഈശോ പഠിപ്പിച്ച മതാത്മകത എല്ലാ മതസംവിധാനങ്ങൾക്കും ഉള്ള തിരുത്തൽത്തന്നെ. അത് ആധ്യാത്മികജീവിതമാണ്. അതിനു യഹൂദമെന്നോ ഇസ്ലാമെന്നോ ഹൈന്ദവമെന്നോ ഉള്ള വ്യത്യാസമൊന്നും അവിടന്നു നിശ്ചയിച്ചിട്ടില്ല. എവിടെയായാലും ഏതു മതസംവിധാനത്തിലായാലും ഈശോ വിഭാവനം ചെയ്ത ആധ്യാത്മികത ആഴപ്പെടുമ്പോൾ അതു ക്രൈസ്തവം തന്നെ.

അതിന്, ഒന്നാമത് നമ്മുടെ അരൂപിയെ ഈശോമിശിഹായുടെ അരൂപിയോട് ഒന്നുചേർക്കണം; അങ്ങനെ നാം ദൈവമക്കളാകണം.

രണ്ടാമത്, ജഡത്തിന്റെ ആശകളെ മാറ്റി അരൂപിയുടെ ഇംഗിതങ്ങൾക്കനുസൃതം ജീവിതം കരുപ്പിടിപ്പിക്കണം.

ഈ രണ്ടു കാര്യങ്ങൾക്കുള്ള തീവ്രയത്നമാണ് യഥാർത്ഥ നോമ്പാചരണം. അതു മതപരമായ ഒരാചരണമല്ല; ക്രൈസ്തവമായ ജീവിതപരിശീലനമാണ്. അതിൽ മായം ചേർക്കരുത്; അതിനെ പൂഴ്ത്തിവയ്ക്കുകയോ മാറ്റിമറിക്കുകയോ അരുത്; അതിനെ ഇല്ലായ്മ ചെയ്കയുമരുത്.

# 4

**Josh 7:1-15/ Rom 8:12-17/ Mt 21:33-46**

## സമർപ്പണവസ്തു നശിപ്പിക്കപ്പെടണം (ഹെറെം)

1. നശിപ്പിക്കപ്പെടേണ്ടതു നശിപ്പിക്കപ്പെടുക തന്നെ വേണം. അതൊരിക്കലും സ്വന്തമാക്കരുത്. ദൈവജനം ഉടമ്പടി ലംഘിച്ചു; നിഷിദ്ധവസ്തു കൈവശപ്പെടുത്തി; മോഷ്ടിച്ചു; വഞ്ചനാപരമായി പെരുമാറി; ആ വസ്തു സ്വന്തമായവയിൽ ഉൾപ്പെടുത്തി.

2. ക്രിസ്തുശിഷ്യനു ഭൗതികജീവിതം ഹെറെം. ജഡം അവനു സമർപ്പണവസ്തു. അതിനോട് ആഭിമുഖ്യം പുലർത്തുന്നത് മോഷണമാണ്; വഞ്ചനയാണ്; വിനാശവസ്തു കൈവശപ്പെടുത്തലാണ്. ജഡികപ്രവണതകൾക്കനുസരിച്ചു ജീവിക്കുവാൻ നാം ജഡത്തിനു കടപ്പെട്ടവരല്ല. ശരീരം അരൂപിയുടെ പ്രവർത്തനോപകരണം മാത്രം. അതുകൊണ്ടാണ് ശരീരത്തിന്റെ പ്രവണതകളെ അരൂപി നിഹനിക്കുമ്പോൾ നിങ്ങൾ ജീവിക്കും എന്നു പറഞ്ഞിരിക്കുന്നത്. അങ്ങനെ ജീവിക്കുന്നവരാണ് ദൈവമക്കൾ. ക്രിസ്തുശിഷ്യത്വം ഒരുവനെ ദൈവത്തിന്റെ മകൻ/മകൾ ആയി ഉയർത്തുന്നു.

3. ദൈവത്തിന്റെ പുത്രനെ നശിപ്പിച്ചാൽ ജഡത്തിന്റെ പുത്രൻ അവകാശിയാകും എന്ന് ദൈവനിഷേധികൾ കരുതുന്നു. എന്നാൽ ദൈവം അവരുടെ പദ്ധതികൾ നശിപ്പിക്കുക തന്നെ ചെയ്യും.

ആധ്യാത്മികതയോ? അതിനെ കൊല്ലണം! ഉടമസ്ഥവകാശമോ? നമുക്കതു സ്വന്തമാക്കണം എന്ന വീക്ഷണം ഭൗതികവാദികൾ ഉയർത്തുന്നതിനു വെല്ലുവിളിയായാണ് വിവിധ മതസംവിധാനങ്ങൾ ആവിർഭവിച്ചിട്ടുള്ളത്. ഭൃത്യന്മാരെ അയച്ചു എന്നത് സൂചിപ്പിക്കുന്നത് ഇതാണ്, എന്നാൽ ഈ ഭൃത്യന്മാർ ലക്ഷ്യം നേടിയില്ല.

ഈശോയ ദൈവപുത്രനായി ഉയർത്തിക്കാട്ടുന്ന ക്രിസ്തീയ വീക്ഷണമാണ് സ്വപുത്രനെത്തന്നെ അയച്ചു എന്ന പ്രസ്താവനയിലുള്ളത്. എന്നാൽ ഈ വീക്ഷണത്തിനും ഉദ്ദിഷ്ടലക്ഷ്യം പ്രാപിക്കാനാത്തവിധം ജഡത്തിന്റെ സ്വാധീനശക്തി ഏറെ പ്രബലമാണെന്ന്, ഈശോ പറഞ്ഞ ഉപമ പരോക്ഷസൂചന നല്കുന്നു. ഇനിയെന്ത്? ദൈവം ശക്തമായി ഇടപെട്ട് മൃതനായ ദൈവപുത്രനെ ഉയിർപ്പിച്ച് ദൈവത്തിനുള്ള അവകാശം കൈയടക്കും എന്നുതന്നെ മനസ്സിലാക്കണം.

# നോമ്പ് നാലാം തിങ്കൾ

## യോഹ 5:1–18

മുപ്പത്തിയെട്ടു വർഷമായി സൗഖ്യം കിട്ടണമെന്ന വലിയ ആഗ്രഹത്തോടെ ബേത്സഥാ കുളക്കരയിൽ കിടന്നിരുന്ന തളർവാത രോഗിയെ ഈശോ സുഖപ്പെടുത്തുന്ന സംഭവമാണ് സഭാമാതാവ് ഇന്ന് നമ്മുടെ മുമ്പിൽ വിചിന്തനത്തിനായി തരുന്നത്. ഈശോ അവനോട് ചോദിക്കുന്നു, നിനക്ക് സുഖം പ്രാപിക്കാൻ ആഗ്രഹമുണ്ടോ? ഉത്തരം ഉവ്വ് കർത്താവേ എന്നു മാത്രം മതിയായിരുന്നു. എന്നാൽ അവൻ, മാലാഖ വെള്ളം ഇളക്കുമ്പോൾ അതിൽ ഇറങ്ങാൻ പറ്റാത്ത ദയനീയ അവസ്ഥയെപ്പറ്റി പറഞ്ഞുകൊണ്ട് രോഗശാന്തി കിട്ടാത്തതിന്റെ കാരണങ്ങൾ നിരത്താൻ തുടങ്ങി. അവൻ പറയുന്നു, എന്നെ കുളത്തിൽ ഇറക്കാൻ ആരുമില്ല. ഈശോ അവനെക്കൊണ്ട് കൂടുതൽ വിശദീകരണം പറയിപ്പിക്കുന്നില്ല. ഈശോ അവനോടു പറഞ്ഞു; കിടക്കയുമെടുത്ത് നടക്കുക. അവൻ തൽക്ഷണം സുഖം പ്രാപിച്ച് കിടക്കയുമെടുത്ത് നടന്നു. തീർച്ചയായും ഈശോയുടെ തിരുവചനങ്ങൾ അവന്റെയുള്ളിൽ വലിയ ഒരു വിശ്വാസവിസ്ഫോടനമുണ്ടാക്കി. ഇവിടെ തളർവാത രോഗി ദൈവവചനത്തിന്റെ ശക്തി അറിഞ്ഞു, അനുഭവിച്ചു, വിശ്വസിച്ചു, സൗഖ്യം പ്രാപിച്ചു.

നമ്മളിൽ പലരും നീണ്ട വർഷങ്ങളായി തളർവാതരോഗ ങ്ങൾ ശരീരത്തിലും, മനസ്സിലും, ആത്മാവിലും വഹിച്ചു നടക്കുന്നവരാണ്. സൗഖ്യം നേടുവാൻ വലിയ ആഗ്രഹത്തോടെ തീർത്ഥാടന കേന്ദ്രങ്ങളിൽ പോകാറുണ്ട്. നമുക്ക് സൗഖ്യം കിട്ടുന്നതിനു നമ്മൾ ഒരുപാട് കാരണങ്ങളും സ്ഥിരം നിരത്താറുമുണ്ട്. ഇന്ന വ്യക്തിയ്ക്ക് പ്രാർത്ഥിപ്പിക്കാൻ കഴിഞ്ഞില്ല, ഇന്ന തീർത്ഥാടന കേന്ദ്രത്തിലോ ധ്യാനകേന്ദ്രത്തിലോ പോകാൻ കഴിഞ്ഞില്ല എന്നൊക്കെ നമ്മളിൽ പലരും മിക്കപ്പോഴും പറയാറുണ്ട്.

ഈശോ ഇന്ന് നമ്മൾ ഓരോരുത്തരോടും ചോദിക്കുകയാണ് നിനക്ക് സുഖം പ്രാപിക്കുവാൻ ആഗ്രഹമുണ്ടോ എന്ന്. വർഷങ്ങളായി നമ്മൾ കൊണ്ടു നടക്കുന്ന മനസ്സിന്റെ ദുഃഖങ്ങൾ, ശരീരത്തിന്റെ രോഗങ്ങൾ, ആത്മാവിന്റെ നൊമ്പരങ്ങൾ എല്ലാം സൗഖ്യപ്പെടുത്തു വാൻ അവിടുത്തേയ്ക്കു സാധിക്കും. വിശ്വസിച്ചാൽ നീ ദൈവമഹത്വം കാണും എന്ന് ഈശോ നമ്മെ ഓരോരുത്തരെയും നോക്കി പറയുന്നു . അവിടുത്തേയ്ക്ക് അസാധ്യമായി ഒന്നുമില്ല

# നോമ്പ് നാലാം ചൊവ്വ

## യോഹ 5:19-47

പാപം മൂലം ദൈവപുത്രസ്ഥാനം നഷ്ടപ്പെട്ട മനുഷ്യനെ ദൈവത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരുവാനും അങ്ങനെ നമുക്ക് നഷ്ടപ്പെട്ട ദൈവപുത്രസ്ഥാനം നേടിത്തരുവാനും ആണ് ഈശോ മിശിഹാ പിതാവിനാൽ

അയയ്ക്കപ്പെട്ടത്. പിതാവ് ചെയ്യുന്ന എല്ലാ കാര്യങ്ങളും ചെയ്യുവാനുള്ള ശക്തിയും ആധികാരവും ഈശോയ്ക്കു നൽകപ്പെട്ടിരിക്കുന്നുവെന്ന് അവിടുന്ന് ഇന്നത്തെ സുവിശേഷത്തിലൂടെ വ്യക്തമാക്കുന്നു. മനുഷ്യരായ നമ്മൾ പാപം മൂലം രണ്ടുതരം മരണങ്ങൾക്ക് വിധേയരാണ്- ആത്മീയ മരണവും ശാരീരിക മരണവും. മാംസം ധരിച്ച് വചനമായിത്തീർന്ന അവിടുത്തേയ്ക്ക് മാത്രമേ യഥാർത്ഥ സത്യമെന്താണെന്ന് അറിയുക.

സുവിശേഷമായ അവിടുന്ന് വെളിപ്പെടുത്തുന്ന സത്യങ്ങൾ വിശ്വസിച്ച് നമ്മൾ രക്ഷപ്രാപിക്കണമെന്നതാണ് ദൈവിക പദ്ധതി. സത്യത്തിനു സാക്ഷ്യം വഹിക്കുവാൻ പിതാവിനാൽ അയയ്ക്കപ്പെട്ട അവിടുന്ന് ആധികാരികതയുടെ പിൻബലത്തോടെ ഊന്നി പറയുന്നു; സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനിൽ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യ ജീവനുണ്ട്. ഈ തിരുവചനത്തിൽ നിന്നും വ്യക്തമാകുന്നത് മിശിഹായുടെ വചനം ശ്രവിക്കാതിരിക്കുകയും പിതാവിൽ വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നവനിൽ നിത്യജീവൻ ഇല്ല എന്നതാണ്. നിത്യ ജീവൻ നഷ്ടപ്പെടുത്തുന്നതാണ് യഥാർത്ഥ മരണം.

ഈ സുവിശേഷഭാഗം വ്യക്തമാക്കുന്നത് നിത്യജീവൻ പ്രാപിക്കുന്നതിന് നിർബന്ധമായും രണ്ടു കാര്യങ്ങൾ നമ്മൾ ചെയ്തിരിക്കണം എന്നാണ്. ഒന്നാമത്തെ കാര്യം ഈശോയുടെ സുവിശേഷം നമ്മൾ താൽപ്പര്യത്തോടെ ശ്രവിക്കണം എന്നതാണ്. രണ്ടാമതായി ഈ ശ്രവണം പിതാവായ ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തിലേയ്ക്ക് നമ്മെ നയിക്കണം. പിതാവു ചെയ്യുന്നതെല്ലാം പുത്രനും ചെയ്യുന്നു. പിതാവു മരിച്ചവരെ എഴുന്നേൽപ്പിച്ച് അവർക്ക് ജീവൻ നൽകുന്നതുപോലെ തന്നെ പുത്രനും താൻ ഇഛിക്കുന്നവർക്ക് ജീവൻ നൽകുന്നു .

പിതാവിന്റെ ഇച്ഛയും ഈശോമിശിഹായുടെ ഇച്ഛയും ഒന്നുതന്നെയാണ്. നമ്മൾ ഒരോരുത്തരും ഈശോമിശിഹായിലൂടെ

ദൈവപുത്രസ്ഥാനത്തേക്ക് ഉയർത്തപ്പെട്ട് നിത്യജീവൻ പ്രാപിക്കുക എന്നതാണ്. എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ. 3:16).

രക്ഷയുടെ സമയത്ത് ജീവിക്കുന്ന നമ്മൾക്ക് ഓരോരുത്തർക്കും ഈ നോമ്പുകാലത്ത് വലിയ ആഗ്രഹത്തോടും ദാഹത്തോടും ഈശോയുടെ സ്വരം ശ്രവിക്കുവാൻ, അനുദിന ദിവ്യബലിയും, വചനശ്രവണവും, ബൈബിൾ വായനയും, പ്രാർത്ഥനയും ഫല പ്രദമായി ഉപയോഗിക്കാം. ഇവയെല്ലാം പിതാവായ ദൈവത്തിൽ അടിയുറച്ച വിശ്വസിച്ച് നിത്യജീവൻ പ്രാപിക്കുന്നതിനു സഹായക മായിത്തീരട്ടെയെന്ന് പരിശുദ്ധ റൂഹായോടെ ഇന്ന് നമ്മൾക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

# നോമ്പ് നാലാം ബുധൻ

### യോഹ 6:51-69

മനുഷ്യന് എന്തിലെങ്കിലും വിശ്വസിക്കുക എന്നത് അവന്റെ സ്വഭാവത്തിൽ തന്നെയുള്ളതാണ്. ചിലർ ചില ആശയങ്ങളിൽ വിശ്വ സിക്കുകയും അതിനായി തങ്ങളുടെ ജീവിതം മാറ്റി വെയ്ക്കുകയും ചെയ്യുന്നു. മിക്കപ്പോഴും ഈ ആശയങ്ങൾ അവരുടെ സ്വന്തം മനസ്സിൽ ഉദയം ചെയ്തവയോ അല്ലെങ്കിൽ തങ്ങൾ ആദർശപുരുഷന്മാരായി സ്വീകരിച്ചിരുന്നവരുടെ മനസ്സിൽ ഉദയം ചെയ്തവരോ ആകാം. ഭൗതിക വാദം അല്ലെങ്കിൽ ആത്മീയവാദം എന്നിങ്ങനെ ഈ വിശ്വാസങ്ങളെ രണ്ടു ഗണത്തിൽപ്പെടുത്താം. പക്ഷേ, ഇവയ്ക്കൊന്നും മനുഷ്യന് നിത്യജീവൻ നൽകുവാനോ, ശാശ്വത സമാധാനവും സന്തോഷവും പ്രദാനം ചെയ്യുവാനോ കഴിയുകയില്ല.

ഈശോ പറയുന്നു ആത്മാവാണ് ജീവൻ നൽകുന്നത്. ഞാൻ നിങ്ങളോടു പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്. നമ്മൾ അവിടെയും ഇവിടെയും ഓടി നടന്നതുകൊണ്ട് നിത്യജീവനിൽ എത്തിച്ചേരുവാൻ സാധിക്കുകയില്ല. ദൈവികജീവൻ നഷ്ടപ്പെടുത്തി യവരാണ് മനുഷ്യവർക്ഷം എന്നും, മാമ്മോദീസാ വഴി ദൈവിക ജീവനിൽ പ്രവേശിച്ചവരാണെന്നും ജീവിത്തിന്റെ ഓരോ നിമിഷവും ഓർക്കണം. പൗലോസ് ശ്ലീഹാ പറയുന്നതു പോലെ, പരമമായ ശക്തി ദൈവത്തിന്റേതാണ് ഞങ്ങളുടേതല്ല എന്ന് വെളിപ്പെടുത്തുന്നതിന് ഈ നിധി മൺപാത്രങ്ങളിലാണ് ഞങ്ങൾക്ക് ലഭിച്ചിട്ടുള്ളത് (2 കോറി. 4:7).

എപ്പോൾ വേണമെങ്കിലും ഈ നിധി തകരാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ ഓരോ നിമിഷവും നമ്മൾ ശ്രദ്ധയോടെ ദൈവകൃപയിൽ ജീവിക്കണം.

ക്രിസ്ത്യാനികളായ നമ്മൾ ഓരോരുത്തരും പിതാവിന്റെ വരം ലഭിച്ചവരാണ്. പിതാവായ ദൈവം നമുക്ക് തന്നിട്ടുള്ള വരം, അവിടുന്ന് നമ്മുടെ പേരിൽ നിക്ഷേപിച്ചിട്ടുള്ള ദൈവകൃപയുടെ നിക്ഷേപങ്ങൾ ആണ്. പിതാവ് ആഗ്രഹിക്കുന്ന വിധം ദൈവമകൻ/മകൾ ആയി വളരുവാൻ ആവശ്യമായ നിക്ഷേപങ്ങൾ ഈശോമിശിഹായിൽ നമുക്കായി കരുതി വെച്ചിട്ടുണ്ട്. പരിശുദ്ധാത്മാവിന്റെ വരങ്ങളും, ദാനങ്ങളും, ഫലങ്ങളും ആണ് ഈ നിക്ഷേപങ്ങൾ. അവ സ്വീകരിച്ച് പരിശുദ്ധ റൂഹായിൽ വളരുവാൻ നമ്മൾക്ക് സാധിക്കണം. ഈ നിക്ഷേപങ്ങൾ ശരിയായ വിധം ലഭിക്കുവാനും അവ ഉപയോഗിച്ച് ദൈവികജീവനിൽ വളരുവാനും നമ്മൾ ചെയ്യേണ്ടകാര്യം ദൈവത്തിന്റെ പരിശുദ്ധനായ മിശിഹായിൽ വിശ്വസിക്കണം. എന്തെന്നാൽ അവന്റെ വാക്കുകൾ നമ്മൾക്ക് ആത്മാവും ജീവനുമാണ്. നിത്യജീവന്റെ ഈ വചസ്സുകൾ കേട്ട് ഈശോമിശിഹായിൽ വിശ്വസിക്കുന്ന എല്ലാവർക്കും പിതാവിന്റെ വരം സമൃദ്ധമായി ലഭിക്കും. ആ വരം ലഭിക്കുവാനായി നോമ്പിന്റെ ഈ ദിവസം നമ്മൾക്ക് ഒരുങ്ങുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

# നോമ്പ് നാലാം വ്യാഴം

## യോഹ 7:1–13

നന്മയെയും തിന്മയെയും വിവേചിച്ചറിഞ്ഞ് മറ്റുള്ളവർക്ക് നന്മ ചെയ്യുന്നവർ കുരിശിലേറ്റപ്പെടുക സാധാരണമാണ്. ക്രിസ്തുവിന്റെ പ്രവർത്തനം അത്തരത്തിൽ ആയിരുന്നു. സ്വയം വെളിപ്പെടുത്താൻ ഒരുപാട് ആളുകൾ അവനെപ്രേരിപ്പിച്ചു. പക്ഷേ മഹത്വീകരണത്തിന്റെ സമയം വരെ അവൻ നിശബ്ദനായിരുന്നു. സമയത്തിന്റെ പൂർത്തീകരണത്തിനായി കാത്തിരുന്നു. ദൈവീക പദ്ധതി അതിന്റെ സമയത്ത് നിറവേറും അതിനോട് സഹകരിക്കുകയാണ് നമ്മേ സംബന്ധിച്ചുള്ള ദൈവപദ്ധതി.

അവന്റെ സഹോദരന്മാർപോലും അവനിൽ വിശ്വസിച്ചിരുന്നില്ല = ബന്ധവും സ്വന്തവുമൊന്നും ക്രിസ്തുശിഷ്യത്വത്തിന്റെ കാര്യത്തിൽ പ്രയോജനപ്പെടില്ല.

നീ... നിന്നെത്തന്നെ ലോകത്തിനു വെളിപ്പെടുത്തുക = അവർക്കു വേണ്ടത് അധികാരവും പ്രശസ്തിയുമാണ്.

എന്റെ സമയം ആയിട്ടില്ല.... നിങ്ങൾക്ക് എപ്പോഴും അനുകൂല സമയ മാണല്ലോ = സ്ഥലകാലസാഹചര്യങ്ങൾ കണക്കിലെടുത്തുള്ള ക്രിസ്തു ശിഷ്യത്വമേ അവർക്കു സ്വീകാര്യമായിട്ടുള്ളൂ. അതിനുള്ള മാർഗങ്ങൾ അവർ അവലംബിക്കും.

ലോകത്തിനു നിങ്ങളെ വെറുക്കാൻ സാധിക്കുകയില്ല. ...അത് എന്നെ വെറുക്കുന്നു = ഭൗതകതാത്പര്യങ്ങളുമായി പൊരുത്തപ്പെടുന്നെങ്കിലേ അവർ ക്രിസ്തുശിഷ്യത്വത്തെപ്പറ്റി ചിന്തിക്കുകയുള്ളൂ.

# നോമ്പ് നാലാം വെള്ളി

## യോഹ 7:14-36

ഇശോ ജറുസലേമിലെത്തിയിരിക്കുകയാണ്. യഹൂദരെല്ലാം കൂടാരപെരുന്നാൾ ആചരിക്കുവാൻ വന്നിരിക്കുകയാണ്. അവരുടെ സംസാരവിഷയം ഈശോ ആണ്. ചിലർ ഈശോയുടെ പ്രബോധന ങ്ങളിൽ വിശ്വസിക്കുകയും അവിടുത്തെ അനുഗമിക്കുകയും ചെയ്തി രുന്നു. മറ്റുചിലർ അവന്റെ പ്രബോധനങ്ങളിൽ അരിശം പൂണ്ട് അവനെതിരായി തിരിയുന്നു. അവനെ ഏതുവിധേനയും ഇല്ലന്നാക്കു വാൻ അവർ ശ്രമിക്കുന്നു. അവൻ ജറുസലേമിലേയ്ക്ക് വരുന്ന അവസരം നോക്കി അവനെ വധിക്കുവാൻ ആലോചന നടന്നിരുന്നു. അതിനാൽ തന്നെ ഈശോയെ ജറുസലേമിലേക്ക് കൂടാരതിരുന്നാളി നോടനുബന്ധിച്ച് എത്തിക്കുവാൻ ഒരുകൂട്ടർ ശ്രമിച്ചിരുന്നു. വേറൊരു കൂട്ടർ ഈശോയ്ക്ക് എന്ത് സം വിക്കും ഈ പോക്ക് പോയാൽ എന്ന് വീക്ഷിച്ചുകൊണ്ട് നടന്നിരുന്നു. എന്നാൽ അവനോടൊപ്പം പോയി മരിക്കുവാൻ തയ്യാറായിരുന്ന ആളുകളും ഉണ്ടായിരുന്നു.

ഇന്നത്തെ വചനഭാഗത്തിന്റെ പശ്ചാത്തലം കൂടാരതിരുന്നാ ളാണ്. തിഷരിമാസത്തിൽ ആചരിക്കുന്ന തിരുന്നാളാണ് ഇത്. ഹീബ്രു കലണ്ടർ അനുസരിച്ച് തിഷരിമാസം ആധുനീക കലണ്ടർ പ്രകാരം സെപ്തംബർ - ഒക്ടോബർ മാസത്തിലാണ്. ഈശോ ജനത്തോട് പറയുന്നു എന്റെ സമയം ആയില്ലാ എന്ന്. കാരണം ഈശോ വന്നത് ലോകത്തിന്റെ പാപം വഹിക്കുന്ന പെസഹാകുഞ്ഞാടായിട്ടാണ്. പെസഹാകുഞ്ഞാട് അർപ്പിക്കപ്പെടേണ്ടത് നീസാൻ (മാർച്ച്- ഏപ്രിൽ) മാസമാണ്. അതിനാലാണ് എന്റെ സമയമായില്ലാ എന്ന് ഈശോ പറയുന്നത്. പിതാവ് ഏൽപിച്ചിരിക്കുന്ന ഉത്തരവാദിത്വം നിറവേറ്റു ന്നതിന് സമയത്തിന്റെ പൂർത്തീകരണത്തിനായി കാത്തിരിക്കുന്ന ഈശോയെയാണ് നാം കാണുന്നത്. ഈശോ ഇന്ന് നമുക്ക് നൽകുന്ന പാഠം എല്ലാത്തിനും ഒരു സമയം ഉണ്ട് എന്നും അതിനായി

കാത്തിരിക്കണം എന്നുമാണ്. നമുടെ ഹിതത്തിനുള്ള സമയമല്ല ദൈവഹിതത്തിനജനു സമയം. നമ്മിൽ ദൈവഹിതം നിറവേറ്റുവാൻ അവിടുന്ന് നിശ്ചയിച്ചിരിക്കുന്ന സമയത്തിനായ നമുക്ക് കാത്തിരിക്കാം.

## നോമ്പ് നാലാം ശനി

### യോഹ 7,45-53

ഇന്നത്തെ തിരുവചന ഭാഗത്ത് നിക്കൊദേമോസിന്റെ ചോദ്യം നമ്മുടെ ശ്രദ്ധ വിളിക്കുന്നു. ഒരുവനു പറയാനുള്ളത് ആദ്യം കേൾക്കാതെയും അവനെന്താണു ചെയ്യുന്നതെന്ന് അറിയാതെയും അവനെ വിധിക്കാൻ നമ്മുടെ നിയമം അനുവദിക്കുന്നുണ്ടോ? നിയമത്തെ നല്ലതുപോലെ പഠിക്കുകയും അതു പാലിക്കുന്നതിൽ കാർക്കശ്യം പുലർത്തുകയും ചെയ്തിരുന്ന പരിസേയർ നിയമത്തിനു നേരേ കണ്ണടക്കുന്നതാണ് നാം കാണുന്നത്. അതുപോലെ തന്നെ അവർ നിയമത്തെ തങ്ങളുടെ ആവശ്യപ്രകാരം വളച്ചൊടിക്കുന്നു. ആധുനീക സമൂഹത്തിലും കാണുന്ന രണ്ട് തിന്മകളാണ് നിയമത്തിന് നേരെ കണ്ണടയ്കുക്ന്നതും, സ്വാർത്ഥതാത്പര്യങ്ങൾക്ക് വേണ്ടി നിയമങ്ങളെ വളച്ചൊടിക്കുന്നതും,

അർത്ഥസത്യങ്ങൾ വിളിച്ച് പറഞ്ഞ മറ്റുള്ളവരെ വിധിക്കുന്നതും. തിരുവചനം ഇന്ന് നമ്മോട് പറയുന്നു ആരെയും വിധിക്കരുത്. കാരണം നമുക്ക് ആരെക്കുറിച്ചും പൂർണ്ണമായ അറിവ് ഇല്ല. എല്ലാവരെയും അറിയുന്ന ദൈവത്തിന് മാത്രമേ വിധിയാളനാകുവാൻ സാധിക്കുകയുള്ളു. തിരുവചനം നമ്മെ ഓർമിപ്പിക്കുന്നു മറ്റുള്ളവരെക്കുറിച്ച് അഭിപ്രായം പറയുന്നതിന് മുൻപ് അവരുടെ ഭാഗം ശ്രവിക്കണം.

# നോമ്പ് അഞ്ചാം ഞായർ

### ഉൽപ. 16:6-16, ജോഷ്വ. 9:16-27, റോമ. 12:1-11, യോഹ 7:37-52+8:12-20

## ജീവജലത്തിന്റെ അരുവി ലോകത്തിന്റെ പ്രകാശം

കൂടാരത്തിരുന്നാളിന്റെ അവസാനദിനം ദേവാലയത്തിൽ പ്രധാനമായും സംഭവിക്കുന്ന മൂന്ന് കാര്യങ്ങളാണ് യോഹന്നാൻ 7:37-8:59-ൽ പ്രതിപാദിക്കുന്നത്. 1. താൻ ജീവജലമാണെന്നുള്ള ഈശോയുടെ വെളിപ്പെടുത്തലും അതേത്തുടർന്ന് ഫരിസേയരുടെയും

ജനങ്ങളുടെയുമിടയിൽ ഉണ്ടായ ഭിന്നത (7:37-52). 2. താൻ ലോകത്തിന്റെ പ്രകാശമാണെന്നുള്ള ഈശോയുടെ പ്രഖ്യാപനവും അതെത്തുടർന്നുള്ള ഭാവാതത്മകവും നിഷേധാത്മകവുമായ പ്രതികരണങ്ങൾ (8:12-30). 3. താൻ പിതാവായ ദൈവത്തിൽ നിന്നുള്ളവനാണെന്ന ഈശോയുടെ പഠിപ്പിക്കൽ; ഈശോയുടെയും യഹൂദരുടെയും ഉത്ഭവത്തെ അല്ലെങ്കിൽ ഉറവിടത്തെ സംബന്ധിച്ചുള്ള തർക്കങ്ങൾ (8:31-59).

ഈ മൂന്ന് സുപ്രധാന സംഭവങ്ങളിലെ (7:37-8:59) ഒന്നാമത്തെ സംഭവത്തിന്റെ (7:37-52) ആദ്യഘട്ടമാണ് ഇന്നത്തെ സുവിശേഷത്തിന്റെ ആദ്യഭാഗം (7:37-39). രണ്ടാമത്തെ സംഭവത്തിന്റെ (8:12-30) ആദ്യഘട്ടമാണ് ഇന്നത്തെ സുവിശേഷത്തിന്റെ രണ്ടാം ഭാഗം (8:12-20). ഈശോ ആരാണ് എന്നതാണ് ഈ സുവിശേഷഭാഗ ത്തിന്റെ പ്രധാന പ്രമേയം.

കൂടാരത്തിരുന്നാൾ: വിശുദ്ധ ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ വിളവെടുപ്പിന്റെ ഉത്സവമാണ് കൂടാരത്തിരുന്നാൾ (പുറ 23:16; നിയമ 16:13). വയലിലെ വിളവെടുപ്പിന് ശേഷം ഇസ്രായേൽജനം ഏഴ് ദിവസത്തേക്ക് കർത്താവിന്റെ കൂടാരത്തിരുന്നാൾ ആഘോഷിച്ചിരുന്നു. ഇസ്രായേൽജനം ഈജിപ്തിൽനിന്ന് പോന്നപ്പോൾ കൂടാരങ്ങളിലാണ് താമസിച്ചതെന്ന് ഇത് ഓർമ്മിപ്പിക്കുന്നു (ലേവ്യ 23:42). മരുഭൂമിയിൽ ദീപസ്തംബമായി വർത്തിച്ച ദൈവത്തെ ഓർക്കുവാൻ ഈ തിരുന്നാളിനോടനുബന്ധിച്ച് ദേവാലയപരിസരം മുഴുവൻ ദീപങ്ങളാൽ അലങ്കരിച്ചിരുന്നു. സീലോഹാ കുളത്തിലെ ജലം കൊണ്ടുവന്ന് പുരോഹിതൻ ഏഴ് പ്രാവശ്യം ബലിപീഠത്തിന് പ്രദക്ഷിണം വയ്ക്കു കയും ബലിപീഠത്തിലെ ദഹനവസ്തുക്കളിൽ ആ ജലം തളിക്കുകയും ചെയ്യുന്ന പതിവും ഈ തിരുന്നാളിനോടനുബന്ധിച്ച് ഉണ്ടായിരുന്നു. മരുഭൂമിയിലൂടെയുള്ള ഇസ്രായേൽജനത്തിന്റെ യാത്രയിൽ ജലക്ഷാമം അനുഭവപ്പെട്ടപ്പോൾ ദൈവകൃപയാൽ മോശ പാറയിൽ അടിച്ച് ജലം നല്കിയതിനെയും (ഉത്പ 21:19) ഇത് അനുസ്മരിപ്പിക്കുന്നത്. ഈ ഓർമ്മകൾ ആചരിക്കുന്ന തിരുന്നാളിന്റെ അവസരത്തിലാണ് ജീവജല ത്തിന്റെ അരുവിയെക്കുറിച്ചും ലോകത്തിന്റെ പ്രകാശത്തെക്കുറിച്ചും ഈശോ പറയുന്നത്. അക്കാരണത്താൽ ഈശോയുടെ വചനങ്ങൾ മനസ്സിലാക്കേണ്ടത് കൂടാരത്തിരുന്നാളിന്റെ പശ്ചാത്തലത്തിൽ ആയിരിക്കണം.

**ദാഹം ശമിപ്പിക്കുന്നവൻ ഈശോ:** കൂടാരത്തിരുന്നാളിലെ പ്രത്യേക ആഘോഷങ്ങൾക്കും അനുഷ്ഠാനങ്ങൾക്കുമിടയിൽ സമൂഹമധ്യേ എഴുന്നേറ്റ് നിന്ന് ഈശോ ഉച്ചത്തിൽ പറഞ്ഞു:

ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ (7:37). ലോകത്തിലെ ഒരു വസ്തുവിനും പൂർണമായി ശമിപ്പിക്കുവാൻ സാധിക്കാത്ത വിധത്തിലുള്ള ഒരു ഉൾദാഹം എല്ലാ മനുഷ്യരിലുമുണ്ട്. നിത്യജീവനു വേണ്ടിയുള്ളതാണ് ഈ ദാഹം. ഈ ദാഹത്തെ ശമിപ്പിക്കുവാൻ കഴിവുള്ളവൻ ഈശോ മാത്രമാണെന്ന് ഇവിടെ പഠിപ്പിക്കുന്നു. മനുഷ്യരിലെ ഈ അന്തർദാഹം ഈശോ ശമിപ്പിക്കുന്നത് പരിശുദ്ധാത്മാവിനെ നല്കിക്കൊണ്ടാണ്. ജീവജലം ഇവിടെ അർത്ഥമാക്കുന്നത് പരിശുദ്ധാത്മാവിനെയാണ്.

**ജീവജലം ഈശോയിൽ നിന്ന്:** എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതിപോലെ ജീവജലത്തിന്റെ അരുവികൾ ഒഴുകും (7:58). ഈശോയിൽ നിന്നാണോ മറിച്ച് ഈശോയിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നാണോ ജീവജലം വരുന്നത് എന്ന ഒരു ചർച്ച. ഈ ഭാഗത്തെ അടിസ്ഥാനമാക്കി വ്യാഖ്യാതാക്കളുടെ ഇടയിൽ നിലനിന്നിരുന്നു. ആരാണ് ജീവജലത്തിന്റെ ഉറവിടം എന്നതാണ് ഇവിടത്തെ ചോദ്യം. ഈശോയിൽ നിന്ന് ജീവജലം പാനം ചെയ്യുന്നവർക്ക് മറ്റുള്ള വ്യക്തികൾക്ക് ജീവജലം നല്കാൻ സാധിക്കുമെന്ന ഒരു വ്യാഖ്യാനം നിലനില്ക്കുന്നുവെങ്കിലും ജീവജലത്തിന്റെ യഥാർത്ഥ ദാതാവ് വിശ്വാസിയല്ല മറിച്ച് ഈശോ തന്നെയാണ് എന്നാണ് മനസ്സിലാക്കേണ്ടത് (യോഹ 4:10) 14-ൽ ജീവജലത്തിന്റെ ദാതാവ് ഈശോയാണ്. യോഹ 20:22-ൽ പരിശുദ്ധാത്മാവിനെ വിശ്വാസത്തിലൂടെ ജനങ്ങൾക്ക് നല്കുന്നത് ഈശോയാണ്. ചുരുക്കത്തിൽ, ജീവജലത്തിന്റെ ഉറവിടം ഈശോയാണ്.

**ഈശോ ലോകത്തിന്റെ പ്രകാശം:** സഖറിയാ പ്രവാചകന്റെ പുസ്തകത്തിൽ നിന്നും (14:6-8), പുറപ്പാടിന്റെ പുസ്തകത്തിൽ (13:21-23) നിന്നുമുള്ള വായനകൾ കൂടാരത്തിരുന്നാളിന്റെ അവസരങ്ങളിൽ നടത്താറുണ്ട്. സഖറിയാ പ്രകാശത്തെക്കുറിച്ചും ജീവജലത്തെക്കുറിച്ചും പറയുമ്പോൾ, പുറപ്പാടിന്റെ പുസ്തകം പകൽവഴികാട്ടാൻ മേഘസ്തംഭത്തിലും രാത്രി പ്രകാശം നല്കാൻ അഗ്നിസ്തംഭത്തിലും ഇസ്രായേൽജനത്തിന് മുൻപെ പോകുന്ന കർത്താവിനെ അവതരിപ്പിക്കുന്നുണ്ട്. കൂടാരത്തിരുന്നാളിലെ രണ്ട് വായനകളുടെയും (സഖ 14:6-8; പുറ 13:21-22) പശ്ചാത്തലത്തിൽ വേണം ഈശോ ജീവജലത്തിന്റെ ഉറവിടമാണെന്നും ലോകത്തിന്റെ പ്രകാശവുമാണെന്നും കാര്യങ്ങൾ മനസ്സിലാക്കുവാൻ. ഇസ്രായേൽജനത്തെ വാഗ്ദാനനാട്ടിലേക്ക് അഗ്നിസ്തംഭത്തിന്റെ രൂപത്തിൽ ദൈവം വഴിനടത്തിയതുപോലെ ലോകത്തിന്റെ പ്രകാശമായ ഈശോ എല്ലാവരെയും ജീവന്റെ വഴിയിലേക്ക് നയിക്കുന്നു.

കൂടാരത്തിരുന്നാളിന്റെ സമയത്ത് ജറുസലേം ദേവാലയത്തിന്റെ മുറ്റത്തുള്ള നാല് വിളക്കുകൾ എണ്ണയൊഴിച്ച് കത്തിക്കുകയും ദേവാലയത്തിനു ചുറ്റും ദീപാലങ്കാരങ്ങൾ നടത്തുകയും ചെയ്തിരുന്നു. ദേവാലയവിളക്കുകളും അലങ്കാരദീപങ്ങളും കൊണ്ട് ജറുസലേം പട്ടണം മുഴുവൻ ദീപപ്രഭയാൽ ജ്വലിച്ചിരുന്നു. ഈശോയെക്കുറിച്ച് സുവിശേഷകൻ പറയുന്നത് അവിടന്ന് ലോകത്തിന്റെ മുഴുവനായും പ്രകാശിപ്പിക്കുന്നവൻ എന്നർത്ഥം. പ്രകാശമായ കർത്താവിന്റെ സാന്നിധ്യം എല്ലാവർക്കും രക്ഷയാണ്. കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്, ഞാൻ ആരെ ഭയപ്പെടണം? കർത്താവ് എന്റെ ജീവിതത്തിനു കോട്ടയാണ്, ഞാൻ ആരെ പേടിക്കണം (സങ്കീ 27:1).

**പ്രകാശത്തിൽ ചരിക്കുന്നവർക്ക് ജീവൻ:** ... എന്നെ അനുഗമിക്കുന്നവനെ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. പാപത്തിന്റെയും പരാജയത്തിന്റെയും അധഃപതനത്തിന്റെയും മരണത്തിന്റെയും അവസ്ഥകളെയാണ് അന്ധകാരമെന്ന് വിശേഷിപ്പിക്കുന്നത്. പ്രകാശമെന്നത് വിശുദ്ധിയുടെയും വിജയത്തിന്റെയും മഹത്വത്തിന്റെയും ജീവന്റെയും അവസ്ഥയാണ്. അങ്ങനെയെങ്കിൽ, പ്രകാശമായ ഈശോയെ അനുഗമിക്കുന്നവർ തിന്മയിൽ നിന്നും നന്മയിലേക്കും മരണത്തിൽ നിന്ന് ജീവനിലേക്കും കടന്നുവരുന്നു. ഈശോയുടെ കൂടെ ആയിരിക്കുന്നവരിൽ അന്ധകാരത്തിന്റെ ശക്തികൾക്ക് പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. അന്ധകാരത്തിന്റെ പ്രവൃത്തികളായ സുഖലോലുപത, മദ്യലഹരി, അവിഹിതവേഴ്ച, വിഷയാസക്തി, കലഹം, അസൂയ (റോമ 13:12-14) ഇവയിൽ നിന്നും മാറുവാൻ പ്രകാശമായ ഈശോയെ അനുഗമിക്കുന്നവന് സാധിക്കും.

## 2

ഈശോയിൽ വിശ്വസിക്കുന്നവൻ അരൂപിയെ സ്വീകരിക്കുന്നു. അരൂപിയെ സ്വീകരിച്ചവന്റെ ഹൃദയത്തിൽനിന്ന് ജീവജലത്തിന്റെ അരുവികൾ ഒഴുകും (യോഹ 7:38-39). അരൂപി പരിശുദ്ധാരൂപി എന്ന മഹാദാനമാണ്. ഈ അരൂപിയുടെ ഫലങ്ങളാണ് ജീവജലനദിയായി ഹൃദയതടാകത്തിൽ നിന്നൊഴുകുന്നത്. അതിലുൾക്കൊള്ളുന്നത് ജ്ഞാനം, ബുദ്ധി, ആലോചന, ആത്മശക്തി, അറിവ്, ഭക്തി, ദൈവഭയം എന്നിവയത്രെ. ഒരുവൻ ബോധ്യത്തോടെ വെളിപ്പെടുത്തുന്ന ആധ്യാത്മികവചനങ്ങളും പ്രവൃത്തികളുമാണ് ഹൃദയത്തിൽനിന്നു പുറപ്പെടുന്നത്. അവയാണ് അരൂപിയുടെ ഫലങ്ങൾ.

ഇന്നത്തെ സുവിശേഷത്തിലൂടെ ഈശോനാഥൻ പറയുക യാണ്. ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമി ക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല. അതായത്, ഈശോയെ സ്വീകരിക്കുന്നവർക്ക് അവനെ അനുഗമിക്കുന്നവർക്ക് ജീവിതത്തിൽ പവർകട്ട് ഇല്ല. ചുരുക്കത്തിൽ ഈശോയുടെ മക്കൾക്ക് ജീവന്റെ വെളിച്ചം ഉണ്ടായിരിക്കും.

കൂടാരത്തിരുനാളിന്റെ പശ്ചാത്തലത്തിൽ ഈശോ നടത്തുന്ന ഈ പ്രഖ്യാപനം വളരെയധികം അർത്ഥമാനങ്ങൾ നല്കുന്നതാണ്. ഇസ്രായേൽക്കാർ ഈജിപ്തിൽ നിന്നുള്ള വിമോചനാനന്തരം യഹോവയുടെ സംരക്ഷണത്തിലും പരിപാലനയിലും മരുഭൂമിയിൽ ജീവിച്ച കാലഘട്ടത്തിന്റെയും തദവസരത്തിൽ അവർക്കു ലഭിച്ച പ്രത്യേ കാനുഗ്രഹങ്ങളുടെയും കൃതജ്ഞതാനിർഭരമായ അനുസ്മരണവും ഒരാഴ്ചക്കാലം ദീർഘിക്കുന്ന ആഘോഷവുമായിരുന്നു യഹൂദരുടെ കൂടാരത്തിരുനാൾ (ലേവ്യ 23:33-43). ഈ തിരുനാളിന്റെ രണ്ടാം ദിവസം വൈകുന്നേരം ജറുസലേം ദേവാലയത്തിനടുത്തുള്ള 16 വലിയ ദീപങ്ങൾ കത്തിക്കുന്ന പതിവുണ്ടായിരുന്നു. മരുഭൂമിവാസത്തിൽ ദൈവം തങ്ങൾക്ക് അഗ്നിയുടെ രൂപത്തിൽ സംരക്ഷണം നല്കിയ തിന്റെ ഓർമ്മയാണ് ഇവിടെ അവർ കൊണ്ടാടിയിരുന്നത്. ഈയൊരു സാഹചര്യത്തിലാണ് ഈശോ ലോകത്തോടു വിളിച്ചുപറയുന്നത് ഞാൻ ലോകത്തിന്റെ പ്രകാശമാണ് എന്ന്. ഈശോയാകുന്ന യാഥാർത്ഥ്യത്തിന്റെ മുന്നോടിയായിരിക്കുന്നു ഇസ്രായേൽക്കാർക്ക് മരുഭൂമിയിൽ ലഭിച്ച പ്രകാശം. ഇവിടെ ഈശോ യഥാർത്ഥപ്രകാശമായി അവതരിക്കുന്നു. ജറുസലേം ദേവാലയത്തിലെ പ്രാകശഗോപുര ങ്ങളുടെ സ്ഥാനം ഈശോ ഏറ്റെടുക്കുന്നു.

ഈശോ താൻ ലോകത്തിന്റെ പ്രകാശമാണെന്നു പറയുമ്പോൾ രണ്ടു കാര്യങ്ങളാണ് അർത്ഥമാക്കുക. 1. ലോകത്തിന്റെ പ്രകാശമായ ഈശോ പലരുടെയും ജീവിതത്തിലേക്ക് വെളിച്ചമായി വരുന്നത് സുവിശേഷകൻ അവതരിപ്പിക്കുന്നു. അന്ധനു കാഴ്ച (യോഹ 9). വ്യഭിചാരിണിയുടെ ജീവിതത്തിന് പുതിയ തുടക്കം (8:1-12), സമരിയാക്കാരി സ്ത്രീക്ക് തുറവിയുള്ള മനസ്സ് (യോഹ 4:1-42). ഇങ്ങനെ തന്റെ മുമ്പിൽ വന്നവർക്ക് ജീവിതത്തിന്റെ വെളിച്ചം നഷ്ടപ്പെടുന്നവർക്ക് ഈശോ പുതിയ ഉൾക്കാഴ്ച നല്കുന്നു.

2. രണ്ടാമതായി ഈശോ ലോകത്തിന്റെ പ്രകാശമാകുന്നു എന്നു പറയുമ്പോൾ ഈശോയെ ന്യായവിധിയാളനായിട്ടാണ് സുവിശേഷകൻ അവതരിപ്പിക്കുന്നത്. ഈ സുവിശേഷഭാഗത്തിനു മുമ്പിലുള്ള ഭാഗം ശ്രദ്ധിക്കുക. ഈശോ പാപത്തിൽ പിടികൂടിയ

സ്ത്രീയെ വിധിക്കാതെ വിടുന്നു. ഈശോ മതനേതാക്കളോടു പറയുന്നു. വെറുതെ നിങ്ങൾ വിധിക്കരുത് എന്ന്. ഈശോ തന്നെ അസന്ദിഗ്ധമായി പറയുന്നു. ഞാൻ വന്നിരിക്കുന്നത് ലോകത്തെ വിധിക്കാനല്ല എന്ന്. പക്ഷേ 8:16-ൽ ഈശോ പറയുന്നു. എന്റെ വിധി ന്യായവും സത്യവുമാണ്. കാരണം പ്രകാശമായ ഈശോയുടെ മുമ്പിൽ എല്ലാ മനുഷ്യരുടെയും പ്രവർത്തനങ്ങൾ വെളിവാക്കപ്പെടും. ഇവിടെ ഈശോ ഒരു വേർതിരിവ് നടത്തുന്നു. പ്രകാശത്തിന്റെ മക്കളെ അന്ധകാരത്തിന്റെ മക്കളിൽനിന്ന് ഈശോ മാറ്റിനിർത്തും.

ലോകത്തിന്റെ പ്രകാശമായ ഈശോ മത്തായിയുടെ സുവിശേഷത്തിൽ പറയുന്നു. നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു. അതായത് എല്ലാ മനുഷ്യരും ലോകത്തിന്റെ പ്രകാശിതമായി മാറേണ്ടിവരാണ്. ഈശോയെപ്പോലെ. ഈശോ ജറുസലേം ദേവാലയത്തിലെ പ്രകാശഗോപുരങ്ങളുടെ സ്ഥാനത്ത് തന്നെത്തന്നെ പ്രതിഷ്ഠിച്ചതുപോലെ ദൈവസ്നേഹമാകുന്ന പ്രകാശം ലോകത്തിനു കൊടുക്കുന്നവരാകണം. പ്രകാശഗോപുരങ്ങളാകാനുള്ള വിളിയാണ് നമുക്കുള്ളത്. ഈ ദൈവസ്നേഹത്തിന്റെ വെളിച്ചത്തിൽ തിന്മയുടെ ശക്തികളെ ഉന്മൂലനം ചെയ്യാനുള്ള വിളിയാണ് ക്രിസ്തുശിഷ്യന്റേത്. പ്രതീക്ഷയറ്റവർക്ക് പ്രതീക്ഷയുടെ തിരിനാളം തെളിയിക്കുമ്പോൾ തകർന്ന ജീവിതങ്ങളെ പ്രകാശത്തിലേക്കു നയിക്കുമ്പോൾ എനിക്കും ഈശോയെപ്പോലെ പറയാൻ സാധിക്കും. ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു എന്ന്.

പ്രകാശമായ ഈശോ ജനത്തെ പ്രകാശത്തിലേക്കു ക്ഷണിക്കുന്നു. പക്ഷേ ഇരുട്ടിൽ വസിക്കുന്ന ജനങ്ങൾ അവനെ തിരസ്ക്കരിക്കുന്നു. അവസാനം അവനെ അവർ കുരിശിൽ തറയ്ക്കുന്നു. പക്ഷേ അവൻ കുരിശിൽ ഉയർത്തപ്പെട്ടതു മുതൽ ലോകത്തിന്റെ പ്രകാശമായി അവൻ മാറി. അങ്ങനെ കുരിശ് പ്രകാശകേന്ദ്രമായി മാറുന്നു. ഇന്നും ജനങ്ങൾ ആ കുരിശിൽ നിന്ന് പ്രകാശം സ്വീകരിച്ച് പ്രകാശദാതാവിലേക്കു അടുക്കുന്നു. ഈ നോമ്പുകാലം ഇതിനുള്ള അവസരമാകട്ടെ.

# 3

ഈശോ കൂടാരത്തിരുന്നാളിന് വേണ്ടി ജറുസലേം ദേവാലയത്തിൽ എത്തിയിരിക്കുന്നതാണ് ഇന്നത്തെ സുവിശേഷത്തിത്തിന്റെ പശ്ചാത്തലം. യഹൂദന്മാരുടെ ഒരു പ്രധാനപ്പെട്ട ഒരു തിരുന്നാളും തിഷ്റി (ഒക്ടോബർ) മാസത്തിൽ ആചരിച്ചിരുന്നതും ആയിരുന്നു കൂടാരത്തിരുന്നാൾ. പാപപരിഹാര ദിനം ആചരിച്ചതിനു ശേഷം

അഞ്ചാം നാൾ മുതൽ ഏഴു ദിവസത്തേക്ക് ഈ തിരുന്നാൾ ആചരിച്ചിരുന്നു. ഈന്തപനകളുടെയും, അരുളിമരങ്ങളുടെ ശാഖകൾ, മറ്റു മരങ്ങളുടെ ശാഖകൾ എന്നിവ ചേർത്ത് നിർമ്മിക്കുന്ന കൂടാരങ്ങളിലായിരുന്നു ജനം താമസിച്ചിരുന്നത്. പുറപ്പാട് യാത്രയിൽ ഇസ്രായേൽ ജനം മരു ൂമിയിൽ കൂടാരമടിച്ച് താമസിച്ചിരുന്നതിനെ അനുസ്മരിച്ചിരുന്ന തിരുന്നാൾ ആയിരുന്നു കൂടാരത്തിരുന്നാൾ. ഈശോയുടെ കാലത്ത് യഹൂദർ ആചരിച്ചിരുന്ന ഏറ്റവും വലിയ തിരുന്നാളുകളിൽ ഒന്നായിരുന്നു കൂടാരത്തിരുന്നാൾ എന്ന് ഒന്നാം നൂറ്റാണ്ടിലെ ചരിത്രകാരനായ ജോസഫ്സ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തിരുന്നാളിന് എല്ലാ യഹൂദരും ജറുസലേമിലേയ്ക്ക് യാത്ര നടത്തിയിരുന്നു. ഈ തിരുന്നാൾ ദിനങ്ങളിൽ ശീലോഹായിലെ നീരുറവയിൽ നിന്നുമുള്ള ജലം തർപ്പണ കർമ്മത്തിനായി കൊണ്ടുവന്നിരുന്നു. ഈ പശ്ചാത്തലത്തിൽ നിന്നുമാണ് ഈശോ ജീവജലത്തിന്റെ ശ്രോതസായി പ്രഖ്യാപിക്കുകയും തന്നിൽ നിന്ന് പാനം ചെയ്യുന്നതിന് എല്ലാവരെയും ക്ഷണിക്കുകയും ചെയ്യുന്നത്.

കൂടാരത്തിരുന്നാൾ അനുസ്മരിച്ചിരുന്നത് മരുഭൂമിയാത്രയും മരുഭൂമിയിലെ ദൈവത്തിന്റെ സംരക്ഷണവുമായിരുന്നു. മരുഭൂമിയാത്രയിലെ കൂടാരങ്ങളെല്ലാം താത്ക്കാലികങ്ങളായിരുന്നു. ലക്ഷ്യം വാഗ്ദത്തനാടായിരുന്നു. വാഗ്ദത്തനാട്ടിലേയ്ക്കുള്ള യാത്രയിലെ ഇടത്താവളങ്ങളിൽ ദൈവത്തിന്റെ സംരക്ഷണം ലഭിച്ചിരുന്നതിനെ അനുസ്മരിച്ചിരുന്ന കൂടാരത്തിരുന്നാൾ. മരുഭൂമിയാത്രയിൽ പാറയിൽ നിന്നും ജീവജലം നൽകുന്നതിനെയും അനുസ്മരിക്കുന്നു. മരുഭൂമി യാത്രയിൽ ദാഹജലം നൽകിയ പാറ മിശിഹായുടെ പ്രതീകം ആയിരുന്നു. പുറപ്പാട് യാത്രയുടെ ആരംഭത്തിലും അവസാനത്തിലും ഒരു പാറയിൽ നിന്നും ജലം നൽകുന്നത് വിശുദ്ധ ഗ്രന്ഥത്തിൽ കാണുവാൻ സാധിക്കും. ആ പാറ മിശിഹാ ആയിരുന്നു. പുറപ്പാട് യാത്രയെ അനുസ്മരിക്കുന്ന കൂടാരത്തിരുന്നാളിന്റെ അവസരത്തിലും ജീവജലം നൽകുന്ന പാറയായി ഈശോ പ്രത്യക്ഷപ്പെടുന്നു. ഈ ഭൂമിയിലെ നമ്മുടെ യാത്രയും ഇസ്രായേൽ മരുഭൂമി യാത്ര പോലെയാണ്. നമ്മുടെ  വനങ്ങളെല്ലാം കേവലം താത്കാലിക കൂടാരങ്ങൾ മാത്രമാണ്. നമുക്കിവിടെ ശാശ്വതമായ ഭവനമില്ല. ശാശ്വത ഭവനമായ സ്വർഗ്ഗത്തിലേയ്ക്കുള്ള യാത്രയിലാണ് നാം. ഈ യാത്രയിൽ ലഭിക്കുന്ന ജീവജലമാണ് ഈശോ നൽകുന്ന വചനവും അവിടുത്തെ തിരുശരീരരക്തങ്ങളും.

ഈ ഭൂമിയിലെ യാത്രയിൽ തളർന്നു വീഴാതെ ജീവൻ നൽകി നമ്മുടെ യാത്ര മുന്നോട്ട് പോകുവാൻ ഈ ജീവജലത്തിന്റെ ശ്രോതസ് നമ്മെ സഹായിക്കുന്നു. അതിലേയ്ക്കുള്ള ക്ഷണമാണ് ഈശോ ഇന്ന് നമുക്ക് തരുന്നത്.

# 4

## Gen 16:1-16/ Rom 12:1-8/ Jn 8:12-20

# ബലിവസ്തുവും ബലിപീഠവും

ദൈവത്തിന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ടുള്ള വിശുദ്ധ പൗലോസിന്റെ അഭ്യർത്ഥന. നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ. ഇതാണു യഥാർത്ഥ ആരാധന. അതിന് നിങ്ങൾ ഈ ലോകത്തിനനുരൂപരാകരുത്; മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ.

**തത്വം:** സമർപ്പണം നടത്തുന്നവനാണ് ആരാധകർ. ഏതൊരു സമർപ്പണവും മറ്റൊന്നിന്റെ വീണ്ടെടുപ്പായി ഭവിക്കുന്നു. ഒരുവന് ഏറ്റവും പ്രിയങ്കരമായതു സ്വന്തമാക്കുവാൻ പകരം മറ്റൊന്ന് സമർപ്പിക്കേണ്ടതുണ്ട്.

**വചനം:** അബ്രാഹം സ്വപുത്രനെ വീണ്ടെടുക്കുന്നതിന് പകരം ഒരാട്ടിൻകുട്ടിയെ സമർപ്പിച്ചു. ഇസ്രായേൽജനം പെസഹാക്കുഞ്ഞാടിനെ സമർപ്പിച്ചതുവഴി തങ്ങളുടെ ആദ്യജാതരെ വീണ്ടെടുത്തു. അബ്രാഹം സ്വപുത്രനെ സമർപ്പിക്കാനൊരുങ്ങി എന്നു പറയുമ്പോൾ അദ്ദേഹത്തിനു ദൈവപുത്രസ്ഥാനം കിട്ടി എന്നു സാരം. ആദ്യജാത രുടെ സമർപ്പണം വഴി ഇസ്രായേൽ ദൈവജനമായി ഭവിച്ചു - ദൈവമക്കളായി.

**ബലിപീഠം:** പഴയനിയമത്തിൽ ബലിപീഠം വളരെ പ്രധാനപ്പെട്ടതായിരുന്നു. മിസ്ബേഹ = മദ്ബഹ = ബലിപീഠം സമർപ്പണസ്ഥലമാണ്. സമർപ്പിക്കുന്നതു ദൈവത്തിനായതുകൊണ്ട് അതു ദൈവത്തിന്റെ പ്രതീകാത്മകസാന്നിധ്യമാണ്; സമർപ്പണവസ്തു സമർപ്പിക്കുന്നവന്റെ പ്രതീകവും. പുതിയനിയമം ദൈവത്തിന്റെ പ്രതീകാത്മകസാന്നിധ്യത്തെയും പ്രതീകാത്മകസമർപ്പണവസ്തുവിനെയും യാഥാർത്ഥ്യമാക്കിമാറ്റി.

ദൈവത്തിന്റെ യഥാർത്ഥസാന്നിധ്യവും ദൈവപുത്രനുമായ മിശിഹാ, താൻ സ്വീകരിച്ച ശരീരരക്തങ്ങൾ ബലിയായർപ്പിച്ചു. നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരം... അനേകർക്കുവേണ്ടിയുള്ള എന്റെ രക്തം എന്നു അവിടന്നു പറഞ്ഞപ്പോൾ ആ ബലിസമർപ്പണം എല്ലാവരുടെയും പ്രതിനിധിയെന്ന നിലയിലും എല്ലാവരിലും ദൈവസാന്നിധ്യം കണ്ടുകൊണ്ടുമായിരുന്നു.

നമുക്കും സമർപ്പിക്കാനുള്ളത് നമ്മുടെ ശരീരം തന്നെ; നമ്മുടെ സമർപ്പണത്തിനുള്ള ബലിപീഠം നമ്മുടെ സഹജീവികളും. സ്വന്തം ശരീരത്തെ, അതായത് ഭൗതികജീവിതത്തെ, സഹജീവികൾക്കു വേണ്ടി സമർപ്പിക്കുന്നതുവഴി, ദൈവപുത്രസ്ഥാനം, അതായത് ആധ്യാത്മികജീവിതം വീണ്ടെടുക്കാനാകും.

# നോമ്പ് അഞ്ചാം തിങ്കൾ

## ലൂക്കാ 18:18–25

ഈലോകജീവിതം എങ്ങനെയായിരിക്കണം എന്നും, ഭൗതികസമ്പത്ത് എങ്ങനെ വിനിയോഗിക്കണം എന്നും, ഈശോയെ സമീപിച്ച ഒരു ധനികനായ അധികാരിക്ക് അവിടുന്ന് നൽകുന്ന ഉപദേശമാണ് ഇന്നത്തെ സുവിശേഷം. അധികാരി ഈശോയോട് ചോദിച്ചു നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം . ഈശോ മറുപടി പറയുന്നു, പ്രമാണങ്ങൾ നിനക്കറിയാമല്ലോ: വ്യഭിചാരം ചെയ്യരുത്; കൊല്ലരുത്; മോഷ്ടിക്കരുത്; കള്ളസ്സാക്ഷ്യം നൽകരുത്; പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക . പത്തുപ്രമാണങ്ങളിൽ മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധങ്ങളിൽ പാലിക്കേണ്ട കൽപനകൾ മാത്രമാണ് ഈശോ ഇവിടെ അവതരിപ്പിക്കുന്നത്. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നവൻ തീർച്ചയായും ദൈവത്തെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരിക്കും. ഈശോയോട് ആ ധനികൻ പറഞ്ഞു, ചെറുപ്പം മുതലേ ഇവയെല്ലാം ഞാൻ പാലിച്ചിട്ടുണ്ട്.

ഈശോ മറുപടി പറഞ്ഞു: ഇനിയും നിനക്ക് ഒരു കുറവുണ്ട്. നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക, അപ്പോൾ സ്വർഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും. ഈ ഭൂമിയിൽ ദൈവം നമ്മൾക്ക് നൽകിയിട്ടുള്ള ഭൗതിക സമ്പത്തും, നന്മകളും എല്ലാം വളരെ നല്ലതാണ്. ഉൽപ്പത്തി പുസ്തകത്തിലെ സൃഷ്ടിവിവരണത്തിൽ തിരുവചനം പറയുന്നു, താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്ന് ദൈവം കണ്ടു . മനുഷ്യർ വളർന്ന് വികാസം പ്രാപിച്ച് ദൈവമകൻ/മകൾ ആയിത്തീരുവാൻ സഹായകമായ രീതിയിൽ ഉപയോഗിക്കാൻ മാത്രമുള്ളതാണ് അവിടുന്ന് ദാനമായി തന്നിട്ടുള്ള ഭൗതിക സമ്പത്തും ആത്മീയ നിക്ഷേപങ്ങളും. ഇവയെല്ലാം ദൈവിക പദ്ധതിയിൽ വളരെ നല്ലതാണ്. വായു എല്ലാവർക്കും അവകാശപ്പെട്ടിരിക്കുന്നതു പോലെ ഈ പ്രപഞ്ചത്തിലെ സകലതും എല്ലാവർക്കും അവകാശപ്പെട്ടതാണ്.

ഓരോരുത്തർക്കും അർഹതപ്പെട്ട വിഹിതം നീതിപൂർവ്വം അവന് ലഭിച്ചിരിക്കണം എന്നത് ദൈവഹിതം ആണ്. ഇന്നത്തെ സുവിശേഷത്തിൽ കാണുന്ന അധികാരി വലിയ ധനികനായിരുന്നു. അയാൾ നിയമങ്ങൾ വള്ളി പുള്ളി കൂടാതെ അനുസരിച്ച് ജീവിക്കുന്നുവെന്ന് സ്വയം അവകാശപ്പെടുന്ന ഒരു ധാർമ്മികനായിരുന്നു. ഇവിടെ അദ്ദേഹത്തിന് വലിയ ഒരു കുറവുണ്ടായിരുന്നു. അത് തന്റെ ജീവിതം സഹജീവികളിലേയ്ക്ക് തിരിയാതെ തന്റെ സമ്പത്തിൽ മാത്രം ഒടക്കി ഇട്ടു എന്നുള്ളതായിരുന്നു. തന്നിഷ്ടപ്രകാരം ജീവിക്കാതെ മാനസ്സാന്തരപ്പെട്ട് സ്വർഗ്ഗീയ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ അയാൾ തയ്യാറായില്ല.

നമ്മൾക്ക് ഈലോക ജീവിതം രണ്ടു രീതിയിൽ നയിക്കുവാൻ സാധിക്കും. ഒന്നുകിൽ ലൗകിക സമ്പത്ത് നേടുവാൻ മാത്രമായിട്ട് ജീവിക്കും. അല്ലെങ്കിൽ ലൗകികസമ്പത്ത് ഉപയോഗിച്ച് സ്വർഗ്ഗീയ നിക്ഷേപങ്ങൾ നേടാനായി ജീവിക്കും. ഭൗതിക സമ്പത്ത് ശരിയായ രീതിയിൽ ഉപയോഗിച്ചാൽ നമ്മൾക്കും നമ്മുടെ സഹോദരർക്കും വളരെ ഉപകാരം ചെയ്യും. ഈശോ ആഗ്രഹിക്കുന്നത് എന്റെ ഭൗതിക സമ്പത്ത് എന്റെ സഹോദരർക്കും എനിക്കും ആത്മീയ സമ്പത്ത് ആർജ്ജിക്കുവാൻ സഹായകരമായ രീതിയിൽ ഉപയോഗിക്കണം എന്നാണ്. അപ്പോൾ മാത്രമേ ഞാൻ മുഖാന്തരം ഈ ഭൂമിയും എന്റെ സഹോദരരും അനുഗ്രഹിക്കപ്പെട്ടവരാവുകയുള്ളു. എനിക്കുള്ള ഭൗതിക നന്മകൾ, ആത്മീയ നന്മകൾ, പരിശുദ്ധ റൂഹായുടെ ദാനങ്ങൾ, വരങ്ങൾ, ഫലങ്ങൾ സകലതും സഹോദരരിൽ ഈശോയെ കണ്ട് ആദരിക്കുന്നതിനും, അങ്ങനെ ദൈവത്തെ മഹത്വപ്പെടുത്തുന്നതിനുമായി ഉപയോഗിക്കണം.

## നോമ്പ് അഞ്ചാം ചൊവ്വ

### ലൂക്കാ 10:30-37

പുരോഹിതരെയും, ദേവാലയ ശുശ്രൂഷയോടു ബന്ധപ്പെട്ടവരെയും വിമർശിക്കുവാൻ പറ്റിയ ശക്തമായ ഒരു ആയുധമായി നമ്മൾ ഈ ഉപമയെ പലപ്പോഴും എടുത്ത് ഉപയോഗിക്കാറുണ്ട്. എന്നാൽ, യഹൂദപൗരോഹിത്യവും, പാരമ്പര്യങ്ങളും, ബലിയർപ്പണവും അതിനെ സംബന്ധിച്ച നിയമങ്ങളും വ്യക്തമായി അറിഞ്ഞാൽ നമ്മുടെ മനോഭാവത്തിൽ മാറ്റം വരും. യഹൂദർക്ക് ഒറ്റ ദേവാലയം മാത്രമേ ഉണ്ടായിരുന്നുള്ളു. ധാരാളം പുരോഹിതരും ലേവ്യരും ദേവാലയ

ശുശ്രൂഷകരായി ഉണ്ടായിരുന്നു. വളരെ കാത്തിരുന്നതിനുശേഷം മാത്രമേ ബലിയർപ്പിക്കാനും ദേവാലയ ശുശ്രൂഷ ചെയ്യാനുമുള്ള അവസരം കിട്ടാറുള്ളു. മാത്രമല്ല യഹൂദസമൂഹം മോശയുടെ നിയമങ്ങൾ പാലിക്കുന്നതിൽ വളരെ കാർക്കശ്യമുള്ളവരായിരുന്നു. മൃതദേഹം, മുറിവേറ്റ ശരീരം ഇവയൊക്കെ സ്പർശിച്ചാൽ അവർ അശുദ്ധരാകും. അശുദ്ധരായാൽ, ദിവസങ്ങൾ കഴിയാതെ അവർക്ക് ബലിയർപ്പിക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് അവർക്ക് മുറിവേറ്റു കിടന്നവനെ സഹായിക്കാൻ സാധിക്കാതെ വന്നത്.

സകല നീതിയും പൂർത്തിയാക്കാൻ വന്ന ഈശോ ബലിയല്ല കരുണയാണ് പ്രധാനം എന്ന് ഈ ഉപമയിലൂടെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. ഈ ഉപമയിലൂടെ നമ്മളെ ഓരോരുത്തരെയും നോക്കി ഈശോ ചോദിക്കുന്നു, ഈ മൂവരിൽ ആരാണ് നല്ല അയൽ ക്കാരൻ. നമ്മൾക്ക് ഓരോരുത്തർക്കും പറയുവാൻ സാധിക്കണം അവനോടു കരുണ കാണിച്ചവൻ എന്ന്. ഉടനേ ഈശോ നമ്മളോടും പറയും നീയും അതുപോലെ ചെയ്യുക .

യേശുവിന്റെ സുവിശേഷം സ്വീകരിച്ച് ലോകത്തിന്റെ നാനാഭാഗ ങ്ങളിൽ പോയി കരുണയുടെ സ്നേഹശുശ്രൂഷ ചെയ്തുകൊണ്ടിരി ക്കുന്ന ലക്ഷക്കണക്കിന് വിശുദ്ധരെകൊണ്ട് സമ്പന്നമാണ് കത്തോ ലിക്കാ സഭ. വി. ഫ്രാൻസിസ് അസ്സീസ്സി, വി. വിൻസെന്റ് ഡി പോൾ, വി. ഫ്രെഡറിക് ഓസാനാം, ഫാ. ഡാമിയൻ, മദർ തെരേസ, വി. ജോൺ പോൾ പാപ്പാ എന്നിവർ നമ്മുടെ മുമ്പിൽ വലിയ മാതൃകകൾ ആണ്. ഫ്രാൻസിസ് പാപ്പായുടെ നേതൃത്വത്തിൽ ഇന്നും തുടരുന്ന ഈ കരുണയുടെ ശുശ്രൂഷയ്ക്കു മുമ്പിൽ നന്ദിയോടും ആദരവോടും കൂടി നമ്മുടെ ശിരസ്സുകൾ നമിക്കാം.

നമ്മുടെ മനസ്സുകൾ സഭയിലൂടെ ലോകത്തിന്റെ നാനാഭാഗ ങ്ങളിൽ നടന്നുകെണ്ടിരിക്കുന്ന കരുണയുടെ സ്നേഹശുശ്രൂഷയെ നന്ദിയോടെ ആദരിക്കാനും നമ്മുടെ കഴിവിനനുസരിച്ച് അതിൽ പങ്കുചേരാനും ഉള്ള കൃപയ്ക്കായി നമ്മൾക്ക് പ്രത്യേകം ഈശോയോട് പ്രാർത്ഥിക്കാം

## നോമ്പ് അഞ്ചാം ബുധൻ

### യോഹ 8:1–11

മോശയുടെ നിയമപ്രകാരം കല്ലെറിഞ്ഞു കൊല്ലപ്പെടേണ്ട വലിയ പാപിനിയായ ഒരു സ്ത്രീയെ ഈശോയുടെ മുമ്പിൽ കൊണ്ടുവന്ന് ഇവളെ എന്തു ചെയ്യണം എന്ന് ഈശോയോട് ചോദി ക്കുന്ന സുവിശേഷഭാഗമാണ് ഇന്ന് വിചിന്തനത്തിനായി സഭാമാതാവ്

നമ്മുടെ മുമ്പിൽ വയ്ക്കുന്നത്. നമ്മൾ ഓരോരുത്തരും നമ്മുടെ സഹോദരങ്ങളിൽ തെറ്റുകൾ കണ്ടുപിടിക്കുവാനും അവരെ വിധിക്കുവാനും ശിക്ഷിക്കുവാനുമൊക്കെ വ്യഗ്രത കാണിക്കുന്നവരാണ്. നിയമജ്ഞരോടും ഫരിസേയരോടും പറഞ്ഞ അതേ വാക്കുകൾ, ഇന്ന് നമ്മളെയും നോക്കി ഈശോ പറയുന്നുണ്ട്, നിങ്ങളിൽ പാപമില്ലാത്തവൻ ആദ്യം കല്ലെറിയട്ടെ .

ഈശോ സുവിശേഷത്തിലൂടെ പറയുന്നു, നിങ്ങൾ ആരെയും വിധിക്കരുത്. നമ്മൾ പലപ്പോഴും മറ്റുള്ളവരെ വിധിക്കുന്നവരും, നമ്മുടെ വിധികളിലൂടെ ഒരുപാട് മനുഷ്യരെ വേദനിപ്പിക്കുന്നവരും ആണ്. നമ്മുടെ ഹൃദയത്തിൽ മറ്റുള്ളവരെ എറിയുവാൻ ഒരുപാട് കല്ലുകൾ സൂക്ഷിച്ചുകൊണ്ടു നടക്കുന്നവരാണ് നമ്മൾ. നമ്മുടെ വാക്കുകളിലൂടെ എത്രയോ പേരെ എറിഞ്ഞു കൊല്ലാക്കൊല നടത്തിയിട്ടുണ്ട് നമ്മൾ. മറ്റുള്ളവരിലെ ചെറുതും വലുതുമായ കുറ്റങ്ങൾ മാത്രം കണ്ട് അവ അവർക്കെതിരെ പറഞ്ഞു പരത്തുന്നവരായി നമ്മൾ മാറുന്നില്ലേ. എന്റെ കണ്ണിലെ തടിക്കഷ്ണം പലപ്പോഴും ഞാൻ കാണുന്നില്ല.

നമ്മുടെ ജീവിതങ്ങൾ മറ്റുള്ളവരിലെ നന്മ കണ്ട് അവയെ വളർത്തുവാനുള്ളതാണ്. അല്ലാതെ അവരിലെ തിന്മ കണ്ട്, അവ പറഞ്ഞുപരത്തി അവരെ തളർത്തുവാനും, നശിപ്പിക്കുവാനുമുള്ളതല്ല. നമ്മുടെ വാക്കുകൾ ഒരിക്കലും മറ്റുള്ളവരുടെ മനസ്സിനെ മുറിപ്പെടുത്തുന്നവ ആയിരിക്കരുത്. പൗലോസ് ശ്ലീഹാ തന്നെപ്പറ്റി പറയുന്നത്, ഞാൻ പാപികളിൽ ഒന്നാമനാണ് എന്നാണ്. ഇന്ന് നമ്മൾക്ക് വിനീത ഹൃദയത്തോടെ യേശുവിന്റെ മുമ്പിൽ നമ്മെ സമർപ്പിച്ച് നമ്മുടെ ഹൃദയത്തിലുള്ള കല്ലുകൾ താഴെയിടാം. നമ്മൾക്ക് ഒരു മാനസ്സാന്തരം വളരെ ആവശ്യമാണ് എന്ന് അവിടുത്തോടു പ്രാർത്ഥിക്കാം.

നമുക്ക് നമ്മുടെ സഹോദരരിലെ നന്മ കാണുവാനും അവ വളർത്തുവാനും ആവശ്യമായ ദൈവകൃപ ചൊരിയണമേയെന്ന് ഈശോയോട് പ്രാർത്ഥിക്കാം. അങ്ങനെ അവിടുത്തെ കൃപയുടെ ചാലുകൾ ആയി മാറുവാൻ ഈ നോമ്പുകാലം നമ്മൾക്ക് ഫലപ്രദമായി ഉപയോഗിക്കാം

# നോമ്പ് അഞ്ചാം വ്യാഴം

### ലൂക്കാ 18:31–34

ഈശോനാഥൻ തന്റെ ശിഷ്യന്മാർക്കു നല്കിയ നിർദ്ദേശങ്ങൾ എല്ലാം ഉൾക്കൊള്ളുന്ന ഒരു വചന എഴുതുവാൻ പറഞ്ഞാൽ നമുക്കു

ചൂണ്ടിക്കാട്ടുവാൻ സാധിക്കുന്നത് മർക്കോസിന്റെ സുവിശേഷം എട്ടാം അധ്യായം 34-ാം തിരുവചനമാണ്. ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ.

വർഷങ്ങൾക്കുമുമ്പ് ഈശോനാഥൻ വഹിച്ച കുരിശുമെടുത്ത് അവന്റെ പിന്നാലെ വരണം എന്നല്ല അവിടന്നു നമ്മോട് ആവശ്യപ്പെടുന്നത്. മറിച്ച്, സ്വന്തം കുരിശും വഹിച്ച് അവിടത്തെ പിൻച്ചെല്ലുവാനാണ് നമ്മെ ആഹ്വാനം ചെയ്യുന്നത്.

എന്താണ് നാം വഹിക്കേണ്ട കുരിശ്? അത് എന്താണെന്ന് അറിയണമെങ്കിൽ ഈശോനാഥന്റെ കുരിശ് എന്തായിരുന്നുവെന്ന് മനസിലാക്കേണ്ടിയിരിക്കുന്നു. ഈശോനാഥന്റെ കുരിശ് എന്തായിരുന്നുവെന്നാണ് ഈ വചനഭാഗത്തെ ഒന്നാം തിരുവചനം പറയുന്നത്. മനുഷ്യപുത്രൻ വളരെയേറെ സഹിക്കേണ്ടിവരുമെന്നും ജനപ്രമാണികൾ, പ്രധാന പുരോഹിതൻ, നിയമജ്ഞർ എന്നിവരാൽ തിരസ്ക്കരിക്കപ്പെടുകയും വധിക്കപ്പെടുകയും മൂന്നു ദിവസങ്ങൾക്കുശേഷം ഉയിർക്കപ്പെടുകയും ചെയ്യുമെന്ന്. അതായത്, മനുഷ്യരക്ഷാർത്ഥം ക്രിസ്തുനാഥൻ നിറവേറ്റേണ്ടിയിരുന്ന കടമയാണ്, പിതാവായ ദൈവം ഏല്പിച്ചുകൊടുത്ത കർത്തവ്യത്തിന്റെ പൂർത്തീകരണമാണ് ക്രിസ്തുനാഥന്റെ കുരിശ്. ഈ കടമ നിർവഹിച്ചപ്പോഴാണ് അവിടന്ന് മരക്കുരിശ് വഹിക്കേണ്ടിവന്നത്.

ഈശോനാഥൻ കുരിശുവഹിച്ചത് അവിടത്തെ കടമ പൂർത്തിയാക്കിക്കൊണ്ടാകുമ്പോൾ നാം ഓരോരുത്തരും വഹിക്കേണ്ട കുരിശും നമ്മുടെ കടമ നിർവഹിക്കുക എന്നതാണ്. എല്ലാ മനുഷ്യർക്കും ചില ഉത്തരവാദിത്വങ്ങൾ, കടമകൾ നിർവഹിക്കേണ്ടി വരുന്നുണ്ട്. ക്രിസ്തുനാഥൻ, സ്വന്തം കുരിശും വഹിച്ചുകൊണ്ട് അവിടത്തെ പിൻചെല്ലുവാൻ നമ്മോടാവശ്യപ്പെടുമ്പോൾ ആഗ്രഹിക്കുന്നത് നാം ഓരോരുത്തരും തങ്ങളുടെ കടമകൾ വിശ്വസ്തതയോടെ നിറവേറ്റിക്കൊണ്ട് അവിടത്തെ പിൻചെല്ലണമെന്നാണ്.

കുടുംബനാഥൻ തന്റെ കടമകൾ കുടുംബത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കായി വിശ്വസ്തതയോടെ നിർവഹിക്കുമ്പോൾ അദ്ദേഹം കുരിശു ചുമക്കുകയാണ്. അതുപോലെതന്നെ കുടുംബനാഥയും മക്കളും സാമൂഹികനേതാക്കളും എല്ലാവരും തങ്ങളുടെ കടമകൾ നിർവഹിക്കുമ്പോൾ കുരിശുവഹിക്കുന്നവരായി മാറുകയാണ്. അതുകൊണ്ടാണ് സ്വന്തം കുരിശും വഹിച്ചുകൊണ്ട് എന്നെ അനുഗമിക്കുവിൻ എന്ന് ഈശോനാഥൻ പറയുന്നത്. ഓരോരുത്തരുടെയും

കടമകൾ വ്യത്യസ്തമാണ്. അതിനാൽ ഓരോരുത്തർക്കും വ്യത്യസ്ത മായ കുരിശുകളാണ് വഹിക്കേണ്ടി വരിക. ഈ വചനത്തിലൂടെ നമ്മുടെ കടമകൾ എപ്രകാരമാണ് നിർവഹിക്കുന്നത് എന്ന് വിചിന്തനം ചെയ്യുവാനാണ് ഈശോനാഥൻ പറയുന്നത്.

കുരിശു വഹിക്കുമ്പോൾ തീർച്ചയായും സഹിക്കേണ്ടിവരും; മുറിവേൽക്കേണ്ടിവരും. ഈശോനാഥൻ മുറിവേറ്റതും കുരിശുവഹിച്ച പ്പോഴാണ്. ജീവിതകടമകളാകുന്ന കുരിശുകൾ വഹിക്കുമ്പോൾ നമുക്കും സഹനവും മുറിവുകളും ഉണ്ടാകും. ഭർത്താവ് തന്റെ കടമകൾ നിറവേറ്റി ക്കൊണ്ട് ഭാര്യയ്ക്കും മക്കൾക്കും വേണ്ടി അധ്വാനിക്കുമ്പോൾ അവർക്കു വേണ്ടി മുറിവേൽക്കപ്പെടുകയാണ്. അമ്മ മക്കൾക്കും ഭാര്യ ഭർത്താ വിനും വേണ്ടി മുറിവേൽക്കപ്പെടുന്നുണ്ട്. സമൂഹത്തിൽ നേതൃത്വം വഹിക്കുന്നവർ സമൂഹത്തിനുവേണ്ടി മുറിവേൽക്കപ്പെടുന്ന വരാണ്. നമ്മുടെ കടമകൾ നിർവഹിക്കേണ്ടി വരുമ്പോൾ ഉണ്ടാകുന്ന അധ്വാ നവും സഹനവും വേദനയുമെല്ലാം ക്രിസ്തുനാഥന്റെ മുറിവുകളായി സമന്വയിപ്പിച്ചുകൊണ്ട് ആ കുരിശുകൾ വഹിക്കുവാൻ നമുക്ക് സാധിക്കണം.

കടമകളാകുന്ന കുരിശും വഹിച്ചുകൊണ്ടുള്ള യാത്രയിൽ പ്രലോഭനങ്ങൾ ഉണ്ടാകാം. ക്രിസ്തുനാഥനും പ്രലോഭനങ്ങൾ ഉണ്ടാ യിട്ടുണ്ട്. തന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ പ്രലോഭകൻ പ്രത്യക്ഷപ്പെടുന്നു (മത്താ 4:1-11). മനുഷ്യരക്ഷയ്ക്കുവേണ്ടി സ്വയം ബലിയാകാൻ വന്നവന് രാജാവാകുവാൻ പ്രലോഭനമുണ്ടാകുന്നുണ്ട് (മത്താ 26:36-49). പക്ഷേ പ്രലോഭനങ്ങൾക്കൊന്നും കീഴ്പ്പെടാതെ പിതാവേ അങ്ങയുടെ ഇഷ്ടം എന്നിൽ നിറവേറ്റണമേ എന്നു പ്രാർത്ഥി ക്കുന്ന ഈശോയെയാണ് നാം കാണുന്നത്. അതുപോലെതന്നെ നമ്മുടെ ജീവിതയാത്രയിലും കടമകളിൽനിന്ന് ഓടിയകലുന്നതിന് പ്രേരണയുണ്ടാകും. പ്രത്യേകിച്ച് ജീവിതകടമകളാകുന്ന കുരിശു വഹിക്കുമ്പോൾ ഉണ്ടാകുന്ന സഹനത്തിന്റെ മുമ്പിൽനിന്നും അധ്വാന ത്തിന്റെ മുമ്പിൽ നിന്നുമെല്ലാം ഓടിയകലുവാൻ പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ ക്രിസ്തുനാഥൻ ചെയ്തതുപോലെ നമ്മുടെ ജീവിത ത്തെ പിതാവിന്റെ സന്നിധിയിൽ സമർപ്പിച്ച് പിതാവേ, എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം എന്നിൽ നിറവേറട്ടെ എന്നു പ്രാർത്ഥിക്കുവാൻ നമുക്കു സാധിക്കണം.

ഉയിർത്തെഴുന്നേറ്റ ഈശോയുടെ രൂപം ചിത്രീകരിക്കുന്നത് നാം ശ്രദ്ധിച്ചിരിക്കും. മുറിവേറ്റവനാണ് ഉയിർക്കപ്പെട്ടത്. ഉയിർപ്പു രൂപത്തിലും മുറിവിന്റെ പാടുകൾ ഉണ്ട്. കുരിശും വഹിച്ചുകൊണ്ട് ജീവിതയാത്ര നടത്തിയവന്റെ പിന്നാലെ കടമകളാകുന്ന കുരിശും

വഹിച്ചുകൊണ്ട് പിൻചെല്ലുമ്പോൾ ഉണ്ടാകുന്ന മുറിവുകളെ ക്രിസ്തുനാഥൻ കുരിശിനെ ആശ്ലേഷിച്ചതുപോലെ സ്വീകരിക്കുവാൻ സാധിച്ചാൽ അവിടത്തോടുകൂടി ഉയിർപ്പിന്റെ മഹത്ത്വത്തിൽ പ്രവേശിക്കുവാൻ നമുക്കു സാധിക്കും. ഉത്ഥാനം പ്രതീക്ഷിച്ച് മരണത്തിലേക്ക് യാത്ര ചെയ്തുകൊണ്ടിരിക്കുന്ന ഓരോ ക്രിസ്തുശിഷ്യനും അവന്റെ കടമകളാകുന്ന കുരിശുകൾ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ വിശ്വസ്തതയോടെ വഹിക്കണമെന്നാണ് ഈശോ നമ്മോട് ആവശ്യപ്പെടുന്നത്.

# നോമ്പ് അഞ്ചാം വെള്ളി

## യോഹ 8:31–59)

ആദിമാതാപിതാക്കളുടെ വിളി ദൈവവചനം അനുസരിച്ച് നിത്യജീവനിൽ നിലനിന്ന് വളരുവാനുള്ള വലിയ ദൈവവിളിയായിരുന്നു. വചനമായ ഈശോ നമ്മിൽ വസിക്കുമ്പോൾ നിത്യജീവനുണ്ട്. ആദിമാതാപിതാക്കൾ ദൈവവചനത്തെക്കാൾ ആകർഷകമായി അവർക്ക് തോന്നിയ സാത്താന്റെ പാഴ്വചനത്തെ ഹൃദയത്തിൽ സ്വീകരിച്ചപ്പോൾ അവർക്ക് നിത്യജീവൻ നഷ്ടപ്പെടുകയും ആത്മീയ മരണം സംഭവിക്കുകയും ചെയ്തു.

ഈശോ മനുഷ്യനായി അവതരിച്ചത് നമ്മൾക്ക് ഓരോരുത്തർക്കും ജീവൻ നൽകുവാനും അത് സമൃദ്ധമായി നൽകുവാനും ആണ്. ഈശോയുടെ സഹന മരണ ഉത്ഥാനത്തിലൂടെ അവിടുന്ന് നമ്മൾക്ക് നിത്യജീവൻ നേടിത്തന്നു. മനുഷ്യരൂപം സ്വീകരിച്ച ദൈവവചനമായ ഈശോ മാത്രമാണ് ഈലോകത്ത് സത്യമായിട്ടുള്ളത്. ലോകത്തുള്ള മറ്റുള്ളവയെല്ലാം അപൂർണ്ണമാണ്. പൂർണ്ണനായ ദൈവത്തിനു മാത്രമേ നമ്മുടെ ജീവിതങ്ങളിൽ പൂർണ്ണത നിറയ്ക്കുവാൻ സാധിക്കുകയുള്ളു. ഇന്നത്തെ സുവിശേഷഭാഗത്ത് ഈശോ പറയുകയാണ്; *സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ആരെങ്കിലും എൻെറ വചനം പാലിച്ചാൽ അവൻ ഒരിക്കലും മരിക്കുകയില്ല.* സത്യം സത്യമായി എന്നു പറയുവാൻ ഈശോമിശിഹായ്ക്കു മാത്രമേ സാധിക്കുകയുള്ളു. അവിടുന്ന് മനുഷ്യനായി അവതരിച്ചത് സത്യത്തിന് സാക്ഷ്യം വഹിക്കുവാനാണ്.

ഈശോ യോഹന്നാന്റെ സുവിശേഷത്തിൽ വേറൊരു ഭാഗത്ത് പറയുന്നുണ്ട് അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ. അവിടുത്തെ വചനമാണ് സത്യം (യോഹ.17:17). മറ്റൊരിടത്ത് ഈശോ പറയുന്നു, ആത്മാവാണ് ജീവൻ നൽകുന്നത്. ശരീരം ഒന്നിനും

ഉപകരിക്കില്ല. ഞാൻ നിങ്ങളോടു പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ് (യോഹ. 6:63).

നോമ്പിന്റെ ഈ സുദിനത്തിൽ നമ്മൾക്ക് നമ്മുടെ ജീവിതങ്ങളെ ആത്മാവും ജീവനും നൽകുന്ന തിരുവചനമാകുന്ന യേശുവിന്റെ പക്കൽ വിശ്വാസത്തോടെ സമർപ്പിക്കാം. തിരുവചനം നമ്മുടെ ജീവിതങ്ങളിൽ മാനസ്സാന്തരത്തിന്റെ സദ്ഫലങ്ങൾ പുറപ്പെടുവിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

# നോമ്പ് അഞ്ചാം ശനി

### മർക്കോ 10:1-12

ഭാര്യാഭർതൃബന്ധം ലോകത്തുള്ള മാനുഷിക ബന്ധങ്ങളിൽ അതിശ്രേഷ്ഠവും അതിവിശുദ്ധവുമാണ്. ദൈവിക വെളിപ്പെടുത്തലുകൾ അനുസരിച്ച് സൃഷ്ടിയുടെ ആരംഭം മുതലേ ദൈവം അവരെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു. ഈശോ ഇന്നത്തെ സുവിശേഷഭാഗത്ത് പറയുന്നു: ദൈവം സംയോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ .

പൗലോസ് ശ്ലീഹാ വൈവാഹിക ബന്ധത്തെ സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തോടാണ് താരതമ്യപ്പെടുത്തുന്നത്. ശ്ലീഹാ തുടർന്ന് പറയുന്നു: ഇത് വലിയ ഒരു രഹസ്യമാണ് (എഫേ. 5:32). ഭാര്യയും ഭർത്താവും ഒന്നിക്കുന്നത് മാനുഷിക പദ്ധതിപ്രകാരവും, മാനുഷിക ആലോചനപ്രകാരവും മാത്രമല്ല. അവയ്ക്കൊക്കെ അതീതമായി പ്രവർത്തിക്കുന്ന അതിവിശുദ്ധമായ ഒരു ദൈവിക പദ്ധതിയുടെ ഫലമാണ് വിവാഹം എന്ന വിശുദ്ധ കൂദാശ. ഈ കൂദാശയിലൂടെ ദൈവസ്നേഹം പങ്കുവെച്ച് അനുദിനം സ്നേഹത്തിലും വിശുദ്ധിയിലും വളർന്ന് ദൈവത്തിന്റെ അതിവിശുദ്ധമായ സൃഷ്ടികർമ്മത്തിൽ പങ്കുചേരുകയാണ്

ഓരോ ദമ്പതിമാരും. അതിശ്രേഷ്ഠമായ ഒരു ദൈവവിളിയാണ് ദാമ്പത്യജീവിതം. മരണം വരെ ഒന്നിച്ചു ജീവിച്ച് ദൈവത്തെ മഹത്വപ്പെടുത്തുവാൻ ആവശ്യമായ കൃപ ദൈവം ഈ കൂദാശയിലൂടെ ദാനമായി നൽകുന്നു. മോശയുടെ നിയമം കർശനമായി പാലിക്കുന്നവരാണ് തങ്ങൾ എന്ന് വിശ്വസിക്കുന്ന ഫരിസേയർ ഈശോയെ സമീപിച്ച് ചോദിക്കുന്ന ഒരു ചോദ്യവും അതിന് ഈശോ നൽകുന്ന ഉത്തരവും ആണ് ഇന്നത്തെ സുവിശേഷം. ഫരിസേയരുടെ ചോദ്യം: ഭാര്യയെ ഉപേക്ഷിക്കുന്നതു നിയമാനുസൃതമാണോ? ഈശോയുടെ മറുപടി ആരംഭിക്കുന്നത് ഒരു മറുചോദ്യവുമായാണ്; മോശ എന്താണു

നിങ്ങളോടു കൽപിച്ചത്? അവർ പറഞ്ഞു: ഉപേക്ഷാപത്രം കൊടുത്ത് അവളെ ഉപേക്ഷിക്കാൻ മോശ അനുവദിച്ചിട്ടുണ്ട്. ഈശോ പറഞ്ഞു: നിങ്ങളുടെ ഹൃദയകാഠിന്യംകൊണ്ടാണ് മോശ ഈ നിയമം നിങ്ങൾക്കുവേണ്ടി എഴുതിയത്. തുടർന്ന് ശിഷ്യന്മാർ ഈശോയോട് പറയുന്നു: ഭാര്യാഭർതൃബന്ധം ഇത്തരത്തിലുള്ളതെങ്കിൽ വിവാഹം ചെയ്യാതിരിക്കുന്നതാണല്ലോ ഭേദം. ഈശോ പറയുന്നു: കൃപ ലഭിച്ച വരല്ലാതെ മറ്റാരും ഈ ഉപദേശം ഗ്രഹിക്കുന്നില്ല .

ഈശോ ആഗ്രഹിക്കുന്നതുപോലെയുള്ള ഒരു കുടുംബ ജീവിതം നയിക്കണമെങ്കിൽ നമ്മൾക്ക് ദൈവകൃപ ലഭിച്ചിരിക്കണം. ദൈവകൃപ ഇല്ലാത്തവരുടെ ഹൃദയം കഠിനമായിരിക്കുന്നതിനാൽ കർത്താവിന്റെ ഈ ഉപദേശം ഗ്രഹിക്കുവാൻ അവർക്ക് സാധിക്കുക യില്ല. കത്തോലിക്കാ സഭകൃപാ ജീവിതം നയിച്ചവരും നയിക്കുന്നവരു മായ ഭാര്യാഭർത്താക്കന്മാരാൽ സമ്പന്നമാണ്. അവരെയോർത്ത് നമ്മൾക്ക് ദൈവത്തിനു നന്ദി പറയാം.

ദൈവകൃപ നിറഞ്ഞവളായ പരിശുദ്ധ മറിയത്തോട് നമുക്ക് ഇന്ന് പ്രാർത്ഥിക്കാം: മാതാവേ ഞങ്ങളുടെ കുടുംബങ്ങളുടെ മേൽ ദൈവകൃപ സമൃദ്ധമായി ചൊരിയുവാൻ അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ

# നോമ്പ് ആറാം ഞായർ

## ഉൽപ. 19:15-26, ജോഷ്വ. 21:43-22:5, റോമ. 14:13-23, യോഹ 9:39-10:21

പഴയനിയമജനത ദൈവത്തെ കണ്ടിരുന്നത് ഇടയനായിട്ടാണ്. കർത്താവാണെന്റെ ഇടയൻ. എനിക്കൊന്നിനും കുറവുണ്ടാവുകയില്ല (സങ്കീ 23:1). കർത്താവ് ഇടയനും ഇസ്രായേൽ ആടുകളുമാണെന്ന സങ്കല്പം ഇസ്രായേലിൽ നിലനിന്നിരുന്നു. കർത്താവ് ജനത്തിന്റെ ദൈവവും ജനം അവിടത്തെ മേച്ചിൽ സ്ഥലത്തെ ആടുകളുമാണ് (സങ്കീ 95:7; 77:20). പുതിയ നിയമത്തിൽ നാല് സുവിശേഷങ്ങളിലും ഈശോയെ ഇടയനായി ചിത്രീകരിക്കുന്നുണ്ട് (മത്താ 9:36; 18:12; മർക്കോ 6:34; ലൂക്കാ 12:32; 15:41; യോഹ 10:1-18).

ഈശോ ആരാണെന്നും അവിടത്തെ സന്ദേശമെന്താണെ ന്നുമുള്ള ചോദ്യങ്ങൾക്ക് പാലസ്തീനായുടെ പശ്ചാത്തലത്തിലുള്ള ഉപമയിലൂടെ യോഹന്നാൻ ഉത്തരം നല്കുകയാണ് ഇന്നത്തെ സുവി ശേഷത്തിൽ. കൂടാതെ, കള്ളന്മാരും വ്യാജഇടയന്മാരും വിശ്വാസിസമൂ ഹത്തെ വഴിതെറ്റിക്കാൻ വെമ്പൽകൊള്ളുന്ന സാഹചര്യത്തിൽ

ഈശോ നല്ല ഇടയനും വിശ്വാസികളെ മാർഗത്തിന് ഭ്രംശം വരുത്തുന്ന വ്യാജപ്രോബധകർ വ്യാജഇടയന്മാരുമാണെന്ന് യോഹന്നാൻ സമർത്ഥിക്കുന്നു. സ്വാർത്ഥലാഭത്തിനുവേണ്ടി ദൈവജനത്തെ അവഗണിക്കുന്ന ഇസ്രായേലിലെ നിയമജ്ഞരെയും ഫരിസേയരെയും വ്യാജ ഇടയന്മാരായി ചിത്രീകരിക്കുന്ന സുവിശേഷകൻ അവർക്കുള്ള ഒരു ബദലായിട്ടാണ് ആടുകൾക്ക് ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമായി പരിശ്രമിക്കുന്ന നല്ല ഇടയനായി ഈശോയെ അവതരിപ്പിക്കുന്നത്.

യോഹ 10:1-6-ൽ ഇടയനെയും ആടുകളെയും കുറിച്ച് വിവരിക്കുന്ന യോഹന്നാൻ ശ്ലീഹാ 7-10-ൽ തൊഴുത്തിന്റെ വാതിലിനെയും അതിൽ പ്രവേശിക്കുന്നവരെയും 10-18-ൽ നല്ല ഇടയനായ ഈശോയെയും കുറിച്ച് പ്രതിപാദിക്കുന്നു.

നല്ല ഇടയൻ: യോഹന്നാൻ ശ്ലീഹാ ഈശോയെ വിശേഷിപ്പിച്ചിരിക്കുന്നത് നല്ല ഇടയൻ എന്നാണ്. ഈശോയുടെ നന്മയെ ഊന്നിപ്പറയുവാൻ വേണ്ടിയാണ് മനോഹരം, സുന്ദരം എന്ന അർത്ഥം വരുന്ന ഗ്രീക്ക് ഭാഷയിലെ *കാലോസ്* എന്ന പദം ഇടയൻ എന്ന വാക്കിനോട് കൂടെ ഉപയോഗിച്ചിരിക്കുന്നത്. ജനനേതാക്കളായ മറ്റ് ഇടയന്മാരെക്കാൾ ശ്രേഷ്ഠനാണ്, നല്ലവനാണ് എന്ന് ഈ വിശേഷണം സൂചിപ്പിക്കുന്നു. കൂടാതെ, നല്ല എന്ന വിശേഷണം ഈശോയാകുന്ന ഇടയനോട് കൂട്ടിച്ചേർക്കുമ്പോൾ ഈശോയുടെ കനിവും കാരുണ്യവും ഈ വാക്ക് ഉൾക്കൊള്ളുന്നുണ്ട്. നല്ല ഇടയൻ എന്ന വാക്കിന്റെ അർത്ഥം നന്മയും കനിവും കാരുണ്യവുമുള്ള അജപാലകൻ എന്നാണ്.

നല്ല ഇടയന്റെ പ്രത്യേകതകൾ: യോഹ 10:1-18-ൽ നല്ല ഇടയന്റെ ഭാവങ്ങളെ സുവിശേഷകൻ അവതരിപ്പിക്കുന്നുണ്ട്. 1. വ്യാജമാർഗങ്ങളിലൂടെ തൊഴുത്തിൽ പ്രവേശിക്കാതെ യഥാർത്ഥ വാതിലിലൂടെ അകത്തു പ്രവേശിക്കുന്നവൻ (10:1-2). 2. വ്യക്തിപരമായ ബന്ധമുള്ളതിനാൽ ആടുകളെ പേര് ചൊല്ലി വിളിക്കുന്നവൻ (10:3). 3. ആടുകളുടെ നന്മ കാംക്ഷിച്ച് അവയെ മേച്ചിൽ സ്ഥലങ്ങളിലേക്ക് നയിക്കുന്നവൻ (10:3). 4. ആടുകളുടെ മുമ്പെ നടന്ന് അവയ്ക്ക് വഴികാണിച്ചു കൊടുക്കുന്നവൻ (10:4). 5. അപകടസന്ധിയിൽ ഓടിപ്പോകാതെ ആടുകൾക്കുവേണ്ടി ജീവനർപ്പിക്കുന്നവൻ (10:11). 6. കൂലിക്കുവേണ്ടി മാത്രം ആടുകളെ നോക്കുന്ന വ്യക്തിയെപ്പോലെ അല്ലാതെ ആടുകളെ സ്വന്തമായി കരുതുന്നവൻ (10:12-13). 7. ആടുകളെ അറിഞ്ഞ് സ്നേഹിക്കുന്നവൻ (10:14,150). 8. തൊഴുത്തിൽപ്പെടാത്ത മറ്റ് ആടുകളെയും കരുതലോടെ കാക്കുന്നവൻ (10:16).

ആടുകളെ ഉപേക്ഷിച്ച് ഓടിപ്പോകുന്നവർ: ഇടയനല്ലാത്തവനും ആടുകൾ സ്വന്തമല്ലാത്തവനുമായ കൂലിക്കാരൻ ചെന്നായ് വരുന്നതു കാണുമ്പോൾ ആയുകളെയെല്ലാം വഴിയിൽ ഉപേക്ഷിച്ച് തന്റെ തന്നെ രക്ഷ തേടി ഓടിപ്പോകുന്നു (10:12). അതുവഴി ചെന്നായ് ആടുകളെ ആക്രമിക്കുകയും അവയെ ചിതറിച്ചു കളയുകയും ചെയ്യുന്നു. ഏ.ഡി. 70-ലെ ജറുസലേം ദേവാലയത്തിന്റെ പതനത്തിനു തൊട്ടുമുൻപായി യഹൂദനേതാക്കന്മാരെല്ലാം യാമ്നിയ എന്ന സ്ഥലത്തേക്ക് പലായനം ചെയ്യുകയും അതേത്തുടർന്നുണ്ടായ സംഭവങ്ങളുമാണ് ഈ പരമാർ ശത്തിന്റെ (10:12) പശ്ചാത്തലമായി വിശുദ്ധ ഗ്രന്ഥവ്യാഖ്യാതാക്കൾ സാധാരണ അഭിപ്രായപ്പെടുന്നത്. അപകടം വരുന്നുവെന്ന് കാണു മ്പോൾ ഏല്പിക്കപ്പെട്ടിരിക്കുന്നവരുടെ രക്ഷ നോക്കാതെ സ്വയം രക്ഷ തേടുന്നവർ വെറും കൂലിക്കാരന്റെ സ്വഭാവമുള്ളവരാണെന്ന് വ്യക്തം. അതായത് ഏല്പിക്കപ്പെട്ടിരിക്കുന്നവയെ സ്വന്തമെന്ന പോലെ കരുതി സംരക്ഷിക്കേണ്ടതിനു പകരം അപകടത്തിന് അവയെ വിട്ടുനല്കി ക്കൊണ്ട് സ്വയരക്ഷ തേടുന്നവൻ ആത്മാർത്ഥതയില്ലാത്തവനാണ്, കടപ്പാടുകൾ ഇല്ലാത്തവനാണ്. കൂലിക്കാരൻ കൂലിക്കുവേണ്ടി മാത്രം തന്റെ ജോലി നിർവഹിക്കുമ്പോൾ നല്ല ഇടയൻ ആടുകളോടുള്ള അവനെ സ്നേഹബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ശുശ്രൂഷിക്കുന്ന തെന്നും ഈ വാക്യം പഠിപ്പിക്കുന്നു.

ഇസ്രായേലിലെ ജനനേതാക്കളായ പല ഇടയന്മാരും തങ്ങ ളുടെ ആടുകളാകുന്ന അജഗണങ്ങളെ ചൂഷണം ചെയ്ത് ഉപജീവനം നേടുകയും (എസെ 34:1-10) പുതിയ നിയമകാലഘട്ടത്തിൽ ജന നേതാക്കളായിരുന്ന പ്രീശന്മാർ ജനത്തെ അവജ്ഞയോടെ കാണു കയും (യോഹ 7:49) ചെയ്യുന്ന സാഹചര്യത്തിൽ അപകടാവസ്ഥയിൽ ഇക്കൂട്ടർ സ്വന്തം രക്ഷ തേടിപ്പോയില്ലെങ്കിലെ അദ് ഉതപ്പെടാനുള്ളൂ.

തൊഴുത്തിൽപ്പെടാത്ത മറ്റ് ആടുകൾ (10:16): സകല ജനവും ഈശോയിൽ ഒരു ഗണമായിത്തീരേണ്ടതാണെന്ന ചിന്തയെ അടിസ്ഥാ നമാക്കിയുള്ളതാണ് ഈ വചനം. എല്ലാ ആടുകളെയും അറിയുകയും സ്നേഹിക്കുകയും അവയ്ക്കുവേണ്ടി സ്വയം ജീവൻ അർപ്പിക്കുകയും ചെയ്ത ദൈവത്താൽ നിയോഗിക്കപ്പെട്ട ഇടയനാണ് ഈശോ. ആ ഈശോയിൽ വിശ്വാസമർപ്പിച്ച് കൂട്ടായ്മയിൽ നില്ക്കുന്നവരാണ് തൊഴുത്തിൽപ്പെടുന്ന ആടുകൾ. നല്ല ഇടയനായ ഈശോയിൽ വിശ്വസിക്കാത്തവരാണ് തൊഴുത്തിന് പുറത്തു നില്ക്കുന്നവർ.

ഈശോയെ അംഗീകരിക്കുവാൻ വിമുഖത കാട്ടുന്നവരും അവിടത്തെ അറിഞ്ഞശേഷം പലവിധ കാരണങ്ങളാൽ ഈശോയിൽ നിന്ന് അകന്നുപോയവരും തൊഴുത്തിനു പുറത്തുള്ളവരാണ്. തൊഴുത്തിനു

പുറത്തുള്ളവരെല്ലാവരും തിരികെ വന്ന് ഏകതൊഴുത്തും ഏകഇടയനു മാകണമെന്നുമാണ് ഇവിടെ അർത്ഥമാക്കുന്നത്. ചിതറിക്കഴിയുന്ന ജനമെല്ലാം ഈശോയിൽ ഒരുമിച്ച് കൂട്ടപ്പെടുമെന്നാണ് ഈ വചന ത്തിന്റെ ധ്വനി. എല്ലാ മനുഷ്യരുടെയും രക്ഷകനായ ഈശോയുടെ സാർവത്രിക രക്ഷാകരദൗത്യത്തിന്റെ സൂചനകളാണിവ. എന്റെ ഭവനം എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടുമെന്ന് എഴുതിയിട്ടില്ല (മർക്കോ 10:17).

# 2

അസ്സീസിയിലെ ഫ്രാൻസിസിനെക്കുറിച്ചൊരു കഥയുണ്ട്. ദൂരെയെങ്ങോ സുവിശേഷം പറയാൻ പോയതായിരുന്നു രണ്ടു ശിഷ്യ ന്മാർ. രാവേറെയായിട്ടും ആവർ മടങ്ങിയെത്തിയില്ല. പടിവാതിൽക്കൽ കാത്തിരിക്കുന്ന ഫ്രാൻസിസ് എപ്പോഴോ ഉറക്കത്തിലേക്കു വഴുതി വീണു. നിനച്ചിരിക്കാത്ത നേരത്താണ് അവിടെ മഞ്ഞുവീഴുക. പെട്ടെന്ന് അവിടെ ഒരു മഞ്ഞുമല രൂപപ്പെടുന്നു. രാത്രിയിൽ ശിഷ്യന്മാർ മടങ്ങിവരുമ്പോൾ വലിയൊരു മഞ്ഞുമല. അവർ തൂമ്പയെടുത്ത് ആഞ്ഞു വെട്ടി. പെട്ടെന്ന് മഞ്ഞുമലയ്ക്കിടയിൽ നിന്ന് രക്തം പൊടിഞ്ഞു. അവർ പതുക്കെ മഞ്ഞുകട്ടം മാറ്റിയപ്പോൾ തങ്ങളെ നോക്കി നില്ക്കുന്ന തങ്ങളുടെ പ്രിയപ്പെട്ട ഗുരുവിന്റെ ശരീരം. ശിഷ്യരെ കാത്തിരിക്കുന്ന ഗുരു. അവർക്കുവേണ്ടി ജീവൻ അർപ്പിക്കുന്ന ഗുരു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു.

ഇന്നത്തെ സുവിശേഷം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്ന ചിന്തയും ഇതുതന്നെയാണ്. നല്ല ഇടയൻ ആടുകളോടൊത്ത് ആടു കൾക്കുവേണ്ടി ജീവിക്കുന്നു. സുവിശേഷത്തിലെ ഇടയസങ്കല്പം കൂടുതൽ വ്യക്തമാകണമെങ്കിൽ യൂദയാരാജ്യത്തിന്റെ ഭൂമിശാസ്ത്ര പരമായ സവിശേഷതകൾ നാമറിയണം. ഇടയ്ക്കിടയ്ക്ക് കാണപ്പെടുന്ന പാറക്കൂട്ടങ്ങളും മുൾച്ചെടികളും അതിർത്തികളിലുള്ള കുറ്റിക്കാടുകളിൽ വസിക്കുന്ന ചെന്നായ്ക്കളും മറ്റ് ക്രൂരമൃഗങ്ങളും ആളുകൾക്ക് കെണി കളൊരുക്കി കാത്തുനില്ക്കുന്നു. ഇവിടെ ഇടയന് ജോലിഭാരം വർദ്ധിക്കുന്നു. ആത്മാർത്ഥത പരീക്ഷിക്കപ്പെടുന്നു. ഈ പശ്ചാത്തല ത്തിൽ ഇടയന്റെ ചിത്രം കൂടുതൽ മിഴിവുറ്റതായിത്തീരുന്നു.

കല്ലുകളിൽ തട്ടി മുറിവേറ്റ ആടിനെ തലോടി തോളിലേറ്റി വരുന്ന നല്ലിടയൻ, തന്റെ സൂക്ഷത്തിലുള്ള ആടുകളുടെ സ്വരം അറിയുന്ന നല്ല ഇടയൻ, ആടുകളെ ആക്രമിക്കുന്ന ചെന്നായ്ക്കളോട് പോരാടുന്ന ഇടയൻ, ജാഗ്രതയോടെ ആടുകളുടെ ഒപ്പമുള്ള ഇടയൻ.

ഈയൊരു ഇടയന്റെ ചിത്രമാണ് ഇന്നത്തെ സുവിശേഷത്തിൽ തെളിഞ്ഞു നില്ക്കുന്നത്. ഞാൻ നല്ല ഇടയനാകുന്നു എന്ന പ്രയോഗത്തിലെ നല്ല എന്ന വാക്കിന് വിശാലമായ അർത്ഥമാണുള്ളത്. നമ്മുടെ നാട്ടിൽ ഒരു നല്ല ഡോക്ടറുണ്ട് എന്നു പറഞ്ഞാൽ നാമെന്താണ് അർത്ഥമാക്കുക? അവന്റെ ബിരുദമോ കുടുംബമഹിമയോ അല്ല അയാളെ നല്ലവനാക്കിത്തീർക്കുക. സ്നേഹമുള്ള വിശ്വസിക്കാൻ കൊള്ളാവുന്ന നമ്മുടെ ആവലാതികൾക്കു ചെവികൊടുക്കുന്ന മറ്റൊരു തരത്തിൽ പറഞ്ഞാൽ മറ്റുള്ളവർക്ക് അദ്ദേഹത്തെ സ്വീകാര്യനാക്കിത്തീർക്കുന്ന എല്ലാ ഗുണങ്ങളുള്ള ഒരാൾ എന്നാകണം നല്ല എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുക. ഇതുപോലെ എല്ലാ ഗുണങ്ങളുമുൾക്കൊള്ളുന്ന Kalos എന്ന ഗ്രീക്കുപദമാണ് നല്ല എന്ന വാക്കിനു വേണ്ടി ഈശോ ഉപയോഗിച്ചത്.

തന്റെ ജീവനും ആടുകളുടെ ജീവനും തമ്മിൽ ഒരു തെരഞ്ഞെടുപ്പ് വരുമ്പോൾ സ്വന്തം ജീവൻ രക്ഷിക്കാനേ കൂലിക്കാരനായ ഇടയൻ ശ്രദ്ധിക്കൂ. എന്നാൽ ഈശോയെ സംബന്ധിച്ചിടത്തോളം ഇടയവൃത്തി ഒരു ഉടമ്പടിവേലയല്ല, പ്രത്യുത ഒരു ജീവിതദൗത്യമാണ്. ഈശോയാകുന്ന ഇടയൻ ആടുകളുടെ വാതിലാണ്. വാതിൽ കാവൽക്കാരനാണ്.

ആടുകളെ അറിയുന്ന ഇടയനു മാത്രമേ ആടുകൾക്കുവേണ്ടി ജീവിക്കാൻ സാധിക്കുകയുള്ളൂ. ഇടയന് ആടുകളെ പേരുചൊല്ലി വിളിക്കാൻ സാധിക്കണം. ഓരോരുത്തരുടെയും ജീവിതസാഹചര്യങ്ങൾ മനസ്സിലാക്കുവാനും സന്തോഷത്തിലും ദുഃഖത്തിലും അവരോടൊപ്പം പങ്കുചേരാനും കഴിയണം. ഇടയന് എല്ലാവരെയും സ്വീകരിക്കാനും സമഭാവനയോടെ പെരുമാറാനും സാധിക്കണം. ആടുകൾ പച്ചപ്പ് തേടി പല സ്ഥലങ്ങളിലേക്കും പോകാൻ സാധ്യതയുണ്ട്. ഇടയൻ ദീർഘവീക്ഷണത്തോടെ നിന്നെങ്കിലേ അവയെ നയിക്കാൻ സാധിക്കുകയുള്ളൂ. ഈ ഇടയധർമ്മം നിർവഹിക്കുമ്പോഴാണ് സമൂഹത്തിൽ കുടുംബത്തിൽ പ്രശാന്തത കൈവരുന്നത്.

നല്ല ആടുകൾ ഇടയനെ അറിഞ്ഞ് അയാളിൽ വിശ്വാസമർപ്പിച്ച് ഇടയന്റെ പിന്നാലെ നീങ്ങേണ്ടവനാണ്. ഇടയനെ അറിയുന്ന ആടിനെ വഴിതെറ്റാതെ നടക്കാൻ സാധിക്കൂ. ആടുകളെ ആകർഷിക്കുന്ന പല പ്രലോഭനങ്ങളും ചുറ്റുപാടും പ്രത്യക്ഷപ്പെടും. ആ അവസരങ്ങളിൽ ഇടയനോടു ചേർന്നു നിന്നെങ്കിലേ വഴിതെറ്റാതിരിക്കൂ. ഇടയന്റെ സ്വരം തിരിച്ചറിയുന്ന നല്ല ആടുകളാവുക. ഈശോയുടെ അജഗണത്തിലെ അംഗങ്ങളായ നമുക്ക് അഴന്റെ സന്നിധിയിൽ ആയിരിക്കാനും അവന്റെ സ്വരം ശ്രവിച്ച് ജീവിതം നയിക്കാനും സാധിക്കണം.

നല്ല ആടാണെങ്കിലും വഴിതെറ്റിപ്പോയേക്കാം. വഴി തെറ്റി അലയുമ്പോൾ ഇടയൻ അന്വേഷിച്ചു വരുന്നുണ്ട് എന്നു മനസ്സിലാക്കി നിലവിളിക്കേണ്ടിയിരിക്കുന്നു. കൂട്ടം തെറ്റുന്ന ആട് കരയുന്നതുപോലെ പാപം ചെയ്ത് ക്രിസ്തുവിന്റെ മാർഗത്തിൽ നിന്ന് അകന്നുപോയാൽ കർത്താവിന്റെ സന്നിധിയിൽ നിലവിളിച്ച് മനസ്താപത്തോടെ തിരിച്ചു വരാൻ ശ്രദ്ധിക്കണം. സങ്കീർത്തകനൊപ്പം നമുക്കും പ്രാർത്ഥിക്കാൻ കഴിയണം. കൂട്ടംവിട്ട ആടിനെപ്പോലെ ഞാനലയുന്നു. അങ്ങയുടെ ദാസനെ തേടിവരണമേ. എന്തെന്നാൽ അങ്ങയുടെ കല്പനകൾ ഞാൻ മറക്കുന്നില്ല. (സങ്കീ. 119:176) ഇതാവട്ടെ നമ്മുടെ നോമ്പുകാലം പ്രാർത്ഥന.

# 3

ഈ വചനഭാഗം നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നത് ക്രിസ്തു ശിഷ്യൻ അനുഷ്ഠിക്കേണ്ട രണ്ടു ധർമ്മങ്ങളിലേക്കാണ് - ഇടയ ധർമ്മവും അജധർമ്മവും. ഈശോയെ സ്വന്തം ജീവിതത്തിൽ അനുകരിക്കുവാൻ തയ്യാറായിട്ടുള്ള ആർക്കും ഇടയധർമ്മമുണ്ട്. പിതാവായ ദൈവത്തിന്റെ ഇടയച്ചെറുക്കനായി ക്രിസ്തു സ്വയം ചിത്രീകരിക്കുന്നതുപോലെ, ക്രിസ്തുനാഥന്റെ ഇടയച്ചെറുക്കന്മാരാണ് നാം ഓരോരുത്തരും. ക്രിസ്തുനാഥൻ തന്റെ സംരക്ഷണത്തിനേല്പിക്കപ്പെട്ടിരുന്ന എല്ലാവരുടെയും പരിരക്ഷയ്ക്കുവേണ്ടി സ്വയം സമർപ്പിച്ചിരിക്കുന്നതുപോലെ നമുക്കും ഒരു ഇടയ ധർമ്മണ്ട ്. വികാരിയച്ചൻ ഇടവക ജനത്തിന് ഇടയനായിരിക്കണം.

മാതാപിതാക്കൾ മക്കൾക്കും, അദ്ധ്യാപകർ വിദ്യാർത്ഥികൾക്കും, ഭരണകർത്താക്കൾ ഭരണീയർക്കും, ഉദ്യോഗസ്ഥർ ഉപഭോക്താക്കൾക്കും, യജമാനൻ തൊഴിലാളികൾക്കും ഇടയന്മാരായിരിക്കണം. നല്ല ഇടയനായ ഈശോയുടെ പാത നാം പിന്തുടരുമ്പോൾ നമ്മുടെ ജീവിതവും നമ്മെ ഉത്തരവാദിത്വമേൽപ്പിച്ചവരുടെ പരിരക്ഷയ്ക്കുവേണ്ടി ആകേണ്ടിയിരിക്കുന്നു.

ജീവൻ സമർപ്പിക്കുക എന്നു പറയുമ്പോൾ അവർക്കുവേണ്ടി മരിക്കുക എന്നതിനേക്കാൾ മരിക്കുന്നതുവരെയും അവർക്കുവേണ്ടി ജീവിക്കുകയെന്നതാണ് മനസ്സിലാക്കേണ്ടത്. ആടുകളെ അറിഞ്ഞാലേ അവർക്കുവേണ്ടി ജീവിക്കുവാൻ സാധിക്കുകയുള്ളു. ഇടയന് ആടുകളെ പേരു ചൊല്ലി വിളിക്കുവാൻ സാധിക്കണം. ഓരോരുത്തരുടെയും ജീവിത സാഹചര്യങ്ങൾ മനസ്സിലാക്കുവാനും, സന്തോഷത്തിലും ദുഃഖത്തിലും അവരോടൊപ്പംപങ്കുചെരുവാനും കഴിയണം. ഇടയന്

എല്ലാവരെയും സ്വീകരിക്കുവാനും സമഭാവനയോടെ പെരുമാറുവാനും സാധിക്കണം. ആടുകൾ പച്ചപ്പുതേടി പല സ്ഥലങ്ങളിലേക്കും പോകുവാൻ സാധ്യതയുണ്ട്. ഇടയൻ ദീർഘവീക്ഷണത്തോടെ നിന്നെങ്കിലേ അവയെ നയിക്കുവാൻ സാധിക്കുകയുള്ളു. ഈ ഇടയധർമ്മം നിർവ്വഹിക്കുമ്പോഴാണ് സമൂഹത്തിൽ, കുടുംബത്തിൽ പ്രശാന്തത കൈവരുന്നത്. ആടുകൾ ഇടയന്റെ പാതയിൽ നിന്ന് വ്യതിചലിക്കാൻ സാധ്യതയുണ്ട്; കാണാതെപോയെന്നു വരാം, മുറിവേറ്റെന്നു വരാം. നഷ്ടപ്പെട്ടവയെ തേടി കണ്ടെത്തുവാനും മുറിവേറ്റവയെ വേണ്ട പരിചരണം നൽകി തൊഴിത്തിലേക്കു കൊണ്ടുവരാനുമുള്ള ധർമ്മം ഇടയനുണ്ട്. മുറിവേറ്റ ആടിനെ തോളിലേറ്റി നിൽക്കുന്ന നല്ല ഇടയനായ ഈശോയുടെ മാതൃക നമുക്കു മുന്നിലുണ്ടായിരിക്കണം. നല്ല ഇടയനായ ഈശോ പിതാവിന്റെ കല്പനയനുസരിച്ച് എല്ലാം പ്രവർത്തിച്ചിരുന്നതുപോലെ (യോഹ. 11:18) ക്രിസ്തുവിന്റെ കല്പനയനുസരിച്ച് അജഗണങ്ങളെ നയിക്കുകയും ക്രിസ്തുവിലേക്ക് ഒന്നിച്ചു ചേർക്കുകയും ചെയ്യണം. ആടുകളെ തൊഴുത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള മാർഗ്ഗമായി ഇടയനു നിൽക്കുവാൻ സാധിക്കണം; ആടുകൾക്ക് മാതൃകയായി രിക്കേണം. ക്രിസ്തുനാഥന്റെ പക്കലേക്ക് ആടുകളെ നയിക്കുവാനായി നിന്നുകൊണ്ട് ആടുകളുടെ വാതിലാകുവാൻ സാധിക്കണം.

എല്ലാ ക്രൈസ്തവനും ഇടയധർമ്മം ഉള്ളതുപോലെ നല്ല ആട് ആയിരിക്കുവാനുള്ള അജധർമ്മവും ഉണ്ട്. നല്ല ഇടയനായ ഈശോ പിതാവിന്റെ ഹിതമനുസരിച്ച് പ്രവർത്തിച്ച കുഞ്ഞാടായിരുന്നതുപോലെ ഈശോയുടെ അജഗണത്തിലെ അംഗങ്ങളായ നാം നല്ല ആടുകളായും വർത്തിക്കണം.

നല്ല ആട് ഇടയനെ അറിഞ്ഞ് അയാളിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ഇടയന്റെ പിന്നാലെ നീങ്ങേണ്ടവനാണ്. ഇടയനെ അറിയുന്ന ആടിനേ വഴിതെറ്റാതെ നടക്കുവാൻ സാധിക്കൂ. ആടുകളെ ആകർഷിച്ചുകൊണ്ട് പല പ്രലോഭനങ്ങളും ചുറ്റുപാടും പ്രത്യക്ഷപ്പെടും. ആ അവസരങ്ങളിൽ ഇടയനോടു ചേർന്നു നിന്നെങ്കിലേ വഴിതെറ്റാതിരിക്കൂ. ഇടയന്റെ സ്വരം ശ്രവിച്ചെങ്കിലേ ഇടയനെ തിരിച്ചറിയുവാൻ കഴിയൂ. ഈശോയുടെ അജഗണത്തിലെ അംഗങ്ങളായ നമുക്ക് കർത്താവിന്റെ സന്നിധിയിൽ ആയിരിക്കുവാനും അവന്റെ സ്വരം ശ്രവിച്ച് ജീവിതം നയിക്കുവാനും സാധിക്കണം. ചെന്നായ്ക്കൾ വന്ന് ആടുകളെ പിടികൂടുകയും ചിതറിക്കുകയും ചെയ്തേക്കാം. അതിനാൽ ശത്രുക്കളായ ചെന്നായ്ക്കളെ തിരിച്ചറിയുന്നതിനും അവയിൽനിന്നും ഓടിമാറി ഇടയന്റെ പക്കൽ എത്തുന്നതിനും ശ്രദ്ധിക്കണം.ഇന്ന്

തെറ്റായ പല പഠിപ്പിക്കലുകളും അബദ്ധപ്രചാരണങ്ങളും ആധുനിക തയുടെ പല പ്രതിഭാസങ്ങളും മനുഷ്യനെ തിന്മയിലേക്ക് ആകർഷിച്ചു കൊണ്ട് ചെന്നായ്ക്കളായി പ്രത്യക്ഷപ്പെടുന്നുണ്ട്. ഈ അവസരത്തിൽ ചെന്നായ്ക്കളെ തിരിച്ചറിഞ്ഞ് അവയിൽ നിന്ന് അകന്ന് നിൽക്കുവാൻ ശ്രദ്ധിക്കണം. അല്ലായെങ്കിൽ അവ നമ്മെ പിച്ചിച്ചീന്തുകയും ചിതറിക്കു കയും ചെയ്യും.

# 4

### ജോഷ്വാ 22

ഇസ്രായേൽജനം കാനാൻദേശം കൈവശപ്പെടുത്തിയത് പന്ത്രണ്ടുഗോത്രങ്ങളുടെ ഒരു സംയുക്തസംരംഭമായിട്ടായിരുന്നു. ഇസ്രായേലിന്റെ പന്ത്രണ്ടുഗോത്രങ്ങൾ യാക്കോബ് എന്ന ഒരേ പിതാ വിന്റെ പന്ത്രണ്ട് ആൺമക്കളുടെ പേരിലാണറിയപ്പെടുന്നത്. അതു കൊണ്ട് അവരുടെ കാനാൻദേശത്തെ വിജയം സഹോദരങ്ങളുടെ ഐക്യത്തിന്റെ വിജയമായിരുന്നു എന്നു പറയാം.

കാനാൻദേശം യോർദ്ദാൻ നദിക്കു പടിഞ്ഞാറാണ്. യോർദ്ദാൻ നദിക്കു കിഴക്കുഭാഗവം ഇസ്രായേൽജനം നേരത്തേ തന്നെ കൈവശ പ്പെടുത്തുകയും 2 ½ ഗോത്രങ്ങൾക്കു വീതിച്ചു നല്കുകയും ചെയ്തി രുന്നു. എന്നാൽ ഈ 2 ½ ഗോത്രങ്ങളിലെ യോദ്ധാക്കളും കാനൻദേശം പിടിച്ചടക്കുവാൻ ഇതരസഹോദരഗോത്രങ്ങളെ സഹായിച്ചതിനു ശേഷം മാത്രമാണ് തങ്ങളുടെ അവകാശത്തിലേക്കു മടങ്ങിയത്. അതെ സംബന്ധിച്ചാണ് ജോഷ്വാ 22-ൽ വായിക്കുന്നത്. നിങ്ങളുടെ സഹോ ദരന്മാരെ ഇന്നുവരെ നിങ്ങൾ ഉപേക്ഷിച്ചിട്ടില്ല ജോഷ്വാ 22:3. ഇസ്രാ യേലിന്റെ പന്ത്രണ്ടു സഹോദരഗോത്രങ്ങൾ തമ്മിൽ ഐക്യവും അനൈക്യവുമൊക്കെ നിലനിന്നിരുന്നു. അവർ തമ്മിൽ ഐക്യത്തി ലായിരുന്നപ്പോഴെല്ലാം ദൈവമായ കർത്താവ് അവരോടൊത്തു വസിച്ച് അവരെ അനുഗ്രഹിച്ചിരുന്നു. അനൈക്യം പലപ്പോഴും അവരെ തീരാദുഃഖത്തിലെത്തിച്ചിട്ടുമുണ്ട്.

### റോമാ 14:13–23

സഹോദരങ്ങൾ തമ്മിൽത്തമ്മിൽ ഇടർച്ചയാകാതെ ഐക്യത്തിൽ വ്യാപരിക്കുന്നതിനെപ്പറ്റിയാണ് റോമ 14:13–23 പ്രതിപാദിക്കുന്നു.

സഹോദരൻ ക്രിസ്ത്യാനിയുടെ അഭിമാനമാണ്. സഹോദരന് ഇടർച്ചയോ മാനസികവിഷമമോ നല്കുന്നവൻ സ്നേഹത്തിനു വിരുദ്ധ മായി പ്രവർത്തിക്കുന്നു. മിശിഹാ ആർക്കുവേണ്ടി മരിച്ചുവോ എന്ന പ്രയോഗം ക്രിസ്ത്യാനിയെ മാത്രം ഉദ്ദേശിച്ചുള്ളതാണ്. മിശിഹാ

എനിക്കുവേണ്ടി മരിച്ചതുകൊണ്ടാണ് ഞാൻ ക്രിസ്തുശിഷ്യനായിരിക്കുന്നത്. അങ്ങനെ ക്രിസ്തുശിഷ്യരായിട്ടുള്ളവരെല്ലാം എനിക്കു സഹോദരീ സഹോദരന്മാരാണ്. സഹോദരീ സഹോദരന്മാരുമായി നീതിയിലും സമാധാനത്തിലും പരിശുദ്ധാരൂപിയിലുള്ള സന്തോഷത്തിലും വർത്തിക്കുന്നത് ഈശോമിശിഹായ്ക്കു ചെയ്യുന്ന ശുശ്രൂഷ തന്നെയാണ്.

**യോഹ 10:11-18**

പരസ്പരസഹവർത്തിത്വത്തിൽ മിശിഹായ്ക്കു ശുശ്രൂഷ ചെയ്യുന്ന ശിഷ്യഗണത്തെയാണ് ആട്ടിൻതൊഴുത്തിലെ ആടുകളായി സുവിശേഷം അവതരിപ്പിക്കുന്നത്. ഈതൊഴുത്തിലെ ആടുകൾക്കു വേണ്ടിയാണ് ഇടയനായ ഈശോ ജീവൻ ബലിയർപ്പിച്ചത്. ഏകയിടയന്റെ സംരക്ഷണയിൽ ഒന്നാക്കുന്ന ആടുകളായി ക്രിസ്തുശിഷ്യർ വർത്തിക്കണം.

# 5

## Jn 10:11-18

# ദൈവം (ദൈവികത) തന്നെ ഇടയനും വാതിലും

ആധ്യാത്മികാസ്തിത്വവും അതിന്റെ വിവിധങ്ങളായ കൃപാവരസിദ്ധികളും ആർജ്ജിച്ച വ്യക്തികളിൽ ഭൗതികാസ്തിത്വവും അതിന്റെ നാനാവിധ അഭിനിവേശങ്ങളും ഫലദായക കഴിവുകളായി പ്രവർത്തിക്കുന്നു. അങ്ങനെയുള്ള ഓരോ വ്യക്തികളെയും അങ്ങനെയുള്ളവരുടെ സമൂഹത്തെയുമാണ് ഇന്നത്തെ സുവിശേഷഭാഗത്ത് തൊഴുത്ത് എന്നു പറഞ്ഞിരിക്കുന്നത്. ഈ വ്യക്തികളുടെയും സമൂഹത്തിന്റെയും കൃപാവരസിദ്ധികളും കഴിവുകളുമാണ് ആടുകൾ.

ആധ്യാത്മികാസ്തിത്വത്തിനു ഭൗതികാസ്തിത്വം വിധേയപ്പെടുത്തുന്നവരാണ് ക്രിസ്തുശിഷ്യർ. പുതിയ നിയമത്തിൽ ക്രിസ്തുശിഷ്യർക്കു നല്കപ്പെട്ടിരിക്കുന്ന വിളിപ്പേരാണ് സഹോദരൻ/സഹോദരീ.

സഹോദരർ സഹവസിക്കുന്ന സമൂഹത്തിൽ ആരും ആർക്കും ഇടർച്ച നല്കരുതെന്ന് റോമാ 14:13-23. ഇടർച്ചയുണ്ടാക്കുന്ന സഹോദരനെ ബഹിഷ്കരിക്കണം എന്ന് 1 കോറി 5:11-ൽ.

സഹവസിക്കുന്ന സഹോദരന്മാരുടെ സമൂഹത്തെത്തന്നെയാണ് ജോഷ്വാ 21:43-22:5-ൽ അവതരിപ്പിച്ചിട്ടുള്ളത്. അവിടെ പറയുന്നു: നിങ്ങളുടെ സഹോദരന്മാരെ നിങ്ങൾ ഉപേക്ഷിച്ചിട്ടില്ല.

നിങ്ങളുടെ ദൈവമായ കർത്താവിന്റെ കല്പനകൾ അനുസരിക്കുന്നതിൽ നിങ്ങൾ ഉത്സുകരായിരുന്നു.

ആധ്യാത്മികാസ്തിത്വം പരിപോഷിപ്പിക്കുന്ന സഹോദരനും (ക്രിസ്തുശിഷ്യൻ) സഹോദരങ്ങളുടെ സമൂഹവും (സഭ) ദൈവത്താൽ നിയന്ത്രിക്കപ്പെടുന്ന കൃപാവരസിദ്ധികളുടെയും കഴിവുകളുടെയും ആട്ടിൻതൊഴുത്താണ്. ഇവയുടെ ഇടനും തൊഴുത്തിന്റെ വാതിലും ഞാൻ ആകുന്നു എന്നത് ദൈവനാമമാണ്. ഇവിടെ ഈശോ ഇടയനും വാതിലുമാണെന്നല്ല, ഇടയനും വാതിലും ദൈവം തന്നെയാണെന്നു മനസ്സിലാക്കണം.

ആധ്യാത്മികവ്യക്തിത്വമുള്ളവനെ സംബന്ധിച്ചിടത്തോളം അവന്റെ ആധ്യാത്മികാസ്തിത്വം അതായത് അവനിലെ ദൈവികത, അവനു സംലബ്ധമായിട്ടുള്ള കൃപാവരസിദ്ധികളുടെയും അവനു സ്വാഭാവികമായുള്ള കഴിവുകളുടെയും ഇടയനും വാതിലുമാണ്

(സോദോമിൽ നിന്നു ലോത്തിനെയും അടുത്ത ബന്ധുക്കളെയും രക്ഷിച്ച ദൈവികപ്രവൃത്തി, ഒരു വ്യക്തിയെ ഭൗതികാസ്തിത്വത്തിൽ നിന്നു ആധ്യാത്മികാസ്തിത്വത്തിലേക്കു കൊണ്ടുവരുന്ന പ്രവൃത്തിയായി വ്യാഖ്യാനിക്കാം)

# നോമ്പ് ആറാം തിങ്കൾ

## യോഹ 12:44-50

ഇന്നത്തെ സുവിശേഷഭാഗത്ത് ഈശോ പറയുന്നു : എന്നിൽ വിശ്വസിക്കുന്നവരാരും അന്ധകാരത്തിൽ വസിക്കാതിരിക്കേണ്ടതിന് ഞാൻ വെളിച്ചമായി ലോകത്തിലേക്കു വന്നിരിക്കുന്നു . നമ്മുടെ ഉള്ളിലും, ചുറ്റുമുള്ള ലോകത്തും പാപത്തിന്റെ ഫലമായ തിന്മയുടെ കൂരിരുട്ട്നിറഞ്ഞുനിൽക്കുന്നുണ്ട്. ഈ ആന്ധകാരം തുടച്ചുനീക്കി നന്മയുടെ വെളിച്ചം നിറയ്ക്കുവാനുള്ള മാനുഷിക ശ്രമങ്ങൾ ഒരിക്കലും വിജയിക്കുകയില്ല. കാരണം പാപത്തിന്റെ സ്വാധീനം കൊണ്ടുള്ള ഇരുട്ട് നമ്മിൽ നിന്ന് അകറ്റുവാൻ ദൈവത്തിനു മാത്രമേ സാധിക്കുകയുള്ളു. ഈ സാഹചര്യം വ്യക്തമായി മനസ്സിലാക്കിയ ഭാരതത്തിലെ ഋഷിമാർ പ്രാർത്ഥിച്ചു:

അസത്യത്തിൽ നിന്നും സത്യത്തിലേയ്ക്കും
ഇരുളിൽ നിന്ന് പ്രകാശത്തിലേയ്ക്കും
മൃതിയിൽ നിന്ന് അമർത്യതയിലേയ്ക്കും
എന്നെ നയിച്ചാലും .

ഈശോയാണ് സകല മനുഷ്യരെയും പ്രകാശിപ്പിക്കുകയും ജീവൻ നൽകുകയും ചെയ്യുന്ന സത്യം. അവനിൽ ജീവൻ ഉണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു. അതിനെ കീഴടക്കാൻ ഇരുളിന് കഴിഞ്ഞില്ല (യോഹ. 1:4-5).

ലോകത്തിൽ മനുഷ്യർ ചെയ്യുന്ന സകല തെറ്റുകളുടെയും മൂലകാരണം നമ്മുടെ ഉള്ളിൽ വസിക്കുന്ന തിന്മയുടെ അന്ധകാരമാണ്. എന്റെ ഉള്ളിൽ വസിച്ച് എന്നെ നന്മയുടെ പ്രകാശം കൊണ്ട് നിറയ്ക്കുവാൻ ഈശോ അതിയായി ആഗ്രഹിക്കുന്നുണ്ട്. ഇതാ ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുത്തേയ്ക്ക് വരും (വെളി. 3:19-20). ഈശോ സുവിശേഷത്തിൽ മറ്റൊരുഭാഗത്ത് പറയുന്നുണ്ട്: ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശം ഉണ്ടായിരിക്കും (യോഹ. 8:12). ഈശോ സകലമനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമാണ്. പ്രകാശദാതാവായ അവിടുത്തെ തിരുസന്നിധിയിൽ നമ്മുടെ ജീവിതങ്ങൾ ഇന്ന് നമ്മൾക്ക് സമർപ്പിക്കാം. അവിടുന്നാണ് സത്യവും, ജീവനും,പ്രകാശവും. ഈശോയെ അവിടുന്ന് ഞങ്ങളുടെ ഹൃദയങ്ങളിൽ വന്ന് വസിച്ച് അവ അവിടുത്തെ പ്രകാശം കൊണ്ട് നിറയ്ക്കണമേ

## നോമ്പ് ആറാം ചൊവ്വ

### ലൂക്കാ 13:31-35

തിരഞ്ഞെടുക്കപ്പെട്ട നഗരമായിരുന്നു ജറുസലേം. ദേവാലയത്തിന്റെ നഗരം ദൈവം വസിച്ച സ്ഥലമായിരുന്നു അത്. പക്ഷേ കർത്താവിന്റെ പ്രവൃത്തികളെ മനസ്സിലാക്കുകയോ വിശ്വസിക്കുകയോ ചെയ്യാത്തതുകൊണ്ട് കർത്താവ് ജറുസലേമിനെഓർത്ത് വിലപിക്കുന്നു. വിലാപം എപ്പോഴും വേദനയിൽ നിന്ന് ഉളവാകുന്നതാണ്. സുവിശേഷദൗത്യം നടത്തിയിട്ട് മാനസാന്തരപ്പെടാത്ത ജനത്തെ ഓർത്ത് ഉള്ളു വേദനിച്ചതുകൊണ്ടാണ് കർത്താവ് ജറുസലേമിനെഓർത്ത് വിലപിക്കുന്നു.

ഓരോ ശ്വാസത്തിലും ഓരോ നിമിഷത്തിലും ഓരോ മണിക്കൂറിലും ദൈവം നല്കുന്ന അന്യഗ്രഹങ്ങളുടെ അളവ് കണക്കെടുക്കാനാകുന്നതല്ല. ശ്വാസം മുതൽ കാഴ്ചയും കേൾവിയും വരെ ദാനവും അനുഗ്രഹവുമാണ്. മറന്നുപോകുന്ന ഭാഗങ്ങളായി ഇവ മാറുമ്പോൾ ഞാൻ

മാനസാന്തരപ്പെടാത്ത ജറുസലേം പോലെയാകുന്നു. അപ്പോൾ കർത്താവ് എന്നെക്കിറിച്ച് വിലപിക്കാൻ കാരണമാകും. ജറുസലേമിന്റെ പതനം നമുക്ക് അനുഗ്രഹങ്ങളെ ഓർക്കാനാകും. വീണ്ടും തമ്പു രാനിലേക്ക് തിരിയാനും സൂചകമാകണം.

ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹത്തിന്റെ വലിയൊരു പ്രശ്നം വിലാപമായി മാറുന്നു. നെഞ്ചോട് ചേർത്തുനിർത്തിയവർ പാപത്തിന്റെ ചെളിക്കുണ്ടിൽ പതിക്കുമ്പോൾ ഉപേക്ഷിച്ചു കളയുന്നവനല്ല എന്റെ ദൈവം. കരുണാർദ്രമായ വാക്കുകൾ കരുതലോടെ കാവലാകുകയാണ്. തള്ളക്കോഴിക്ക് തന്റെ കുഞ്ഞുങ്ങളെല്ലാം വിലപ്പെട്ടവർ തന്നെ. കഴുകൻ ആക്രമിക്കാൻ വരുമ്പോൾ കരുത്തനെമാറ്റി ബലഹീനനെഒളിപ്പിച്ചു നിർത്തുകയല്ല. എല്ലാവരേയും ഒരേ ചിറകിൻകീഴ് ഉൾക്കൊള്ളാനുള്ള വിശാലത സ്വന്തമാക്കുകയാണ്. എന്റെ കുടുംബത്തിലും ഇതര ബന്ധങ്ങളിലും അതിർത്തികളിലേക്ക് ഞാൻ മാറ്റി നിർത്തിയിട്ടുള്ളവർ അനേകരല്ലേ. കഴിവിന്റെ പേരിൽ, നിറത്തിന്റെ പേരിൽ, ചില സ്വാർത്ഥ താല്പര്യങ്ങളുടെ പേരിൽ അരികുകളിൽ ചേർത്തു മാറ്റി നിർത്തിയവരെ നെഞ്ചോട് ചേർത്ത് നിർത്താൻ ഞാൻ തയ്യാറായാൽ അവിടെ ഞാൻ ഈശോയുടെ കരുണാർദ്രസ്നേഹത്തിന് അർഹനായി. മാറ്റിനിർത്താനല്ല, മാറോടു ചേർത്തു നിർത്താൻ എന്റെ ദൈവം എന്നെ പഠിപ്പിച്ചു. കുടുംബജീവിതത്തിൽ എനിക്കു നൽകിയ കുഞ്ഞുങ്ങളോടു പോലും ഞാൻ ഈ ഒരു വേർതിരിവു നടത്തി അവരുടെ ഹൃദയത്തെ മുറിപ്പെടുത്തി.

ഓ എന്റെ ദൈവമേ, നെഞ്ചോട് ചേർക്കുന്ന നിന്റെ സ്നേഹം ഞാൻ നുകരുമ്പോൾ അതിലുപരിയായി കുറവുകളെ ചേർത്തു നിർത്തി സ്നേഹിക്കാൻ നിസ്വാർത്ഥതയോടെ അപരനെഉൾക്കൊള്ളാൻതക്ക വിശാലത നൽകി എന്നെ അനുഗ്രഹിക്കണമെ.

**വചനപാഠം:** ''ജറുസലേം, ജറുസലേം, പ്രവാചകൻമാരെ കൊല്ലുകയും നിൻെറ അടുത്തേക്ക് അയയ്ക്കപ്പെടുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, പിടക്കോഴി കുഞ്ഞുങ്ങളെ ചിറകിൻകീഴ്ചേർത്തുനിർത്തുന്നതുപോലെ നിൻെറ സന്താനങ്ങളെ ഒന്നിച്ചുചേർക്കുന്നതിന് ഞാൻ എത്രയോ പ്രാവശ്യം ആഗ്രഹിച്ചു! (മൂന്നുപ്രാവശ്യം ചൊല്ലിക്കൊടുക്കുക).

**സത്കൃത്യം:** അകന്നു നില്ക്കുന്നവരെ രമ്യതയിൽ എത്തിക്കുന്നതിനു പരിശ്രമിക്കുക.

# നോമ്പ് ആറാം ബുധൻ

## മത്താ 18:15-20

കൂട്ടായ്മയുടെ ദൈവമാണ് കർത്താവ്. അവിടത്തെ നാമത്തിലുള്ള കൂട്ടായ്മകളിൽ കൃപയും നിറവും ഉണ്ടാകുന്നു. ഐക്യത്തിന്റെ സുവിശേഷം അവിടെ പ്രഖ്യാപിക്കപ്പെടുന്നു. ഒരുമിച്ച് ചേരുന്നിടത്ത് വിശുദ്ധി ഉണ്ടെങ്കിൽ അവിടെ ക്രിസ്തുസാന്നിധ്യമുണ്ട്. ക്രിസ്തു സാന്നിധ്യമുള്ള കൂട്ടായ്മകളിൽ അഭിഷേകം ഉണ്ടാകും. എന്നാലിന്ന് ക്രിസ്തു സാന്നിധ്യം നഷ്ടപ്പെടുന്നു. കൂടെ നടക്കുന്ന കർത്താവിന്റെ സാന്നിധ്യം മറന്നുപോകുന്നു. അപ്പോൾ നിറവോ സന്തോഷമോ നമുക്കു ലഭിക്കുന്നില്ല. തീരുമാനങ്ങൾ നാം എടുക്കണം. തമ്പുരാനെഎപ്രകാരം കൂടെ കൂട്ടണം എന്നതിനെആശ്രയിച്ചാണ് നമ്മുടെ കൂട്ടായ്മകളിലെ വിശ്വാസഫലങ്ങളുടെ വളർച്ചയും നിറവും ഉണ്ടാകുന്നത്.

എന്റെ വാക്കുകൾ കേൾക്കുന്നവൻ അവ കാത്തുസൂക്ഷിക്കുന്നില്ലെങ്കിലും ഞാൻ അവനെവിധിക്കുന്നില്ല (ഖി 12:47). വചനം കേൾക്കുന്നത് വചനം ഉള്ളിൽ കടത്തിവിടുന്ന പ്രവൃത്തിയാണ്. വചനം ഉള്ളിൽ നിന്നു പുറത്തുപോകാതെ കാത്തുസൂക്ഷിക്കുക എന്നത് കേൾക്കുന്നയാളുടെ ചുമതലയാണ്. അയാൾ അതു കാത്തുസൂക്ഷിക്കാതെ വിട്ടുകളഞ്ഞാൽ വചനം നിക്ഷേപിച്ചയാൾക്ക് അയാളുടെമേൽ നടപടി സ്വീകരിക്കാനാകും. വചനം കേൾക്കുന്നയാൾ വചനത്തിന്റെ കാവൽക്കാരനാണ്.

ഈശോയുടെ വചനം കേൾക്കുവാൻ നമുക്കു സാധിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിലൂടെ, സഭയിലൂടെ, വചനപ്രഘോഷകരിലൂടെ, അതു നമ്മൾ കാത്തുസൂക്ഷിക്കണം; വിട്ടുകളയരുത്. വിട്ടുകളയുന്ന ദൈവവചനം വിധിവചനമായി പരിണമിക്കും.

സഹോദരന്റെ കുറവുകളെ തിരുത്തുക ക്രൈസ്തവ ഉത്തരവാദിത്വമാണ്. ദൈവം യോജിപ്പിന്റെ ദൈവമാണ് ഭിന്നതയുടേതല്ല. ഐക്യത്തിന്റെ ജീവിതങ്ങൾ ലോകത്തിൽ അനുഗ്രഹസാന്നിധ്യമാകും. സഹജന്റെ കുറവുകളെ ഉയർത്തിക്കാട്ടുന്നവനല്ല കുറവുകളെ നിറവുള്ളതാക്കാൻ ചേർന്നുനിൽക്കുന്നവനാണ് ഐക്യത്തിന്റെ സുവിശേഷകൻ. തെറ്റു തിരുത്തലിന്റെ സുന്ദരപാഠം ഈശോ പഠിപ്പിക്കുന്നു. സഹോദരങ്ങളുടെ തെറ്റുകൾ ക്ഷമിക്കുക. ആത്മാർത്ഥമായ ദൈവസ്നേഹത്തിന്റെ പ്രകാശനമാണ് ഈ പ്രവൃത്തി. വ്യക്തികളുടെ കുറവുകൾ കണ്ടെത്തി സമൂഹമധ്യത്തിൽ അവഹേളിക്കാൻ തരംപാർത്തിരിക്കുന്ന സമൂഹത്തിൽ ഈശോയുടെ വാക്കുകൾ എന്റെ ജീവിതത്തിൽ പ്രകാ

ശമാകട്ടെ. കുടുംബത്തിൽ ജീവിതപങ്കാളിയുടെ കുറവുകളെ സ്നേഹ ബുദ്ധ്യാ തിരുത്തുന്നതിൽ ഞാൻ വിജയിച്ചുവോ? മക്കളോട് സ്നേഹ ത്തോടെ തിരുത്തലുകൾ നൽകാൻ എനിക്കായോ? സമൂഹത്തിൽ തിരു ത്തേണ്ട ഇടങ്ങളിൽ ഞാൻ നിശബ്ദനായി നിലകൊണ്ടോ? സ്വയം തിരുത്തി എഴുതുവാൻ എന്റെ ജീവിതത്തെ തുറന്നുകൊടുത്തോ? പലതും മാറ്റിയെഴുതേണ്ടതാണ് എന്ന് പറഞ്ഞപ്പോൾ അവയെ സന്തോ ഷത്തോടെ സ്വീകരിക്കാൻ എനിക്കായോ? തിരുത്തലേകേണ്ടിടത്ത് തിരു ത്തൽ ഏകാനും തുരുത്തുവാനുള്ളിടത്ത് തിരുത്തുവാനും തയ്യാറാകു ന്നവൻ ദൈവസാന്നിധ്യത്തിലാണ്. ജീവിതത്തിൽ എന്റെ തിരുത്തലു കൾ അപരന് തീരാദുഃഖമായി മാറിയോ?

ഓ ദൈവമേ ജീവിതവഴിത്താരയിൽ സ്വയം തിരുത്താനും സഹ ജന്റെ കുറവുകളെ സ്നേഹത്തോടെ ഉൾക്കൊള്ളാനുമുള്ള ഹൃദയവി ശാലത എനിക്കു നൽകണമെ.

## നോമ്പ് ആറാം വ്യാഴം

### ലൂക്കാ 3:8-11

നോമ്പ്, പ്രാർത്ഥന, പ്രായശ്ചിത്തം എന്നിവവിലയിരുത്ത പ്പെടേണ്ടത് നമ്മുടെ ജീവിതങ്ങളിൽ അവയ്ക്ക് മാനസ്സാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ സാധിക്കുന്നുണ്ടോ എന്നതിന്റെ അടി സ്ഥാനത്തിൽ ആയിരിക്കണം. ഭക്ഷണപാനീയങ്ങളുടെയും, മറ്റുവസ്തു ക്കളുടെയും ഉപേക്ഷിക്കൽ നമ്മുടെ മനസ്സിന് നവീകരണം വരുത്തണം. ഇന്നത്തെ സുവിശേഷം സ്നാപകയോഹന്നാന്റെ വാക്കുകളിലൂടെ നമ്മളോട് ആഹ്വാനം ചെയ്യുന്നത് മാനസ്സാന്തരത്തിനു യോജിച്ച ഫല ങ്ങൾ പുറപ്പെടുവിക്കുവാനാണ്. സുവിശേഷത്തിൽ മാനസ്സാന്തര ത്തിനെ സൂചിപ്പിക്കുവാൻഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദം *മെത്തനോയ* ആണ്. ഹീബ്രുവിൽ *ശുവ്* ആണ്. ഈ വാക്കുകളുടെ യഥാക്രമമായ അർത്ഥം മനസ്സിന്റെ അന്തരം, എതിർദിശയിലേയ്ക്ക് തിരിയുക എന്നൊക്കെയാണ്. മാനസ്സാന്തരം നമ്മെ നയിക്കുന്നത് ഈശോമിശിഹായിലേക്ക് പൂർണ്ണമായി തിരിയുവാനും, അങ്ങനെ കണ്ണുകൾ അവനിൽ ഉറപ്പിച്ച് സുവിശേഷാനുസരണം സ്വർക്ഷോന്മുഖ തീർത്ഥയാത്ര നടത്തുന്നവാനുമാണ്.

മത്തായിശ്ലീഹായുടെ സുവിശേഷത്തിൽ യേശു തന്റെ ദൗത്യം ആരംഭിക്കുന്നത് ഇപ്രകാരം ആണ്. അപ്പോൾ മുതൽ യേശു പ്രസംഗി ക്കാൻ തുടങ്ങി. മാനസ്സാന്തരപ്പെടുവിൻ. ദൈവരാജ്യം സമീപിച്ചിരി ക്കുന്നു.അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ (മത്താ.

4:17). മർക്കോസിന്റെ സുവിശേഷത്തിൽ ഈശോ പറയുന്നു: സമയം പൂർത്തിയായി. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ (മർക്കോ. 1:15). നോമ്പിന്റെയും ഉപവാസത്തിന്റെയും ഫലമായി നമ്മിൽ മാനസ്സാന്തരത്തിനു യോജിച്ച ഫലങ്ങൾ ഉണ്ടാകണം. ജോയേൽ പ്രവാചകനിലൂടെ ദൈവം സംസാരിക്കുന്നു: നിങ്ങളുടെ ഹൃദയമാണ് വസ്ത്രമല്ല കീറേണ്ടത്, നിങ്ങളുടെ ദൈവമായ കർത്താവിങ്കലേയ്ക്ക് മടങ്ങുവിൻ (ജോയേൽ 2:13). മാനസ്സാന്തരം ഒരു വെറും തോന്നലോ ആവശ്യമോ അല്ല. അതൊരു അനുഭവമാണ്. ഈശോമിശിഹായെ വ്യക്തിജീവിതത്തിൽ കണ്ടുമുട്ടി ജീവിതം പരിപൂർണ്ണ മാറ്റത്തിന് വിധേയമാകുന്ന ഒരു പ്രക്രിയയിൽ നിന്നുണ്ടാകുന്നതാണ് അത്. ഈ അനുഭവമാണ് സക്കേവൂസിനും, സാവൂളിനും, വി. അഗസ്തീനോസിനും, വി. ഫ്രാൻസിസ് അസ്സീസിക്കുമൊക്കെയുണ്ടായത്.

ഈ അനുഭവംകിട്ടിയ പൗലോസ് പറയിന്നു: നിങ്ങളുടെ മനസ്സിനെ രൂപീന്തരീകരണം വഴി മാനസ്സാന്തരപ്പെടുത്തുവിൻ (റോമ. 12:2). പൗലോസ്‌വീണ്ടും പറയുന്നു: നിങ്ങൾ മനസ്സിന്റെ ചൈതന്യത്തിൽ നവീകരിക്കപ്പെടട്ടെ (എഫേ. 4:23-24). ഈ രൂപാന്തരീകരണം നമ്മുടെ ആന്തരീകവും ബാഹ്യവുമായ സകല മേഖലകളിലും മാറ്റം വരുത്തും. നമ്മുടെ കാഴ്ചപ്പാടിൽ മാറ്റംവരുത്തും. വാക്കുകളിൽ മാറ്റം വരുത്തും. സഹോദരങ്ങളുമായുള്ള ബന്ധങ്ങളിൽ

മാറ്റംവരുത്തും. അങ്ങനെ മാനസ്സാന്തരമുണ്ടാകുമ്പോൾ നമ്മുടെ ജീവിതങ്ങൾ സുവിശേഷാനുസരണം പരിവർത്തിതമാകും. മാനസ്സാന്തരപ്പെട്ട് ഈശോയിലേയ്ക്ക് തിരിഞ്ഞ് സുവിശേഷാനുസരണം ജീവിക്കുവാനുള്ള കൃപയ്ക്കായി നമുക്ക് ഈശോയോടു പ്രാർത്ഥിക്കാം

# നോമ്പ് ആറാം വെള്ളി

## യോഹ 11:38-45 (11:1-45)

ഇന്നത്തെ സുവിശേഷഭാഗത്ത് ഈശോ പറയുന്ന രണ്ടു കാര്യങ്ങൾ നോമ്പിന്റെ ഈ ദിവസങ്ങളിൽ നമ്മുടെ വിചിന്തനത്തിന് വിധേയമാ ക്കുന്നത് നമ്മൾക്ക് ഉപകാരപ്രദമാണ്. ഈശോ പറയുന്നു: ഞാനാണ് പുനരുദ്ധാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. നമ്മുടെ ജീവിതം പ്രതീക്ഷാനിർഭരമായിരിക്കണം എന്നും, അവിടുന്നിൽ വിശ്വസിക്കുന്നവർ നിത്യതയിൽ ജീവിക്കുന്നവനായിരിക്കും എന്നും അവിടുന്ന് പറയുകയും തെളിയിക്കുകയും ചെയ്യുന്നുണ്ട് ലാസറിനെ ഉയർപ്പിക്കുന്ന സംഭവത്തിലൂടെ.

വീണ്ടും നമ്മൾക്ക് എല്ലാവർക്കും വളരെ പ്രതീക്ഷയും ആശ്വാസവും നൽകുന്ന ഒരു തിരുവചനം ഈശോ മർത്തായോട് പറയുന്നുണ്ട്: വിശ്വസിച്ചാൽ നീ ദൈവമഹത്വം ദർശിക്കുമെന്ന് ഞാൻ നിന്നോട് പറഞ്ഞില്ലേ. ഈശോമിശിഹായിൽ ഉറച്ചു വിശ്വസിക്കുന്ന ക്രിസ്ത്യാനികളുടെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം ദൈവമഹത്വം ദർശിക്കുന്നതിനു കാരണമായിത്തീരും. നമ്മൾ ദൈവത്തിന്റെ സ്വരത്തിനും പ്രവർത്തനത്തിനുമായി കാത്തിരിക്കണം. നമ്മുടെ ഇഷ്ടത്തിന് എല്ലാം സംഭവിക്കണം എന്ന ആഗ്രഹത്തോടെയാണ് നമ്മൾ വിശ്വസിക്കുന്നതും പ്രാർത്ഥിക്കുന്നതും കാത്തിരിക്കുന്നതും. വി. അൽഫോൻസാമ്മയുടെ ജീവിതം മുഴുവൻ സഹനജീവിതമായിരുന്നു. അൽഫോൻസാമ്മ തന്റെ ആന്റെ ആത്മീയ മണവാളനായ ഈശോമിശിഹായിൽ വിശ്വസിച്ചതിനാൽ തന്റെ സഹനത്തിലെല്ലാം ദൈവമഹത്വം ദർശിച്ച് ദൈവത്തെ മഹത്വപ്പെടു ത്തുവാൻ കഴിഞ്ഞു. അൽഫോൻസാമ്മ ജീവിച്ചിരിക്കുമ്പോൾ വളരെ കുറച്ചുപേർ മാത്രമേ അമ്മയുടെ ജീവിതത്തിൽ വിശുദ്ധിയും ദൈവമഹത്വവും ദർശിച്ചുള്ളു. എന്നാൽ ഇന്ന് ഭരണങ്ങാനത്ത് അമ്മയുടെ കബറിടത്തിൽ എത്തുന്ന എല്ലാവരും അമ്മയുടെ വിശുദ്ധി അനുഭവിച്ച് ദൈവത്തെ മഹത്വപ്പെടുത്തുന്നു. ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്ന് നമുക്ക് അറിയാമല്ലോ. നമ്മുടെ തകർച്ചകൾ, വേദനകൾ, രോഗങ്ങൾ സകലതും ഈശോമിശിഹായുടെ സന്നിധിയിൽ നമ്മൾക്ക് സമർപ്പിക്കാം. സ്തുതിച്ച്, നന്ദി നിറഞ്ഞ ഹൃദയത്തോടെ കാത്തിരിക്കാം. സകലതും അവിടുന്ന് ദൈവമഹത്വത്തിനായി ഉപയോഗിക്കും

# നോമ്പ് ആറാം ശനി

### യോഹ 12:1-8

മാനസാന്തരം ഫലദായകമാകുന്നതിന്റെ അടയാളമാണ് സദ്ജീവിതം. മാനസാന്തപ്പെടാതെ പാപച്ചേറ്റിൽത്തന്നെ മുഴുകി ജീവിക്കുന്നവർ അന്ത്യശിക്ഷാവിധിക്കായി കാത്തുസൂക്ഷിക്കപ്പെടുന്നു (2 പത്രോ 2:11-17). മാനസാന്തരപ്പെട്ട് സദ്ജീവിതപാതയിലെത്തുവർ വചനസ്വീകർത്താക്കളുടെ പാതയിലാണ്.

വിലയേറിയതും വിശുദ്ധവുമായ നർദ്ദീൻ തൈലക്കുറി കർത്താവിന്റെ കാൽക്കൽ പൊട്ടിച്ചൊഴിക്കുന്നത്. സാമാന്യബുദ്ധിക്ക് നിരക്കുന്നതല്ല. വിലയേറിയതും വിശുദ്ധവുമെന്ന സുവിശേഷകൻ തന്നെ സാക്ഷ്യപ്പെടുത്തുന്നു. ഏറ്റവും മനോഹരമായാണ് ശ്രേഷ്ഠമായത് എന്നാണ് അതിന്റെ

അർത്ഥം. മനുഷ്യായുസു മുഴുവൻ ശ്രേഷ്ഠമാകുന്നത് ജീവിതം കൊണ്ടാണ്. വിലയേറിയതും ശുദ്ധവുമായി മൺരൂപങ്ങളിൽ ശ്വാസം നിറച്ച് ഒരു മീൻകുപ്പി പോലെ അവ സൃഷ്ടിച്ചവന്റെ മുമ്പിൽ ചൊരിയപ്പെടാൻ പറ്റുക എന്നതാണ് ജീവിതത്തിന് ഏറ്റവും കൂടുതൽ സന്തോഷം നല്കുന്ന കാര്യം പാപിനിയുടെ പാപത്തെക്കാൾ അവളുടെ കയ്യിലെ നർദീൻകുപ്പിക്ക് വിലയുണ്ടായി. അതായത് പാപമല്ല പ്രശ്നങ്ങളുടെ ജീവിതമാണ് വലുത്. അത് തമ്പുരാന് നല്കുമ്പോൾ അതിന്റെ ശ്രേഷ്ഠത അതായത് തമ്പുരാന്റെ ശ്വാസം എന്നിലുണ്ട്. എന്നതിന്റെ ശ്രേഷ്ഠത കൊണ്ട് പാപവും മാലിന്യവും വിസ്മരിക്കപ്പെടും തമ്പുരാൻ മാത്രമല്ല ചുറ്റുമുള്ളവർപോലും മറ്റെല്ലാം മറന്നുപോകും. അപ്പോൾ ജീവിതക്രമങ്ങളിൽ മാറ്റങ്ങളും സംഭവിക്കും.

ശരീരമാകുന്ന നർദ്ദീൻകുപ്പി ശുദ്ധിയുള്ളതും വിലയുള്ളതുമായ നന്മകൾകൊണ്ട് നിറച്ചാൽ അത് നിന്റെ ഭൂതകാലത്തെ മുഴുവൻ മായ്ക്കാൻ തക്ക പരിമളം പരത്തുന്നതായിരിക്കും.

സ്വന്തം കണ്ണുകളിൽ ദൈവത്തെ കാണാൻ സാധിച്ചാൽ ഏതു പ്രതി ബന്ധങ്ങളിലും ദൈവസന്നിധിയിലേക്ക് ഓടിയടുക്കാനാകും. ചുറ്റും വിധി ക്കുന്ന കണ്ണുകളുമായി നിൽക്കുന്ന ഒരുകൂട്ടം ആളുകൾക്കിടയിൽ വിമർശ നങ്ങളുടെയും ഒറ്റപ്പെടുത്തലിന്റെയും പരിഹാസത്തിന്റെയും വലയത്തിനു ള്ളിൽ ഈശോയുടെ പാദങ്ങൾ കണ്ടെത്താൻ മറിയം തയ്യാറായപ്പോൾ അവൾ അനുഗ്രഹീതയായി. ഉത്ഥാനത്തിന് സാക്ഷിയായി. ചേർത്തു നിർത്തിയ വിലപ്പെട്ടത് ഈശോയുടെ പാദങ്ങളിൽ മറിയം പകർന്നപ്പോൾ സുഗന്ധമായി പരന്നു. ജീവിതത്തിന്റെ വഴികളിൽ പകർന്നുകൊടുക്കേണ്ട വയെപ്പറ്റി ബോധ്യമുള്ളപ്പോഴും പങ്കുവയ്ക്കാൻ മടി കാണിച്ചുപോയി. ദൈവ ത്തിനും ദൈവമക്കൾക്കും അർഹതപ്പെട്ടത് സ്വത്തോ, സമ്പത്തോ, സ്ഥാന മാനങ്ങളോ എന്തുമാകട്ടെ അർഹതപ്പെട്ടത് പകർന്നുകൊടുക്കാൻ തയ്യാറാ യാൽ കുടുംബം മുഴുവൻ സുഗന്ധപൂരിതമാകും.

# ഓശാന ഞായർ

**ഉൽപ 49:8-12, സക്ക. 9:9-12 റോമ. 11:23-24, മത്താ. 20:29-21:22**

## 1

## ജറുസലേം പ്രവേശനവും ദൈവാലയ ശുദ്ധീകരണവും

യഹൂദസമൂഹത്തിലെ ഫരിസേയരും സദുക്കായരും നിയമജ്ഞ രുമൊക്കെ ഈശോയെ വാക്കിൽ കുടുക്കുവാൻ ആഗ്രഹിക്കുകയും പല അവസരങ്ങളിലും സംവാദങ്ങളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്

(12:2; 15:1; 16:1; 19:3). മത്താ 21:1-23:39-ൽ സുവിശേഷകൻ പ്രധാനമായും വിവരിക്കുന്നത് ഈശോയും പ്രതിഷേധികളായ യഹൂദരുമായുള്ള ഒരു സംവാദമാണ്. ഈശോ ജറുസലേമിൽ പ്രവേശിക്കുന്നതോടെയാണ് ഈ സംഘർഷം ശക്തമാകുന്നത്. ഇന്നത്തെ സുവിശേഷ വായനയിലെ പ്രമേയം ഈശോയുടെ ജരുസലേം പ്രവേശനവും (21:1-11) പ്രധാനാചാര്യന്മാരെയും പ്രീശന്മാരെയും കുപിതരാക്കിയ ഈശോയുടെ ദേവാലയശുദ്ധീകരണവുമാണ് (21:12-17).

**ബേത്ഫഗെ:** ഈശോയുടെ ജറുസലേമിലെക്കുള്ള യാത്ര തുടങ്ങുന്നത് അത്തിയുടെ വീട്, അത്തിക്കാട് എന്നർത്ഥം വരുന്ന ബേത്ഫഗെ എന്ന സ്ഥലത്ത് നിന്നുമാണ്. ജറുസലേം നഗരത്തിനടുത്തായി സ്ഥിതിചെയ്യുന്ന ബ്തേഫഗെ എന്ന കൊച്ചുഗ്രാമം ഒലിവ് മലയുടെഭാഗമാണ്.

**ഓശാന:** ഹോസിയാന എന്ന ഹീബ്രു പദത്തിന്റെ ഗ്രീക്ക് രൂപമാണ് ഓശാന. ഞങ്ങളെ സഹായിക്കണമേ എന്നാണ് ഈ പദത്തിന്റെ അർത്ഥം. ഇവിടെ സഹായത്തിനുള്ള ഒരു യാചന എന്നതിനോടൊപ്പം ഓശാന എന്ന വാക്ക് ദ്യോതിപ്പിക്കുന്നത് ഒരു അഭിവാദനമാണ്. തീർത്ഥാടകരുടെ ഓശാന വിളി പ്രധാനമായും രക്ഷകനായ ഈശോക്ക് അഭിവാദനമർപ്പിക്കുന്നതാണ്.

ഓശാന ദൈവജനത്തിന്റെ ആർപ്പുവിളിയും നിലവിളിയുമാണ് ഈശോ ജറുസലേമിനെ സമീപിക്കുമ്പോൾ അവിടത്തെ മുൻപിലും പിൻപിലുമായി നടന്ന് ജനസമൂഹം ഉന്മത്തിൽ നിലവിളിച്ച് പറഞ്ഞത്. ദാവീദിന്റെ പുത്രനു ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹീതൻ, ഉന്നതങ്ങളിൽ ഹോസാന എന്നാണ്. ഹോസാന എന്ന വാക്ക് രണ്ട് അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത്. ആർപ്പുവിളി, നിലവിളി. ഒന്നാമതായി, ഈശോയുടെ ആഗമനത്തിൽ ആനന്ദിക്കുന്ന ജനങ്ങളുടെ പശ്ചാത്തലത്തിൽ ഹോസാന എന്നത് ആർപ്പുവിളിയുടെ ഒരു സ്വരമാണ്. ദാവീദിന്റെ പുത്രന് ഹോസാന എന്ന് ജനം ഉച്ചത്തിൽ വിളിച്ചു പറയുമ്പോൾ ദാവീദിന്റെ സന്താനപരമ്പരയിൽനിന്ന് മനുഷ്യകുലത്തെ രക്ഷിക്കുവാൻ ഇതാ രക്ഷകൻ എത്തിയിരിക്കുന്നു എന്ന ആർപ്പിവിളിയുടെ ധ്വനിയാണ് ഇവിടെയുള്ളത്. കൂടാതെ, കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ എന്നു പറഞ്ഞുകൊണ്ടായിരുന്നു. രണ്ടാമതായി, ഹോസാന എന്നത് നിലവിളിയുടെ സ്വരമാണ്. പ്രയാസങ്ങളുടെയും ക്ലേശങ്ങളുടെയും സാഹചര്യങ്ങളിൽ നിന്നും ദൈവകൃപയുടെ സ്വീകരണത്തിനായി ജനം പുറപ്പെടുവിക്കുന്ന അപേക്ഷയുടെ വിളിയാണ് ഹോസാന. രക്ഷകനും രാജാവുമായി എഴുന്നള്ളിവരുന്ന ഈശോയോട് വേദനിക്കുന്ന ജനതയുടെ എളിയ അപേക്ഷയാണ് അവളുടെ രോദനമാണ്.

കഴുതയുടെ പുറത്ത് യാത്രചെയ്യുന്ന വിനയാന്വിതനായ ഈശോ: മത്താ 21:1-3 അനുസരിച്ച് ഈശോയുടെ യാത്രയ്ക്ക് കഴുതയെയും കഴുതക്കുട്ടിയെയും ശിഷ്യന്മാർ കൊണ്ടുവന്നു. സമാന്തരസുവിശേഷങ്ങളിൽ കഴുതക്കുട്ടിയെക്കുറിച്ചുള്ള പരാമർശം മാത്രമേയുള്ളൂ (മർക്കോ 11;1-11; ലൂക്കാ 19:28-44). കഴുതകൾ എത്രയുണ്ടെന്നുള്ളതല്ല ഇവിടെ പ്രധാനം. മറിച്ച് ഈശോ കഴുതപ്പുറത്ത് യാത്ര ചെയ്തുവെന്നതിന്റെ ധ്വനിയാണ് ശ്രദ്ധേയം. സഖറിയാ 9:9 വിവരിക്കുന്നതനുസരിച്ച് കഴുതയുടെ പുറത്തു യാത്രചെയ്യുന്ന രാജാവ് ശാന്തനും സമാധാനപ്രിയനുമാണ്. പ്രതാപവാനും ജയശാലിയുമായ രാജാവ് വിനയാന്വിതനായി കഴുതപ്പുറത്ത് കടന്നുവരുന്നതായിട്ടാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. ദൈവത്തോടുള്ള സമാനത നിലനിറുത്തുന്ന കാര്യമായി പരിഗണിക്കാതെ സ്വയം ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ചു (ഫിലി 2:7). ഈശോ വിനയത്തിന്റെ ഭാവമാണ് ഈ സഞ്ചാരത്തിലൂടെ വീണ്ടും കാണിക്കുന്നത്. ഈശോ തന്നെ പഠിപ്പിക്കുന്നു: ഞാൻ വിനീതഹൃദയനും ശാന്തശീലനുമാണ് (മത്താ 11:29). അഹങ്കരിക്കുന്ന മനുഷ്യന് വിനയമുള്ള ഈശോ എന്നും മാതൃകയാണ്.

ഈശോയുടെ സാന്നിധ്യം എന്നിലുളവാക്കുന്ന പ്രതികരണമെന്താണ്? കഴുതപ്പുറത്ത് ഈശോ ജറുസലേമിലേക്ക് പ്രവേശിച്ചപ്പോൾ മുതൽ ജനങ്ങളിൽ വിവിധ തരത്തിലുള്ള പ്രതികരണങ്ങൾ ഉണ്ടാകുന്നുണ്ട്. ഈശോയെ കണ്ടപ്പോൾ വളരെപ്പേർ വഴിയിൽ വസ്ത്രങ്ങൾ വിരിച്ചും മരച്ചില്ലകൾ നിരത്തിയും അവിടത്തെ സ്വീകരിക്കുകയും ഈശോയുടെ മുൻപിലും പിൻപിലും നടന്ന് ആർപ്പ് വിളിക്കുകയും ചെയ്തു. ഈശോയുടെ സാന്നിധ്യം ഭാവാത്മകമായ പ്രതികരണമാണ് ജനങ്ങലിൽ വളരെപ്പേരിൽ ഉളവാക്കിയത്. ഈശോയുടെ സാന്നിധ്യം അനേകരിൽ സഖ്യത്തിന്റെ അനുഭവമായി. ദേവാലയത്തിൽ ഈശോയുടെ അടുത്തെത്തിയ അന്ധരും മുടന്തരും രോഗസൗഖ്യം പ്രാപിച്ചു (മത്താ 21:14). എന്നാൽ, ഈശോയുടെ സാന്നിധ്യം യഹൂദരിൽ പലർക്കും അസ്വസ്ഥത ഉളവാക്കി: അവൻ ചെയ്ത വിസ്മയകരമായ പ്രവൃത്തികളെയും ദാവീദിന്റെ പുത്രന് ഹോസാന എന്ന് ഉദ്ഘോഷിച്ച് ദേവാലയത്തിൽ ആർപ്പ് വിളിക്കുന്ന കുട്ടികളെയും കണ്ടപ്പോൾ പ്രധാന പുരോഹിതന്മാരും നിയമജ്ഞരും രോഷാകുലരായി (21:15). ഈശോയുടെ സാന്നിധ്യം നമ്മിൽ ഓരോരുത്തരിലും ാവാത്മകവും നിഷേധാത്മകവുമായ പ്രതികരണങ്ങൾ ഉളവാക്കുവാൻ ഇടയാക്കിയേക്കാം. സൗഖ്യം നല്കുന്ന സാന്നിധ്യമാകാം അല്ലെങ്കിൽ അസ്വസ്ഥത ജനിപ്പിക്കുന്ന സാന്നിധ്യമാകം. ഏതാണെന്ന് തിരിച്ചറിയുക.

**ദേവാലയം ശുദ്ധീകരിക്കുന്നു (21:12-17):** ജറുസലേം ദേവാലയത്തോട് അനുബന്ധിച്ചുള്ള വിജാതീയരുടെ അങ്കണത്തിൽ ദേവാലയത്തിലെ ബലികൾക്കാവശ്യമായ മൃഗങ്ങളെ വില്ക്കുകയും നികുതി നല്കുന്നതിന് ആവശ്യമായ നാണയങ്ങൾ മാറ്റിനല്കുകയും ചെയ്തിരുന്ന ഒരു സമ്പ്രദായം നിലനിന്നിരുന്നു. ഇത്തരത്തിലുള്ള കച്ചവട പ്രവർത്തനങ്ങളെ ദേവാലയാധികാരികൾ അതിരുവിട്ട് പ്രോത്സാഹിപ്പിച്ചിരുന്നതിനാൽ ദൈവത്തിന്റെ  വനത്തിൽ ചേരാത്ത രീതിയിലുള്ള അന്യായങ്ങളും വഞ്ചനകളും നടമാടിയിരുന്നു. ഈ ഒരു അന്യായത്തിന്റെ കച്ചവട മനസ്ഥിതിയെയാണ് ഈശോ ഇവിടെ എതിർക്കുന്നത്. ദേവാലയത്തെ ദൈവഭവനമായി കാണാതെ, ജനതകളുടെ പ്രാർത്ഥനാലയമായി പരിഗണിക്കാതെ വെറും മോഷ്ടാക്കളുടെ കേന്ദ്രമായി മാറ്റിയിരിക്കുന്ന വ്യവസ്ഥിതി മാറ്റണമെന്ന് ഇതുവഴി ഈശോ ആവശ്യപ്പെടുന്നു. ദേവാലയത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ചാണ് ഈശോ ഇവിടെ ഊന്നിപ്പറയുന്നത്.

# 2

യഹൂദകവിയായ നിസ്സിം എസക്കിയേലിന്റെ മനോഹരമായ ഒരു കവിതയാണ് The Patriot. രാജ്യത്തെ ശത്രുകരങ്ങളിൽ നിന്നും രക്ഷിച്ച തങ്ങളുടെ വീരസേനാനായകനെ സ്വന്തം ജനങ്ങൾ രാജ്യത്തേക്കു സ്വീകരിക്കുന്നതിന്റെ കഥ പറയുന്ന കവിതയാണിത്. ജനങ്ങൾ വർദ്ധിച്ച ആവേശത്തോടെ വലിയ സന്തോഷത്തോടെ ചുവന്ന പരവതാനി വിരിച്ച് അവനെ സ്വാഗതം ചെയ്യുന്നു. പക്ഷേ കാര്യങ്ങൾ പെട്ടെന്ന് തിരിഞ്ഞു മറിയുന്നു. തന്റെ ശത്രുക്കളൊരുക്കിയ ചതിക്കുഴിയിൽ അവൻ വീഴുന്നു. രാജ്യദ്രോഹിയായി ചിത്രീകരിച്ച് കൈയാമം വച്ച് രാജ്യത്തിനു വെളിയിലേക്ക് കൊണ്ടുപോകുന്നു. തന്നെ സ്നേഹിച്ച തനിക്കുവേണ്ടി ആർപ്പുവിളിച്ച അതേ ജനങ്ങളുടെ ഇടയിൽകൂടി...

ഇന്നത്തെ സുവിശേഷം ഈശോയുടെ ജീവിതത്തിൽ ഇതുപോലുണ്ടായ രണ്ടു സംഭവങ്ങളെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. രാജകീയ ജറുസലേം പ്രവേശനവും തുടർന്ന് ഒരു കുറ്റവാളിയെപ്പോലെ ദേശത്തിനു വെളിയിലെ കൊലമരത്തിലേക്കുള്ള യാത്രയും വൈരുദ്ധ്യം നിറയുന്ന രണ്ടു സംഭവങ്ങൾ മത്തായിയുടെ സുവിശേഷത്തിലെ ഈ ഭാഗം അവതരിപ്പിക്കുന്നു. സുവിശേഷകൻ വളരെ മനോഹരമായി ഈശോയുടെ ജറുസേലം പ്രവേശനം അവതരിപ്പിക്കുന്നു. വിയശ്രീലാളിതനായി വരുന്ന ഈശോ ജനങ്ങൾ അവനു രാജകീയ സ്വീകരണം നല്കുന്നു. ആർപ്പുവിളികളോടെ വസ്ത്രങ്ങളും മരത്തിന്റെ ചില്ലകളും

ജനങ്ങൾ അവന്റെ വഴിത്താരകളിൽ വിരിക്കുന്നു. ഹോസാന വിളികളാൽ നഗരം നിറഞ്ഞുനില്ക്കുന്നു. വിശുദ്ധനഗരത്തിലേക്കുള്ള ഈശോയുടെ തീർത്ഥാടനം ഇവിടെ സമാപിക്കുന്നു. അതായത് ഈശോയുടെ ഗലീലിയൻ ശുശ്രൂഷയ്ക്കുശേഷമുള്ള ജറുസലേം യാത്ര ഇവിടെ സമാപിക്കുന്നു. ഇവിടെ വലിയൊരു വൈരുദ്ധ്യം ശ്രദ്ധിക്കുക. ഇസ്രായേലിന്റെ രാജാവായി സ്വീകരിക്കപ്പെടുന്ന ഈശോ അതേ കാരണത്താൽ കുരിശുമരണത്തിന് വിധിക്കപ്പെടുന്നു. ഇവിടെ നടക്കുന്നത് രാജകീയപ്രദക്ഷിണം ആണെങ്കിലും ഇതിന്റെ ലക്ഷ്യം കുരിശാണ്, സഹനമാണ്.

ഇവിടെ ഉയരുന്ന ചോദ്യം ശ്രദ്ധിക്കുക. എന്തുകൊണ്ടാണ് ഈ രാജകീയപ്രവേശനത്തിന് ഈശോ കഴുതയെ തിരഞ്ഞെടുക്കുന്ന്ത? 1 രാജ 1:33-ൽ കാണുന്നു. കഴുത എന്നത് അത് യുദ്ധപ്രിയനായ രാജാവിന്റെ വാഹനമല്ല, മറിച്ച് സമാധാനപ്രിയനായ രാജാവിന്റെ വാഹനമാണ്. സുവിശേഷകൻ സമാധാനരാജാവായ ഈശോ തിരഞ്ഞെടുത്ത കഴുതയുടെ ഗുണഗണങ്ങൾ വിവരിക്കുന്നു.

1. കെട്ടിയിരിക്കുന്ന കഴുതയെയും കഴുതക്കുട്ടിയെയും നിങ്ങൾ കാണും. ഇവിടെ ക്രിയാപദം പാസ്സീവ് വോയ്സിൽ ആണ്. കെട്ടപ്പെട്ട കഴുത. ഇതിന്റെ അർത്ഥതലങ്ങൾ മനസ്സിലാക്കണമെങ്കിൽ ഉത്പ ത്തിപുസ്തകത്തിലെ ജേക്കബ് തന്റെ മകനായ യൂദായെ അനുഗ്രഹി ക്കുന്ന ഭാഗത്തേക്കു നാം പോകണം. യൂദാ നീ ഒരു സിംഹക്കുട്ടിയാണ്. എന്റെ മകനേ നീ ഇരയിൽ നിന്ന് മടങ്ങിയിരിക്കുന്നു. അവൻ തന്റെ കഴുതയെ മുന്തിരിവള്ളിയിലും കഴുതക്കുട്ടിയെ വിശിഷ്ടമായ മുന്തിരിച്ചെടിയിലും കെട്ടിയിടും (ഉത്പ 49:8-12). ഈ അനുഗ്രഹം യൂദാ ഗോത്രത്തിൽ ജനിച്ച ഈശോയിൽ നിറവേറുന്നു. കെട്ടപ്പെട്ട എന്ന ക്രിയാധാതു സൂചിപ്പിക്കുന്നത് പൂർവപിതാവായ യൂദാ തന്റെ ഗോത്രത്തിൽപ്പെട്ട ഈശോയ്ക്കു വേണ്ടി കഴുതയെ കെട്ടിയിരിക്കുന്നു എന്നാണ്. അതായത് ഈശോയിലൂടെ പൂർവപിതാവായ യാക്കോബിന്റെ പ്രവചനം പൂർത്തീകരിക്കപ്പെടുന്നു.

2. മർക്കോസിന്റെ സുവിശേഷത്തിൽ കഴുത ആരും ഉപയോഗിക്കാത്ത യാത്ര ചെയ്യാത്ത കഴുതയാണ് എന്നാണ് സൂചന (മർക്കോ 11:2). ഇത് ദൈവത്തിന് അർപ്പിക്കുന്ന ബലിമൃഗത്തിന്റെ പ്രത്യേകതയാണ്. ആരും ഉപയോഗിക്കാത്തത് (നിയമാ 21:3). വീണ്ടും ഫിലിസ്ത്യരോടും പുരോഹിതന്മാർ പറയുന്നു. നിങ്ങൾ ഒരു വാഹനം ഉണ്ടാക്കി ഒരിക്ക ലും നുകം വയ്ക്കാത്ത കറവപ്പശുക്കളെ കെട്ടുവിൻ, ആ വണ്ടിയിൽ കർത്താവിന്റെ പേടകം വയ്ക്കുക (1 സാമു 6:7). ഈശോയുടെ ജനന ത്തിനു വേണ്ടി കന്യകയുടെ ഗർഭപാത്രം ഈശോ ഉപയോഗിക്കുന്നു.

ആരും ഉപയോഗിക്കാത്ത ഗർഭപാത്രം (മത്താ 1:18-23). അതുപോലെ അവനെ സംസ്കരിക്കാൻ പുതിയ കല്ലറ, ആരും ഉപയോഗിക്കാത്തത് നിർമ്മിക്കുന്നു (യോഹ 19:41). ദൈവപുത്രനായ ഈശോയ്ക്ക് കൊടുക്കുന്ന വലിയ പ്രാധാന്യത്തെ ഈ വിവരങ്ങൾ സൂചിപ്പിക്കുന്നു. ദൈവത്തിന് അർപ്പിക്കുന്നത് ഏറ്റവും പ്രിയപ്പെട്ടതും പരിശുദ്ധവും ആയിരിക്കണം എന്ന് സൂചന.

3. കർത്താവിന് അവയെക്കൊണ്ട് ആവശ്യമുണ്ട്. ഇവിടെ ഉയർന്നു നില്ക്കുന്ന ഒരു ചിന്ത വിശുദ്ധമായ ഉപയോഗത്തിനുള്ള ഒരു മൃഗം എന്നതാണ്. ഇവിടെ അന്തർലീനമായിരിക്കുന്ന ആശയം ദൈവമാണ് എല്ലാ സൃഷ്ടികളുടെയും ഉടമസ്ഥൻ. അവന് ഇഷ്ടമുള്ളതിനെ അവന് ആവശ്യമുള്ളപ്പോൾ എടുക്കുന്നു. ഓർക്കുക നാം കാവൽക്കാർ മാത്രം. യഥാർത്ഥ അവകാശി ദൈവമാണ്. കർത്താവിന് അവയെക്കൊണ്ട് ആവശ്യമുണ്ട്.

ഈശോ തന്റെ വലിയ ലക്ഷ്യത്തിലേക്ക് ആഘോഷമായി നടന്നടുക്കുന്നു. ലോകം മുഴുവന്റെയും രക്ഷ കുരിശുമരണത്തിലൂടെ. ഇവിടെ വിനയാന്വിതനായ ഈശോയെ കണ്ടപ്പോൾ ജനങ്ങൾ പരസ്പരം ചോദിക്കുന്നു. ആരാണിവൻ? വാസ്തവത്തിൽ ഇതിന് ഉത്തരം നല്കുന്നത് തോമാശ്ലീഹായാണ്. എന്റെ കർത്താവും എന്റെ ദൈവവും (യോഹ 20:28). എന്നെ സംബന്ധിച്ചിടത്തോളം ആരാണ് എനിക്ക് ഈശോ എന്ന ചോദ്യം പ്രസക്തമാണ്. ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹായെന്ന് പത്രോസിനോടൊപ്പം പറയാൻ എനിക്കു കഴിയണം.

വിനയാന്വിതനായ ഈശോയുടെ വരവിൽ നഗരം മുഴുവൻ ഇളകിമറിയുകയാണ്. ഓർക്കുക, എളിമയുള്ള മനസ്സോടെ ജനഹൃദയ ങ്ങളിൽ ജീവിക്കുവാൻ ശ്രമിക്കുന്നവർക്കാണ് ജനങ്ങളെ ഇളക്കാൻ സാധിക്കുക. ഇതിനുള്ള വലിയ ഒരവസരമാകട്ടെ ഈ വലിയ ആഴ്ചയും നോമ്പുകാലവും. അതുകൊണ്ട് എളിമയുള്ള മനസ്സോടെ നമ്മുടെ പ്രിയപ്പെട്ടവരിലേക്ക് നമുക്കു പോകാം... അവസാനം കുരിശാണെങ്കിൽ പോലും...

# 3

റേഡിയോ എന്നു കേൾക്കുമ്പോൾ തന്നെ നാം മാർക്കോ ണിയെ ഓർക്കും. അതിവേഗം സന്ദേശം അയയ്ക്കുവാനും സ്വീകരിക്കു വാനും സാധിക്കുന്ന വയർലെസ് യന്ത്രങ്ങൾ അദ്ദേഹം കണ്ടുപിടിച്ചു. ഈ കണ്ടുപിടിത്തം ആദ്യം പ്രയോജനപ്പെട്ടത് കപ്പൽ യാത്രക്കാർക്കാ

യിരുന്നു. ഒരിക്കലും മുങ്ങുകയില്ല എന്ന് കൊട്ടിഘോഷിക്കപ്പെട്ടിരുന്ന ടൈറ്റാനിക് ഒരുകൂറ്റൻ മഞ്ഞുകട്ടയിൽ ഇടിച്ച് തകരാൻ തുടങ്ങിയപ്പോൾ ആ കപ്പലിൽ നിന്നു ലഭിച്ച വയർലെസ് സന്ദേശം സ്വീകരിച്ചാണ് കാർപ്പേത്തിയ എന്ന ബ്രിട്ടീഷ്കപ്പൽ സഹായത്തിന് ഓടിയെത്തിയത്. ടൈറ്റാനിക്കിൽ ഉണ്ടായിരുന്ന ലൈഫ് ബോട്ടുകൾ ഉപയോഗിച്ച എല്ലാവർക്കും കാർപ്പേത്തിയയുടെ സഹായത്താൽ രക്ഷപ്പെടുവാൻ കഴിഞ്ഞു. കപ്പലപകടത്തിൽ നിന്നുരക്ഷപെട്ട് ന്യൂയോർക്ക് തുറമുഖത്തെത്തിയപ്പോൾ അവരെ സ്വീകരിക്കുവാൻ മാർക്കോണിയും അവിടെ എത്തിയിരുന്നു. മാർക്കോണിയും എത്തിയിട്ടുണ്ട് എന്നറിഞ്ഞ കപ്പൽ യാത്രക്കാർ ആവേശഭരിതരായി അദ്ദേഹത്തിന് ജയ്വിളിക്കുകയുണ്ടായി. ഇതാണ് നമ്മുടെ രക്ഷകൻ .

ലോകത്തിന്റെ മുഴുവൻ രക്ഷയ്ക്കായി അവതരിച്ച ക്രിസ്തു നാഥന്റെ പ്രവർത്തനങ്ങൾ മരിച്ചവർക്കു ജീവനേകുന്നു. അന്ധർക്കു കാഴ്ച, മുടന്തർക്കു സൗഖ്യം, പാവപ്പെട്ടവരുടെ പക്ഷം ചേരുന്നു, സകലർക്കും സുവിശേഷമാകുന്നു എന്നീ രക്ഷാപ്രവർത്തനങ്ങൾ അനുഭവിച്ചറിഞ്ഞ ആബാലവൃദ്ധം ജനം യേശുനാഥനെ ജയ്വിളിച്ചു കൊണ്ട് എതിരേറ്റ സംഭവത്തിന്റെ ഒർമ്മയാണ് ഒശാന ഞായറാഴ്ച കൊണ്ടാടുന്നത്.

ജോർജ് ഹാൻഡൻ എന്ന ജർമ്മൻ സംഗീതജ്ഞന്റെ മാസ്റ്റർ പീസാണ് മെസെയാ എന്ന സംഗീതോപഹാരം. ഈ സൃഷ്ടി ആദ്യ മായി അവതരിപ്പിച്ചപ്പോൾ അതിന്റെ സംവിധായകനായ റെയ്ച്ചൽ ഗായികയോട്ചോദിച്ചു: താങ്കൾ ഇപ്പോൾ പാടി, I know my Redmeer lives; നമ്മുടെ രക്ഷകൻ യഥാർത്ഥത്തിൽ ജീവിച്ചിരിക്കുന്നു എന്ന് നീ വിശ്വസിക്കുന്നുവോ? അവൾ മറുപടി പറഞ്ഞു: ഉവ്വ്. ഞാൻ വിശ്വസി ക്കുന്നു. റെയ്ച്ചൽ ഉടനേപറഞ്ഞു: എങ്കിൽ അത് ഓർമ്മിച്ചുകൊണ്ട് പാടൂ, നീ നിന്റെ രക്ഷകനെ അറിയുന്നു എന്ന് നിന്റെ പാട്ടിലൂടെ ഞാൻ മനസ്സിലാക്കട്ടെ . റെയ്ച്ചൽ ആവശ്യപ്പെട്ടതനുസരിച്ച് അവൾ വീണ്ടും പാടി. എന്റെ രക്ഷകൻ ജീവിച്ചിരിക്കുന്നു എന്നർത്ഥം വരുന്ന ആ ഗാനം കേട്ട് റെയ്ച്ചൽ ഉൾപ്പെടെ എല്ലാവരുടെയും നയനങ്ങളിൽ ആനന്ദ ബാഷ്പം നിറഞ്ഞു. കാരണം അവൾ ഹൃദയത്തിൽ നിന്നാണ് അത് പാടിയത്. ഇന്ന് നാം ഈശോ നാഥന് ഒശാന പാടുമ്പോൾ അത് അധരസേവയായി, കേവലം ആചാരമായി ഒതുങ്ങുകയാണെങ്കിൽ ഈ ആചരണവും നമ്മുടെ ജീവിതത്തിൽ അനുഭവവേദ്യമാവുകയില്ല. യേശു നമ്മുടെ രക്ഷകനാണെന്ന് അനുഭവത്തിൽ നിന്നും ഏറ്റു പറയുവാൻ നമുക്കു കഴിയണം.

പാട്ടുകാരി ഈശോ രക്ഷകനാണ് എന്ന് പാട്ടിലൂടെ അവതരിപ്പിക്കുന്നുവെങ്കിൽ നാം ഓരോരുത്തരും യേശു നമ്മുടെരക്ഷകനാണ് എന്ന് സ്വന്തം പ്രവർത്തനങ്ങളിലൂടെ അവതരിപ്പിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിന് ഓശാന പാടുന്നത് പ്രധാനമായും ക്രിസ്തീയപ്രവർത്തനങ്ങളിൽ മുഴുകിക്കൊ ായിരിക്കണം. നമ്മുടെ പ്രവർത്തനങ്ങൾ കണ്ടിട്ട് ക്രിസ്തു രക്ഷകനാണ് എന്ന ബോധ്യത്തിലേയ്ക്ക് മറ്റുള്ളവരെ നയിക്കുവാൻ കഴിയണം. ഈശോനാഥന്റെ ജറുസലേം യാത്രയെ അനുസ്മരിച്ചുകൊണ്ട് ഇന്ന് നാം ഓശാന പാടുമ്പോൾ അത് ആഴമായ ബോധ്യത്തിൽ നിന്നാകുവാൻ നമുക്കു ശ്രമിക്കാം. ഓശാനഗീതങ്ങളുടെ അകമ്പടിയോടെ ദേവാലയത്തിലേയ്ക്ക് പ്രവേശിച്ച യേശു അതിനെ വിശുദ്ധീകരിക്കുന്ന രംഗമാണ് സുവിശേഷത്തിൽ നാം ശ്രവിച്ചത്. ദേവാലയത്തിൽ നടമാടിയിരുന്ന തിന്മയുടേതായ പ്രവർത്തനങ്ങൾ ശക്തമായ രീതിയിൽ ചോദ്യം ചെയ്തുകൊണ്ട് അത് പിഴുതെറിയുന്ന തമ്പുരാനെയാണ് നാം കാണുന്നത്. ജനത്തിന്റെ അപ്രീതി പേടിച്ച് അനീതിക്കെതിരെ കണ്ണടയ്ക്കുന്ന ധർമ്മഭീരുവിനെയല്ല. മറിച്ച് ഓശാന പാടിയവർ ഉപേക്ഷിച്ചാലും തിന്മയുടെ പ്രവർത്തനങ്ങളെ ഉന്മൂലനം ചെയ്യുവാൻ വേണ്ടി പരിശ്രമിക്കുന്ന ലോകരക്ഷകനെയാണ് അവിടെ നാം കാണുന്നത്. സ്വാർത്ഥ താൽപര്യങ്ങൾക്കുവേണ്ടി അനീതിക്കും അഴിമതിക്കും കൂട്ടുനിൽക്കുന്നവർക്ക് കർത്താവിന്റെ പ്രവൃത്തികൾ ഒരു വെല്ലുവിളിയാണ്. കച്ചവടസ്ഥലമായി മാറിയ ജറുസലേം ദേവാലയത്തോടൊപ്പം നമ്മുടെ ഹൃദയമാകുന്ന ദേവാലയങ്ങളെയും വിശുദ്ധീകരിക്കുവാൻ അവിടുന്ന് ആഹ്വാനം ചെയ്യുന്നു. ആരാധനാ ജപങ്ങളാൽ നിറഞ്ഞിരിക്കേ ഹൃദയമാകുന്ന ദേവാലയങ്ങളിൽ ദൈവസാന്നിദ്ധ്യബോധമില്ലാതെ കേവലം കച്ചവടമനഃസ്ഥിതിയിലേക്കു മാറുമ്പോൾ യേശുവിന്റെ പ്രവർത്തനങ്ങൾ നമ്മുടെ ഹൃദയദേവാലയങ്ങളിലേയ്ക്ക് വ്യാപിക്കേ ിയിരിക്കുന്നു. ക്രിസ്തുനാഥന് വിശുദ്ധീകരിക്കുവാനായി നമ്മുടെ ഹൃദയങ്ങളെ നമുക്ക് തുറന്ന് കൊടുക്കാം. ഓശാനാ ഗീതങ്ങളായി അവിടുത്തെ നമ്മുടെ ഹൃദയങ്ങളിലേക്കു സ്വീകരിക്കാം.

# 4

## ഓശാന ഇസ്രായേലിൽ-ഈശോയിൽ-സഭയിൽ

**ഇതുവരെ സംഭവിച്ചത്:**

1. ഇസ്രായേൽജനം ഈജിപ്തിലെ അടിമത്തത്തിൽ നിന്നു വിമോചിതരായി മരുഭൂമിയിലൂടെ നടന്ന് ജോർദ്ദാൻ കടന്ന് വാഗ്ദാനഭൂമിയിലെത്തി. തദ്ദേശവാസികളെ നിഷ്കാസിതരാക്കി നാടു സ്വന്തമാക്കി.

2. ഈശോ ജോർദ്ദാനിൽ മാമ്മോദീസാ സ്വീകരിച്ച് മരുഭൂമിയിൽ പ്രലോഭനങ്ങളെ വിജയിച്ച്, ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ച്, പാതാളസമാനമായ ജറീക്കോയിലൂടെ സഞ്ചരിച്ച്, ശിഷ്യഗണത്തോടൊത്ത് ഉന്നതനഗരിയായ ജറുസലേമിലെത്തി.

3. കിസ്തുശിഷ്യരുടെ സമൂഹമായ സഭ മാമ്മോദീസാ ജലത്തിലൂടെ ജഡത്തെയും ലൗകികമോഹങ്ങളെയും നിർമാർജനം ചെയ്ത് ദൈവമക്കളും ദൈവരാജ്യത്തിന് അവകാശികളുമെന്ന നിലയിൽ ആധ്യാത്മികജീവിതമാകുന്ന സ്വർഗീയ ജെറുസലേമിൽ വന്നെത്തി യിരിക്കുന്നു.

**ഇനി എന്താണു സംഭവിക്കുന്നത്?**

1. ഇസ്രായേൽജനം തങ്ങൾ സ്വന്തമാക്കിയ നാട്ടിൽ ജറുസലെമിൽ ദൈവാലയം പണിത് ദൈവസാന്നിധ്യത്തിന്റെ പേടകം അവിടെ സ്ഥാപിക്കണം. ദാവീദു രാജാവ് വാഗ്ദാനപേടകം ജെറുസലെത്തിച്ചു. സോളമൻ രാജാവ് ദൈവാലയം പണിത് പ്രതിഷ്ഠിച്ചു. വാഗ്ദാന പേടകം ജെറുസലെമിലേക്കും ദൈവാലയത്തിലേക്കും സംവഹിച്ചത് ഏറ്റം ആഘോഷപൂർവമായിരുന്നു.

2. ഈശോ വിനയാന്വിതനായി പട്ടണപ്രവേശം നടത്തി, വിജയ ശാലിയായി ദൈവാലയത്തിൽ പ്രവേശിച്ച് അവിടം പവിത്രീകരിച്ച്, ദൈവത്തിനു പ്രീതികരവും ജനത്തിനു രക്ഷാകരവുമായ ആത്മബലി സമർപ്പണം നടത്താൻ പോകുന്നു.

3. ആധ്യാത്മികജീവിതവും ദൈവപുത്രസ്ഥാനവും സ്വന്തമാക്കിയ ക്രിസ്തുശിഷ്യരുടെ ഗണം ജഡികാശകൾക്കും ലോകമോഹങ്ങൾക്കും വശപ്പെടാതെ, മിശിഹായോടൊത്ത് സ്വന്തം ആത്മശരീരങ്ങളെ ദൈവശുശ്രൂഷക്കായി സമർപ്പിക്കുന്നു.

**അതാണ് ഓശാനത്തിരുന്നാൾ:**

1. ഇസ്രായേൽജനം എന്നും നടത്തിയിരുന്ന ദൈവസന്നിധിയിലെ യാചനയാണ് ഹോഷിയാനാ (സങ്കീ 118:25). ഞങ്ങളെ രക്ഷിക്ക ണമേ എന്ന് ഏറ്റം വിനയത്തോടെ താണുവീണപേക്ഷിക്കുന്ന ഈ യാചന അവർ നടത്തിയിരുന്നത്. മരച്ചില്ലകൾ കൈകളിലേന്തി ഉത്സവഘോഷയാത്രയോടെ ബലിപീഠം വരെയുള്ള ഒരു പ്രദക്ഷിണമായിട്ടാണ് (സങ്കീ 118:26-27).

2. ഇസ്രായേൽജനം ആഗ്രഹിച്ചപേക്ഷിച്ച ഹോഷിയാന ഈശോ യിലൂടെ പൂർത്തിയാകുകയാണ്. അവിടന്നു രക്ഷയായും രക്ഷകനായും ദൈവസാന്നിധ്യമായും കടന്നുവരുന്നു.

3. ക്രിസ്തുശിഷ്യർ മിശിഹായുടെ സാന്നിധ്യം സംവഹിക്കുന്നതും ഈശോയിൽ യാഥാർത്ഥ്യവത്കരിക്കപ്പെട്ട രക്ഷ ജീവിതാനുഭവമാക്കുന്നതും ആരാധനയിൽ ആഘോഷിക്കുന്നതും ഓശാനത്തിരുന്നാൾ തന്നെ.

**അനുയാത്ര ചെയ്യുന്നവരാര്? അഭിമുഖീകരിക്കുന്നവരാര്?**

സമവീക്ഷണ സുവിശേഷങ്ങളനുസരിച്ച് ഈശോ തന്റെ പരസ്യ ജീവിതകാലത്ത് ഒരിക്കൽ മാത്രമേ ദൈവാലയത്തിൽ പോയിട്ടുള്ളൂ. അപ്പോഴാണ് ഓശാനസംഭവം = ഈശോയുടെ പട്ടണപ്രവേശവും ദൈവാലയപ്രവേശവും ശുദ്ധീകരണവും.

യോഹന്നാന്റെ സുവിശേഷമനുസരിച്ച് ഈശോ മൂന്നുതവണ ജറുസലേം നഗരവും ദൈവാലയവും സന്ദർശിച്ചിട്ടുണ്ട്. അതിൽ ആദ്യസന്ദർശനവേളയിൽ ദൈവാലയശുദ്ധീകരണം നടത്തുന്നു. അവസാനസന്ദർശനവേളയിലാണ് പട്ടണപ്രവേശവും ദൈവാലയപ്രവേശവും.

സമവീക്ഷണസുവിശേഷകന്മാരെ സംബന്ധിച്ചിടത്തോളം ജെറുസലേം നഗരപ്രവേശം ഈശോയുടെ യാത്രാലക്ഷ്യമായിരുന്നു. ഗലീലിയിൽനിന്ന് ഭൗതിക അധോനഗരമായ ജെറിക്കോയിലൂടെ കടന്ന് ആധ്യാത്മിക സ്വർഗീയനഗരമായ ജറുസലെമിലേക്കുള്ള കയറ്റയാത്രയായിരുന്നു അത്.

ജെറുസലേത്തേക്കുള്ള പ്രവേശനത്തിന് ഈശോയെ അനുയാത്ര ചെയ്യുന്നത് അവിടത്തെ ശിഷ്യരുടെ ഗണവും ശിഷ്യത്വം കാംക്ഷിക്കുന്ന ജനക്കൂട്ടവും ഒരു കഴുതയും. കഴുത ക്രിസ്തുശിഷ്യരുടെ ഭൗതികാസ്തിത്വത്തിന്റെ അഥവാ അതിനോടുള്ള അവരുടെ ആഭിമുഖ്യത്തിന്റെ പ്രതീകമാണ്. ഓശാന വിളിക്കുന്ന ശിശുക്കൾ ഈശോയുടെ ശിഷ്യന്മാർ തന്നെയെന്ന് മർക്കോസും ലൂക്കായും പറയുന്നു. എട്ടാം സങ്കീർത്തനം ഉദ്ധരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് മത്തായി ശിശുക്കൾ എന്നുമാത്രം പറയുന്നത്. ആധ്യാത്മികാസ്തിത്വത്തിലെത്തിയവരാണിവർ.

ജറുസലെത്ത് ഈശോയെ അഭിമുഖീകരിക്കുന്നത് അവിടത്തെ എതിർക്കുന്ന ഫരിസേയരും നിയമജ്ഞരും പുരോഹിതപ്രമുഖരും. തെറ്റായ ദൈവശാസ്ത്രവും അനുഷ്ഠാനവ്യവസ്ഥതികളും വച്ചുപുലർത്തുന്നവരാണവർ. അവരെ പ്രതീകാത്മകമായി പ്രതിനിധീകരിച്ചാണ് അന്ധരും മുടന്തരും ഈശോയെ സമീപിച്ചു സൗഖ്യംതേടുന്നത്. യഹൂദപാരമ്പര്യവും നിയമവുമനുസരിച്ച് ദൈവാലയത്തിൽ പ്രവേശിക്കുവാൻ അന്ധർക്കും മുടന്തർക്കും അവകാശമില്ല.

സങ്കീ 118:25

കർത്താവേ ഞങ്ങൾ അങ്ങയോട് കെഞ്ചിയപേക്ഷിക്കുന്നു, ഞങ്ങളെ രക്ഷിക്കണമേ.

# നോമ്പ് ഏഴാം തിങ്കൾ

## യോഹ 11:47-12:11

ഇന്നത്തെ സുവിശേഷഭാഗത്ത് പുരോഹിതപ്രമുഖരും ഫരിസേയരും ആലോചനാസംഘം വിളിച്ചുകൂട്ടി യേശുവിനെ വധിക്കാൻ ആലോചിക്കുന്ന സംഭവമാണ് വിവരിക്കുന്നത്. ആലോചനാ സംഘം പറയുന്നു: നാം എന്താണു ചെയ്യേണ്ടത്? ഈ മനുഷ്യൻ വളരെയധികം അടയാളങ്ങൾ പ്രവർത്തിക്കുന്നല്ലോ. അവനെ നാം ഇങ്ങനെ വിട്ടാൽ എല്ലാവരും അവനിൽ വിശ്വസിക്കും. അപ്പോൾ റോമാക്കാർ വന്ന് നമ്മുടെ വിശുദ്ധസ്ഥലത്തെയും ജനത്തെയും നശിപ്പിക്കും.

യേശുവിന്റെ വചനവും പ്രവർത്തിയും അസ്വസ്ഥമാക്കിയത് അധികാരവും പദവിയും കയ്യാളുന്നവരെയാണ്. യേശുവിൽ എല്ലാവരും വിശ്വസിച്ചാൽ തങ്ങളുടെ അധികാരവും സ്വാധീനവും നഷ്ടപ്പെടുമെന്ന ചിന്ത യഹൂദപ്രമാണികളെ അസ്വസ്ഥരാക്കി. അവരുടെ അതിവിശുദ്ധ സ്ഥലമായ ജറുസലേം ദേവാലയത്തേക്കാൾ അതിവിശുദ്ധനും വലിയവനും ആണ് തങ്ങളുടെ കൂടെയുള്ളത് എന്ന് അവർ മനസ്സി ലാക്കിയില്ല. ഇന്നും യേശുവിനെ വധിക്കാനുള്ള ആലോചനകൾ നമ്മുടെ സമൂഹത്തിൽ അരങ്ങേറുന്നുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈശോയുടെ സുവിശേഷത്തിനു സാക്ഷ്യം വഹി ക്കുകയും പ്രഘോഷണം നടത്തുകയും ചെയ്യുന്ന ആയിരക്കണക്കിനു വൈദികർ, സമർപ്പിതർ, അൽമായർ മുതലായവർ ഈശോയ്ക്കുണ്ടായ അനുഭവങ്ങളിലൂടെ കടന്നുപോകുന്നു. ഈശോയുടെ പക്ഷത്ത് ചേർന്ന് സത്യത്തിനും നന്മയ്ക്കും നീതിക്കുംവേണ്ടി നിലകൊള്ളുന്നു എന്ന ഒറ്റക്കാരണത്താൽ അവരിൽ പലരും പീഢിപ്പിക്കപ്പെടുന്നു. മദ്ധ്യപൂർവ്വ ദേശത്തും, സിറിയയിലും നടക്കുന്നത് ഇതു തന്നെയാണ്. ഈശോ യോടുകൂടി നിന്ന് സത്യത്തിനു സാക്ഷ്യം വഹിച്ച രക്തസാക്ഷികളായ അവരെ ആദരവോടും നന്ദിയോടും നമ്മൾക്ക് ഇന്ന് അനുസ്മരിക്കാം.

നമ്മൾ ഈശോയുടെ സാക്ഷികളായി ജീവിച്ചപ്പോൾ അനു ഭവിച്ച പ്രയാസങ്ങളും നമ്മൾക്ക് ഇന്ന് അനുസ്മരിച്ച് ഈശോയുടെ സഹനങ്ങളിൽ പങ്കുചേരാൻ ലഭിച്ച അവസരങ്ങളെയോർത്ത് ദൈവ ത്തിനു നന്ദി പറയാം. ഭാവിയിൽ നമുക്കു ലഭിക്കുന്ന എല്ലാ അവ

സരങ്ങളും അവിടുത്തെ സഹനജീവിതത്തിൽ ഭാഗഭാക്കാകാനുള്ള അനുഗ്രഹമായി സ്വീകരിച്ച് ദൈവത്തെ മഹത്വപ്പെടുത്തുവാൻ നമ്മൾക്ക് കഴിയട്ടെ.

# നോമ്പ് ഏഴാം ചൊവ്വ

## യോഹ. 12:12–43

ഈ ലോകത്തുള്ള ജീവിതത്തെക്കുറിച്ച് മാത്രം ചിന്തിച്ച്, ലൗകിക ജ്ഞാനം മാത്രം തേടി, ലൗകീക സന്തോഷം ആവോളം ആസ്വദിച്ച് ജീവിക്കുവാൻ മനുഷ്യന് കഴിയും. ഇങ്ങനെ ജീവിക്കുന്നവർ മരണാനന്തരം ലഭിക്കേ നിത്യജീവനെ അവഗണിക്കുന്നു. അവർ മരണം കൊണ്ട് ജീവൻ അവസാനിക്കുന്നുവെന്ന് കരുതുന്നു. എന്നാൽ യഥാർത്ഥ ജീവിതം ഇതല്ല. ദൈവപുത്രനായ ഈശോമിശിഹാ തരുന്ന നിത്യജീവനാണ് യഥാർത്ഥ ജീവിതവും യഥാർത്ഥ സന്തോഷവും. അത് ബൗദ്ധികമായ അറിവുകൊണ്ട് മനസ്സിലാക്കുവാനോ നേടിയെടുക്കുവാനോ സാധിക്കുന്നതല്ല. അത് ബൗദ്ധിക അറിവിന് അതീതമായ ദൈവിക വെളിപ്പെടുത്തലിലൂടെ ലഭ്യമാകുന്ന അറിവിലൂടെ മാത്രമേ സാധ്യമാകൂ.

ഗോതമ്പുമണി നിലത്തുവീണ് അഴിയുമ്പോഴാണ് അതിന് രൂപാന്തരം പ്രാപിക്കുകയും ധാരാളം ഫലം പുറപ്പെടുവിക്കുവാൻ കഴിവുള്ള ഗോതമ്പുചെടിയായി മാറുകയും ചെയ്യുന്നത്. ഈ സുവിശേഷ ഭാഗം നമ്മെ ഉദ്ബോധിപ്പിക്കുന്നത് ഈശോയിൽ വിശ്വസിക്കുന്ന നാമോരുരത്തരും അവിടുത്തെ സുവിശേഷം സ്വീകരിച്ച് രൂപാന്തരപ്പെടേവരാണ് എന്നാണ്. എന്റെ ജീവിതം എന്റെ ഈശോയ്ക്കു സമർപ്പിക്കപ്പെടേണ്ടതാണ്.

മാമ്മോദീസായിലൂടെ എന്നിൽ പിറന്ന ഈശോ എന്നിൽ വളരുകയും, ഞാൻ ചെറുതാവുകയും ചെയ്യുമ്പോൾ ഞാൻ നിത്യജീവനിൽ പ്രവേശിക്കുകയാണ്. അപ്പോൾ എന്നിലുള്ള ഞാൻ എന്ന ാവം അഴിയുകയും യേശു എന്ന ഭാവം എന്നിൽ വളരുകയും ചെയ്യുന്നു. അപ്പോൾ മിശിഹാനുഭവത്തിന്റെ ഉച്ചകോടിയിലെത്തിയ പൗലോസ് ശ്ലീഹായോടൊത്ത് നമുക്കും പറയുവാൻ കഴിയും, ഞാൻ ക്രിസ്തുവിനോടൊത്ത് ക്രൂശിതനായിരിക്കുന്നു. ഞാനല്ല ഈശോമിശിഹായാണ് എന്നിൽ ജീവിക്കുന്നത് (ഗലാ. 2:20). ഞാനാകുന്ന ഗോതമ്പുമണി എന്റെ ജീവിതസാഹചര്യമാകുന്ന മണ്ണിൽ ഓരോ നിമിഷവും വീണ് അഴിയണം. അപ്പോൾ എന്റെ കുടുംബത്തിലും ഇടവകയിലും യേശുവിന്റെ നിറസാന്നിദ്ധ്യം ഉണ്ടാകും. അതിനായി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

# നോമ്പ് ഏഴാം ബുധൻ

## യോഹ 12:27-33

ദൈവപിതാവിന്റെ ഹിതമനുസരിച്ച് സഹന മരണ ഉത്ഥാന ത്തിന് സ്വയം സമർപ്പിക്കുവാൻ തയ്യാറാകുന്ന ഈശോയേയാണ് നമ്മൾ ഇന്നത്തെ സുവിശേഷത്തിൽ കാണുന്നത്. പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമായ അവിടുന്ന് താൻ നേരിടേണ്ട സഹനത്തെയും കുരിശു മരണത്തെയും പറ്റി ചിന്തിച്ചപ്പോൾ സാധാരണ മനുഷ്യന് അനുഭവ പ്പെടുന്നതുപോലെ വളരെയധികം അസ്വസ്ഥതയുമുണ്ടായി. തുടർന്ന് അവിടുന്ന് പറയുന്നു: പിതാവേ ഈ മണിക്കൂറിൽ നിന്ന് എന്നെ രക്ഷിക്കണമേ! അല്ല ഇതിനുവേണ്ടിയാണല്ലോ ഈ മണിക്കൂറി ലേയ്ക്കു ഞാൻ വന്നത്. പിതാവേ അങ്ങയുടെ നാമത്തെ മഹത്വപ്പെടു ത്തണമേ . അപ്പോൾ സ്വർക്ഷത്തിൽ നിന്ന് ഒരു സ്വരമുണ്ടായി: ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്വപ്പെടുത്തും .

പിതാവിന്റെ ഹിതം, സ്വപുത്രൻ മനുഷ്യവർക്ഷത്തിന്റെ പാപപരിഹാരത്തിനായി കുരിശിൽ ഉയർത്തപ്പെട്ട്, ആദിമാതാപിതാ ക്കളുടെ പാപം നിമിത്തം നമ്മൾക്ക് നഷ്ടപ്പെട്ട നിത്യജീവൻ നേടിത്തരണമെന്നായിരുന്നു. ഈശോയുടെ കുരിശിലെ ബലിയിലൂ ടെയും ഉത്ഥാനത്തിലൂടെയും നമ്മൾക്ക് നിത്യരക്ഷ നേടിത്തന്ന് അവിടുന്ന് പിതാവിനെ മഹത്വപ്പെടുത്തി. അതുകൊണ്ടാണ് ഈശോ പറയുന്നത്: ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ സകല മനുഷ്യരെയും എന്നിലേയ്ക്ക് ആകർഷിക്കും. പാപമാണ് മനുഷ്യനെ ദൈവത്തിൽ നിന്ന് അകറ്റുന്നത്. പഴയനിയമ കാലഘട്ടത്തിൽ പാപപരിഹാര ബലികൾ അർപ്പിക്കപ്പെയുന്നുണ്ടെങ്കിലും അവയ്ക്കൊ ന്നും മനഷ്യരുടെ പാപത്തിന് പൂർണ്ണ പരിഹാരം നൽകി അവനെ നിത്യജീവനിലേക്ക് പ്രവേശിപ്പിക്കുവാൻ പര്യാപ്തമായിരുന്നില്ല.

ഈശോയുടെ പീഢാസഹനവും, കുരിശിലെ ബലിയും ഉത്ഥാനവും ആണ് നമുക്ക് നിത്യജീവൻ നേടിത്തന്നത്. ക്രൂശിതനും ഉത്ഥിതനുമായ ഈശോമിശിഹാ നമ്മൾക്ക് നേടിത്തന്ന ദൈവകൃപ സ്വീകരിക്കുവാൻ നമ്മൾക്ക് ഇന്ന് ഒരുങ്ങാം. പിതാവിന്റെ സ്വരം നമ്മൾക്ക് വേണ്ടിയാണ് ഉണ്ടായതെന്ന് ഈശോ പറയുന്നു. നമ്മൾ ഓരോരുത്തരും നമ്മെ ഈശോയിലൂടെ പിതാവിന് സമർപ്പിക്കുമ്പോൾ തിരുവചനത്തിലൂടെ അവിടുത്തെ സ്വരം കേൾക്കും: ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്വപ്പെടുത്തും. സുവിശേഷാനുസരണം ജീവിച്ച്, മറ്റൊരു ക്രിസ്തുവായി മാറി, നമ്മുടെ

ജീവിത സാഹചര്യങ്ങളിൽ പിതാവിനെ മഹത്വപ്പെടുത്തുവാൻ നമ്മൾക്ക് ഓരോരുത്തർക്കും സാധിക്കട്ടെ.

# പെസഹാവ്യാഴം

### യോഹ 13:1-14 + മത്താ 26:26-30

## എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ (ലൂക്കാ. 22:19)

വി. കുർബ്ബാനയുടെ സ്ഥാപനത്തിനു ശേഷം ഈശോ ആവശ്യപ്പെടുന്നത് ഈശോയുടെ ഓർമ്മയ്ക്കായി ഇതു ചെയ്യുവാനാണ്. കുർബ്ബാനയിൽ പ്രാർത്ഥനയിലൂടെയും പ്രതീകങ്ങളിലൂടെയും ആചാരാനുഷ്ഠാനങ്ങളിലൂടെയും ഈശോയുടെ ഓർമ്മ ആചരിക്കുന്നവ തങ്ങളുടെ അനുദിനജീവിതത്തിലൂടെ ആ ഓർമ്മ പ്രവൃത്തി തലത്തിലേയ്ക്ക്കൊണ്ടുവരേണ്ടിയിരിക്കുന്നു.

വി. കുർബ്ബാന പള്ളിയിൽ അർപ്പിച്ചുപൂർത്തിയാക്കേണ്ട ഒന്നുമാത്രമല്ല, മറിച്ചു കുർബ്ബാന കുർബ്ബാനാനന്തരജീവിതത്തിലേയ്ക്കു വളരേണ്ടിയിരിക്കുന്നു. കുർബാനയുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോഴാണ് ഈശോയുടെ ഓർമ്മയ്ക്കായി അതു ചെയ്യുന്നവരാകുന്നത്. കുർബാനയിൽ നാം കാണുന്നത് ഈശോ അപ്പമെടുത്ത് കൃതജ്ഞതാ സ്തോത്രം ചെയ്ത്, വാഴ്ത്തി, മുറിച്ച്, അവർക്കു നൽകി എന്നാണ്. കുർബാന മുറിക്കപ്പെട്ടതാണ്. അതിനാൽ കുർബാനാനന്തര ജീവിതവും മുറിക്കപ്പെടലിന്റെ ഭാഗമാണ്. നമുക്കു ദൈവം തന്നിരിക്കുന്നവയെല്ലാം

ദൈവം ഏല്പ്പിച്ചു തന്നിരിക്കുന്നവർക്കുവേണ്ടി, അപരനുവേണ്ടി, സമർപ്പിക്കുമ്പോൾ, പങ്കുവെയ്ക്കുമ്പോൾ ഈ മുറിക്കപ്പെടൽ യാഥാർത്ഥ്യമാകുന്നു. ഒരു കുടുംബനാഥൻ തന്റെ കർത്തവ്യങ്ങൾ വിശ്വസ്തതയോടെ ചെയ്യുമ്പോൾ അദ്ദേഹം കുടുംബാംഗങ്ങൾക്കുവേണ്ടി സ്വയം മുറിക്കപ്പെടുകയാണ് ചെയ്യുന്നത്. അതുപോലെ മറ്റുള്ളവരും മുറിക്കപ്പെടലിന്റെ ചൈതന്യം കാത്തുസൂക്ഷിക്കുമ്പോൾ ആ കുടുംബം സംതൃപ്ത കുടുംബമാകും. സമൂഹജീവിതത്തിൽ അയൽപക്ക കുടുംബങ്ങൾ തമ്മിൽ, സഹപ്രവർത്തകർ തമ്മിൽ, കുടുംബബന്ധങ്ങൾ, ഇടവക സമൂഹമെന്ന നിലയിൽ മുറിക്കപ്പെടൽ യാഥാർത്ഥ്യമാകുമ്പോൾ അതുകുർബാനാനന്തര കുർബാനയാണ്.

അപ്പമെടുത്ത് മുറിച്ചു നൽകുന്നതിനു മുമ്പ് കർത്താവ് അത് വാഴ്ത്തുന്നുണ്ട്. കുർബാനാനന്തര ജീവിതം മുറിക്കപ്പെടലിന്റെ ജീവിതമാകണമെങ്കിൽ അതിനുമുമ്പ് വാഴ്ത്തപ്പെടൽ നടന്നിരിക്കണം. വാഴ്ത്തപ്പെടൽ കർത്താവിന്റെ ആശീർവ്വാദമാണ്. ഇടവകസമൂഹ

മൊന്നായ് ബലിയർപ്പിക്കുമ്പോൾ കർത്താവിന്റെ ആശീർവ്വാദം സ്വീകരിക്കുന്ന സമയമാണ് കുടുംബത്തിൽ സന്ധ്യാനാമത്തിൽ കുടുംബാംഗങ്ങൾ എല്ലാവരും പ്രാർത്ഥിക്കുമ്പോൾ കുടുംബത്തിനു മേൽ, കുടുംബാംഗങ്ങൾക്കുമേൽ ദൈവത്തിന്റെ ആശീർവ്വാദം സ്വീകരിക്കപ്പെടുകയാണ്; കാനായിലെ കല്യാണവിരുന്നിൽ പരിചാരകർ പച്ചവെള്ളം കോരിയിട്ടു തമ്പുരാന്റെ മുമ്പിൽ ആശീർവ്വാദത്തിനു നൽകിയതുപോലെ. ഒരു പകലുന്റെ അദ്ധ്വാനത്തിനുശേഷം കുടുംബാംഗങ്ങൾ തങ്ങളുടെ അദ്ധ്വാനത്തിനുമേൽ ഈശോയുടെ ആശീർവ്വാദം സ്വീകരിച്ചതിനുശേഷം അത് പരസ്പരം പകർന്ന് നൽകുമ്പോൾ മേൽത്തരം ജീവിതമായി, സംതൃപ്തകരമായ ജീവിതമായി മാറും.

കർത്താവിന്റെ ആശീർവ്വാദം സ്വീകരിക്കുന്ന വ്യക്തികൾക്കേ സന്തോഷത്തോടെ മുറിക്കപ്പെടുവാൻ സാധിക്കുകയുള്ളു. ഈശോയുടെ ദൃശ്യസാന്നിദ്ധ്യം ഭൂമിയിൽ തുടരുന്നതിനുവേണ്ടിയാണ് അവിടുന്ന് വി. കുർബാന സ്ഥാപിച്ചത്. കുർബാന സാന്നിദ്ധ്യമാണെങ്കിൽ കുർബാനാനന്തരജീവിതം സാന്നിദ്ധ്യം നൽകലിന്റെ ജീവിതമായിരിക്കണം. എമ്മാവൂസിലേയ്ക്കുപോയ ഈശോ അപ്പം വാഴ്ത്തി നൽകുന്നത് തന്റെ സാന്നിദ്ധ്യമായിട്ടാണ്. ശിഷ്യന്മാർ അപേക്ഷിച്ചു: കൂടെ വസിക്കണമേ എന്ന്. ഈശോ സമ്മതിച്ചു. അവർ ഒരു വീട്ടിൽ പ്രവേശിച്ചു. അപ്പം വാഴ്ത്തി നൽകിയതിനുശേഷം ഈശോയുടെ മനുഷ്യരൂപം അപ്രത്യക്ഷമായി. കാരണം, തന്റെ സാന്നിദ്ധ്യം അപ്പത്തിന്റെ രൂപത്തിൽ അവിടുന്ന് നൽകി.

കുർബാനാനന്തര ജീവിതവും സാന്നിദ്ധ്യം നൽകലിന്റെ ജീവിതമാകണം. നമ്മുടെ സാന്നിദ്ധ്യമാവശ്യമുള്ളിടത്ത് അത് നൽകുന്നത് കുർബാനയുടെ ചൈതന്യമാണ്. മക്കൾ മാതാപിതാക്കന്മാരുടെ, മാതാപിതാക്കന്മാർക്ക് മക്കളുടെ, രോഗികൾക്ക് ശുശ്രൂഷകരുടെ, ഭാര്യാഭർത്താക്കന്മാർക്ക്, പരസ്പരം, ഏകാന്തതയനുഭവിക്കുന്നവർക്ക് സന്ദർശകരുടെ, ദരിദ്രന് സമ്പത്ത് നൽകുന്നവരുടെ, ഇടവക സമൂഹത്തിൽ എല്ലാ കുടുംബങ്ങളുടെയും സാന്നിദ്ധ്യം ആവശ്യമാണ്. സാന്നിദ്ധ്യം വേണ്ടിടത്ത് അത് നൽകുമ്പോൾ അവിടെ സംതൃപ്തി ഉണ്ടാകും. ഈ സാന്നിദ്ധ്യം നൽകലിലേയ്ക്കാണ് വി. കുർബാനയിലൂടെ ഈശോ വിളിക്കുന്നത്. ദൈവമനുഷ്യബന്ധം പുനസ്ഥാപിക്കുന്നതിനുവേണ്ടി പുത്രൻ നടത്തിയ സ്വയം സമർപ്പണത്തിന്റെ പുനരവതരണമാണ് വി. കുർബാന. അതിനാൽ കുർബാനാനന്തര ജീവിതത്തിലെ ബന്ധങ്ങളും സമർപ്പണത്തിന്റെ ബന്ധങ്ങളാകണം. സമർപ്പണത്തിന്റെ ബന്ധങ്ങളിൽ നിന്നാണ് ശുശ്രൂഷ ഉളവാകുന്നത്. വ്യക്തിബന്ധങ്ങളും കുടുംബബന്ധങ്ങളും സമൂഹബന്ധങ്ങളും

സമർപ്പണത്തിന്റെ ബന്ധമാവുക എന്നതാണ് കുർബാനയുടെ ചൈതന്യം. കുർബാനന്തരബന്ധങ്ങൾ സമർപ്പണത്തിന്റെ ബന്ധങ്ങളായിരിക്കട്ടെ.

# 2

**മത്താ 26**

അവർ ഭക്ഷിച്ചു കൊണ്ടിരിക്കുമ്പോൾ. ഈശോ അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ചു ശിഷ്യന്മാർക്കു കൊടുത്തു. ഇത് എന്റെ ശരീരം. പാനപാത്രമെടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് അവർക്കു കൊടുത്തു. ഇത് എന്റെ രക്തം ഭക്ഷിക്കുവിൻ, പാനം ചെയ്യുവിൻ.

**യോഹ 13**

അത്താഴത്തിനിടയിൽ എഴുന്നേറ്റ് മേലങ്കി മാറ്റി തൂവാലയെടുത്ത് അരയിൽക്കെട്ടി. താലത്തിൽ വെള്ളമെടുത്ത് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി. നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം. മേലങ്കി ധരിച്ച് ഇരുന്നു. ഈ രണ്ടു വിവരണങ്ങൾ രണ്ടു വ്യത്യസ്ത സംഭവങ്ങളുടേതെന്നു തോന്നാം. എന്നാൽ ഒരേ സംഭവത്തിന്റെ ഒരേ ആവിഷ്കാരം തന്നെയാണിവ രണ്ടും.

ഈശോ തന്റെ ശരീര-രക്തങ്ങളോടുകൂടെയുള്ള ഈ ലോകവാസകാലത്ത് തന്റെ ദൈവികഭാവം മാറ്റിവച്ച്, മാനുഷികഭാവത്തെ ദൈവമഹത്വത്തിനായും മനുഷ്യരക്ഷയ്ക്കായും സമ്പൂർണമായി സമർപ്പിച്ചു എന്നതാണ് രണ്ടു വിവരണങ്ങളുടെയും പ്രതിപാദ്യവിഷയം.

ഈശോയുടെ സമ്പൂർണസമർപ്പണത്തെയാണ് നാം വിശുദ്ധ കുർബാനയായി അനുഷ്ഠിക്കുന്നത്. വിശുദ്ധ കുർബാനയുടെ അനുഷ്ഠാനം മാത്രമല്ല, ഓരോ ക്രിസ്തുശിഷ്യന്റെയും ആത്മശരീര സമർപ്പണം കൂടിയാകണം അതെന്നാണ് ഈശോ ശിഷ്യർക്കു നല്കിയ കല്പന.

# 3

**അന്നാപ്പെസഹാത്തിരുന്നാളിൽ**

1. ഈശോ പെസഹാ ആചരണത്തിനു ജെറുസലേമിൽ എത്തി. പെസഹാബലി സമർപ്പണത്തിന് അവിടന്നു ദൈവാലയത്തിൽ പോയതായി പറയുന്നില്ല.

2. പെസഹായോടൊത്ത് ആഘോഷിച്ചു പോന്നിരുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുന്നാൾ ആഘോഷിക്കുന്നതിന് ഈശോ സ്വശിഷ്യന്മാരോടൊപ്പം സമ്മേളിച്ചു. ആ തിരുന്നാളിന്റെ ആചാരാനുഷ്ഠാനങ്ങളെ അവിടന്നു തന്റെ സ്വയംദാനത്തിന്റെയും സ്വയം സമർപ്പണത്തിന്റെയും പ്രതീകങ്ങളായി ശിഷ്യരുടെ മുമ്പിലവതരിപ്പിച്ചു. ശിഷ്യർ അതു തുടർന്നു ചെയ്യുമ്പോൾഈശോ അതു ചെയ്ത രീതിയിൽത്തന്നെ ചെയ്യുന്നതിനു നിർദ്ദേശിക്കുകയും ചെയ്തു.

3. തുടർന്ന് അഴിടന്ന് ശിഷ്യരെയും കൂട്ടി തന്റെ സ്വയംദാനത്തിനും സ്വയംസമർപ്പണത്തിനും നിശ്ചയിക്കപ്പെട്ട സ്ഥലത്തേക്ക് (പ്രതീകാത്മകമായി ഗത്സമിനി, യാഥാർത്ഥ്യമായി ഗാഗുൽത്താ) രാത്രിയിൽത്തന്നെ പുറപ്പെടുന്നു.

ഈശോയുടെ സ്വയംസമർപ്പണവും സ്വയംദാനവും അവിടത്തെ മനുഷ്യാവതാരരഹസ്യം സമ്പൂർണമായി ഉൾക്കൊള്ളുന്നുണ്ട്. രാത്രി എന്ന പ്രതീകാത്മകസമയം അതുതന്നെ. അവിടത്തെ വിചാരണയിലും വിധിയിലും വധശിക്ഷയിലും സ്വയംദാനവും സമർപ്പണവും മകുടമണിയുന്നു. അതുകൊണ്ട് ഈശോ അന്ത്യത്താഴവേളയിൽ സ്ഥാപിച്ച പ്രതീകങ്ങൾ മനുഷ്യാവതാരരഹസ്യത്തെ പൊതുവിലും സഹന-മരണരഹസ്യത്തെ വിശേഷവിധിയായും പ്രതിനിധാനം ചെയ്യുന്നു,

ഈശോ സ്ഥാപിച്ച പ്രതീകാത്മകകർമങ്ങൾ ക്രിസ്തുശിഷ്യർ തുടർന്ന നിർവഹിക്കുമ്പോൾ, ഈശോയുടെ മനുഷ്യജീവിതകാലത്തും സഹന-മരണസമയത്തും യാഥാർത്ഥ്യമായ സ്വയംസമർപ്പണവും സ്വയംദാനവും ഓരോരുത്തരുടെയും ക്രൈസ്തവജീവിതത്തിൽ യാഥാർത്ഥ്യമാകുന്നുണ്ട് എന്നുറപ്പ് വരുത്തണം.

ക്രിസ്തുശിഷ്യരെ സംബന്ധിച്ചിടത്തോളം പെസഹാചരണകർമ്മങ്ങൾക്കു ദ്വിമാനങ്ങളാണുള്ളത്. ഒന്നാമത്, അവ ഈശോയുടെ സ്വയംദാനവും സമർപ്പണവും പ്രതീകാത്മകമായി അവതരിപ്പിക്കുന്നു. രണ്ടാമത്, അവ ഈശോയുടെ ജീവിത-സഹന-മരണങ്ങളിലുള്ള ക്രിസ്തുശിഷ്യരുടെ പങ്കുചേരൽ പ്രതീകവത്കരിക്കുന്നു. സഭയുടെ സവിശേഷാരാധനയായ വിശുദ്ധ കുർബാന പെസഹാ രഹസ്യത്തിന്റെ ആചരണം തന്നെയാണ്.

# പീഡാനുഭവവെള്ളി

ലൂക്കാ 22:63-23:12 + മത്താ 27:19 + വൂക്കാ 23:13-23 + മത്താ 27:24-25 + ലൂക്കാ 23:24-45 + മത്താ 27:51-54 + യോഹ 19:23-30

## നീതിമാന്റെ സഹനം

വി.ഗ്രന്ഥത്തിന്റെ ആരംഭം മുതൽ നീതിമാൻ സഹിക്കുന്നതായി കാണുവാൻ സാധിക്കും. ദൈവത്തിൽ പൂർണ്ണമായി വിശ്വസിച്ച് ഇറങ്ങിപ്പുറപ്പെട്ട അബ്രാഹത്തിന്റെ ജീവിതത്തിൽ സഹനത്തിന്റെ പാതദർശിക്കുന്നണ്ട്. മകനെ ബലികഴിക്കുന്നതിനാവശ്യപ്പെടുന്ന ദൈവത്തിന്റെമുമ്പിൽ നിൽക്കുന്ന അബ്രാഹം, മകനെബലിയർപ്പിക്കുവാൻ തയ്യാറായി നിൽക്കുന്ന ആ പിതാവിന്റെ മനോവ്യഥ. ഈ ചോദ്യം പഴയ നിയമത്തിൽ ഏറ്റവും ശക്തമായി ചോദിക്കുന്നത് ജോബ് എന്ന കഥാപാത്രമാണ്. നീതിമാനും നിഷ്കളങ്കനും എന്ന് എല്ലാവരാലും; ദൈവത്താൽ പോലും അംഗീകരിക്കപ്പെട്ട വ്യക്തിയായിരുന്നു ജോബ് (ജോബ്. 1:8). ജോബിന്റെ ജീവിതത്തിൽ ഒന്നിനു പുറകേ ഒന്നായി സഹനങ്ങൾ കടന്നുവരികയാണ് (ജോബ്. 1:10-12,10). എന്തുകൊണ്ട് സഹിക്കേണ്ടിവരുന്നു എന്ന ചോദ്യത്തിന് ഉത്തരം പറയുന്ന ദൈവത്തെ കണ്ടെത്തുവാൻ സാധിക്കുകയില്ല. മറിച്ച് ജോബിനോട് ഏതാനും ഭൗമീകമായ ചോദ്യങ്ങൾ ചോദിക്കുന്ന ദൈവത്തെയാണ് കാണുന്നത് (ജോബ്. 38-42 അദ്ധ്യായങ്ങൾ). ഈ ചോദ്യങ്ങൾക്കൊന്നും ഉത്തരം നൽകാൻ സാധിക്കാത്ത, സകല രഹസ്യങ്ങളുടെയും പൊരുളറിയുന്ന ദൈവത്തിന്റെ മുന്നിൽ സ്വയം സമർപ്പിക്കുന്ന, ജോബിനെയാണ് കാണുവാൻ സാധിക്കുന്നത് (40. 3-5).ആ സമർപ്പണത്തിൽ നിന്നും നന്മ നേടുന്ന ജോബിനെ കാണുവാൻ സാധിക്കും (42. 10-17).

പഴയ നിയമത്തിൽ ദൈവത്തിന്റെ സ്വരമായി കടന്നു വരുന്ന പ്രവാചകന്മാരുടെ ജീവിതത്തിൽ സഹനത്തിന്റെ പാത നിറഞ്ഞു നിൽക്കുന്നുണ്ട്. ദൈവത്തിനുവേണ്ടി സംസാരിച്ചതിന്റെ പേരിൽ കല്ലെറിയപ്പെടുന്ന പ്രവാചകർ, ഭ്രാന്തനെന്ന് വിളിക്കപ്പെടേണ്ടി വരുന്നവർ, ജീവൻ ത്യജിക്കേണ്ടി വരുന്നവർ എന്നിങ്ങനെ പഴയ നിയമത്തിൽ സഹനത്തിന്റെ പാത പുൽകിയവരെ കണ്ടെത്തുവാൻ സാധിക്കും.

പുതിയ നിയമത്തിൽ എന്തുകൊണ്ട് നീതിമാൻ സഹിക്കുന്നു എന്ന ചോദ്യം ഏറ്റവും ശക്തമായി ചോദിക്കുന്നത് കാൽവരിമലയിൽ കുരിശിൽ കിടന്നുകൊണ്ട് ഈശോയാണ്. ദൈവത്താൽ പോലും ഉപേക്ഷിക്കപ്പെട്ടവൻ എന്ന് തോന്നുമാറ്-എന്റെ ദൈവമേ എന്റെ ദൈവമേ എന്തുകൊണ്ട് എന്നെ ഉപേക്ഷിച്ചു? എന്ന ചോദ്യം (മർക്കോ. 15:34). ഈ ചോദ്യത്തിനും ഉത്തരം നൽകുന്ന പിതാവായ ദൈവത്തെ കാണുവാൻ സാധിക്കുകയില്ല. മറിച്ച് പിതാവേ അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു എന്ന് പറഞ്ഞ് സ്വയം സമർ പ്പിക്കുന്ന പുത്രനെയാണ് കാണുവാൻ സാധിക്കുന്നത് (ലൂക്കാ. 23:46). അവിടുത്തെ ചോദ്യത്തിന് ഉത്തരം ലഭിച്ചത് മൂന്നാം ദിവസത്തെ ഉയിർപ്പിലൂടെയായിരുന്നു. ക്രിസ്തുവിന്റെ രക്ഷാകര ചരിത്രത്തോടു സഹകരിച്ചിട്ടുള്ള ഏതൊരാളുടെ ജീവിതത്തിലും സഹനത്തിന്റെ പാത കാണുവാൻ സാധിക്കും. പരി. അമ്മ ദൈവകൃപ നിറഞ്ഞവളെങ്കിലും ഹൃദയത്തിൽ വാളേന്തിയവൾ. ഏതു വിശുദ്ധന്റെ ജീവിതമെടുത്താലും സഹനത്തിന്റെ പാതയിലൂടെ നീങ്ങുന്നതു കാണാം. വി. ഗ്രന്ഥത്തിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്ന ഒരു കാര്യം മനുഷ്യ ജീവിതത്തിൽസഹനം ഒരു യാഥാർത്ഥ്യമാണ് എന്നാണ്. സന്തോഷവും നേട്ടവും സഹനവും പരാജയവും എല്ലാം ഉൾക്കൊണ്ടതാണ് മനുഷ്യജീവിതം.

സഹനമെന്ന സമസ്യയ്ക്കു കൃത്യമായ ഉത്തരം നൽകുന്നില്ല എങ്കിലും വി. ഗ്രന്ഥം ഏതാനും അനുമാനങ്ങൾ നൽകുന്നുണ്ട്.

**സഹനം വിശ്വാസത്തിന്റെ ഒരു പരീക്ഷണമാകാം.** അബ്രാഹത്തിന്റെ വിശ്വസ്തതയുടെ അളവ് അളക്കുന്നതിനുവേണ്ടിയാണ് പരീ ക്ഷിക്കപ്പെടുന്നത്. ജോബിന്റെ ജീവിതത്തിൽ സഹനാനുഭവങ്ങൾക്കു വിധേയപ്പെടേണ്ടി വന്നതും ജോബിന്റെ നീതി, വിശുദ്ധി പരീക്ഷിക്കു ന്നതിനു വേണ്ടിയായിരുന്നു.

**സഹനം മനുഷ്യനെ ദൈവത്തോടു കൂടുതൽ അടുപ്പിക്കുന്നു.** നെൽ മണി നിലത്തുവീണ് അഴിഞ്ഞ് പുതിയ ഫലം നൽകുന്നത് പോലെ അഴിയുന്നത് ഫലം ചൂടാനായിരിക്കും. ഈറ്റ മുറിവേറ്റ് ഓടക്കുഴലാകു ന്നതുപോലെ. സഹനം മനുഷ്യനെ കൂടുതൽ കരുത്തുള്ളവനാക്കുന്നു. തള്ളപക്ഷി തന്റെ കുഞ്ഞിനെ എന്നതുപോലെ ദൈവം ഇസ്രാ യേലിനെ പരീക്ഷിക്കുന്നു എന്ന് വിശുദ്ധ ഗ്രന്ഥം പറയുന്നു. കഴുകൻ കുഞ്ഞുങ്ങളെ പറക്കാൻ പഠിപ്പിക്കുന്നതു കാണുക. മുതുകത്തിരുത്തി ഉയർന്നു പറക്കും. പെട്ടെന്ന് വെട്ടിമറിയും. കുഞ്ഞ് താഴേയ്ക്ക് വീഴുന്നതി

നിടയ്ക്ക് തങ്ങളുടെ ചിറകിട്ടടിക്കും. താഴെ വീഴാറാകുമ്പോൾ തള്ളപ്പക്ഷി പറന്നുവന്ന് കുഞ്ഞിനെ വീണ്ടും മുതുകത്തിരുത്തും. ഇങ്ങനെ പല ആവർത്തിചെയ്യുമ്പോൾ കുഞ്ഞ് പറക്കാൻ പഠിക്കും.

**സഹനം മനുഷ്യനെ കൂടുതൽ യാഥാർത്ഥ്യ ബോധമുള്ളവനാക്കുന്നു.**

വിശന്നവനേ വിശപ്പിന്റെ വില അറിയത്തൊള്ളു. അപരന്റെ സഹനത്തെ മനസ്സിലാക്കുവാൻ ഈശോയ്ക്കു സാധിക്കുന്നത് അവിടുന്ന് സഹനം എന്തെന്ന് മനസ്സിലാക്കിയിട്ടുള്ളതുകൊണ്ടാണ്. നമ്മുടെ ജീവിതത്തിൽ സഹനാനുഭവങ്ങൾ ഉണ്ടാകുമ്പോൾ നിരാശപ്പെട്ട് ഒടി അകലാതെ പ്രത്യാശയോടെ അതിനെ അഭിമുഖീ കരിക്കുവാൻ സാധിക്കണം. ഈശോ കുരിശിനെ അഭിമുഖീകരിച്ചതു കൊണ്ടാണ് ഉത്ഥാനം സാധിച്ചത്. സഹനത്തിൽ നിന്നാണ്

ഉയിർത്തെഴിന്നേൽപ്പ് ഉണ്ടാകുന്നത്

# 2

# ഇവൻ മരിച്ചാൽ പ്രശ്നം തീരും

1. വ്യക്തികളുടെ ധാർമികാധഃപതനം ഈശോയുടെ കുരിശു മരണത്തിനു കാരണമായി ഈശോയുടെ അധ്യാപനങ്ങളിൽ ഊന്നൽ നല്കിയിട്ടുള്ളത് വ്യക്തിയുടെ ജീവിതത്തിലെ ധാർമി കതയാണ്. ശത്രുവിനെ സ്നേഹിക്കുന്ന ക്രൈസ്തവധാർമികതയാ ണവിടന്നു പ്രസംഗിച്ചത്. പാപികളുടെ രക്ഷയ്ക്കുവേണ്ടി സ്വയം സമർപ്പണത്തിനുവരെ അതു തയ്യാറാകുന്നു. എന്നാൽ വ്യക്തിപര മായ ധാർമികത പരിശീലിക്കുവാൻ വിസമ്മതിക്കുന്ന ഭൂരിഭാഗം വിളിച്ചു പറഞ്ഞു: ഇവൻ ജനത്തെ വഴിപിഴപ്പിക്കുന്നു .
2. ഭരണാധികാരികളുടെ അധികാരമോഹം ഈശോയുടെ കുരിശു മരണത്തിനു കാരണമായി അധികാരം പിടിച്ചെടുക്കാനും നില നിർത്താനും ഏതു കുത്സിതമാർഗങ്ങളും കുതിരക്കച്ചവടങ്ങളും അവലംബിക്കുവാൻ മടിക്കാത്ത ഭരണവിഭാഗത്തോടാണ് ഈശോ പടവെട്ടിയത്. സേവനത്തിന്റെ, ശുശ്രൂഷയുടെ, സ്വയം ശൂന്യവത് കരണത്തിന്റെ ക്രൈസ്തവഭാഷ്യം അധികാരമോഹികൾക്കു ഒട്ടും രുചിക്കുന്നതല്ല. അവരാണു പറഞ്ഞത്: ഇവനെ നാം ഇങ്ങനെ

വിട്ടാൽ റോമാക്കാർ വന്ന് ജനത്തെ നശിപ്പിക്കും... ജനം മുഴുവൻ നശിക്കാതിരിക്കാൻ ഒരുവൻ മരിക്കുന്നതു യുക്തമാണ് .

3. അന്നത്തെ പ്രബോധനമേഖലയുടെ പരാജയം മൂടിവയ്ക്കാൻ ഈശോയുടെ കുരിശുമരണമാണ് പ്രബോധകഗണം നിർദ്ദേശിച്ചത്. രാഷ്ട്രീയ-സാമൂഹ്യ-മതാത്മകനിയമങ്ങളും വ്യവസ്ഥിതികളും ജനക്ഷേമകരമായി വ്യാഖ്യാനിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിനുപകരം ജനജീവിതം ദുർവഹമാക്കുകയും ചെയ്തിരുന്നു.

# വലിയശനി

**മത്തായി 28,1-20**

മരണവും മൃതസംസ്കാരവുമൊക്കെ സർവസാധാരണമാണ്. എന്നാൽ ശവകുടീരത്തിൽ കാവൽനില്ക്കുക തികച്ചും അസാധാരണമത്രേ. മരിച്ചെന്നുറപ്പു വരുത്തിയിട്ടും ശവക്കല്ലറയ്ക്കു മുദ്രവച്ചിട്ടും യഹൂദപ്രമാണികളിൽ സംശയം ശേഷിച്ചു. പറഞ്ഞതുപോലെ അവൻ ഉയിർത്തെഴുന്നേല്ക്കുമോ? അതുകൊണ്ട് അവർ യേശുവിന്റെ കല്ലറയ്ക്കു കാവൽ ഏർപ്പെടുത്തി.

ലോകത്തിലുള്ള എല്ലാ കല്ലറയും അടഞ്ഞു കിടക്കുമ്പോൾ യേശുവിന്റേതു മാത്രം തുറന്നു കിടക്കുന്നു. അനിതരസാധാരണമായ സംഭവം. എന്നാൽ അവിടന്ന് ഉയിർത്തെഴുന്നേറ്റപ്പോൾ ശത്രുക്കളെക്കാൾ കൂടുതൽ അതേപ്പറ്റി സംശയിച്ചത് അവിടത്തെ ശിഷ്യന്മാരായിരുന്നുവെന്നത്രെ വിചിത്രം തന്നെ. തന്റെ സഹനത്തിനും മരണത്തിനും ശേഷം മൂന്നാംനാൾ ഉയിർക്കുമെന്ന് ഈശോ പറഞ്ഞിട്ടുണ്ടെന്ന് അവിടത്തെ ശത്രുക്കൾ ഓർമിച്ചുകൊണ്ട് പട്ടാളക്കാരെ കല്ലറയ്ക്കു കാവലിരുത്തി. പക്ഷേ അവിടത്തെ ശിഷ്യന്മാർക്ക് അക്കാര്യം അനുസ്മരിക്കാനും കഴിഞ്ഞില്ല. ആകയാൽ ഉത്ഥിതനായ ഈശോ അവർക്ക് പലവട്ടം പ്രത്യക്ഷപ്പെട്ട് അവരുടെ സംശയങ്ങൾ പരിഹാരിക്കാനും ഉത്ഥാനസത്യത്തിൽ അവരെ ഉറപ്പിച്ചുനിറുത്താനും തിരുമനസ്സായി. തത്ഫലമായി കർത്താവിന്റെ ഉത്ഥാനത്തിനു സാക്ഷ്യംവഹിക്കാനായി അവർ പ്രാണൻ ത്യജിക്കുക തന്നെ ചെയ്തു.

ജീവിതത്തിന്റെ കനത്ത ഭാരവും പേറി കാലമാകുന്ന കുരിശിന്റെ വഴിയിൽ തളർന്നുവീഴുന്ന ഓരോ വ്യക്തിക്കും വേണ്ടി ശക്തിയും സമാശ്വാസവും സ്വന്തമാക്കുവാൻ ഈ ഉയിർപ്പുതിരുനാൾ ഉപകരിക്കട്ടെ. സ്നേഹവും സ്നേഹത്താൽ പ്രേരിതമായ മരണവുമാണ് നമ്മെ ഉയിർപ്പിക്കുക, അമർത്യരാക്കുക. അതുകൊണ്ടാണ് മനുഷ്യ വിമോചനത്തിനായി ജീവിതം ഉഴിഞ്ഞുവക്കലും ജീവനർപ്പിക്കയും ചെയ്തശേഷം ഉത്ഥാനം ചെയ്ത ക്രിസ്തുനാഥൻ തന്നിൽ വിശ്വസിക്കയും തന്നെ സ്നേഹിക്കയും ഏറ്റുപറയുകയും ചെയ്യുന്നവരിലൂടെ അന്തരാത്മാവിൽ അജയ്യനായി വിരാജിക്കുന്ന അവിടന്നു മരിച്ചവനല്ല. നിത്യം ജീവിക്കുന്നവനാണ്. അതാണ് വിശുദ്ധരുടെ വിജയരഹസ്യം.